032:3M 966:11
93

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
094237

# അവളുടെ അത്ഭുതപ്രേമം

(ഒരു ആഖ്യായിക)

---

ഗ്രന്ഥകൎത്താ,

കെ. ഗോപാലപിള്ള ബി. ഏ.

---

പ്രകാശകൻ,

കെ. ജി. പരമേശ്വരൻപിള്ള.

---

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

—*—

പകൎപ്പവകാശം പ്രകാശകനിൽ.

വില അണ 10.

൧൧൦൭.

22 MAR 1958
94237
032:3M966 1U
G3

# അവതാരിക.

ഇരുപത്തിമൂന്നുവയസ്സോളം പ്രായമുള്ള ആ കാലത്തു് ...ിരാശിയിൽ പഠിച്ചു താമസിക്കുമ്പോൾ എഴുതിത്തീർത്ത ഒരു ആഖ്യായികയാണു് "അവളുടെ അത്ഭുതപ്രേമം." മലയാളഭാഷയിൽ ഈ കഥ പല രൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. എങ്കിലും പ്രസ്തുത ഗ്രന്ഥത്തിനു് പലതുകൊണ്ടും അവയിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു സ്ഥാനമുണ്ടായിരിക്കുമെന്നാണു് എൻെറ വിശ്വാസം. ഇതിൽ മുക്കാലേ അരയ്ക്കാൽഭാഗവും കല്പിതശോഭയാണുള്ളതെന്നു പറയണമെന്നില്ല. ചരിത്രസംഭവങ്ങളെയും ആളുകളെയും പേരിനേയുംമററും ഒരു ഉന്മത്തനേപ്പോലെ മാററി മറിച്ചു സൃഷ്ടിച്ചുപോയതിനു് കല്പനാലോകത്തിൽ ക്ഷമായാചനം ചെയ്യേണ്ടയാവശ്യമില്ലല്ലോ. ഇതിലെ രംഗങ്ങൾക്കും കഥാപാത്രങ്ങൾക്കും എൻെറ യുവഹൃദയം അന്നു കൈവശമുണ്ടായിരുന്ന മിനുക്കുപണികളെല്ലാം നൽകിയിട്ടുണ്ടു്. യഥാർത്ഥത്തിൽ ഞാൻ സൃഷ്ടിച്ചു് താലോലിച്ചാനന്ദിച്ചനുതപിച്ച ഒരു മഞ്ജുളതരുണിയാണു് വൈജയന്തി. ആഹ്ലാദം മാത്രമെ ഈ ഗ്രന്ഥത്തിൻെറ ഉദ്ദേശ്യമായി കരുതിയിട്ടുള്ളു. വായനക്കാരിൽ വല്ലവൎക്കും അതു സഞ്ജാതമാകുന്നെങ്കിൽ ഞാൻ കൃതാൎത്ഥനായി. വൎഷങ്ങൾ അഞ്ചാറുകഴിഞ്ഞു. ഇന്നു ഞാൻ ഒരു ആഖ്യായികയോ നാവലോ എഴുതുന്നെങ്കിൽ ആയതു് "അവളുടെ അത്ഭുതപ്രേമ"ത്തിൽനിന്നും എത്രയോ ഭേദപ്പെട്ടിരിക്കുമെന്നു എനിക്കു തോന്നുന്നു!

കയ്യെഴുത്തു പ്രതിയുടെ കഠിനമായ ദുഗ്ഗതികൾമൂലം ഇന്നു മാത്രമെ ഇതിനെ പ്രകാശിപ്പിക്കുവാൻ കഴിഞ്ഞൊള്ളൂ. ഗ്രന്ഥത്തിനു ന്യൂനതകൾ വന്നുകണ്ടേക്കുമെന്നു എനിക്കും അറിവില്ലാതില്ല. അച്ചടിപ്പിശകും മററും വന്നിട്ടുള്ളവയിൽ തന്നെ ചിലതിനു് ഒരു ശുദ്ധപത്രം നൽകിയിട്ടുണ്ടു്. ഇനിയും അടുത്ത പതിപ്പു വേണ്ടിവരുന്നെങ്കിൽ ബാക്കി അതിൽ ശരിപ്പെടുത്തിക്കൊള്ളാമെന്നും വിചാരിക്കുന്നു. ഞാൻ വിനയത്തോടെ മലയാളികളുടെ മുൻപാകെ ഈ ഗ്രന്ഥത്തെ സമപ്പിച്ചുകൊള്ളുന്നു.

കൊല്ലം,
21-ധനു-108.

എന്നു് ഗ്രന്ഥകത്താ,

2 MAR

# ശുദ്ധിപത്രം.

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 11 | 6 | നോടൊപ്പ | നോടൊപ്പം |
| ” | 13 | ഏതാനാലും | ഏതായാലും |
| 13 | 2 | പ്രകൃതം | പ്രകൃതി |
| 21 | 2 | നട്ടവേ | നിട്ടവേ |
| 31 | 13 | പ്രസ്ഫഷ്ടമായി | പ്രസ്പഷ്ടമായി |
| 33 | 1 | തരാംഗിതമായി | തരംഗിതമായി |
| 35 | 13 | അൽപം | അല്പം |
| 36 | 7 | ലതകൾ, | , ലതകൾ |
| 41 | 16 | കല്പിക്കുന്നു. “ | “കല്പിക്കുന്നു. |
| 43 | 2 | സദസ്സിന്റെ | സദനത്തിന്റെ |
| ” | 23 | ചക്രവൎത്ത | ചക്രവൎത്തി |
| 47 | 22 | അവിട്ടത്തേ | അവിടത്തേ |
| 67 | 13 | പ്രകൃരം | പ്രകൃതി |
| 73 | 7 | ദായക | മഞ്ജുള |
| 85 | 10 | ആദരേ ചാടെ | ആദരത്തോടെ |
| 88 | 24 | മൂട്ടിയിട്ടുള്ള | മുട്ടിയിട്ടുള്ള |
| 90 | 25 | ചന്ദ്രകി | ചന്ദ്രിക |
| 91 | 9 | നിവത്തിയില്ല | നിവൃത്തിയില്ല |
| ” | 29 | നോക്കവേ; | നോക്കവേ, |

22 MAR 19 8

# അവളുടെ അത്ഭുതപ്രേമം.

(ഒരു ആഖ്യായിക.)

## അദ്ധ്യായം ൧.

### ജലക്രീഡ.

അറബിക്കടലിൻെറ ചക്രവാളരേഖയോടു സമീപിക്കുംതോറും അസ്തമയസൂൎയ്യൻെറ ബിംബം വിസ്തൃതമായിത്തീരുന്നു. ഉലയിലുരുകുന്ന സ്വൎണ്ണഗ്ഗുളികയുടെ തിളക്കംപോലെ ഒരു പ്രഭാദ്രാവകം ആ ചെങ്കനൽബിംബത്തിൽ ഓളം തല്ലിത്തുടങ്ങുന്നു. വിശ്വത്തിൻെറ നീലാവരണമാകുന്ന ആകാശത്തിൻെറ പരിധിയിൽ വലിയ പൊൻകുമിളപോലെ ഉജ്ജ്വലിക്കുന്ന ആ ഭാനുബിംബത്തിൽനിന്നു ചെരിഞ്ഞു പറന്നെത്തുന്ന പൊൻകമ്പികൾപോലുള്ള അനവധി കിരണങ്ങൾ മുഗൾചക്രവൎത്തിയായ അക്ബർ അധിവസിക്കുന്ന ദില്ലിപുരത്തെ (ഡൽഹിയെ) ആശ്ലേഷിക്കുന്നു. അത്യുന്നതങ്ങളായ കരിങ്കൽ കോട്ടകളും അദ്രിശൃംഗംപോലെ തുംഗങ്ങളായ കൊത്തളങ്ങളും, വെള്ളക്കല്ലുകൾ പടുത്ത അതിഭീമമായ ഗോപുരങ്ങളും സൂൎയ്യരശ്മി തട്ടി വിവിധവൎണ്ണത്തിൽ പ്രകാശിക്കുന്നു. കൊട്ടാരമുററത്തിൻെറ അരികിലും ഉദ്യാ

നങ്ങളിൽ അവിടവിടെയും വളൎന്നു നിൽക്കുന്ന വിവിധവൎണ്ണങ്ങളായ ഛായാതരുക്കളുടെ ഓരോ ഇലയോടും പൂവോടും സൂൎയ്യകിരണങ്ങൾ ഭേദവിവൎണ്ണമായി യാത്ര പറഞ്ഞു ഒന്നൊന്നായി പിരികയും ചെയ്യുന്നു.

ഇപ്രകാരംനടക്കുന്ന പ്രകൃതിസംഭവങ്ങളെ താഴെ കോലാഹലമുണ്ടാക്കുന്ന ദില്ലിപുരവാസികളിൽ എത്രപേർ വീക്ഷിച്ചുവെന്നു വരാം! കോട്ടയ്ക്കു പുറത്തും അകത്തും ഉള്ള രാജപാതകളിൽ ആൾസഞ്ചാരം ധാരാളമുണ്ടു്. മനുഷ്യരുടെ സംഭാഷണശബ്ദവും, നാനാഭാഗങ്ങളിൽനിന്നും മുഴങ്ങുന്ന പെരുമ്പറസ്വനം, കുതിരകളുടെ ഹേഷാസംരാവം ഗജഗമനവേളയിലുയരുന്ന ഘണ്ടാശൃംഖലാദി നിനദമെന്നിവയും സമ്മേളിച്ചു് അവിടെ ഒരു നാദകാന്താരം തഴച്ചു; അന്തഃപുരങ്ങളിലങ്ങിങ്ങുനിന്നും നിൎഗ്ഗളിച്ച വീണാനിക്വാണവും, ഗീതധ്വനിയും അതിൽ ലോലമൃദുവായ പല്ലവ പ്രസവവുമായിത്തീൎന്നു

ഈ രമണീയ സായന്തനത്തിൽ അന്തഃപുരമതിൽക്കെട്ടിനുള്ളിലെ മാർബിൾ കൽപടകൾ പടുത്ത നീരാഴിക്കെട്ടിൽ അക്ബർ ചക്രവൎത്തിയുടെ അന്തഃപുരകോരകങ്ങളായ ചില സീമന്തിനികൾ തങ്ങളുടെ മൃദുശരീരം കുളിപ്പിക്കയായിരുന്നു. ആ മന്ദിരപ്പൊയ്കയിൽ ക്രീഡിച്ചു കിടന്നതു് നവയൌവനം കൊണ്ടു പുളയ്ക്കുന്ന മാഹമ്മദമങ്കകളും കുലീനകളായ ഹിന്ദുകുമാരികളും ചേൎന്ന ഒരു ചെറിയ സൌന്ദൎയ്യസ്ഥലമായിരുന്നു. പുരുഷന്മാർ അവിടമെങ്ങും സ്മരിക്ക പോലും ചെയ്കയില്ലെന്നു ദൃഢനിശ്ചയമുണ്ടായിരുന്ന അവരുടെ കുളിയുടെയുംകളിയുടെയുംകാഴ്ച പുരുഷനയനങ്ങളിൽ ചില വസ്ക്കു ആനന്ദപ്രദമായിരിക്കാം. ആ ധവളഗാത്രികളുടെ വസ്ത്രധാരണം വളരെ പരിമിതമായിരുന്നു. മുഴച്ച സ്തനപോതങ്ങളെ പൊതിഞ്ഞ നേൎത്തദുകൂലകഞ്ചുകങ്ങൾ നനഞ്ഞ് ശരീരത്തോടു പററിപ്പിടിച്ചു. അവർ ഉടുത്തിരുന്ന അതി

വായ വെൺപട്ടുകൾ സലിലാദ്രമായി കായത്തോടു ചേരുകയാൽ കാററുപോലും കണ്ടിട്ടില്ലാത്ത ആ മാനിനികളുടെ പീനോരുക്കൾക്കുള്ള ആകാരഭംഗി ദർശിച്ചതു മോശമെങ്കിൽ സുശീലനയനങ്ങൾ ഒന്നു നിമീലനം ചെയ്കയേ ഗത്യന്തരമുള്ളൂ

ആ യുവതികൾ ഒത്തുചേൎന്നു ഹംസികൾപോലെ നീന്തിയും, ഇടയ്ക്കിടെ മാടപ്പിറാവിൻെറ ഗളംപോലെ ഒത്തുക്കവും തിളക്കവും, മിനുക്കവും ഉള്ള കഴുത്തുകൾ വളച്ചു തല വെള്ളത്തിൽ മുക്കിയും, കരിഞ്ഞണ്ടിപോലെ വിരിഞ്ഞു പരക്കുന്ന തലമുടി കൂടെക്കൂടെ ഒതുക്കിച്ചേൎത്തും, ഓളംതല്ലിയും പതയുണ്ടാക്കിയും മണിനാദത്തിലും ഹംസധ്വനിയിലും, കേകാരവത്തിലും ആഹ്ളാദകൂജനങ്ങൾ ചെയ്തു ക്രീഡിച്ചു.

ഈ കുമാരികളുടെ കളികൾ കണ്ടു രസം മൂൎച്ഛിക്കവേ ചിരിച്ചും, ഇഴഞ്ഞപ്രകാരത്തിൽ വ്യാക്ഷേപകശബ്ദങ്ങൾ ആകാശത്തിൽ നീട്ടിയയച്ചും, കൈകൊണ്ടും മുഖംകൊണ്ടും ആംഗ്യംകാട്ടിയും, തോഴിവൎഗ്ഗത്തിൽ പെട്ടവളെന്നു തോന്നുന്ന ഒരു സ്ത്രീ തടാകക്കരയിലിരിക്കുന്നു. അവൾ സുന്ദരിയോ എന്നു സംശയമാണു്. മുഖത്തിൻെറ വൃത്തം കീഴ്മേലായി ഒന്നമൎത്തിയതുപോലെ പതുങ്ങിയതാകുന്നു. കപോലപ്രദേശത്തിലെ മാംസാധിക്യംകൊണ്ടു് ആ സ്ത്രീ ചിരിക്കുമ്പോൾ അവളുടെ നയനങ്ങൾ ഓരോ ഇഞ്ചു നീളമുള്ള രണ്ടു വരകൾ മാത്രമായിത്തീരുന്നു. നാന്മുഖൻ അവളുടെ ഓഷ്ഠപുടത്തെ ക്രമാധികം ദീൎഘിപ്പിക്കയാൽ ആ സ്ത്രീയുടെ പുഞ്ചിരിക്കു എന്തോ ഒരു കുറവു സംഭവിച്ചിട്ടുണ്ടു്. ഈ സ്ത്രീ കൊട്ടാരത്തിലെ കലവറയിൽ കറിസാമാനങ്ങൾ ഏല്പിക്കുന്ന ഉമ്മറിൻെറ പ്രേമഭാജനമാകുന്നു. സോഫിയ എന്നാണു് ഇവളുടെ പേർ. ഇവളെപ്പററി കൂടുതൽ നമുക്കു വഴിയേ അറിയാം.

കൊട്ടാരത്തിലെ കൊച്ചുതമ്പുരാട്ടിമാരുടെ ജലക്രീഡ

കണ്ടു സോഫിയ മതിമറന്നിരിക്കവേ എന്തോ ഒരുസാധനം അല്പം ശക്തിയോടെ അവളുടെ വലത്തേ തോളിൽ വന്നു വീണു. സ്ത്രീസഹജമായ പരിഭ്രമത്തോടെ "അയ്യോ!" എന്നു ആ കാതര കൂവിപ്പോയെങ്കിലും ആ ശബ്ദം ഉല്ലാസഹാസത്തിന്റെ വെൺകലനാദത്തിലും, ജലമർദ്ദനത്തിന്റെ 'ഗ്ലുഗ്ലുഗ്ലു' വിരാവത്തിലും താഴ്ന്നുപോയി. അവൾ തന്റെ ശരീരത്തിൽ പതിച്ച വസ്തുവെന്തെന്നു നിലത്തുനോക്കി. അല്പം അകന്ന വെൺമണലിൽ ഒരു കറുത്ത കല്ലൂഷണം കിടക്കുന്നതുകണ്ടു സോഫിയ ഒന്നാഞ്ഞു് അതു കയ്യിലാക്കി. താടിയുയർത്തി ദൃഷ്ടികൊണ്ടു ഗോപുരങ്ങളുടെ എടുപ്പുകളോടു ചേർത്തു് ആകാശത്തിൽ ഒരു അർദ്ധവൃത്തം തീർത്തപ്പോഴേക്കും, യുവരാജാവായ സലിമിന്റെ സൌധത്തിന്റെ ചന്ദ്രശാലയിൽ നില്ക്കുന്ന ഒരു പുരുഷാകാരത്തിൽ സോഫിയയുടെ നോട്ടമുറച്ചു. അവൾക്കു കവിഹൃദയം ഉണ്ടായിരുന്നെങ്കിൽ ആ ആകൃതി ഹിമാലയശൃംഗഭാഗത്തു തങ്ങുന്ന ഒരു കിന്നരന്റേതാണോയെന്നു സംശയിക്കുമായിരുന്നു. സോഫിയ തന്നെക്കണ്ടുവെന്നറിഞ്ഞപ്പോൾ, ആ പുരുഷൻ പട്ടുറുമാൽകൊണ്ടു് അവളെ വീശി വിളിച്ചു. നിനച്ചിരിക്കാതെ മുൻപിൽവീണ നിധിയെടുക്കുവാൻ പോകുന്നതുപോലെ സാവധാനമായെങ്കിലും ധൃതിപ്പെട്ടും ബദ്ധപ്പെട്ടും അവൾ കുളത്തിന്റെ ആവൃത്തികഴിഞ്ഞു. അനന്തരം പാദങ്ങളിൽ കിടക്കുന്ന കാൽചിലമ്പുകൾ ക്രമാധികം കിലുങ്ങത്തക്കവണ്ണം സോഫിയ ഇളകിനടന്നു. പ്രമദവനത്തിന്റെ ഒരു ചെറിയ വാതലിലൂടെ അവൾ വെളിയിലെത്തി. താൻ അത്യാവശ്യമായി വിളിച്ചപ്പോൾ പുറപ്പെട്ട ആളിനെ അധികം നടത്തേണ്ടെന്നുവച്ചോ, സംഗതിയുടെ ഭാക്ഷമതയിലുണ്ടായ മനോവേഗംമൂലമോ, ശിരോഗൃഹത്തിൽ നിന്നിരുന്നയാളും സോഫിയ പുറത്തെത്തിയപ്പോൾതന്നെ കോണിപ്പടിയിറങ്ങി അവളെ പൂങ്കാവനമതിലിന്നു പുറത്തുവച്ചു കണ്ടുമുട്ടി. അവൾ യുവരാജാവായ സലിമിനെ സാദരം തലകുനിച്ചു വണങ്ങി. വലിയ ആളു

കളിൽ ചിലൎക്ക പല കാൎയ്യങ്ങൾ സാധിക്കുന്നതിനും നിസ്സാരരെന്നു പരിഗണിക്കപ്പെടുന്ന ചിലരുടെ സഹായസഹകരണാദികൾ വേണ്ടിവരാറുണ്ട്. ആവരെ അതാതു കാൎയ്യങ്ങളിൽ സഹായിക്കുന്ന ഈ അല്പന്മാർ ലജ്ജാകരമായ മേന്മ ചില ഉചിതസന്ദൎഭങ്ങളിൽ നടിക്കാറുമുണ്ട്. അങ്ങിനെയുള്ള ഒരു മേന്മ വിനയപൂൎവ്വം നടിച്ചുകൊണ്ട്, നമ്മുടെ സോഫിയ, കാണികൾക്കു നിരാകൎഷകമായിത്തീരാറുള്ള ഒരു അൎത്ഥപ്പുഞ്ചിരി തൂകി നിന്നു. സലിം ഗംഭീരമായെങ്കിലും മൃദുവായി ഇപ്രകാരം പതുക്കെപ്പറഞ്ഞു:—

സലിം:—"സോഫിയ!—"

സോഫി:—"തിരുമേനി—"

സലിം—"നീ എനിക്കൊരു സഹായം ചെയ്യണം. മിഹിരയെ കാത്തു ഞാൻ പ്രമദവനത്തിലെ വാസന്തികാതോട്ടത്തിൽ നിൽക്കുമെന്നു ആരുമറിയാതെ അവളോടു പറയണം. ഒട്ടും താമസിക്കരുതു്"

സോഫി—"കല്പന പോലെ എന്തുചെയ്യാനും അടിയൻ തയ്യാറാണു്"

സലിം—"എന്നാൽ നീ വേഗം പോ."

സോഫിയ തലകുനിച്ചു വന്ദിച്ച് തിരിഞ്ഞു ധൃതിപ്പെട്ട് ഉലഞ്ഞുനടക്കുവാൻ ആരംഭിച്ചപ്പോൾ "കേട്ടോ-സ്വകാൎയ്യമായിരിക്കണം." എന്നു യുവരാജാവിന്റെ കരുതൽവാക്കു പിന്നാലെയെത്തി. "തിരുമേനി ഇതെല്ലാം അടിയനോടു കല്പിക്കണോ" എന്നുള്ള ഒരു മധുരവാക്യം ഉച്ചരിച്ചിട്ട് സോഫിയ വീണ്ടും യുവരാജാവിനെ വണങ്ങി അതിവേഗം നടന്നു. അവൾ മതിൽക്കെട്ടിനകത്തു മറഞ്ഞപ്പോൾ സലിം ക്രമം വിട്ടു തുടിക്കുന്ന നെഞ്ചോടെ വേഗം തൽസ്ഥലത്തെ സന്ത്യജിച്ചു.

## അദ്ധ്യായം ൪.

---

### മിഹിര.

അക്ബറെന്ന മഹേന്ദ്രന്റെ രാജധാനിയിലെ ക്രീഡാതടാകത്തിൽ വിനോദിച്ചുകിടന്ന അപ്സരസ്ത്രീകൾ ആകാശത്തിൽ കാളിമ കലരുന്നതുകണ്ടു് കുളിമതിയാക്കി അവർ ഓരോരുത്തരായി കൽപടകൾ തുരുതുരെ കാൽത്തളിരുകൾ കൊണ്ടു മർദ്ദിച്ചു് മുകളിൽ കയറി. യുവതികൾ, വട്ടവാതിലുകളും ചിത്രിതജനാലകളുമുള്ള സ്നാനമണ്ഡപത്തിനുള്ളിലെത്തി ശരീരം തുവർത്തി അവർ പട്ടുവസ്ത്രങ്ങളാൽ ഈറൻ പകർന്നു; ആഭരണങ്ങളും അണിഞ്ഞു. അനന്തരം എല്ലാവരും വിലപിടിച്ച സാരികൾ മൂടി, ശിരസ്സും മറച്ചു് നർമ്മസല്ലാപത്തോടെ സ്വസ്വഹർമ്മ്യങ്ങളിലേക്കു പോകാൻ തുടങ്ങി. ഈ സമയത്താണു് സോഫിയ മടങ്ങിവന്നതു്. തിരിഞ്ഞുനടന്നുതുടങ്ങിയ മിഹിരയുടെ പുറകിൽ അവൾ വേഗമെത്തി. സോഫിയ ആ യുവതിയുടെ തോളിൽ മൃദുവായി സ്പർശിച്ചു. മിഹിര തിരിഞ്ഞു. ആ ദൂതി അവളെ സാവധാനത്തിൽ ഒരുവശത്തേക്കു പിടിച്ചുകൊണ്ടുചെന്നു് പുരോഭാഗത്തു അക്ഷമമായി ഉഴന്നുകൊണ്ടിരുന്ന കണ്ണിണയിൽ നോക്കി ഒന്നു മന്ദഹസിച്ചു.

മിഹി,—"സോഫിയ! എന്താണു് പറയൂ?"

സോഫി—(പുഞ്ചിരിയോടെ) "വേഗത്തിൽ ചെല്ലുവാൻ പറഞ്ഞു."

മിഹി—"ആരു പറഞ്ഞു. അമ്മയാണോ?"

സോഫി—"അമ്മയല്ല, മറ്റൊരാൾ."

മിഹി—"നീ എന്തൊക്കെയോ നീട്ടുന്നു. കാര്യം പറയൂ."

സോഫി—(പതുക്കെ) "കൊച്ചുതിരുമേനി വാസന്തിതോട്ടത്തിൽ നിൽക്കുന്നു. ദയയുണ്ടായി കുമാരി അവിടംവരെചെല്ലുവാൻ പറയണമെന്ന്എന്നോടു കല്പിച്ചു."

മിഹിരയുടെ മുഖത്തിൽ ലജ്ജാമഞ്ജുളിതമായ ചില പാടലരേഖകൾ ചാടിയെത്തി. കുമാരി ഒന്നിനൊന്നു പിറകെ വേഗംവേഗം. ചിലചെറുനിശ്വാസങ്ങളിട്ട് അവളോടു ചോദിച്ചു.

മിഹി—"നിന്നോട്' എപ്പോൾ പറഞ്ഞു?"

സോഫി—"ഇതാ ഇപ്പോൾ—ഞാൻ തിരുമേനിയുടെ അടുക്കൽ നിന്നും വരികയാണ്. താമസിക്കരുത്."

മിഹി—"സോഫിയ!—"

സോഫി—"ചെല്ലു—ചെല്ലു—പിന്നെ ഈ സാധുവെ അന്നു മറക്കരുതേ."

മിഹി—"നിന്നെ എനിക്കു് എങ്ങിനെ മറക്കുവാൻ കഴിയും."

മിഹിര മുൻപിലും സോഫിയ പിന്നിലുമായി സ്നാനമണ്ഡപോപാന്തത്തിൽ നിന്നും ദ്രുതയാനംചെയ്തു.

മഹാനായ അക്ബർ ചക്രവത്തിയുടെ പ്രധാനമന്ത്രിമാരിൽ ഒരാളായ ഖാൻ അഹ്ഗാൻെറ പ്രിയപുത്രിയാണ് മിഹിര. മിഹിരയ്ക്കു പതിനേഴ വയസ്സു പ്രായമുണ്ട്. അവൾ സഖിമാരെ അപേക്ഷിച്ച് കൃശയും ഹ്രസ്വഗാത്രിയുമാണ്. ഈ ലോകത്തിൽ നാം സുന്ദരികളെന്നു ശ്ലാഘിക്കുന്ന യുവതികളുടെ മദ്ധ്യേ മിഹിരയ്ക്കു ഒന്നുകൊണ്ടും ഒരു കുറവില്ല. അവളുടെ ആകൃതി വളരെ അഴകുള്ളതാണ്. അവളുടെ ശോണാധരങ്ങളുടെ കോണുകളിൽ ചെറുപ്പുഞ്ചിരികൾ സർവ്വദാ ഒളിച്ചു കളിക്കുന്നതുപോലെ തോന്നും. കൃഷ്ണമണികൾ എപ്പോഴും അടിപ്പോളവിട്ടു മേല്പോട്ടല്പം കയറി നില്ക്കു

യാൽ മിഹിരയുടെ നയനങ്ങൾക്കു ഒരു ശാന്തിശക്തിയാണു കാണുന്നതു്. അവളുടെ ഗമനവും സല്ലാപവും സാവധാനത്തിലാകുന്നു. അവൾ തൃഷ്ണാസുഖദമായ ഒരു കൌതുകത്തെയാണ് ഏവരിലുമുൽപാദിപ്പിക്കുന്നതു്.

ഇയ്യിടെ യുവരാജാവായ സലിമിനു മിഹിരയോടു ഗാഢാനുരാഗം തോന്നിത്തുടങ്ങിയിരിക്കുന്നു. സുകുമാരനായ യുവരാജാവിനെ അവളും സദാ ആരാധിച്ചുകൊണ്ടിരിക്കയാണ്. അവരുടെ ഈ പരസ്പരാനുരാഗം വളരെ ഗോപ്യമായിരിക്കേണ്ടതാകയാൽ രണ്ടുപേരുടേയും മനസ്സ് വികാരവിചാരങ്ങൾകൊണ്ടു തരളിതമായിരിക്കുന്നു. ഹിന്ദുക്കളുടെയും മുസൽമാന്മാരുടേയും ഐക്യത്തിനു് അതിപ്രയത്നം ചെയ്ത ആളായിരുന്നു അക്ബർ എന്ന വസ്തുത ചരിത്രപ്രസിദ്ധമാണല്ലൊ. തൻെറ മരണശേഷം ഹിന്ദുരാജ്യത്തിലെ മുഗൾസാമ്രാജ്യം അടക്കി ഭരിക്കേണ്ടവനായ പുത്രനെക്കൊണ്ടു മിത്രമായി സർവ്വസൈന്യാധിപപദം സ്വീകരിച്ചിരിക്കുന്ന വിശ്വസ്തനും വീരനുമായ ഒരു രാജപുത്രനേതാവിൻെറ ഏകസന്താനമായ അംബകുമാരിയെന്ന തരുണിയെ വിവാഹം ചെയ്യിക്കണമെന്നു അക്ബർ നിശ്ചയിച്ചിരുന്നു. അപ്രകാരമുള്ള ഒരു വേഴ്ചകൊണ്ടു് ഇൻഡ്യാസാമ്രാജ്യത്തിലുണ്ടാകേണ്ട ഹിന്ദുമുസ്ലീം യോജിപ്പു ഭരണകേന്ദ്രത്തിൽനിന്നുതന്നെ ആരംഭിക്കാമെന്നു് ആ രാജ്യതന്ത്രവിശാരദൻ നേരത്തെ തീർച്ചപ്പെടുത്തി, ആ വൈവാഹികകർമ്മം നിർവ്വഹിക്കുകയും ചെയ്തു. അംബകുമാരി ഒരു ഹിന്ദുവനിതയുടെ ആദർശമനുസരിച്ചു ഭർത്താവിനെ സ്നേഹബഹുമാനപുരസ്സരം ശുശ്രൂഷിച്ചുവന്നു. എങ്കിലും യുവഹൃദയനും ധീരലളിതനുമായ ഭർത്താവിൻെറ സ്വഭാവത്തിലുള്ള ചില അംശങ്ങൾ ചിലപ്പോളെല്ലാം ആ കുമാരിക്കു വേദനയുണ്ടാക്കാതിരുന്നില്ല. പക്ഷെ മഹമ്മദനിയമമനുസരിച്ചും രാജപ്രതാപമനുവദിച്ചുമുള്ള ആവക കാര്യങ്ങൾ അംബകുമാരിക്കും സഹിക്കേണ്ടതാ

യി വന്നുകൂടി. സ്ഥിതിഗതികൾ ഇപ്രകാരം ഇരിക്കവെ യുവരാജാവിൻെറയും മിഹിരയുടെയും സാമീപ്യസമ്പർക്കങ്ങൾ ഒരു യവനികയ്ക്കുള്ളിൽവെച്ചു നടത്തേണ്ടതു് അത്യാവശ്യമാണല്ലൊ.

സുകുമാരിയായ മിഹിര പ്രമദവനത്തിലൂടെ നേരെ വാസന്തീതോട്ടത്തിലേക്കു പുറപ്പെട്ടു. കുളി അപ്പോൾ കഴിഞ്ഞിരുന്നതേ ഉള്ളുവെങ്കിലും വേഗത്തിൽ നടക്കുകയാൽ അവളുടെ ദേഹം കുറേശ്ശ വിയർത്തുതുടങ്ങി. ചരൽ വിതറി ഭംഗിയാക്കിയിട്ടിരുന്ന പൂങ്കാവനനിരത്തിലൂടെ മുൻപോട്ടു അതിവേഗത്തിൽ പൊയ്ക്കൊണ്ടിരുന്ന മിഹിര, ചുററുപാടും വിരിഞ്ഞു നിൽക്കുന്ന പൂക്കളുടെ ശോഭ കാണുകയോ അവയിൽ വന്നുപററിയും പറന്നുപോയും വിഹരിക്കുന്ന വണ്ടുകളുടെ സ്വാനം കേൾക്കയോ ചെയ്തില്ല. പിന്നിൽ തൂങ്ങികിടന്ന വെള്ളസ്സാരിക്കുള്ളിൽ അഴിഞ്ഞുവീണ ക്രുരിരുൾചുരുളുകൾ മിഹിര, രണ്ടുകൈകൾകൊണ്ടും ധൃതിയിൽ കെട്ടിവച്ചു ശിരസ്സിൻെറ പകുതി മറച്ചു് സാരിയും ഇട്ടു് പിന്നെയും നടന്നു. വാസന്തീതോട്ടത്തോടു സമീപിച്ചപ്പോൾ അവൾ നാലുവശവും നോക്കിത്തുടങ്ങി. അപ്പോൾ അവളുടെ മുൻപിൽ കുറെ അകലെ മാറി മതിൽ ചാടിക്കടന്നു് സലിം വന്നുനിന്നു. മിഹിര യുവരാജാവിൻെറ അരികിൽ ഓടിച്ചെന്നു. രണ്ടുപേരും കണ്ണുകൾ വിടർത്തിയും മുഖം വികസിപ്പിച്ചും അന്യോന്യം പുഞ്ചിരിക്കൊണ്ടു. കിഴക്കും പടിഞ്ഞാറുമുള്ള ചക്രവാളരേഖകളെ ചുംബിച്ചു നിൽക്കുന്ന സൂര്യചന്ദ്രന്മാരുടെ കിരണാവലി കലരുന്നതുപോലെ ആ കാമിനീകാമുകന്മാരുടെ പുഞ്ചിരിപ്രഭ സമ്മേളിച്ചു് അവരുടെ അന്തരാളത്തിൽ അരുണധവളമായ ഒരു കാന്തിപടലത്തെ നിർമ്മിച്ചു.

സലിം—"മിഹിരേ! ഞാനിതാവന്നുവല്ലൊ."

മിഹി—(പുഞ്ചിരിയോടെ) "ഞാനും വന്നല്ലൊ"

യുവരാജാവു് അവളെ നോക്കി ഒന്നും പറയാതെ നിന്നു.

മിഹിര തുടൎന്നു--"ഞാൻ കുളി കഴിഞ്ഞു് ആ വഴി ഇങ്ങോട്ടു പോന്നതാണു്. അമ്മ ഇപ്പോൾ അന്വേഷിക്കുമായിരിക്കും. എങ്കിലും ഞാൻ പുഷ്പവാടിയിൽ നടക്കാൻപോയെന്നു അമ്മയെ അറിയിക്കാൻ മാലതിയോടു പറഞ്ഞയച്ചു."

സലിം—"എന്നിട്ടു് നിന്റെ മുഖവും കയ്യും വിയൎത്തിരിക്കുന്നതെന്താണു്?"

മിഹി—"ഞാൻ അൽപം വേഗം നടന്നു."

സലിം:—"മിഹിര! ഞാൻ കളിപറകയല്ല, വേൎപ്പുകണങ്ങൾ പൊടിഞ്ഞ നിന്റെ മുഖം മഴപെയ്തു് ജലവിന്ദുക്കളണിഞ്ഞ ചെന്താമരപ്പൂപോലെയിരിക്കുന്നു."

മിഹിര ആഹ്ലാദം നിറഞ്ഞവണ്ണം ഒന്നു മന്ദഹസിക്കമാത്രം ചെയ്തു. അവളുടെ തലയിൽനിന്നും ഇളംകാററിന്റെ കളിയാൽ സാരി തോളിൽവീണു.

സലിം:—(കറുത്തിരുണ്ട ആ കേശബന്ധത്തെ സസ്പൃഹം വീക്ഷിച്ചു്) "എന്നും തലമുടി പിന്നിയിട്ടുകൊണ്ടാണു വരുന്നതു്. പക്ഷേ മിഹിര ഇന്നു ശ്രദ്ധക്കൂടാതെ കെട്ടിവച്ച ഈ കേശബന്ധത്തിനു എന്തോ സ്വാഭാവികമായ ഒരു ഭംഗിയുണ്ടു്. കഷ്ടം! നിനക്കു് അതുകാൺവാൻ പാടില്ലല്ലോ."

മിഹിര:—"അതിരിക്കട്ടെ, ഇന്നു കാണാൻ സാധിക്കയില്ലെന്നല്ലേ ഇന്നലെ പറഞ്ഞതു്. പിന്നെ എന്താണു് ഇത്ര ധൃതിയിൽ ആളെ അയച്ചതു്."

സലിം:—"നിന്നെ ഒന്നു കാണാൻ മാത്രം."

മിഹിര:—"നേരംപോക്കു പറയരുതു്."

സലിം:—"പരമാൎത്ഥമാണു് — മിഹിരേ! ഒരു പുരുഷന്റെ മൃദുവായ പ്രേമഹൃദയമെന്തെന്നു് നിനക്കറിവാൻ വയ്യല്ലോ ആശ്രിതകളായ അബലകളുടെ പ്രേമത്തിൽ ബുദ്ധിക്കും വ്യാപാരമുണ്ടെന്നു് എനിക്കു തോന്നുന്നു. സ്വതന്ത്രനായ പുരുഷന്റെ പ്രേമം അവനോടൊപ്പ തന്നെ തുറന്നു സ്വതന്ത്രമായിരിക്കും. നിന്നെ എപ്പോഴും കണ്ടുകൊണ്ടിരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. നിനക്കു അതില്ലേ?"

മിഹി:—(കണ്ണിൽ വെള്ളം നിറച്ചു് ഇടറിയ സ്വരത്തിൽ) "എനിക്കു് അതിന്നാഗ്രഹമുണ്ടു്. ഞാൻ ഒരു സ്ത്രീയല്ലേ. എപ്പോഴും കണ്ടുകൊണ്ടിരിക്കാൻ ഞാൻ എന്തുചെയ്യണം."

സലിം:—"ശരി. അതിന്നു വേണ്ടതു ചെയ്യേണ്ടവൻ ഞാനാണു്. ഏതായാലും നമ്മുടെ അനുരാഗം അന്യർ അറിയേണ്ട കാലം ഇതല്ല സോഫിയയോടും പ്രത്യേകം ശട്ടം കെട്ടണം."

മിഹി:—(ദയനീയസ്വരത്തിൽ) "അവൾ ആരോടും പറയുകയില്ല. മുൻപും ഞാൻ അവൾക്കു വല്ലതുമെല്ലാം സമ്മാനിക്കാറുണ്ടു്."

സലിം:—(ഝടിതിയിൽ) "മിഹിരേ! ഇന്നു പുറത്തെഴുന്നള്ളത്തുണ്ടു്: ഞാനും പരിവാരസംഘത്തിൽ ചേരേണ്ടതാണു്. അതാ ആരോ വിളിക്കുന്നു. നിന്റെഅമ്മയാണെന്നു തോന്നുന്നു.—ഞാൻ പോകട്ടെ—നാളെ ലതാമണ്ഡപത്തിൽ —"

"മിഹിരേ! മിഹിരേ!" എന്നു് വാത്സല്യമസൃണമായി വിളിച്ചു് അവളുടെ മാതാവു് ആ സ്ഥലത്തെത്തി. "അമ്മേ! ഞാൻ ഇതാ ഇവിടെയുണ്ടു്" എന്ന കീരവാണിപൊഴിഞ്ഞു് മിഹിര ജനനിയുടെ അടുക്കൽ ഒരു മാൻകിടാവെന്ന.

വണ്ണം ഓടിച്ചെന്നു. മാതാവ് അവളുടെ അളകങ്ങൾ ഒതുക്കി താടിപൊന്തിച്ച് അതിസ്നേഹത്തോടെ ചുംബിച്ചശേഷം കുസുമദാമംപോലെ തൂങ്ങിക്കിടന്ന പാണിയുടെ അഗ്രവുംഗ്രഹിച്ചുതിരിച്ചു.

തീവ്രവ്യായാമനായ സലിം നൊടിയിടയിൽ ഉദ്യാനത്തിൻെറ മതിൽ ചാടിക്കടന്നു് നിൽക്കാതെ നടന്നു. യുവരാജാവ് രാജധാനിയുടെ പ്രാകാരത്തിനു വെളിയിലൂടെ തെക്കോട്ട നടതുടങ്ങി. അല്പം പടിഞ്ഞാറ് ഒരു ദുർഗ്ഗാക്ഷേത്രത്തിലേക്കു പൊട്ടിത്തിരിയുന്ന ഇടവഴിയിലെത്തിയപ്പോൾ യുവരാജാവ് അസാധാരണമായ ഒരു ശബ്ദം കേട്ടു. ചെവിയോർത്തല്പം നിന്നപ്പോൾ ശബ്ദം പുറപ്പെട്ടതു ദുർഗ്ഗാക്ഷേത്രത്തിൽ നിന്നാണെന്നും, അതു ഒരു സ്ത്രീയുടെ വിലാപവും ചില പുരുഷന്മാരുടെ സംസാരവും കൂടി സമ്മിശ്രമായതാണെന്നും അദ്ദേഹത്തിനു തോന്നി. യുവരാജാവു തിരിഞ്ഞു തൻെറ ഗതിയെ ആ ഭാഗത്തേക്കു നയിച്ചു.

---

## അദ്ധ്യായം ൩.

---

### നദീര.

അന്നുതന്നെ ഏകദേശം നാലുനാഴികപ്പകലുണ്ടായിരുന്നപ്പോൾ ദൂരെ ഒരു ഗ്രാമത്തിൽ നിന്നു് ഒരു വൃദ്ധയും കൂടെയൊരു യുവതിയും പുറംകോട്ടകടന്നു ഡെൽഹിപുരത്തിൽ പ്രവേശിച്ചു. വൃദ്ധയ്ക്കു് ഏതോ കലശലായ ദീനമാണെന്നു് അവർ കൂടക്കൂടെ മഹാവേദനയെസൂചിപ്പിക്കുന്നവിധം പുറപ്പെട്ടുവിക്കുന്ന സ്വരം കൊണ്ടും, അപ്പപ്പോൾ അവിടവിടെ ക്ഷീണാധിക്യത്താൽ ഇരിക്കുന്നതുകൊണ്ടും ഊഹി

ക്കാം. വഴിനടന്നിട്ടുള്ള ക്ഷീണമുണ്ടാകാൻ കാരണമുണ്ട്. എന്നാൽ അതിന് ഇത്ര തീവ്രമായ ഒരു പ്രകൃതം വരികപ്ര യാസമാണ്. ആ വയസ്സിയേ, കൂടെക്കൂടെ "അമ്മേ! അമ്മേ" എന്നു സംബോധനംചെയ്തും, അവരുടെ മുഖത്തിലും തലയിലും പുറത്തും സദാ തലോടിയും, നടക്കാമെന്നാകുമ്പോൾ അവർതാങ്ങിപ്പിടിച്ചുനയിച്ചും,തന്നെത്താൻ പലതും പുലമ്പിയും, വൃദ്ധയോടു പലതും ചോദിച്ചും കണ്ണുകളിൽ നിന്നു ജലകണങ്ങൾ അടർത്തിവീഴ്ത്തിയും, ആ യുവതിയും വർത്തിക്കുന്നു. ആ രണ്ടു ജീവികളും ഇപ്രകാരം മാർഗ്ഗം തള്ളി, ഒരു ഇടവഴിയിലൂടെ രാജധാനിക്കു നേർക്കു നടന്നു. കുറെ ചെന്നപ്പോൾ വൃദ്ധയും യുവതിയും ഒരു ദുർഗ്ഗാക്ഷേത്രത്തിൻെറ സമീപമെത്തി. വൃദ്ധയുടെ അവസ്ഥ അപ്പോഴേക്കും വളരെ വിഷമത്തിലായി- അവർ അതിവേദനയെ കുറിക്കുന്ന 'അയ്യോ' എന്നൊരു ശബ്ദം പുറപ്പെടുവിച്ചതും മോഹാലസ്യം കൊണ്ടു നിലത്തു പതിച്ചതും ഒന്നായിക്കഴിഞ്ഞു. "അയ്യോ! അമ്മെ!" എന്നു കരഞ്ഞു് യുവതി മാതാവോടു ചേർന്നിരുന്ന് വൃദ്ധയുടെ ശിരസ്സു പൊന്തിച്ചു നേരെയാക്കി. മാതാവിൻെറ ഗളത്തിൻെറ ശക്തി നിശ്ശേഷം നശിച്ചിരിക്കുന്നതായി അവൾക്കു തോന്നി. വഴിയിൽ നിന്നു മാററി സ്വജനനിയെ എവിടെയെങ്കിലും കിടത്തിയിട്ട് വേണ്ട ശുശ്രൂഷകൾ ചെയ്യാമെന്ന് ആ യുവതി നിശ്ചയിച്ചു. നാലുപുറവും നോക്കിയപ്പോൾ കുറെ അടുത്തു് അവൾ ഒരു അമ്പലം കണ്ടു. യുവതി മാതാവെ താങ്ങിയെടുത്തു് ബദ്ധപ്പെട്ടു അങ്ങോട്ടു നടന്നു.

അമ്പലത്തിൽ എത്തുന്നതിന് പത്തുനാൽപ്പത്തു കല്പടകൾ മേലോട്ടു കയറേണ്ടതായുണ്ടായിരുന്നു. യുവതി ആറേഴു കൽപ്പടകൾ മേലോട്ടു കയറിയപ്പോഴേക്കും ദേഹക്ലമത്താൽ ആരോഹണത്തിനശക്തയായി. അവൾ മാതൃശരീരം ആ കല്പടയിൽ തന്നെ കിടത്തി, കുഴഞ്ഞ സ്വര

ത്തിൽ 'അമ്മേ!—അമ്മേ!' എന്നു വിളിച്ചു; ഇതിനു യാതൊരു മറുപടിയും വൃദ്ധയിൽ നിന്നുണ്ടായില്ല. വീണ്ടും അവൾ മാതൃശരീരത്തിൽ പിടിച്ചു കുലുക്കിവിളിച്ചു. ശബ്ദമൊ പുറപ്പെട്ടില്ല. അവളുടെ പാണി നിശ്ചലമാകവെ വൃദ്ധയുടെ ശരീരവും ചലനരഹിതമായി. യുവതി വീർപ്പടക്കി മാതാവിൻെറ മുഖത്തു സൂക്ഷിച്ചുനോക്കി. രോഗിണിയുടെമുഖം വാഴപ്പോളപോലെ വിളർത്തിരുന്നു കണ്ണുകളടഞ്ഞും പോയി. അററം വെളുത്ത ഒരു ദന്തം ചുണ്ടുകളുടെയിടയിലൂടെ പുറത്തു തലനീട്ടിയിരുന്നു. അതിൻെറ ചഞ്ചലവും അന്ത്യകാലവികൃതവുമായ സ്ഥിതി മുൻപും അപ്രകാരമായിരുന്നു.

മാതാവു് ക്ഷീണാധിക്യത്താലുറങ്ങുകയായിരിക്കാമെന്നും ആ വിധം കുറെയുറങ്ങിക്കൊള്ളട്ടെയെന്നും പാവപ്പെട്ട ആ പെൺകുട്ടി വിചാരിച്ചു. അവൾ താഴത്തെ പടിയിൽ ഇറങ്ങി ഒരുവശം തിരിഞ്ഞിരുന്നു് രണ്ടുകൈകൾകൊണ്ടും അമ്മയുടെ തോളടക്കം കെട്ടിപ്പിടിച്ചു് മാതൃവക്ഷസ്സിൽ തലയും ചായ്ച്ചുവച്ചു ലാഘവംപൂണ്ടു കിടന്നു. തലേന്നാൾ രാത്രി നന്നായി ഉറങ്ങായ്കകൊണ്ടും വഴിനടന്ന ക്ഷീണം വർദ്ധിച്ചിരിക്കയാലും യുവതി അൽപം മയങ്ങിപ്പോയി. മയക്കത്തിൽ അവൾ ഇപ്രകാരം ഒരു കിനാവുകണ്ടു. തൻെറ അരികിൽ കോമളമായ ഒരു പുരുഷരൂപമാവിർഭവിച്ചു് തന്നെത്തന്നെയുററുനോക്കിക്കൊണ്ടു നിൽക്കുന്നതുകണ്ടു യുവതി തെല്ലു ലജ്ജിച്ചു് ആശ്ചര്യപരവശയായി മുഖം കുനിച്ചു. എങ്കിലും അഗ്രഭാഗത്തുനിന്ന ആ ആളിൽ ഉണ്ടായ അസാമാന്യമായ പ്രീതിമൂലം മുഖമനക്കാതെ അവൾ അങ്ങോട്ടു് ഒളികണ്ണിട്ടു നോക്കിത്തുടങ്ങി. തത്സമയം ആ വിഗ്രഹം ചലിച്ചു പുഞ്ചിരിതൂകി അവളുടെ പാണിപിടിച്ചു്, സങ്കോചംകൊണ്ടു മന്ദഗാമിനിയായ അവളെ സോപാനമാർഗ്ഗേണ മേലോട്ടുകൊണ്ടുപോയി. ഉത്തരക്ഷണത്തിൽ ആ ദുർഗ്ഗാക്ഷേത്രത്തിൻെറ ഗോപുരത്തിൽ സ്വർണ്ണനിർമ്മിതവും രത്നഖ

ചിതവും രക്തകാന്തി വിതറുന്നതുമായ ഒരു വിചിത്രാസനം അവൾ കണ്ടു. നിദ്രാപുരുഷൻ അതിന്മേലിരുന്നുകൊള്ളു വാൻ അവളെ അനുവദിച്ചു. യുവതി മന്ദംമന്ദം അടികൾ വച്ച് അതിൽ ചെന്നിരുന്നു നോക്കിയപ്പോൾ തന്റെ മു മ്പിൽ നിന്ന പുരുഷനെ കണ്ടില്ല. അവൾ വ്യസനത്തോടും അത്ഭുതത്തോടും നോക്കവെ ഭയം ഉണ്ടാകത്തക്കവണ്ണം അ വിടെയെങ്ങും പരുഷശബ്ദങ്ങളുയൎന്നു. നാലുവശങ്ങളിൽനി ന്നും അന്ധകാരം അവളുടെ നേൎക്ക് ഇരച്ചിയടുക്കുന്നതു പോലെ തോന്നി. അവൾ ഇരുന്ന പീഠം അടിസ്ഥാന ത്തോടുകൂടെ കുലുങ്ങുന്നതായി അവൾക്കനുഭവപ്പെട്ടു. എഴു നേൽക്കുന്നതിനു മുൻപ് രത്നാസനം തകൎന്നു താഴുകയാൽ യുവതി മുൻപോട്ടു കമഴ്ന്നടിച്ചുവീണു്, കൽപടികളിൽ കൂടി ഉരുണ്ടുമറിഞ്ഞു് ഉറങ്ങിക്കിടന്ന അമ്മയുടെ നെഞ്ചിൽ പതിച്ചു. നിൎഭാഗ്യവതിയായ ആ യുവതിയുടെ ദുഃസ്വപ്നം ഇ തായിരുന്നു.

താൻ മാതൃവക്ഷസ്സിൽ നിപതിച്ചുവെന്നു തോന്നിയ പ്പോൾ യുവതി "അമ്മേ" എന്നു വിളിച്ചു ഞെട്ടിയുണൎന്നു. അപ്പോൾ, താൻ കണ്ടതു സ്വപ്നമായിരുന്നുവെന്നും താൻ മാതൃസന്നിധിയിൽ ഇരിക്കയാണെന്നും അവൾക്കു ബോധ മുണ്ടായി. യുവതിയുടെ ഭയമെല്ലാം വററി, അവളിൽ ആ ശ്വാസം തെളിഞ്ഞു. കിനാവിൽ കിട്ടിയ ആനന്ദാവസ്ഥ യെ അനുസ്മരിച്ച് പ്രേമം, ആഹ്ളാദം, ഉത്സാഹം, പ്രസാ ദം, ആശ, മുതലായവ മാത്രം കോൎത്തുചേൎത്തുണ്ടാക്കിയിരുന്ന അവളുടെ ഹൃദയം മന്ദഹസിച്ചു. ആ മന്ദഹാസത്തിന്റെ ഒന്നുരണ്ടു വെൺകതിരുകൾ അവളുടെ ശോണാധരമദ്ധ്യം പൊളിച്ചു പുറത്തുപ്രകാശിച്ചു.

അസംഖ്യം മോഹനവികാരങ്ങളാൽ ശബളമാക്ക പ്പെട്ട ആ തരുണിയുടെ മനോരാജ്യം ഏറെനേരം നിലനി ന്നില്ല. അവൾ മാതാവിന്റെ കാൎയ്യം ഓൎത്തു. യുവതി തി

രിഞ്ഞു മാതാവെ പിന്നെയും കുലുക്കിവിളിച്ചുതുടങ്ങി. ഫലമൊന്നുമുണ്ടായില്ല. അവളുടെ നീണ്ട മിഴികളിൽ നീർ തിങ്ങിക്കവിഞ്ഞു. അവൾ ദൈവത്തെ വിളിച്ചു. അമ്മയുടെ മുഖത്തെ രണ്ടുകൈകൾകൊണ്ടും അരുമയോടെ പിടിച്ചു പലവുരു ചുംബിച്ചു. അമ്മ ഉണരുന്നില്ലെന്നു കണ്ടു് അവൾക്കു് ആധിപിടിച്ചു; വൃദ്ധ ഉറങ്ങുകയാണെന്നു വീണ്ടും അവൾ സമാധാനപ്പെട്ടു സാരിയഴിച്ചെടുത്തു് അവൾ മാതാവിന്റെ ശരീരം അടിമുടി മൂടി. എന്നിട്ടു ദുർഗ്ഗാക്ഷേത്രത്തിന്നഭിമുഖമായി കിനാവിൽ താനിരുന്നുവെന്നു തോന്നിയ സ്ഥലത്തു നോക്കിക്കൊണ്ടുനിന്നു.

അധികം കഴിയും മുൻപേ ആരോ ചോദ്യം ചെയ്യുന്ന ശബ്ദം പിറകിൽ കേട്ടു് അവൾ തിരിഞ്ഞുനോക്കി. അപ്പോൾ മീശയും താടിയും വളർത്തി തലയിൽ കെട്ടും അരയിൽ വാളും ധരിച്ച രണ്ടു രാജഭടന്മാരെ അവൾ കണ്ടു. അതിലൊരുഭടൻ "കിടക്കുന്നതാർ?" എന്നു ചോദിച്ചു് വൃദ്ധയുടെ മുഖത്തിൽ നിന്നും വസ്ത്രം നീക്കിനോക്കി.

യുവ:—"എന്റെ അമ്മയാണു്. അയ്യോ! ഉണർത്തല്ലേ. അവർ സുഖമായി ഉറങ്ങിക്കൊള്ളട്ടെ."

ഒന്നാം രാജഭടൻ പുച്ഛക്കെ തല ഉയർത്തി രണ്ടാമന്റെ മുഖത്തിൽ നോക്കി ഒന്നു പൊട്ടിക്കിരിച്ചു് ഇങ്ങിനെ പറഞ്ഞു:—

"കേൾക്കെടോ—ചത്തു മലർന്നു കിടക്കുന്ന ഈ കിഴവി ഉറങ്ങുകയാണത്രേ ഇവൾ ഒരു കുട്ടിയാണോ. കണ്ടിട്ടു് അങ്ങിനെ തോന്നുന്നില്ല. ഒരു ഭ്രാന്തിയായിരിക്കും."

"അമ്മ സുഖമായുറങ്ങുകയാണു്. ഉണർത്തണ്ട— ഉണർത്തൊല്ലേ— അയ്യോ! അരുതേ" എന്നിങ്ങനെ പറയുന്ന അവളുടെ പ്രതിഷേധമൊന്നും വകവയ്ക്കാതെ രണ്ടാമത്തെ ഭടനും വൃദ്ധയുടെ മുഖത്തു സൂക്ഷിച്ചു് അവളുടെ മൂക്കിന്നു താഴെ

കൈത്തലംവച്ചു് കുറേനേരം നിന്നിട്ടു് നിവൎന്നു് യുവതിയോടു പറഞ്ഞു:—

“ഉള്ളതുതന്നെ. ഈ ഉറക്കം നല്ല ഉറക്കമാണു്. ഇനി ഉണരുന്ന കാൎയ്യവും പ്രയാസം. എടി പെണ്ണേ! കരയേണ്ടാ. നിനക്കു പിച്ചു പിടിച്ചിട്ടുണ്ടോ. ഈ കിടക്കുന്നതു് ഒരു പ്രേതമാണു്.”

ഇത്രയുമായപ്പോൾ അവരുടെ മേലാളായ വേറൊരുദ്യോഗസ്ഥൻ അവിടെയെത്തി അവിടെക്കിടക്കുന്നതു് ആരാണെന്നു ചോദിച്ചു. ഒരു സ്ത്രീ മരിച്ചു കിടക്കയാണെന്നു് അവിടെനിന്ന രണ്ടുഭടന്മാരും കൂടി അയാളെ അറിയിച്ചു. ഭയനിയതയും ആശ്ചൎയ്യവും കലൎന്ന സ്വരത്തിൽ ആ തരുണി ആഗതനായ ഉദ്യോഗസ്ഥനോടു് പറഞ്ഞു:—“എനിക്കു ഭ്രാന്താണെന്നു് ഇവർ പറയുന്നു.” അനന്തരം വെറുപ്പോടെ തലയാട്ടിക്കൊണ്ടു തുടൎന്നു:—“ഞാൻ ഭ്രാന്തിയല്ല” പിന്നിട്ടു് അഭ്യൎത്ഥനാസ്വരത്തിൽ “എന്റെ അമ്മ ഉറങ്ങുകയാണു്” എന്നും പറഞ്ഞു. ആ പെൺകുട്ടിയുടെ അമ്മ മരിച്ചുവെന്നു വിശ്വസിക്കാൻ നവയൌവനത്തിൽ കാൽ വച്ച അവളുടെ മുഗ്ദ്ധഭാവംകൊണ്ടും, ശോകപരിചയക്കുറവാലുമായിരിക്കാം അവൾക്കു സാധിച്ചില്ല. ഉദ്യോഗസ്ഥൻ അടുത്തുചെന്നു് പ്രേതത്തിൽ സൂക്ഷിച്ചു നോക്കിയ ശേഷം യുവതിയുടെ നേൎക്കു തിരിഞ്ഞു:—

ഉദ്യോ:—“നല്ലഉറക്കം!— സുഖമായഉറക്കം!— ശവത്തെ കിടത്തുവാനുള്ള സ്ഥലം ഇതല്ല”.

അനന്തരം അയാൾ ഭടന്മാരോടാജ്ഞാപിച്ചു:—“വേഗം പ്രേതത്തെ ദൂരെ മാററിൻ. ഇതൊരു ദേവാലയമാണു്.” ഭടന്മാർ ശവശരീരം നീക്കം ചെയ്യുവാനടുത്തപ്പോൾ യുവതി അതിന്മേൽ ചെന്നുവീണു് കഠിനമായി വിലപിച്ചു് അവരുടെ ക്രിയയെ നിരോധിച്ചു ഭടന്മാരിലൊരുവൻ അവളെ പി

ടിച്ചു മാററാൻ ശ്രമിച്ചു. യുവതി അതു വകവയ്ക്കുന്നില്ലെന്നുകണ്ടു് അവൻ അവളേ നിർദ്ദയം വലിച്ചിഴയ്ക്കുവാൻ തുടങ്ങി. അവൾ സങ്കടത്തോടും ദേഷ്യത്തോടും "ദുഷ്ടന്മാരെ! നിങ്ങൾ എൻെറ അമ്മയെ ഉപദ്രവിക്കരുതു്" എന്നുച്ചത്തിൽ കരഞ്ഞു. ഈസമയം "ഇതെന്തു്? ആ സ്ത്രീയെ വിടുവിൻ" എന്നാജ്ഞാപിച്ചുകൊണ്ടു സ്ഥിതിയും അന്തസ്സും ഉള്ള ഒരു പുരുഷൻ അവിടെവന്നു. ആഗതനെക്കണ്ടു് അവിടെ നിന്ന മൂന്നുപേരും തലതാഴ്ത്തി വണങ്ങി മാറി നിവന്നിന്നു. തന്നെ രക്ഷിക്കാൻ ഈശ്വരനയച്ച ആളാരെന്നു് യുവതി ഉൽകണ്ഠാമൌനമായി നോക്കി. ആഗതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട പുരുഷനേപ്പോലെ കോമളനും വിശിഷ്ടനുമാണെന്നു കണ്ടു് അവൾ ആശ്ചര്യപ്പെട്ടു. അദ്ദേഹം പ്രഭുത്വമുള്ള ഒരാളായിരിക്കുമെന്നും അവൾ അനുമാനിച്ചു. ആളിൻെറ യോഗ്യതയും മുഖത്തു തിളങ്ങിയ താരുണ്യശോഭയും വീക്ഷണത്തിൻെറ അന്യാദൃശമായ അകൎഷകത്വവും കൊണ്ടു് യുവതി കുറഞ്ഞൊന്നുലജ്ജിച്ചു് ക്ഷണനേരം മുഖം തിരിച്ചു; എങ്കിലും അവസ്ഥാവിശേഷത്താൽ ആശ്രയയോഗ്യനെന്നു തോന്നിയ അദ്ദേഹത്തോടു് തൻെറ സങ്കടങ്ങൾ മുഴുവൻ പറയണമെന്നു കരുതി അവൾ പെട്ടെന്നെഴുന്നേററുനിന്നു് വിനയപൂർവ്വം വന്ദിച്ചു. സ്വജീവിതദശയിൽ ഏതൽകാലപൎയ്യന്തം ആസ്വദിച്ചിട്ടില്ലാത്ത ഒരു നൂതനമനോവികാരത്തോടു കൂടിയായിരുന്നു അവൾ ആഗതനോടു സംഭാഷണം തുടങ്ങിയതു്.

യുവ:—"എൻെറ അമ്മ മരിച്ചുപോയി എന്നു ഇവർ പറയുന്നു. ദയയില്ലാതെ എന്നെ അവരിൽ നിന്നു വേർപെടുത്തുവാൻ ശ്രമിക്കയും ചെയ്യുന്നു."

സ്ഥിരഗതിയായ ആഗതൻ ശവശരീരത്തിൻെറയരികേചെന്നു് നാസാദ്വാരത്തിനു താഴെയും മാറിലും കൈവെച്ചു നോക്കി വ്യസനപാരവശ്യത്തിൻെറ ലക്ഷണമാക്രമിച്ചിരു

ണ്ട തുടങ്ങിയ മുഖപരിവേഷത്തോടെ, യുവതിയോടെ കാരു ണ്യം കൊണ്ടു നേത്രസ്വരത്തിൽ പറഞ്ഞു:—

ആഗ:—"മുഗ്ദ്ധയായ യുവതി! നിൻെറ അമ്മ മരിച്ചു പോയി. ഇനിയും നീ വ്യസനിച്ചതുകൊണ്ടു് ഫലവുമില്ല. എൻെറ ഭടന്മാരല്ല ദൈവമാണ് നിന്നെ നിൻെറ അമ്മയിൽ നിന്നും വേർപെടുത്തുന്നതു"

ആഗതൻെറ വിശ്വാസയോഗ്യമായ വാക്കുകേട്ടപ്പോൾ കാര്യം ശരിയായിരിക്കുമെന്നു അവളുടെ ഹൃദയം ഉള്ളിൽ മന്ത്രിച്ചു. വ്യസനാധിക്യത്താൽ കൈത്തലത്തിൽ മുഖം മറച്ചു് യുവതി വിങ്ങിക്കരഞ്ഞു "നീ കരയരുതു്. കരഞ്ഞാൽ മരിച്ചുപോയ അമ്മ വ്യസനിക്കും" എന്നു് യുവതിയോടു് ആർദ്രതയോടെങ്കിലും സഗൌരവം പറഞ്ഞിട്ടു് ആഗതൻ തിരിഞ്ഞു് ഭടന്മാരോടാജ്ഞാപിച്ചു:—"ഈ സാധുവിൻെറ അമ്മയുടെ ശവം സംസ്കരിക്കുന്നതിനു വേണ്ടതെല്ലാം ചെയ്യുവിൻ. ഒട്ടുംതാമസിക്കണ്ട. അവളെ ഇനി തൊട്ടുപോകരുതു്." തൻെറ രക്ഷയ്ക്കും സാന്ത്വനത്തിനും ദുഃഖശമനത്തിനും കാരണമായിത്തീൎന്ന കരുണാനിധിയായ ആ യുവപൂരുഷൻെറ മുൻപിൽ അറിയാതെതന്നെ യുവതി സാഷ്ടാംഗപ്രണാമം ചെയ്തു. അനന്തരം മുട്ടുകുത്തിനിന്നു് ആദ്ദേഹത്തിൻെറ മുഖത്തു നോക്കി അവൾ കൃതജ്ഞതാപരവശയായി പ്പറഞ്ഞു:—"അനാഥയായ എന്നെ രക്ഷിച്ച അങ്ങയെ ഈശ്വരൻ രക്ഷിക്കും." ആ യുവപൂരുഷൻ അനുപമശോഭയോടുകൂടിയ ആ തരുണിയുടെ ആകൎഷകമായ വദനകമലത്തിൽ നിന്നും ദൃഷ്ടിയെടുക്കുവാനശക്തനായി ക്ഷണം നിന്നുപോയി. അവളോടു് പേരെന്തെന്നും ഊരേതെന്നും മററുമുള്ള ചില വിവരങ്ങൾകൂടെ സദയം ചോദിക്കുവാൻ എന്തെന്നില്ലാത്ത ഒരഭിനിവേശം അദ്ദേഹത്തിൻെറ ഉള്ളിലങ്കുരിച്ചു. ആ ഘട്ടത്തിൽ സ്വഭടന്മാരുടെ മുൻപിൽ വച്ചു് യൌവനയുക്തയായ ഒരു സാധാരണ സ്ത്രീയോടു കുശലങ്ങൾ ചോദിച്ചു തുട

ങ്ങിയാൽ ഫലനഷ്ടത്തിനിടയാകുമെന്നുദ്ദേശിച്ചും പുറത്തെഴു ന്നുള്ളത്ത സമയമായതുകൊണ്ടുമായിരിക്കും അദ്ദേഹം പി ന്നീടൊന്നും പറയാതെ പെട്ടെന്നു തിരിഞ്ഞു് വന്നവഴിയേ നടന്നുകളഞ്ഞതു്. അധികാരചിഹ്നത്തോടും പ്രാഭവത്തോടും ഓരോ അടിയുംവെച്ചു് സ്ഥിരഗതിയായിപ്പോയ യുവരാജാവാ യ സലിമിനെ നിർന്നിമേഷയായി നോക്കിക്കൊണ്ടു് യുവതി അല്പനേരം ആ ഇരിപ്പിൽ തന്നെ ഇരുന്നു. ആ അവസ്ഥ യിൽ നിന്നും വിമുക്തയായപ്പോൾ, മാതൃശരീരത്തെ ഭടന്മാർ വഹിച്ചുകൊണ്ടു പോകുന്നതു കണ്ടു് അവൾ ഒരു ഭ്രാന്തിയെ പ്പോലെ അവരുടെ പിന്നാലെ ഓടി.

നേരം രണ്ടുനാഴികയിരുട്ടിയപ്പോൾ കുറേ അകലെ മു ൾച്ചെടികളും കരിഞ്ഞ പുല്ലുകളും ഇലകളും നിറഞ്ഞുള്ള ചുടലക്കാട്ടിന്റെ ഒരറ്റത്ത പുതുതായിക്കൂട്ടി ഒരു കല്ലുമൂട്ടി വച്ചിരുന്ന മൺകുമ്പാരത്തിന്റെ പുറത്തു് ഒരു സ്ത്രീ നിശ്ച ലയായി കിടക്കുന്നുണ്ടായിരുന്നു അവൾ കൂടെക്കൂടെ നിശ്വ സിക്കയും "അമ്മെ—അമ്മെ" എന്നു വിളിക്കയും ചെയ്തു. കുറെനേരംകഴിഞ്ഞു് അവൾ അവിടെനിന്നെഴുനേറ്റു അ ഴിഞ്ഞുപോയ വസ്ത്രങ്ങൾ മുറുക്കിക്കൊണ്ടു് പ്രാഞ്ചിക്കിതച്ചു നടന്നുതുടങ്ങി. ക്രമേണ കാലൻകോഴിയും കഴുകനും മററും ഭയ ങ്കരമായി കരഞ്ഞുതുടങ്ങിയ ആൾസഞ്ചാരമില്ലാത്ത ആ സ്ഥലത്ത നടന്നുതുടങ്ങിയ നാരി നാം മുൻപു കണ്ട തസ്ലു തന്നെയാണു്.

യുവതി, അവിടവിടെക്കിടന്ന കല്ലുകളിൽ തട്ടിയും കു ണ്ടുകളിൽ കാൽതാഴ്ച്ച് ദേഹമുലഞ്ഞും, നടന്നുനടന്നു് മുൻപു അവൾ ചെന്നചേർന്ന ദുർഗ്ഗാക്ഷേത്രത്തിൽ തന്നെ എ ത്തി. പട്ടണം മുഴുവൻ ദീപപ്രകാശത്തിൽ കുളിച്ച ആ മ നോഹരമായ കാഴ്ച കാണാൻ അവൾക്കു കഴിവില്ലായിരുന്നു. യുവതി അവളുടെ അമ്മ കിടന്ന സ്ഥലത്തു മുട്ടുകുത്തിനമസ്ക രിച്ചു. അമ്മ മുമ്പിൽ വന്നു നില്ക്കുംപോലെ അവൾക്കു

തോന്നി. അവൾ മാതാവിനെ ആശ്ലേഷിക്കാൻ കൈകൾ നീട്ടവേ ആരെയും അവിടെക്കണ്ടില്ല. അവൾ ആ സ്ഥിതിയിൽ കുറേനേരം അവിടെനിന്നു. അപ്പോൾ ഒരു ആൾ തന്റെ മുൻപിൽ വിളക്കു ഏന്തി നില്ക്കുന്നതായി അവൾക്കുതോന്നി.

ഹിന്ദുമതത്തെയും മഹമ്മദുമതത്തെയും ഒരുപോലെ ലാളിച്ചുവന്ന മഹാശയനായ അക്ബർ, അധികാരികളില്ലാതെ പൂജയുംമുട്ടി ഇടിഞ്ഞുപൊളിഞ്ഞു കിടന്ന ആ ദേവാലയത്തിൽ വിളക്കുവെയ്ക്കുന്നതിനും മററും ഒരു മഹമ്മദപുരോഹിതനെ നിയമിച്ചിരുന്നു. മരുഭൂമിയായ അറബിരാജ്യത്ത് അന്യോന്യം കഴുത്തു കണ്ടിച്ചും, കഠോരമായ മററു കർമ്മങ്ങളിലേർപ്പെട്ടും നീതിയും ന്യായവും സത്യവുമില്ലാതെ കൈയ്യൂക്കുകൊണ്ടു കാര്യങ്ങൾ സാധിച്ചും, ദുരാചാരത്തിൽ ഭയങ്കര ജീവിതം നയിച്ചുവരുന്ന ഒരുകൂട്ടം ഘോരമനുഷ്യരുടെ ഹൃദയത്തിൽ ദൈവവിശ്വാസദീപം കൊളുത്തിയ പരമകാരുണികനും ഈശ്വരാംശസംഭവനുമായ മഹമ്മദുനബിയെപ്പോലെ വളർന്നുവീണ വെൺചാമരമീശയും താടിയും തലയിൽ തൊപ്പിയും വലിയ വട്ടക്കെട്ടും കാൽമുട്ടു് കവിഞ്ഞുകിടക്കുന്ന വെളുത്ത അറബിക്കുപ്പായവും അയഞ്ഞ കാലുറകളുമുള്ള ആ വൃദ്ധനായ പുരോഹിതനത്രേ അവളുടെ മുൻപിൽ പ്രത്യക്ഷീഭവിച്ചതു്. മഹമ്മദപുരോഹിതൻ വാത്സല്യം നിറഞ്ഞ ശാന്തസ്വരത്തിൽ അവളുടെ ശിരസ്സിൽ സ്പർശിച്ചു ഇങ്ങനെ ചോദിച്ചു:—

മ. പു:—"മകളേ! രാത്രിയായി വീട്ടിൽ പോകാതെ നീ ഇവിടെ എന്തിനു നില്ക്കുന്നു?"

യുവ:—"മുത്തച്ഛാ! ഞാൻ ഇന്നു് ഈ പട്ടണത്തിൽ വന്നവളാണു. എനിക്കു വീട്ടും കുടിയുമൊന്നുമില്ല. ഇവിടെ ബന്ധുക്കളുമാരുമില്ല. പിന്നെ എവിടെയാണു പോകേണ്ടതു്?"

മ. പു:—"അല്ല, അങ്ങിനെയാണോ? മകളുടെ പേരെന്തു്?"

യുവ:—"നദീരയെന്നാണു്."

മ. പു:—"മകൾ ധാരാളം കരഞ്ഞതുപോലെ തോന്നുന്നല്ലോ. വളരെ ക്ഷീണിച്ചുമിരിക്കുന്നു. അതിന്റെ കാരണമെന്താണു്? അള്ളാ കുഞ്ഞിനെ രക്ഷിക്കും."

യുവതി നടന്ന സംഭവങ്ങളെല്ലാം ആ വൃദ്ധനോടു പറഞ്ഞതിന്റെ ശേഷം പൊട്ടിക്കരഞ്ഞു. വയസ്സൻ, അലിവേറി അവളെ ആശ്ലേഷംചെയ്താശ്വസിപ്പിച്ചു. അല്പം ചിന്തിച്ചിട്ടു് "നീ അനാഥയായി ഉഴലേണ്ട. എന്തു്! ഈ രാത്രിയിൽ നീ ഇവിടെയെല്ലാം അലയുകയോ! ഒരിക്കലും വേണ്ട. എന്റെ കൂടെവരിക." വൃദ്ധൻ കാശ്യപനായ കണ്വൻ ശകുന്തളയോടു പറഞ്ഞതുപോലെ,

'തൽപാദങ്ങളലക്ഷിതോന്നതനത-
ക്ഷോണീവിഭാഗങ്ങളാ-
മിപ്പന്ഥാക്കളിലങ്ങുമിങ്ങുമിടറിപ്പോകാതെ
സൂക്ഷിക്കണേ"

എന്നെല്ലാം അതിരററ വാത്സല്യത്തോടെ ഉപദേശിച്ചുകൊണ്ടു് അവളെയും പിടിച്ചുനടന്നു. നദീര ആശ്വാസസൂചകമായി ഒരു നെടുവീർപ്പിട്ടു് വൃദ്ധനുമൊത്തു ഗമിച്ചു.

---

## അദ്ധ്യായം ൪.

---

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്ന അന്നു വെളുപ്പിനു് ഉമ്മർ എണീററു് പതിവുപോലെ തന്റെ സസ്യത്തോട്ടത്തിൽപോയി. ആദ്യമായി അയാൾ തോട്ടത്തിന്റെ ഒരു കോണു് നല്ലവണ്ണം ഇളക്കിക്കിളച്ചു് ത

ടമുണ്ടാക്കി കുറേ വെണ്ണീറയരി കുഴിച്ചിട്ടു. പിന്നിട്ട് വാഴതന്ന
മുതലായ ചെടികളുടെ ആലവാലം വളമിട്ടു ചിക്കിയുണക്കി.
അന്നു ജലമൊഴിക്കേണ്ടസസ്യങ്ങൾക്കെല്ലാം തടംമുങ്ങെ വെ
ള്ളവും ഒഴിച്ചു. അനന്തരം പാകമായ കായ്കനികൾ
കൊട്ടാരത്തിൽ കൊടുത്തയയ്ക്കാൻ ഭദ്രമായി അറുത്തെടുത്തു്
ഒരു കുട്ടയിൽ നിറച്ചു് ഭീമകായനായ ഉമ്മർ ഉള്ളംകയ്യി
ൻെറയും ആ വശത്തെ തോളിൻെറയും സാഹായ്യത്തോടു
കൂടി അതു വഹിച്ചും മറ്റെകൈ തൂക്കിയിട്ട് ഒരു മമ്മട്ടിയേ
ന്തിയും വീട്ടിലേക്കു തിരിച്ചു. ഉമ്മർ ഗൃഹത്തിൽ പ്രവേശി
ച്ചപ്പോഴേക്കും മാന്തളിരൊളി, കടൽവർണ്ണം കാഞ്ചനപ്രഭ, കു
ങ്കുമകാന്തി, ഇവയെല്ലാം തനിച്ചും കലർന്നും ഉള്ള മേഘപാ
ളികൾ കിഴക്കേമണ്ഡലപരിസരങ്ങളിൽ വ്യാപിച്ചുതുടങ്ങി.
ആ കർഷകൻ കൈകഴുകി വൃത്തിയുള്ള ഒരു പാത്രത്തിൽ
ഫലങ്ങളെല്ലാം അടുക്കി പരക്കിവച്ചു. അതു തീർന്നപ്പോ
ഴേക്കും ജനാലയിലൂടെ സൂര്യഭഗവാൻെറ കരങ്ങൾ തൻെറ
മുറിക്കുള്ളിൽ കനകപ്പൊടി വാരിവിതറുന്നതു് ഉമ്മർ കണ്ടു.
അയാൾ ശയ്യാഗൃഹത്തിൽ ഒച്ചയുണ്ടാക്കാതെ കയറിച്ചെ
ന്നു് സപത്നി ഉണർന്നുവൊ എന്നു നോക്കി. സോഫിയ
അപ്പൊഴും പ്രബുദ്ധയായിട്ടില്ല. ഒരുമാതിരിയെല്ലാം അ
ലംകരിച്ച ചപ്രമഞ്ചത്തിൽ ഉമ്മറിൻെറ കടിഞ്ഞാൺപിടി
ക്കുന്ന ഭാര്യ "വിവൃതാസ്യപുടാ വിവൃദ്ധഗാത്രാ" എന്ന മ
ട്ടിൽ കിടന്നുകൊണ്ടു് വർഷകാലങ്ങളിൽ മണ്ഡൂകമുണ്ടാക്കാ
റുള്ളതുപോലെ ചില ശബ്ദങ്ങൾ ആ അസുരനാസികാ
ദ്വാരം വഴിയായി പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഭാര്യയുടെ
കിടപ്പുകണ്ടു് ഉമ്മറുടെ അധരോഷ്ഠങ്ങളൊത്തുചേർന്നു് ചന്ദ്ര
ക്കലപോലെ ഒന്നു വളഞ്ഞു. അവളുടെ സുഖനിദ്രയ്ക്കു ഭം
ഗംവരുത്തേണ്ടയെന്നോമനിച്ചും അഥവാ ഉണർത്തിയാൽ
അവൾ കലശലുകൂട്ടുമെന്നു ഭയപ്പെട്ടും, ഉമ്മർ "ക്കിടാവു്"
സോഫിയയേ വിളിക്കാതെ കാലുകൾ പൊങ്ങിച്ചുപൊങ്ങി
ച്ചുവച്ചു് മുറികടന്നു നിവർന്നുനടന്നു. ആ ഭക്തൻ കൈകൾ

രണ്ടും മാറോടുചേർത്തു ബന്ധിച്ചും നയനങ്ങൾ കുറച്ചൊന്നടച്ച് ഈശ്വരനാമം പതുക്കെ ഉച്ചരിച്ചും ഇടയ്ക്കിടെ, ഉദിച്ചുയരുന്ന സൂര്യബിംബത്തെ നോക്കിയും കുറേനേരം പുറത്തളത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അനന്തരം വീണ്ടും ശയനമുറിയിൽ പ്രവേശിച്ചു. സോഫിയായുടെ കിടപ്പിനു പാർശ്വഭേദം സംഭവിച്ചിട്ടുണ്ടെന്നല്ലാതെ വേറേ ഒരു വിശേഷവുമില്ല. ഉമ്മർ കട്ടിലിന്റെ തലയ്ക്കൽ ചെന്നുനിന്ന് അതിനിദ്രാശീലയായ സോഫിയായുടെ നഗ്നമായ തോളിൽ പതുക്കെ കൈത്തലംചേർത്ത് സംവാഹനക്രിയചെയ്ത് മെല്ലെ അവിടവിടെയായി ചൊറിഞ്ഞു. അവൾ കയ്യെടുത്തു വീശി നെഞ്ഞുംതള്ളിച്ച് കോട്ടുവായിരിക്കൊണ്ടു വളഞ്ഞു കട്ടിൽ തകർന്നെന്നു തോന്നുമാറു ചാടിയെണീറ്റുനിന്ന്, കണ്ണുകൾ തിരുമ്മി വിടർത്തി തന്റെ പ്രഭാതസുഖനിദ്രയ്ക്കു ഭംഗം വരുത്തിയ ആളിനെ ഒന്നു ചെരിഞ്ഞുനോക്കി. കാലമൊട്ടും കളയാതെ ധ്യാൻചെയ്ത തെററിനു സമാധാനമായി ഉമ്മർ മധുരസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു.

ഉമ്മർ:—"സോഫിയ! നേരംവെളുത്തു പുലർന്നു. പ്രാർത്ഥനയ്ക്കു സമയമായി. ഇതെന്തൊരു വെളിവില്ലാത്ത ഉറക്കമാണ്."

അനിഷ്ടാനുഭവമുണ്ടായ സോഫിയയുടെ അംഗങ്ങൾക്കാകെ പെട്ടെന്ന് വിവിധാകൃതിയിൽ ചേഷ്ടകളുണ്ടായി അവൾ കൈരണ്ടും ഉമ്മറുടെ നേർക്കുയർത്തി ആകാശത്തെ കുഴച്ചുമറിച്ചുകൊണ്ടും മുഖംകൊണ്ടു വികൃതമായ ചില ഗോഷ്ടികൾ കാട്ടിയും ഇങ്ങിനെ ആരംഭിച്ചു.

സോഫി:—"ശന്നെ! ഇതെന്തൊരുക്രൂത്ത്. നേരേചൊവ്വേ ഒന്നുറങ്ങാനും സമ്മതിക്കുല്ലേ—ഘും—പുലർന്നു! പ്രാർത്ഥിക്കുവാൻ മുട്ടി—ഓഹോ—ഞാൻ പ്രാർത്ഥിക്കാത്ത കുററമാണ്. ഒരാൾ പ്രാർത്ഥിച്ചുപ്രാർത്ഥിച്ച് കൈ

യായി. നാലുപേരുടെ മുൻപിൽ പോകാൻ നല്ല ഒരുടുതുണിപോലുമില്ല.—”

സ്വഭാൎയ്യ തന്നോടു കയൎത്തു ക്ഷമിക്കുവാൻ ഉമ്മൎക്കു ശക്തിയുണ്ടായിരുന്നെങ്കിലും അവൾ ദൈവത്തെ നിന്ദിച്ചതു സഹിക്കാൻ ആ പരമഭക്തന്നു പ്രാപ്തിവന്നില്ല.

ഉമ്മർ:—“ഛേ!—ഛെ!—അരുതു്—ദൈവത്തെ പഴിക്കരുതു്”

സോഫി:—“ഛൂ!—ഛൂ!—പിന്നെ ഞാനിന്നു കൊട്ടാരത്തിലെങ്ങിനെ പോകും. ഇതാ ഇതു തോളിലിട്ടിട്ടു് നാളെത്രയായി. അവിടെയുള്ള പെണ്ണുങ്ങളുടെ കൂട്ടത്തിൽ പോകുന്നതിന്നു എനിക്കു നാണമാകുന്നു. എന്തെല്ലാമാഭരണങ്ങളാണു്, മുണ്ടുകളാണു് അവൎക്കുള്ളതു്. കെട്ടിലമ്മച്ചിമാർ ഉടുത്തൊരുങ്ങുന്നതു് കാണുമ്പോൾ ഇറംക്കു വലിയ കൊതിയുണ്ടു്. ഇവിടെ നാരകത്തിന്റെ മൂടുചൊറിഞ്ഞു് കിട്ടുന്ന നാലുകാശുകൊണ്ടു് എല്ലാം നടന്നു”.

ഉമ്മർ മുക്കാലേഅരയ്ക്കാൽഭാഗം അദ്ഭുതവും ശേഷം ഹാസ്യവുംകൊണ്ടു പുഷ്ടിപ്പെട്ട സ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—

ഉമ്മർ:—“എന്റെ പൊന്നുങ്കുടത്തമ്മിണി! ചക്രവൎത്തിയുടെ കൊട്ടാരത്തിലുള്ളവരെപ്പോലെ നിന്നെ പൊറുപ്പിക്കാൻ ഉമ്മറെക്കൊണ്ടാവില്ല. നീ വല്ല കിനാവുംകണ്ടുകൊണ്ടു പറകയാണോ? അല്ലേ! നമ്മളാരാണു്?”

സോഫി:—“അതറിഞ്ഞില്ലയോ—നമ്മൾ മനുഷ്യരാണു്. ഞാൻ പൊന്നുംകുടത്തമ്മിണിയുംമററുമല്ല—പിന്നെ ഒരുകാൎയ്യമുണ്ടു്. ഞാൻ കൊട്ടാരത്തിൽ പോകയാണു്. അല്ലാതെ ഇക്കണക്കിന്നു് എന്റെ ആവശ്യങ്ങളൊന്നും നടക്കയില്ല.”

പ്രഭാതത്തിലെ പ്രണയകലഹത്തിൽ തൂഷ്ണീംഭാവം കൊണ്ടു എതിരാളിയേ പരാജിതനാക്കി സോഫിയ തിരിഞ്ഞുനിന്നു് കൈ രണ്ടുമുയർത്തി വിരൽതമ്മിൽ കോൎത്തു തിരുമ്മി മുൻപിലുണ്ടായിരുന്ന കൽത്തൂണു വിഴുങ്ങാൻ ഭാവിക്കുന്നതുപോലെ വലിയ ഒരു കോട്ടുവായിട്ടു. അവൾ മുറിവിട്ടു നടന്നപ്പോൾ ഉമ്മർ അവിടെത്തന്നെ നിന്നുകൊണ്ടു് ഇങ്ങിനെ ചോദിച്ചു.

ഉമ്മർ:—"കൊട്ടാരത്തിൽ ഇത്ര നേരത്തേപോയാൽ ഒരു തുടം വെള്ളമനത്തിത്തരുന്നതാരാണു്?"

ഇതിനുത്തരമൊന്നും പറയാതെ ആ സ്ത്രീ തിണ്ണയുടെ അരികിൽ ചെന്നുനിന്നു് മഹിഷാസുരവധത്തിലെ ഭദ്രകാളിയുടെ ശിരസ്സിൽനിന്നും വിതിൎന്നുവീണ ഘനകേശത്തോടൊപ്പം അഴിഞ്ഞുപറക്കുന്ന തലമുടിക്കററ ഒതുക്കികെട്ടി; അനന്തരം അകത്തുവന്നു് ഒരു ഭാജനത്തിൽനിന്നും ജലാദാനംചെയ്തു് മുഖം കഴുകി സോഫിയ ദിനചൎയ്യകൾക്കൊരുമ്പെട്ടു. അധികം കഴിയും മുൻപെ അവൾ കൊട്ടാരത്തിലേക്കു പോകയും ചെയ്തു.

ഉമ്മർ അരോഗദൃഢഗാത്രനും സത്യസ്വഭാവിയുമായിരുന്നു. നിഷ്കളങ്കനായ ഒരു ഈശ്വരഭക്തനായിരിക്കയാൽ ഉമ്മക്കു അതിരുകവിഞ്ഞ ആശകൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. തന്നേ ഈശ്വരൻകാത്തുകൊള്ളുമെന്നു് ഒരു ബാലനെപ്പോലെ ഉമ്മർ ബലമായി വിശ്വസിച്ചുപോന്നു. തന്റെ തോട്ടത്തിലെ ചെടികളുടെവൃത്താന്തവും അന്നന്നത്തേ ദിനകൃത്യങ്ങൾനടത്തേണ്ട ആലോചനയും സ്വസ്നേഹപാത്രമായ സോഫിയയേ സന്തോഷിപ്പിക്കാനുള്ള ആഗ്രഹവുമല്ലാതെ കൊട്ടാരത്തിലേസംഭവങ്ങളോ രാജ്യകാൎയ്യവിഷമതകളോ ഇഹലോകസുഖാനുഭവത്തിൽഅതിരററ ആഗ്രഹമോ ഒന്നുംതന്നെ ഉമ്മറിന്റെ തടിച്ചുരുണ്ട തലയിൽ കടന്നു് കുഴപ്പങ്ങൾ ഉ

ണ്ടാക്കിയില്ല. സോഫിയയുടെ കഥ പറയുകയാണെങ്കിൽ ഇത്തരത്തിലൊന്നുമല്ല. അവളുടെ അകം അത്യാഗ്രഹത്തിന്റെ കൂടായിരുന്നു. ധാരാളം പണവും പ്രതാപവുമില്ലാത്തതു സോഫിയയ്ക്കു ദുഃസഹമായി. കൊട്ടാരത്തിലെ സ്ത്രീപുരുഷന്മാരായിരുന്നു അവളുടെ ആദർശജനങ്ങൾ. ഉമ്മറുടെ ഒതുങ്ങിയ ജീവിതവും കുറഞ്ഞമട്ടും അവൾ കുറേശ്ശ വെറുത്തുപോകാതെ തരമില്ലെന്നായി. അവൾ മിക്കവാറും കൊട്ടാരത്തിൽതന്നെയായിരുന്നു ദിവസവും രാത്രി ഒട്ടുമുക്കാലും കഴിച്ചുകൂട്ടിയതു്. വലിയ പണക്കാരിയായിത്തീരുവാനുള്ളമാർഗ്ഗം എന്തെന്നായിരുന്നു അവളുടെ ആലോചന. ഇക്കാര്യം ഉമ്മറിനെക്കൊണ്ടു അത്ര എളുപ്പം സാധിക്കുന്നതുമസാദ്ധ്യംതന്നെ. രാജകുമാരികൾക്കു ചക്രവത്തിയുടെ പട്ടമഹിഷിയായാൽ കൊള്ളാമെന്നാഗ്രഹമുണ്ടായിരിക്കും. പ്രഭുകുടുംബത്തിലുള്ള സ്ത്രീജനങ്ങൾ വേണമെങ്കിൽ ഒരു അമ്മച്ചിയുടെ അല്ലെങ്കിൽ കെട്ടിലമ്മയുടെ സ്ഥാനം കിട്ടിയാൽ തൃപ്തിപ്പെട്ടുകൊള്ളും; ഇങ്ങിനെയാണല്ലോ ലോകസ്ഥിതി. ഇക്കണക്കുവന്നപ്പോൾ സോഫിയ "ഉന്നതിക്കായിക്കൊണ്ടു പ്രയത്നംചെയ്തീടണം വന്നതുവന്നു പിന്നെ ദൈവവും തുണച്ചീടും' എന്ന ആപ്തവചനമനുസരിച്ചായിരിക്കാം ശ്രമം തുടങ്ങിയതു്. അവൾക്കു രാജതിരുവുള്ളമുള്ളൊരു സ്ത്രീയായാൽ പോരുമെന്നായിരുന്നു അലംഭാവം. അക്ബർമഹാരാജാവിനു് വാർദ്ധക്യമായി. താൻ അംബകുമാരിയെ സേവിക്കയുമാണു്. ഈ സൌകര്യത്തിൽ വളരെനാൾ കഴിയുംമുൻപു് ചക്രവത്തിയായിത്തീരുന്ന സ്പൃഹണീയനായ സലിമിനെ സേവപിടിക്കുന്നതാണു് ബുദ്ധിപൂർവ്വമായ മാർഗ്ഗമെന്നു് സോഫിയ തീർച്ചപ്പെടുത്തി. അവൾ ആവഴിയെ നടന്നുതുടങ്ങിയിരുന്നു. സ്ഥിതിഗതികളിപ്രകാരമെല്ലാമാകുമ്പോൾ ഉമ്മറും സോഫിയയും ഉത്തരധ്രുവത്തിലും ദക്ഷിണധ്രുവത്തിലുമാണു് നില്ക്കുന്നതെന്നു് പറയാതെതന്നെ ഊഹിക്കാമല്ലോ.

തന്റെ ഉദരവൃത്താന്തമന്വേഷിക്കാതെ കൊട്ടാരക്കാൎയ്യങ്ങളിൽ വ്യാപൃതയായിപ്പോയ ഭാൎയ്യയുടെ കഠിനതനിനയ്ക്കുവാൻപോലും ഉമ്മറുടെ ബുദ്ധി സ്ഫുരിച്ചില്ല. വയററിൽകാററുകയറിത്തുടങ്ങിയപ്പോൾ ഉമ്മർ തന്നെത്താൻ അടുക്കളയിൽ കയറി കുറെ കഞ്ഞിയുണ്ടാക്കി. തോട്ടത്തിൽപോയി എന്തോ ചില ഇലയുംതണ്ടുമെല്ലാംകൊണ്ടുവന്നു് നുറുക്കിയിട്ട ഒരു കറിയുംചമച്ചു അതിൽ ഒരുപങ്കു് താൻ കഴിച്ചിട്ടു് ഒരുപംകു് പ്രേമഭാജനത്തിനു് പകൎന്നുവച്ചു. അന്നത്തെ നളപാചകത്തിന്റെ സ്വാദോൎത്തു് ഭാൎയ്യയെ ഒന്നു തരംതാഴ്ത്തി മേന്മ നടിക്കാമെന്ന ഉത്സാഹവും ഉമ്മറുടെ അകത്തൊരു കോണിൽ പതുങ്ങിയിരുന്നു് പുഞ്ചിരിക്കൊണ്ടു. പക്ഷേ രാരാജ്യകാൎയ്യാലോചനയിൽ വിഷമിച്ചു കൊട്ടാരത്തിൽ പറന്നു നടന്ന സോഫിയ വൈകുംവരെയും എത്തിയില്ല.

വൈകുന്നേരം ദേവാലയത്തിൽനിന്നു പുറപ്പെട്ട നെട്ടുവിളി കേട്ടയുടൻതന്നെ ഉമ്മർ ദേഹശുദ്ധിവരുത്തി പ്രാൎത്ഥനാമുറിയിൽചെന്നു് ഉല്പട്ടാ താഴെ മടക്കി വിരിച്ചു് അവിടെ അഞ്ചുപ്രാവശ്യം ഈശ്വരനെ നമസ്കരിച്ചു. അതിന്റെ ശേഷം അയാൾ വിളക്കുകളെല്ലാം കൊളുത്തിവച്ചിട്ടു് മുററത്തിറങ്ങി അങ്ങുമിങ്ങും ചുററിനടന്നു. നേരം കുറെ ഇരുട്ടിയിട്ടും സോഫിയ വരായ്കയാൽ ഉമ്മർ അക്ഷമനായി. അയാൾ പടിപ്പുരയിൽചെന്നു് അവളുടെ വരവും കാത്തിരിപ്പായി. സ്വപത്നി അകാരണമായി തന്നോടു മുഷിയുകയാലും കലഹിക്കയാലും ഉമ്മർ വ്യസനിച്ചു. തന്റെ സുഖത്തെ അശേഷം ഗണിക്കാതെ അവൾ തോന്നിയപോലെ നടക്കുന്നല്ലോ എന്നോൎത്തു് ആ സാധുമനുഷ്യൻ സ്വന്തം തലയിലെഴുത്തിനെ പഴിച്ചു.

ഉമ്മർ ഇങ്ങിനെ ചിന്താമഗ്നനായിരിക്കവേ, ആരോ ഒരാൾ മുഖത്തിനു വിളക്കുംപിടിച്ചുകൊണ്ടു വിളിക്കുന്നതുകേട്ടു് അയാൾ പെട്ടെന്നു് ചാടി എഴുന്നേററു. അപ്പോൾ തന്നി

ക്കു് ഈശ്വരമാഹാത്മ്യം ഉപദേശിച്ചുതരാറുള്ള വൃദ്ധനായ ആ മഹമ്മദപുരോഹിതനെയാണു് ഉമ്മർ മുൻപിൽകണ്ടതു്. അയാൾ വിനയപൂർവ്വം ആഗതനെ വന്ദിച്ചു. വൃദ്ധന്റെ പാർശ്വം പറ്റി ഒരു സ്ത്രീയാണു് നിൽക്കുന്നതെന്നു് ചരിഞ്ഞുനോക്കി മനസ്സിലാക്കി ഉൽക്കണ്ഠയോടുകൂടി "എന്താണു് സോഫിയ ഇത്ര താമസിച്ചതു്?" എന്നു് ഉമ്മർ ചോദിച്ചു. അതിനു മറുപടിയായി "ഇതു് നിന്റെ കെട്ടിയവളല്ല—വരൂ" എന്നു് വൃദ്ധൻ ശാന്തസ്വരത്തിൽ പറഞ്ഞു് വിളിച്ചു് നദീറയുമൊത്തു് വീട്ടിനുള്ളിൽ കയറിപ്പോയി. ഉമ്മർ ആദരവോടു് അതിഥികളെ പിൻതുടർന്നു. വൃദ്ധൻ തളത്തിന്റെയൊരു കോണിലിട്ടിരുന്ന പായിൽ നദീറയോടിരിക്കുവാൻ പറഞ്ഞിട്ടു് അവിടെ ഉണ്ടായിരുന്ന കട്ടിലിൽ ചെന്നിരുന്നു. വിളക്കു തറയിൽവച്ചു ആ കട്ടിലിൽത്തന്നെ ഇരിക്കുവാൻ ഉമ്മറിനും അദ്ദേഹം അനുവാദംകൊടുത്തു. ഉമ്മറും ആസനസ്ഥനായി.

മ. പുരോ:—"ഉമ്മറേ, വീട്ടുജോലിക്കു ഒരു സ്ത്രീയെ കിട്ടിയാൽ കൊള്ളാമെന്നു് നീ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നല്ലോ.—"

ഉമ്മർ:—"ഉണ്ടായിരുന്നു. വേണ്ടിയിട്ടു തന്നെ പറഞ്ഞു. ഇയ്യിടെയായി സോഫിയ വലിയ അമാന്തം കാട്ടുന്നു. —അമാന്തമല്ല—അവൾക്കു കൊട്ടാരത്തിലെന്തൊക്കെയോ പണിയുണ്ടു്—"

മ. പുരോ.—(ഹ്രീനമ്രമുഖിയായിരുന്ന നദീറയെ ചൂണ്ടിപ്പറഞ്ഞു.) "ഇതാ ആ പെൺകുഞ്ഞിനെ ഞാൻ അതിനായി കൊണ്ടുവന്നിരിക്കയാണു്. അവളുടെ പേർ നദീറയെന്നു്. (തിരിഞ്ഞു്) നദീറേ!—മകളേ! ഇങ്ങുവരൂ."

നദീറ പതുക്കെയെഴുന്നേറ്റു് വൃദ്ധന്റെ മുൻപിലെത്തി

അവളുടെ ഭുജശാഖാഗ്രംഗ്രഹിച്ച് വൃദ്ധൻ ഉമ്മറോടു പറഞ്ഞു.

"ഇവളെ സ്വന്തംമകളെപ്പോലെ കരുതണം. ദൈവത്തേവിചാരിച്ച് അവളോടു ദയയുണ്ടായിരിക്കണം. (നദീരയോടായി) മകളെ! ഉമ്മർ ഈശ്വരവിശ്വാസമുള്ളവനും സത്സ്വഭാവിയുമാണ്. നിനക്കു ഈ വീട്ടിൽ ഒന്നും പേടിക്കേണ്ടതായില്ല."

ഉമ്മർ:—"നദീരയ്ക്കു ഇവിടെ ഒരുപദ്രവവുംഉണ്ടാകയില്ല. മൂന്നുനേരം അല്പം ആഹാരം പാകംചെയ്യുന്നതേ ജോലിയുമുള്ളു. അല്ലാതെ വല്ലതുമുണ്ടെങ്കിൽ അതു് കൊട്ടാരത്തിൽ മലക്കറിസാമാനങ്ങൾ ഏല്പിക്കുന്ന ഒരു ജോലിമാത്രമാണ്."

മ. പുരോ: "അതുസാരമില്ല—ഉമ്മറേ! മകളേ! ഞാൻപോസ്സരട്ടെ."

ആ രണ്ടുപേരേയും അനുഗ്രഹിച്ചശേഷം വിസ്പഷ്ടവർണ്ണമായി ഈശ്വരസ്തോത്രങ്ങളും ഉച്ചരിച്ചുകൊണ്ടു കുറെദൂരം മാത്രം ഉമ്മറിനാൽ അനുഗതനായി വൃദ്ധപുരോഹിതൻ വെളിയിലിറങ്ങിപ്പോയി. ഒരു വിളക്കു കൈവശമുണ്ടായിരിക്കയാൽ ആ ദൈവാരാധകൻ അന്ധകാരത്തിൽ മറയുവാനിടയായില്ല.

കൊട്ടാരത്തിൽ പറന്നുസഞ്ചരിച്ച സോഫിയയെന്നപഞ്ചവർണ്ണക്കിളി അല്പംകഴിഞ്ഞപ്പോൾ മടങ്ങിയെത്തി. വീട്ടിനുള്ളിൽ അന്യയായ ഒരു സ്ത്രീയെ കാണുകയാൽ അവൾ ഉമ്മറിനെ വല്ലാതെ തുറിച്ചുനോക്കിക്കൊണ്ടു അയാളുടെ സമീപത്തുചെന്നു. ആ സ്ഥിതി, കലഹപ്രിയയായ ഭാര്യയെ സംബന്ധിച്ചിടത്തോളം വളരെ ദുർഘടമായിട്ടുള്ളതാണെന്നു ബോധമുണ്ടായിരിക്കയാൽ ഉമ്മർ സോഫിയയ്ക്കഭിമുഖമായിച്ചേർന്നുനിന്ന് കാലേക്കൂട്ടി ഇങ്ങിനെ മന്ത്രിച്ചു.

ഉമ്മർ:—"അവളെ നമ്മുടെ പുരോഹിതൻ ഇവിടെ കൊണ്ടുവന്നാക്കി. നിനക്ക് ഒരു സഹായവുമായി—അവളുടെ പേർ നദീരയെന്നാണ്."

നദീരയെന്ന മനോഹരനാമം അധരാന്തരാളത്തിൽ മുരണ്ടുകൊണ്ട് സോഫിയ, തന്നെ സൂക്ഷ്മപരിശോധനംചെയ്തുനിന്ന യുവതിയുടെ അരികിൽചെന്നു സൂക്ഷിച്ചുനോക്കി. അവളുടെ മുഖംകണ്ടപ്പോൾ സോഫിയയുടെ മനസ്സിനു എന്തോ ഒരു ഇടിവുതട്ടിയതുപോലെ തോന്നി. ഹൃദ്യങ്ങളായ വിശിഷ്ടഭോജനങ്ങളും സൌകമാര്യപ്രദങ്ങളായ വിവിധസാധനങ്ങളും യഥേഷ്ടമുപയോഗിച്ച് സുഖാനുഭവത്തിൽ മുഴുകുന്ന അന്തഃപുരനാരികളിലും അഞ്ജനമിട്ടു നോക്കിയാൽപോലും കാൺമാൻ കഴിയാത്ത ദിവ്യമായ ഒരു സൌന്ദര്യധോരണി, വ്യാകുലതകൊണ്ടു മങ്ങിയിരുന്നെങ്കിലും പ്രസ്ഫുഷ്ടമായി നദീരയുടെ വദനത്തിൽ തിങ്ങിക്കാണവേ, അനിർവാച്യമായ ഒരു ദുഃസഹതാപം ബാധിച്ച സോഫിയയുടെ മനഃശരീരങ്ങൾ ഞെരുങ്ങിച്ചുളുങ്ങി. സ്ത്രീസഹജമായ അസൂയാസർപ്പം ഉടൻതന്നെ അതിൻെറ ഫണമുയർത്തി. "ഇവളെ ഇവിടെ വളർത്തുന്നതു ഒരു മൂഢതയാണു" എന്നു സ്വയം മന്ത്രിച്ച് സോഫിയ ഭർത്താവിൻെറ അടുക്കലെത്തി "ഒരഹംഭാവിയാണ് പെണ്ണ്" എന്നുപറഞ്ഞു. അവൾക്കു നദീര നിരുപയോഗയല്ലെന്നു പൂർണ്ണമായി ബോധ്യപ്പെടുത്തുവാൻ ഉമ്മറാരംഭിച്ചു.

"ഇവിടെയുള്ള വേലയെല്ലാമെടുത്ത് നീ വളരെ ബുദ്ധിമുട്ടുന്നു. നദീര വന്നതുകൊണ്ടു കൊട്ടാരത്തിൽ പോകുന്നതിനു് നിനക്കു ഇടയും കിട്ടും. ഒരു വേലക്കാരിയുള്ളതു് നിനക്ക് വളരെ സഹായമല്ലേ?"

"അതെല്ലാമുള്ളതുതന്നെ—പക്ഷെ—" എന്നു അർദ്ധോക്തിയിൽ വിരമിച്ച് വ്യങ്ഗ്യകാവ്യം ചമയ്ക്കുന്നതിൽ അതിവിദഗ്ദ്ധകളായ ചില വനിതാരത്നങ്ങൾക്കുമാത്രം പ്രക-

ടിപ്പിക്കുവാൻ കഴിയുന്ന ഒരഭിനയത്തോടെ സോഫിയ ഉമ്മറിനെ കണ്ണുകൾ ചെറുക്കി കടാക്ഷിച്ചു് ചെറുതായൊന്നു പുഞ്ചിരിക്കൊണ്ടു. പരമശുദ്ധാനായ ഉമ്മർക്കു ആ പ്രണയനടനം അവിടെ ഉണ്ടായി എന്നുകൂടി തോന്നിയില്ല.

യൌവനയുക്തയും സുന്ദരിയും ആയ നദീറയെ കൂടെ താമസിപ്പിക്കുന്നതിൽ അല്പം ഭയം സോഫിയയ്ക്കുണ്ടായി. എന്നാൽ ഉമ്മറിന്റെ സ്വഭാവഗുണം അവൾ ശരിയായി ഗ്രഹിച്ചിരിക്കയാൽ അത്ര ഗൌരവാവഹമായിത്തീർന്നില്ല. അവളെ തനിയെ ഗൃഹജോലിയിൽ നിയമിച്ചിട്ടുപോകുന്നതു വിഷമമാണെന്നനുമാനിച്ചെങ്കിലും വീടുവിട്ടു കൊട്ടാരത്തിൽ വിഹരിച്ചു് തന്റെ ഉദ്ദിഷ്ടകാര്യങ്ങൾക്കായി പരിശ്രമിക്കുവാൻ വേലക്കാരിയുടെ ആവിർഭാവം വളരെ സൌകര്യപ്രദമായും സോഫിയ കരുതി. തനിക്കും സ്വന്തമായി ഒരു ഭൃത്യ ഉണ്ടെന്നുവന്നപ്പോൾ സോഫിയയ്ക്കു അതൊരഭ്യുദയമായിത്തന്നെ തീർന്നു. സംഗതികളുസകലം നാലുപാടും നോക്കി പര്യാലോചിച്ചപ്പോൾ ഉമ്മറിനെ സംബന്ധിച്ചുള്ള ഭയവും സംശയവും സ്നേഹവും എല്ലാം ഈ ഘട്ടത്തിൽ ദീർഘദർശിനിയായ സോഫിയയ്ക്കു ഒരു കടുകിൻമണിയോളം മാത്രമായി കാണപ്പെട്ടു. എങ്കിലും താൻ ഉമ്മറെന്ന അശ്വത്തെ നിയന്ത്രിക്കുന്ന അശ്വപരിചയം സിദ്ധിച്ച ഒരു സവാരിക്കാരിയാണെന്നു് മുൻകൂട്ടിത്തന്നെ നദീറയെ മനസ്സിലാക്കിക്കേണമെന്നുദ്ദേശിച്ചു് സോഫിയ അന്നു രാത്രി നദീറ അറിയത്തക്കവണ്ണം ഉമ്മറിനെ സ്ത്രൈണതന്ത്രത്തോടുകൂടി ശാസിക്കയും ചാടിക്കയും മറ്റും ചെയ്തു. ഇതെല്ലാം നല്ലവണ്ണം പരിശോധിച്ചുകൊണ്ടിരുന്ന മുഗ്ദ്ധമാനസയായ നദീറ മന്ദമായി ഹസിച്ചു. നാഴിക ഓരോന്നും പോയതോടുകൂടെ സച്ചിദാനന്ദാനുഭൂതികളുദാഹരണമായ സുഷുപ്തിയത്തി ജ്ഞാതാവെയും ജ്ഞാനത്തെയും ജ്ഞേയത്തെയുമെല്ലാം മായ്ച്ചുകളഞ്ഞു. കുറെനേരത്തേക്കു് മാതൃമരണവ്യഥ മു

തലായ പല വികാരങ്ങളാൽ തരംഗിതമായിത്തീൎന്ന നദീറയുടെ അന്തഃകരണവും അതിനുള്ളിൽ മറഞ്ഞു വൃത്തിശൂന്യമായി. അന്നത്തെ ഇരുളിൽ അവളുടെ ഹൃദയം വിശ്രമിച്ചു.

---

## അദ്ധ്യായം ൬.

---

### മൃത്യുമാല.

ചുടലക്കാട്ടിൽ അമ്മയുടെ ശരീരമടക്കിയസ്ഥലത്തു വ്യാകുലചിത്തയായി സാഷ്ടാംഗപ്രണാമം ചെയ്തുകിടന്ന നദീറയെ ഉമ്മർ അടുത്തദിവസം യദൃച്ഛയാ കണ്ടുമുട്ടി. ആ ദയാലു അവളെ എഴുന്നേല്പിച്ചു വീട്ടിലേക്കു കൊണ്ടുതിരിച്ചു. സങ്കടമൂലം വിങ്ങിവിങ്ങി കരയുന്ന നദീറയോടു സാന്ത്വനമായി ഉമ്മർ പലതും പറഞ്ഞു. മരിച്ചവർ ദൈവസന്നിധിയിൽ ആനന്ദിക്കയാണെന്നും, അവരെപ്പററി ക്ലേശിക്കുന്നതു് ഇഹലോകവാസംവെടിഞ്ഞ അവൎക്കു നന്നേ വേദന നല്കുമെന്നും അയാൾ അറിയിച്ചു. സൂക്ഷ്മമാലോചിക്കുന്നപക്ഷം മരിച്ചവരെച്ചൊല്ലി വിലപിക്കുന്ന പലരും അവൎക്കു സംഭവിക്കുന്ന ഇഹലോകസുഖസാഹായ്യാദികളുടെ നഷ്ടംമൂലം അപ്രകാരം ചെയ്യുകയാണെന്നും ഉമ്മർ അവളെ പഠിപ്പിച്ചു. ബുദ്ധിയുള്ളവർ നഷ്ടമായതിനേപ്പററി ചിന്തിച്ചു് മനസ്സുകലക്കി കാൎയ്യനാശംവരുത്താതെ മുൻപലത്തേപ്പോലെ ലോകാനുസരണം ശുഷ്കാന്തിയോടെ പ്രവൎത്തിക്കയാണു് വേണ്ടതെന്നു് അയാൾ അവളോടു തത്ത്വംപറഞ്ഞു. മരിച്ചുപോയവർ തിരിച്ചുവരികയില്ലെന്നുള്ള പ്രമാണംചൊല്ലി വൃഥാ ഉള്ളു പുണ്ണാക്കരുതെന്നും ഉമ്മർ നദീറയോടുപദേശിച്ചു. നദീറയുടെ ദാഹഹൃദയത്തിനു് ആ സാന്ത്വനവചനങ്ങൾ

ടങ്ങിയിരുന്ന തത്വങ്ങളെ നല്ലവണ്ണം സ്പർശിക്കാൻകഴിഞ്ഞി ല്ല. എങ്കിലും അവളുടെ അന്തഃകരണം സ്വല്പമാശ്വസിച്ചു. ഏറെത്താമസിയാതെ അവർ രണ്ടുപേരും വീട്ടിൽ ചെന്നു ചേരുകയും ചെയ്തു.

സായാഹ്നത്തിൽ ഉമ്മർ തന്റെ മുറിയുടെ വാതുക്കൽ വന്ന് തല വെളിക്കു നീട്ടി നദീരയെ വിളിച്ചു. "എന്താ—" എന്നു വിളികേട്ട് നദീര അവിടെ എത്തി. "നീ കുളികഴിഞ്ഞോ?" എന്ന് ഉമ്മർ ചോദിച്ചതിന് "കഴിഞ്ഞു" എന്ന് അവൾ ഉത്തരം പറഞ്ഞു "എന്നാൽ വരൂ" എന്നു വിളിച്ച് ഉമ്മർ തിരിഞ്ഞുനടന്നു. നദീര മുറിയിൽ പ്രവേശിച്ച സമയം അവിടെ വെള്ളത്തുണികൊണ്ടു മൂടി ഒരു കുട്ടയിൽ എന്തെല്ലാമോ വച്ചിരിക്കുന്നതു കണ്ടു. ഉമ്മർ അതിനടുത്തു ചെന്നുനിന്ന് കുട്ടയുടെ മുകളിൽ കൈവച്ച് അവളേ നോക്കിപ്പറഞ്ഞു.

ഉമ്മർ:—"ഈ കറിസ്സാമാനങ്ങൾ കൊട്ടാരത്തിൽ കൊണ്ടു കൊടുത്തു വരണം. പോകേണ്ട വഴിയേതെന്ന് നിനക്കറിയാമോ?"

നദീ:—"കൊട്ടാരം ഏതെന്ന് ഇന്നലെ മുത്തച്ഛൻ എനിക്കു കാണിച്ചുതന്നു. എന്നാൽ എവിടെക്കൊണ്ടുക്കൊടുക്കണമെന്നും മററും എനിക്കറിഞ്ഞുകൂടാ."

ഉമ്മർ:—"ഗോപുരത്തിലൂടെ നേരേ ഉള്ളിലോട്ടു പോയാൽ പണ്ഡിതമാളികയുടെ അടുത്തുള്ള വാതുക്കൽ ചെല്ലും. അവിടം കടന്ന് അകത്തുചെന്ന് കുറച്ചു വടക്കോട്ടു പോയാൽ എത്തുന്നതു് കലവറയുടെ മുൻവശത്തു തന്നെ."

നദീ:—"ഓഹോ! ഇനിയും തെററിയാലും ഞാൻ ആരോടെങ്കിലും ചോദിച്ചു പൊയ്ക്കൊള്ളാം."

ഉമ്മർ:—"വേണ്ടല്ലോ—അതിലേ ഇപ്പോഠം പലരും സാമാനങ്ങഠം കലവറയിലേഠംപ്പിക്കാൻ കൊണ്ടുപോകുന്നുണ്ടായിരിക്കും. നീയും അവരുടെ കൂടെ പോയാൽ മതി."

നദീ:—"ഓ—ഹോ—"

ഉമ്മർ—"കലവറയിലേഠംപ്പിച്ച് ഉമ്മറിൻെറ കണക്കിൽ കൊള്ളിക്കണം."

അങ്ങിനെതന്നെയെന്നു സമ്മതിച്ച് നദീര അവളുടെ അളകങ്ങഠം രണ്ടുകൈകൊണ്ടും ഒതുക്കി; മുഖം തുടച്ചു; സാരി തലയിൽക്കൂടി നേരേയിട്ടു; അനന്തരം ഫലമൂലാദികഠം അടുക്കിവച്ചിരുന്ന ആ പാത്രവും എടുത്ത് തോളിലേററിക്കൊണ്ട് മുറിവിട്ടു ആഹ്ളാദത്തോടെ നടന്നു. അവഠം പോയപോക്കിൽ ഉമ്മർ അൽപം സ്വരമുയർത്തി ഇങ്ങിനെ പറഞ്ഞു.

ഉമ്മർ:—"സോഫിയ കൊട്ടാരത്തിൽ കാണും. നീ അവളെ കാണുവാൻ പോകേണ്ട. എങ്ങും താമസിക്കയുമരുത്."

"ഇല്ലേ"എന്ന് വിനയപൂർവ്വം മറുപടിപറഞ്ഞിട്ട് നദീര നടന്നു. കുളിച്ചൊരുങ്ങി ശതഗുണീഭവിച്ച കോമളിമയോടുകൂടി പൊയ്ക്കൊണ്ടിരുന്ന ആ സാധുയുവതിയെ വീക്ഷിച്ചപ്പോഠം ഉമ്മറിന് അവളുടെ നേക്ക കൂടുതലായ ഒരനുകമ്പ തോന്നി. നിർമ്മലചിത്തനായ ഉമ്മർ എന്തോ ഭാവിസംഭവം കണ്ടതുപോലെ തന്നത്താനറിയാതെ "ഈശ്വരാ! ആ പാവപ്പെട്ട പെൺകുട്ടിയെ രക്ഷിക്കണേ" എന്നു പ്രാർത്ഥിച്ചുപോയി. ഉമ്മറിൻെറ പ്രാർത്ഥന എത്രകണ്ട് സഫലമായി എന്ന് നമുക്കു വഴിയേ അറിയാം.

ജിജ്ഞാസുവായ നദീര ചക്രവർത്തിയുടെ കൊട്ടാരം കാണാമല്ലോ എന്ന ഉത്സാഹത്തോടെ പാദങ്ങഠം തുരുതുരെ വെ

റുക്കിവച്ച് വേഗം നടന്നു. അവിടെ കാണാവുന്ന ആളുകളേയും വിശേഷക്കാഴ്ചകളേയും ആ പ്രതിഭാശാലിനി സങ്കല്പിച്ചു വീക്ഷിച്ചുതുടങ്ങി. അല്പസമയംകൊണ്ടു് രാജഹർമ്മ്യങ്ങളെ വലയംചെയ്യുന്ന പ്രാകാരത്തിൻെറ പ്രവേശദ്വാരം കഴിഞ്ഞു് നദീറ അകത്തുകടന്നു. അവളുടെ നീണ്ടുനീലിച്ച മിഴികൾ വിശ്രമിക്കാൻ ഒട്ടും ഇടയുണ്ടായില്ല. വിശേഷതരത്തിലുള്ള ഏണികളും ലതകൾ, രഞ്ജിച്ച വെള്ളത്തൂണുകളും, വിശാലരമണീയമായ മച്ചുകളും, ഉല്ലാസപ്രദമായ ചന്ദ്രശാലകളും, വിവിധവർണ്ണംകലർന്ന കിളിവാതിലുകളും മററുംകൊണ്ടു ചേതോഹരങ്ങളായ പല സൌധങ്ങൾകണ്ടു് നദീറ ആഹ്ളാദപരവശയായി. അവൾ, രാജനിലയങ്ങളെ വലയംചെയ്ത വിശാലമായ വെൺമണൽമുററം കുറുകെക്കടന്നു് അന്തഃപുരസീമയിലുള്ള മതിലോടുചേർന്നു നടന്നു. അകത്തു് പല വർണ്ണത്തിലും വിവിധാകൃതിയിലുമുള്ള ഇലകൾ തഴച്ച ചെടികളും ലതകളും വളർന്നു പടർന്നു നിന്നതു് മതിലിൻെറ ദ്വാരങ്ങളിൽക്കൂടി നോക്കിക്കണ്ടു് അവളാനന്ദിച്ചു. ആകപ്പാടെ അവിടത്തെ പ്രകാശവും കാഴ്ചകളുമെല്ലാം നദീറയുടെ സുകുമാരഹൃദയത്തെ കുളിർപ്പിച്ചു. അവൾ ഇങ്ങിനെ നടക്കവേ, കുറെ തെക്കുമാറി ഉയർന്ന വെൺമാളികയുടെ പ്രാന്തയിൽ ഒരു യുവാവു നിൽക്കുന്നതായി നദീറ കണ്ടു. ആ പുരുഷരൂപത്തെ അവൾ സൂക്ഷിച്ചു നോക്കി. അയാളുടെ പൂർണ്ണചന്ദ്രതുല്യമായ മുഖത്തു ശോണാധരത്തിനുചേർന്നു മുകളിൽ തെളിഞ്ഞ കറുത്ത കട്ടിമേൽമീശ അവൾ വിശദമായിക്കണ്ടു. ആ ആൾ തലയിലണിഞ്ഞിരുന്ന കിരീടത്തിലും മാറത്തും രത്നങ്ങൾ സൂര്യരശ്മിതട്ടിത്തിളങ്ങുന്നുണ്ടായിരുന്നു. അദ്ദേഹം ഓരോ കയ്യിലും വെളുത്ത ഓരോ മാടപ്പിറാവിനെ നെഞ്ഞോടു് അടുക്കിച്ചേർത്തുപിടിച്ചിരുന്നതുകണ്ടു് നദീറ കൌതുകത്തോടെ പുഞ്ചിരിക്കൊണ്ടു. ആ പുരുഷനേ താൻ മുൻപു കണ്ടിട്ടുണ്ടോ എന്നു് അവൾ സംശയിച്ചു. നദീറ കുട്ട താഴെവെച്ചു് അങ്ങോട്ടു നോക്കിനിന്നു. വടക്കോ

ട്ടതിരിഞ്ഞു് താഴെ സൂക്ഷിച്ചുകൊണ്ടുനിന്ന യുവാവിൻെറ കയ്യിൽനിന്നും ഒരു പിറാവു പറന്നുപോയതുകണ്ടു് അവാം നിർന്നിമേഷയായി. വിലാസിയായ തരുണൻ പാണിനീട്ടിയപ്പോൾ ആ പക്ഷി അകലെനിന്നും കൈത്തലത്തിൽ പറന്നുപററിയതുകണ്ടു് നദീര കൈരണ്ടും ശബ്ദമുണ്ടാക്കാതെ ചേൎത്തുകൊട്ടി മണിനാദത്തിൽ ചിരിച്ചു. പൊടുന്നനവേ യുവാവു് അവിടെ അപ്രത്യക്ഷനായി. നദീര കുട്ടയുംതാങ്ങി വീണ്ടും നടന്നു.

നദീര അകത്തുകടന്നു് കുറേചെന്നപ്പോൾ ഒരു കെട്ടിടത്തിൻെറ മറവുകഴിഞ്ഞു് യൌവനയുക്തനായ ഒരു പുരുഷൻ തൻെറനേക്കു വരുന്നതുകണ്ടു. ദുൎഗ്ഗാക്ഷേത്രത്തിൽവച്ചു് അവളെ രക്ഷിച്ച അനുകമ്പാശീലനായ സലിംരാജകുമാരനേ നദീര പെട്ടെന്നു മനസ്സിലാക്കി. അദ്ദേഹം തന്നേക്കണ്ടു് അതിവേഗത്തിൽ നടന്നുവരികയാണെന്നു് നദീര നിശ്ചയിച്ചു. അവളുടെ ഉള്ളിലൂടെ ശക്തിമത്തായ എന്തോ ഒരു വികാരം മിന്നൽപോലെ പാഞ്ഞുപോയി. അവളുടെ മാറിടം വേഗം വേഗം തുടിച്ചു. നദീര ലജ്ജയെന്ന ഒരു നൂതനവികാരത്തോടു നേരിട്ടു് പ്രണമിച്ചു. പറയാൻപാടില്ലാത്ത ഒരു സങ്കോചം അവളെ കുഴക്കുകയാൽ ആ ഇളം തരുണി ഏകാകിനിയായി ആ തുറന്നരശിൽ നില്ക്കുവാൻ ശക്തയാകാതെ, അടുത്തുണ്ടായിരുന്ന ഒരു സ്തംഭപാൎശ്വത്തെ ശരണംപ്രാപിച്ചു് അവിടെ ഒളിച്ചു. തുടുത്ത പനിനീർപ്പൂവിനുതുല്യമായ കവിൾതടം അമുഴ്ന്നുപോകുംവണ്ണം തൂണോടു ചേൎത്തുകൊണ്ടു് ശീഘ്രഗാമിയായി അടുത്തുവരുന്ന യുവരാജാവിനെ അവൾ കൂടെക്കൂടെ ഒളികണ്ണിട്ടുനോക്കി നാണിക്കയും പുഞ്ചിരിക്കൊള്ളുകയുംചെയ്തു. നദീരയുടെ വ്രീളയുടെയും മൃദുഹാസത്തിൻെറയും കാന്തിതൂകി, ആ സ്തംഭഭാഗത്തു ഒരു പാടലവൎണ്ണം പതിഞ്ഞു. സലിം അടുത്തെത്തിയപ്പോൾ, തന്നെക്കണ്ടുപോയെന്നുനിശ്ചയിച്ചു് നദീര തൂണിനെ

തിരെ മറഞ്ഞു. അദ്ദേഹത്തിൻെറ കാൽപെരുമാററംകേട്ട് അവൾ നന്നേ ചുളുങ്ങി. യുവരാജാവ് അടുത്തെത്തിയെന്നു തീർച്ചപ്പെടുത്തി അവൾ മുഖം മറുവശത്തേക്കുതിരിച്ച് ദൃഷ്ടികൾ താഴെയിടാതെയും ഇട്ടുംനിന്നു. അവളുടെ മാറിൽ മുളച്ചുപൊങ്ങിയ തണ്ടാർക്കുടദ്വന്ദ്വത്തിലൊന്നിൻെറ താഴെ 'ഠക്, ഠക്' എന്ന ശബ്ദം തുരുതുരെ കേട്ടുതുടങ്ങി. എന്നാൽ ആഗതൻെറ പദവിന്യാസസ്വനം അകന്നുകേൾക്കുന്നുവെന്നു മനസ്സിലാക്കി നദീറ മുഖംതിരിച്ചുനോക്കി. യുവരാജാവിനെ, അവിടംകഴിഞ്ഞു് വന്നവേഗത്തിൽ നടന്നുപോകുന്നതുകണ്ടു് നദീറ രണ്ടാമതുമൊന്നു നാണിച്ചു. ആ ലജ്ജ അവളുടെ മുഖത്തിൽ ഒരു കൃഷ്ണവർണ്ണമാണുണ്ടാക്കിത്തീർത്തതു്. അവൾ തൻെറ കഥയില്ലായ്മയേയോർത്തു സ്വയം നിന്ദിച്ചുവെങ്കിലും ആസേചനകാകാരനായ തരുണൻെറ ഗജരാജഗമനംതന്നെ നോക്കിക്കൊണ്ടുനിന്നു. നദീറ ദൃഷ്ടികൾ പിൻവലിച്ചപ്പോൾ അരികിൽതന്നെ എന്തോ ഒരു സാധനം കിടന്നു മിന്നുന്നതുകണ്ടു. അതു് ഒരു മുത്തുമാലയാണെന്നു് അവൾക്കു മനസ്സിലായി. തീർച്ചയായും മാല ആ പോയ ആളിൻെറ പക്കൽനിന്നും അറിയാതെ വിഴുന്നുപോയതായിരിക്കണമെന്നും അവളനുമാനിച്ചു. നദീറ ഓടിച്ചെന്നു് അതെടുത്തു് കൈകളിലൊതുക്കി ചുംബിച്ചു. അവൾ യുവരാജാവിനേനോക്കി. അദ്ദേഹം കുറേദൂരം പൊയ്ക്കഴിഞ്ഞു. എങ്കിലും കളഞ്ഞുപോയമാല അദ്ദേഹത്തിനു കൊണ്ടുകൊടുക്കേണ്ടതു് സ്വന്തം കർത്തവ്യമാണെന്നു് അവൾ നിശ്ചയിച്ചു. കുട്ട താഴെവച്ചിട്ട് നദീറ സലിമിനേ അനുഗമിച്ചു. അദ്ദേഹം വേഗം നടന്നകലുന്നതുകണ്ടു ആ വിലാസവതി ഓടി.

മന്ദം മന്ദം ഓടിയ നദീറയുടെ മാംസളമായ നിതംബഭാരം അല്പാല്പമിളകി വെള്ളവസ്ത്രത്തിനുള്ളിൽ തിളങ്ങി. കാററടിയേററും ശീഘ്രയാനംകൊണ്ടും തലയിൽനിന്നും ഇഴുകിപ്പോയ്ക്കൊണ്ടിരുന്നതും കൂടെക്കൂടെ പിടിച്ചിടാവുള്ളതുമായ

ലംബമാനമായ സാരിയിൽ തുരുതുരെ പാലാഴിവെള്ളത്തിലേ കല്ലോലച്ചുളികളുണ്ടായി. സലിം തിരിഞ്ഞുനോക്കാതെ മുറുകെ നടന്നുപോയി. നദീര ഒട്ടൂത്തു; അപ്പോഴേക്കും സലിം പ്രമദവനത്തിന്റെ പ്രവേശദ്വാരത്തിലെത്തി. അവൾ ഏകദേശം അടുത്തുകഴിഞ്ഞു. എന്നാൽ എന്തെങ്കിലും അറിവുകൊടുക്കുന്നതിനുമുമ്പായി അദ്ദേഹം കതകുതുറന്ന് അകത്തുകടന്നു കവാടം ബന്ധിച്ചു. നദീര അവിടെച്ചെന്നു കതകിൽ തള്ളിയപ്പോൾ അതു ബന്ധിച്ചുവെന്നറിഞ്ഞു ഭഗ്നോത്സാഹയായി. അനന്തരം അവൾ മതിലിൽ അനവധി സുഷിരങ്ങൾ ഉണ്ടായിരുന്നവയിൽ ഒന്നിലൂടെ അകത്തുനോക്കി. തത്സമയം ആ പാവപ്പെട്ട പെൺകുട്ടി അവൾക്കഹിതമായ ഒരു കാഴ്ചയാണു കണ്ടതു.

സലിം അകത്തുകടന്നപ്പോൾ ഒരുയുവതി അവിടെ നില്ക്കുന്നുണ്ടായിരുന്നു. യുവരാജാവു് ഒരുവശംകൊണ്ടു പതുക്കെ അവളെ മാററിനിത്തി. കൈയിലുണ്ടായിരുന്ന രണ്ടു വെള്ളപ്രാക്കളേയും യുവതിയുടെ പാണിതലങ്ങളിൽ സമപ്പിച്ചു. മിഹിര അവയേ കനത്തമാറിൽ ചേത്തുപിടിച്ചു പുഞ്ചിരിതൂകി, കളരവശിരസ്സുകളെ ചുംബിച്ചു. സലിം ആ ലതാമണ്ഡപത്തിൽ വികസിച്ചുനിന്ന ഒരു കുസുമം ഇറുത്തു മിഹിരയ്ക്കു സമ്മാനമായി കൊടുക്കാൻ അവളുടെ അടുത്തുനിന്നും തിരിഞ്ഞു. പുഷ്പവുംകൊണ്ടു തിരികെ വന്നപ്പോഴേക്കും ഒരു പിറാവു് അവളുടെ കയ്യിൽനിന്നും പിടഞ്ഞു പറന്നുപോയി. മററതു് ഇണയുടെ മോചനംകണ്ടു കഴുത്തിളക്കിയും കാലുകുടഞ്ഞും അക്ഷമമായി.

സലിം:—"മിഹിരേ! ആ മാടപ്പിറാവിനേ നീ എങ്ങിനെ വിട്ടു?"

"ഇതാ ഇങ്ങിനെ" എന്നുപറഞ്ഞു പുഞ്ചിരിതൂകി മിഹിര മറേറ പിറാവേയും കൈവിട്ടു. അതു് അതിന്റെ ഇണയുടെ പിറകിനു പറന്നുപോയി.

സലിം:—"കൊള്ളാം".

മിഹ്ഹി:—"പിന്നെ—അവറേറ ഇങ്ങിനെ പിടിച്ചുവെച്ച് ഉപദ്രവിക്കണോ? ഇഷ്ടംപോലെ ആ പൂവൻപിറാവും പിടപ്പിറാവുംകൂടി വല്ലയിടത്തുംപോയി സുഖിച്ചുകൊള്ളുമല്ലോ".

സലിം:—(പ്രേമപരിഹാസമായി) "ഒരു മാടപ്പിറാവിനേ സൂക്ഷിക്കാൻമേലാത്ത നീ ഒരു പട്ടമഹിഷിയുടെ ജോലികളെല്ലാം എങ്ങിനെ ചെയ്യും. (മിഹ്ഹിര ചിരിച്ചുകൊണ്ടു നിന്നു) ഇതാ ഈ പൂവ് നിൻെറ തലമുടിക്കെണ്ടിൽ തിരുകട്ടേ,?"

... ... ... ... ....

തന്നെ ആകഷിച്ചുനടന്ന തരുണൻ ഒരു യുവതിയുടെ അടുത്തണഞ്ഞു കാണുകയും അവരുടെ സല്ലാപം കേൾക്കയും ചെയ്തപ്പോൾ കഥയറിയാതെ ആട്ടംകാണുകയായിരുന്ന നദീരയുടെ ഉള്ളിൽ ചെറുതായ ഒരസൂയയോ കാലുഷ്യമോ ഒരു കുന്നിയോളം വെറുപ്പോ ഒക്കെ ഉണ്ടായി. അവൾ തിരിഞ്ഞുനിന്ന് ആ മുത്തുമാല വീണ്ടും നോക്കി. അതു വലിച്ചെറിഞ്ഞുകളയട്ടോ എന്നായി അവളുടെ മനോഭാവം. താൻ എന്തിനാണ് അന്യരൊരാളിൻെറ മാലസൂക്ഷിക്കാൻ വിഷമിക്കുന്നതും അതേപ്പററി ഇത്രയൊക്കെ വിചാരിക്കുന്നതും എന്ന് അവൾ സ്വയം ചോദിച്ചു. അത് അവിടെ ഇട്ടാൽ വിലപിടിച്ച ആ സാധനം നഷ്ടപ്പെട്ടുപോകുമല്ലോ എന്നു നദീര ഖേദിച്ചു. മാല ആ യുവകോമളൻെറ കയ്യിൽ എത്തിച്ചുകൊടുക്കാൻ സൌകര്യംകിട്ടുമെന്നും അങ്ങിനെതന്നെ ചെയ്യണമെന്നും അവൾക്കൊരഭിലാഷം ഉണ്ടായി. അവൾക്കു മുത്തുമാലയോട് അസ്പഷ്ടമായ ഒരു പ്രീതിജനിക്കയാൽ വലിച്ചെറിയുവാൻ നിശ്ചയിച്ചമാലയേ നദീര ചുംബിച്ചു. അപ്പോൾ താൻ വച്ചിട്ടുപോന്ന കായ്കനികൾനിറഞ്ഞ കുട്ടയുടെകാര്യം അവൾ ഓത്തു. മുത്തുകൾ മിന്നിക്കൊ

ണ്ടിരുന്ന മാല നദീരയുടെ മടിക്കുത്തിൽ പെട്ടെന്നു ചുളുങ്ങി യൊളിച്ചു. അവൾ വന്നപോലെതന്നെ അങ്ങോട്ടും തിരിച്ചു. അവൾ ചെന്നപ്പോൾ താൻ വെച്ചുപോന്ന സാധനം അതുപോലെ അവിടെ ഇരിപ്പുണ്ടായിരുന്നു: അതും ആ ഞെതുടർത്ത് അവൾ നടന്നുതുടങ്ങി. അവൾ പണ്ഡിതമാളികയോടു സമീപിച്ചു. ഇരുവശങ്ങളിലും വച്ചുപിടിപ്പിച്ചിരുന്ന പവിഴവല്ലികളുടെ പൎണ്ണവിതാനത്തിൻെറ പച്ചനിറവും, അവിടവിടെ കുലകളായിത്തൂങ്ങിയ രക്തവൎണ്ണങ്ങളായ പൂക്കളുടെ പാടലപ്രഭയുമിണങ്ങി കലൎന്നതുകണ്ടു നദീര കണ്ണിമയ്ക്കാതെ നോക്കിനോക്കി നടന്നു. അപ്പോൾ അവിടെ നവമായി പുഷ്പിച്ചുനിന്ന ഒരു മന്താരച്ചെടി തരുണിയായ അവളെ ആകൎഷിച്ചു. നദീര അടുത്തുചെന്നു ചുമടുതാഴത്തിറക്കിവച്ചിട്ട് അതിൽനിന്നും ഒരു പൂവിറുക്കാൻ മേലോട്ടാഞ്ഞു ശാഖാഗ്രത്തെ ഗ്രഹിച്ചു. അവൾ പൂവ് തലയിൽ തിരുകി വീണ്ടും ചുമടുമേന്തി നിവൎന്നപ്പോൾ മുൻപിൽ ഒരു പട്ടക്കാരനെ കണ്ടു. അയാൾ നദീരയേനോക്കി കല്പിക്കുന്നു. "തിരുമുൻപിൽവരെ എൻെറകൂടെ വരിക" എന്നുപറഞ്ഞു. അപ്രതിക്ഷിതമായ ഈ സംഭവത്തിൽ നദീരയ്ക്കു ഭയമെന്നതശേഷമുണ്ടായില്ല. അതനുപകരം മഹാനും പ്രസിദ്ധനുമായ ചക്രവൎത്തിയേ കാണാമല്ലോ എന്ന ഉത്സാഹവും ആശ്ചൎയ്യവുമായിരുന്നു അവളുടെ ഉള്ളിൽ സമ്മേളിച്ചതു്.

---

## അദ്ധ്യായം ൭.

---

### പുതിയനാമം.

മഹാനായ അക്ബറിൽ വൈഷ്ണവബ്രാഹ്മഗുണങ്ങൾ ഒരുപോലെ ഉണ്ടായിരുന്നുവെന്നു പറയുന്നതു് ആശ്ചൎയ്യകര

മായിത്തീൎന്നേക്കാം. അദ്ദേഹം അന്യോന്യവിരോധത്തിനി ടകൊടുക്കാതെ ലക്ഷ്മിയെ പൂജിക്കയും സരസ്വതിയെ സ്നേ ഹിക്കയുംചെയ്തുവന്നു. നല്ല ഒരു രാജ്യതന്ത്രജ്ഞനെന്ന പേരെ ടുത്ത അദ്ദേഹം, അതുപോലെതന്നെ ഗണനീയനായ സഹൃ ദയനും ശാസ്ത്രജ്ഞനുമായിരുന്നു. അക്ബർ കവികളെയും പണ്ഡിതന്മാരെയും ഒരുപോലെ സ്നേഹിച്ചിരുന്നുവെന്നുള്ളതു ഇക്കാൎയ്യത്തിൽ മതിയായ തെളിവാണ്. രാജാക്കന്മാരുടെ നാവിൽ സാരസ്വതനടനം സംഭവിക്കയെന്നുള്ളത് അന്യ രാജ്യങ്ങളിൽ നന്നേ ദുർല്ലഭമാകുന്നു. എന്നാൽ ഭാരതത്തിൽ ഈ കുറവു് പരിഹരിക്കപ്പെട്ടിരിക്കുന്നു. ഇവിടെ കവന ത്തിനും കനകസിംഹാസനത്തിനും തമ്മിൽ യോജിപ്പില്ലെ ന്നു വന്നിട്ടില്ല. മനുഷ്യൻ ഹാരങ്ങളും, വീരാളിപ്പട്ടുകളും, ചെങ്കോലും കിരീടവുമെല്ലാം വലിച്ചെറിഞ്ഞു സിംഹാസന ത്തിൽനിന്നും ഓടിപ്പോയി മുണ്ഡിയും കാഷായാംബരനുമാ യി പാരംപുറത്തുനിന്നു മതതത്വരത്നങ്ങൾ വാരിവിതറിയിട്ടു ണ്ടു്. തത്വജ്ഞാനവും കൌടില്യനയവും ഭാരതത്തിലല്ലാ തെ മറെറങ്ങും കൈകോൎത്തുപിടിച്ചുപോയതായി അറിവി ല്ല. ഇങ്ങിനെയുള്ള ഭാരതഭൂമിയിൽ ജനിച്ചുവളൎന്ന അക് ബർചക്രവൎത്തിയിൽ ആ ഗുണഗണങ്ങളെല്ലാം ഒത്തുചേൎന്ന രിൽ ആശ്ചൎയ്യപ്പെടുവാനുണ്ടോ എന്നു തോന്നുന്നില്ല.

അക്ബർചക്രവൎത്തിക്കു് ഒരു പണ്ഡിതസഭയുണ്ടായി രുന്നു. അതിൽ കീൎത്തികേട്ട ഹൈന്ദവവിദ്വാന്മാരും മാഹ മ്മദപണ്ഡിതന്മാരുമുണ്ടായിരുന്നു. ഈ സഭയുടെ അദ്ധ്യ ക്ഷതവഹിക്കാറുള്ളതു രാജാവുതന്നെ. സദസ്സിൽ സ്ഫുടി ച്ചുവിരിയുന്ന കവനകുസുമങ്ങളാസ്വദിക്കാനും, അവിടെയു ണ്ടാകുന്ന മത്സരങ്ങൾ ഒതുക്കാനും സംഭാവ്യമായുള്ള തൎക്ക ങ്ങൾകേട്ടു വിധികല്പിക്കാനും രാജബുദ്ധി അസാധാരണമായ വിധം പലപ്പോഴും പ്രശസ്തയായിട്ടുണ്ടു്. മിക്കവാറുംദിവ സങ്ങളിൽ പണ്ഡിതസഭ കൂടാറുണ്ടായിരുന്നു. ഈ വിദ്വ

സദസ്സിനുവേണ്ടിമാത്രം ഉണ്ടാക്കിയിരുന്ന മനോഹരമായ സദസ്സിന്റെ പേർ പണ്ഡിതമാളികയെന്നാണ്.

അന്നു സായാഹ്നത്തിൽ പണ്ഡിതസൌധത്തിൽ സഭ കൂടി. എല്ലാ കവികളും ശാസ്ത്രജ്ഞന്മാരും ഹാജരുണ്ട്. അടവില്ലാതിരിക്കയാൽ പടിഞ്ഞാറുനിന്നുംവരുന്ന കാററു നന്നായി തട്ടുന്ന മച്ചിൽ നാലുഭാഗത്തും പൂച്ചട്ടികളിൽ വിശേഷതരത്തിലുള്ള ചെടികൾ വളർത്തിവച്ചിരിക്കുന്നതു കാണാം. പൂമച്ചിന്റെ നടുവിൽ കനംകുറഞ്ഞ കനകത്തൂണുകളും കനകക്കമ്പികളുംകൊണ്ടു നിർമ്മിച്ചതും സരസ്വതിയുടെ ആനന്ദലീലയ്ക്കു നന്നായി യോജിക്കുന്നതുമായ ഒരു ചെറിയ ലതാമണ്ഡപത്തിൽ രത്നകമ്പിളിവിരിച്ച അതിന്മീതേ പട്ടു മടക്കിയിട്ടിരുന്ന് അമൂല്യമായ സൂക്ഷ്മപടംകൊണ്ടുള്ളതും വിചിത്രമായി സ്വർണ്ണപ്പണികൾ ചെയ്തിട്ടുള്ളതുമായ ഒരുദണ്ഡു ചാവട്ടയിൽചാരി ഒരു പുരുഷൻ തിളങ്ങി. അദ്ദേഹം, ഹംസത്തൂവൽവച്ച രത്നഖചിതമായ കിരീടം ശിരസ്സിൽ ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ പിംഗളദൃഷ്ടികളും പ്രശാന്തഗംഭീരസ്ഥിതിയും ഒരു സിംഹപ്രതീതി ഉള്ളിലുണ്ടാക്കിപ്പോകും. കിരീടത്തിനടിയിൽ കാണാവുന്ന കേശവും മിതമായ മീശയും ചാരനിറം പകന്നിരിക്കകൊണ്ടും മുഖത്ത് നെററിയിലും കവിളിന്റെ പരിസരങ്ങളിലും ചില ചുളികൾ കാണുന്നതുകൊണ്ടും ആ പുരുഷൻ വാൎദ്ധക്യത്തോടു കുശലം ചൊല്ലിത്തുടങ്ങിയിരിക്കുന്നുവെന്നു മനസ്സിലാക്കാം. ഈ പുരുഷൻ അക്ബർചക്രവൎത്തി തന്നെ. അദ്ദേഹത്തിന്റെ മുൻപിൽ രണ്ടുവരിയായി വിവിധരീതിയിൽ വസ്ത്രധാരണം ചെയ്തുവരായ കേൾവികേട്ട വിദ്വാന്മാരും കവികളും ആസനസ്ഥരായിരുന്നു. കവിതകൾ വായിക്കയും തൎക്കങ്ങൾ കേൾക്കയും ആയിരുന്നു അവിടെ നടന്ന അപ്പോഴത്തെ നടപടി.

ഇരുമ്പുവേലികൾക്കിട്ട് മാർഗ്ഗനിർദ്ദേശംചെയ്യുന്ന പ

ണ്ഡിതനായ നിരൂപകനും, ചിരിക്കയും കരകയും നൃത്തംവ യ്ക്കയുംമററും ചെയ്യുന്ന കവിയുംതമ്മിൽ ആദികാലംമുതൽ കലമ്പലുണ്ടാകാറുണ്ടല്ലോ. കവിയുടെ ഗമനംകണ്ടു വിമശ് കൻ ആക്ഷേപിക്കാം. അയാളോടു ഭംഗിയായി നടന്നുപോ കാൻ ആജ്ഞാപിച്ചുവെന്നുവരാം. യാഥാസ്ഥിതികനായ നിരൂപകൻ കൊട്ടുന്നതാളത്തിന്നെല്ലാം തുള്ളുവാൻ സമ്മത മില്ലെന്നുപറഞ്ഞു് കവി തോന്ന്യാസംകാണിച്ചേക്കും. ആ ത്മാനന്ദത്തിൽ ലയിച്ച് സവ്വും മറന്ന് ദിവ്യസുഖമനുഭവ പ്പെട്ടു് നിയതികൃതനിയമരഹിതമായി മഹാകവി നത്തനം ചെയ്യും. ആ സന്ദഭ്ങ്ങളിൽ ചിലപ്പോൾ വഴക്കുമുണ്ടാകും. ഇപ്രകാരമുള്ള ഒരു വിഷമം അന്നു് അക്ബറുടെ രാജധാനി യിലും സംഭവിച്ചു. ഒരു പണ്ഡിതനായ വിമശ്കനും ക വിയുംതമ്മിൽ ഒരു പദ്യത്തെപ്പററി വലിയ ബഹളംകൂട്ടി. പദ്യം കൂട്ടത്തിൽനിന്നു വലിച്ചു ദൂരെയെറിയണമെന്നു നിരൂ പകനും സമ്മതമില്ലെന്നു കവിയും മക്കടമുഷ്ടിപിടിക്കയാ ൽ സമാധാനസംസ്ഥാപനത്തിനായി അക്ബറുടെ സന്നി ധിയിൽ വിവരം ബോധിപ്പിച്ചു. ശ്ലോകംചൊല്ലുന്നതിനാ യി ചക്രവത്തി കവിയോടാവശ്യപ്പെട്ടു. അദ്ദേഹം ഇപ്രകാ രം വായിച്ചു. അവിടുത്തെ നടപടികളുടെ മാതൃക ഇവ്വണ്ണ മായിരുന്നു.

മേക്കാകെ മേഘനിരതാ്രനിറംപകർന്നു
സല്ക്കാരമായിമണമേന്തിയണഞ്ഞുവാതം
മൽകാന്തനെങ്ങു്! കുഴയുന്നിവൾ-എന്നുമന്ദ-
മക്കാതരാക്ഷി പവഴ്വായ്വിടരെക്കഥിച്ചാൾ

അക്:—(നിരൂപകനോടു്) "ശരി, എന്താണു് നിങ്ങൾക്കു ഈ ശ്ലോകത്തെപ്പററി ആക്ഷേപമുള്ളതു്?"

നിരൂ:—"അടിയനു് പ്രധാനമായി രണ്ടു കാര്യങ്ങളാണു് അ തിൽ സഹിക്കാതെവരുന്നതു്"

അക്:—"അവയെന്തെന്നു കേൾക്കട്ടെ."

നിരൂ.—"ഒന്നാമതായി മേക്ക് എന്നുള്ളദേശ്യപദപ്രയോഗം അത്ര നന്നല്ല. മേക്ക് എന്നതു് പടിഞ്ഞാറു എന്നുള്ള അൎത്ഥത്തിലാണു് ഉപയോഗിച്ചിരിക്കുന്നതു് എന്നു പറയുന്നു. അങ്ങിനെ ഒരു പദം ആ അൎത്ഥത്തിൽ ഉപയോഗമുണ്ടു്. എന്നാൽ അതു ചില ദേശങ്ങളിൽ മാത്രമേ ഉള്ളു. ഇതു് ഒരു ദോഷംതന്നെയാണു്."

അക്:—"ശരി, പിന്നെ"

നിരൂ:—"പിന്നീട്ട് നാലാമത്തെവരിയിൽ (നിരൂപകൻ മൂക്കുചുളിച്ചുകൊണ്ടു്) പവിഴ് എന്നു പ്രയോഗിച്ചിരിക്കുന്നു. ഇതു് അപശബ്ദം എന്ന മഹാദോഷമാണു്. അൎത്ഥം അശേഷം തോന്നുകയില്ല. ഇതേപ്പററിആയിരുന്നു ഞങ്ങളുടെ വാദപ്രതിവാദം."

കാൎയ്യങ്ങളെല്ലാം നിൎമ്മത്സരബുദ്ധിയായി നോക്കി അക്ബർ സാഹിത്യക്കേസ്സിൻെറ വിധി ക്രാസുചെയ്തു ഇപ്രകാരം പ്രസ്താവിച്ചു-

അക്:—(നിരൂപകനോട്ട്) "മേക്കു എന്ന പദം വല്ല അസഭ്യാൎത്ഥത്തേയും കുറിക്കുന്നതായി വല്ലവൎക്കും അറിവുണ്ടോ?"

എല്ലാവരും:—"ഇല്ല. അതു അശ്ലീലമല്ല"

അക്:—"ഈ പദം ഈ ഭാഷ സംസാരിക്കുന്നവർ വല്ലയിടത്തും ഉപയോഗിക്കുന്നുണ്ടോ?"

പലരും:—"ഉണ്ടു്"

നിരൂ:—"അടിയൻെറ നാട്ടിലില്ല."

അക്:—(പുഞ്ചിരിയോടെ) "നിരൂപകൻെറ നാട്ടിൽമാത്രം സിദ്ധമല്ലാത്തതിനാൽ ഈ പദം ഉപയോഗിക്കാൻ പാടില്ലെന്നില്ല. ധാരാളം ഉപയോഗിക്കാമെന്നാണു്

നമ്മുടെ അഭിപ്രായം. പടിഞ്ഞാറ് എന്ന അൎത്ഥ ത്തിൽ ഒരു വാക്കുക്രൂടി ആയല്ലോ. ഇപ്രകാരമാണ് ഭാഷയിൽ പൎയ്യായങ്ങൾ വൎദ്ധിക്കേണ്ടതു്."

അക്:—"രണ്ടാമത്തെ ദോഷമാകട്ടെ—(നിരൂപകനോട്ട്) പവിഴ് എന്ന ശബ്ദം കേട്ടപ്പോൾ താങ്കളുടെ മനോ മുകുരത്തിൽ നിഴലിച്ചതു് എന്തൊരു പദാൎത്ഥമായി രുന്നു—നിങ്ങളും പറയിൻ?"

നിരൂ:—"പവിഴമെന്ന വസ്തുതന്നെ"

എല്ലാ:—"തന്നെ. തന്നെ."

അക്:—"ശരി! ആ ശബ്ദത്തിന്റെ സാഫല്യം അതു പൂ ൎണ്ണമായും സാധിച്ചിരിക്കെ, അതു് അപൂൎണ്ണമെന്നു ശ ഠിക്കരുതു്. വിശേഷിച്ചും ഒരു മഹാകവിയുടെ പദ്യ ങ്ങളിൽ ഇങ്ങിനെ ദുൎല്ലഭമായുണ്ടാകാവുന്ന പ്രയോഗ ങ്ങൾ തീരെ തെറെറന്നു പറഞ്ഞു് ആക്ഷേപിച്ചുകൂ ടെന്നാണ് നമ്മുടെ അഭിപ്രായം."

അനന്തരം മറെറാരുകവി താൻ പുതുതായി ഉണ്ടാക്കി യ ഒരു 'കൃതി' തൃപ്പാദങ്ങളിൽ സമൎപ്പിച്ചു. അക്ബർ അ തെടുത്തു നോക്കിയശേഷം, ഉറക്കെ വായിക്കാൻ അതിന്റെ കൎത്താവിനുതന്നെ തിരിച്ചു കൊടുത്തു. നായിക ഉദ്യാന ത്തിൽ വിഹരിക്കുന്നതു് നായകൻ കാണുന്നതായിരുന്നു പ്ര തിപാദ്യഘട്ടം. കവി, ആയതു വ്യക്തമായും ഈണത്തിലും വ്യങ്ഗ്യം ഉദ്ദേശിച്ചിട്ടുള്ള ഭാഗങ്ങളിൽ സ്വരം ഘനമാക്കി യും വായിച്ചുതുടങ്ങി. കവിത തരക്കേടില്ലായിരുന്നതുകൊ ണ്ടു് അക്ബർനന്നേ രസിച്ചു. പലഭാഗങ്ങളിലും തിങ്ങി യ ആശയവിശേഷങ്ങളും അലങ്കാരവൈചിത്ര്യങ്ങളും ഗുണ ഗണങ്ങളും മഹാരാജാവുതന്നെ ചൂണ്ടിക്കാട്ടി വ്യാഖ്യാനിച്ചു. സദസ്യരെല്ലാവരും തലയാട്ടിയാസ്വദിച്ചു. പദ്യങ്ങൾ വാ യിച്ചു തീൎന്നപ്പോഴേക്കും അക്ബർ യാദൃച്ഛികമായി താഴെ നോക്കി. അപ്പോൾ അദ്ദേഹത്തിന്റെ ദൃഷ്ടികൾ പൂവിദ്

ത്തുനിന്ന നദീരയിൽ പതിച്ചു. കവിത വായിച്ചുകേട്ട് ഭാവനാവൈഭവം സമൃദ്ധമായി ഉല്ലസിച്ചിരുന്ന രാജഹൃദയം ആ യുവതിയുടെ രൂപസൌന്ദര്യ്യം കണ്ടു് മനസാ ശ്ലാഘിച്ചു- അദ്ദേഹം നദീരയുടെ നേൎക്കു കൈ ചൂണ്ടി സഭാംഗങ്ങളുടെ ശ്രദ്ധയേ അങ്ങോട്ടു തിരിച്ചു.

അക:—"അതാ ഒരു തരുണി. നോക്കുവിൻ. അവൾ ഒരു ശ്ലോകത്തിനു ധാരാളം മതിയാകും. അവൾ സ്ത്രീസൌന്ദര്യ്യത്തിന്റെ വിജയസൂചകമായ വൈജയന്തിയാണു്. എന്നുമാത്രമല്ല, ഇപ്പോൾ വായിച്ച കവിതയിൽ വിരാമപദ്യമായി ചേൎക്കുവാൻ അവളുടെ നില അത്യന്തം യോജിക്കുമെന്നും നമുക്കു തോന്നുന്നു."

അക്ബർ അംഗരക്ഷകനായിനിന്ന ഒരുവനേനോക്കി ഇങ്ങിനെ കല്പിച്ചു. "ആ യുവതിയേ നമ്മുടെ സന്നിധിയിൽ കൊണ്ടുവരു." പട്ടക്കാരൻ ആജ്ഞാപുഷ്പവും ശിരസ്സിൽചൂടി പുഷ്പം ചൂടുവാൻ ശ്രമം തുടങ്ങിയ നദീരയേ കൊണ്ടുവരുവാൻ ദ്ധടിതിയിൽ പോയി. എല്ലാവരും ആ കേന്ദ്രത്തിൽ ദൃഷ്ടിവച്ചു. സ്ത്രീസൌന്ദര്യ്യകല്പനയുടെ മൂൎത്തിപോലെ നദീരയേ അവിടെ ദർശിച്ചപ്പോൾ സദസ്സിലെ സൌന്ദര്യ്യസംതൃപ്തി വരാത്ത മഹാകവികളും രാജാഭിപ്രായത്തേ വിലവച്ചു. അധികം താമസിയാതെ പട്ടക്കാരൻ മുൻപിലും നദീരപുറകിലുമായി രംഗത്തു പ്രവേശിച്ചു. ചക്രവൎത്തിയേതെന്നു് അവൾ വേഗം മനസ്സിലാക്കി. അവിടത്തേ പരിതഃസ്ഥിതികളുടെ രമ്യതയും മഹാരാജാവിന്റെ പ്രഭാവാഡംബരാദിയും വീക്ഷിച്ചു് നദീര ആഹ്ളാദഭരിതയായി. പട്ടക്കാരൻ നമസ്കരിച്ചു് സ്ത്രീ വന്നുനില്ക്കുന്നുവെന്നുണർത്തിച്ചു. അക്ബർ അവളേനോക്കി. നദീര ഭക്തിബഹുമാനപുരസ്സരം തലതാഴ്ത്തി മഹാരാജാവിനെ വന്ദിച്ചു് വിനയത്തോടെ ഒതുങ്ങി നമ്രമുഖിയായി നിന്നു.

അക:—"നീ ഏതാണു്?"

നദീ:—"ഉമ്മറുടെ വീട്ടിൽ നില്ക്കുന്നവളാണ്."

അക്:—"ആങ്ങ്ഹാ! നിന്റെ പേരു്."

നദീ:—(തല തെല്ലുയർത്തി) "നദീര എന്നാണ്."

അക്:—"ആ പാത്രത്തിലെന്തു്?"

നദീ:—(വീണ്ടും തലചെറുതുയർത്തി മധുരസ്വരത്തിൽ) "അമൃതേത്തിനുള്ള കായ്കനികളാണ്."

'ശരി' എന്നുച്ചരിച്ചു് അക്ബർ തന്റെ സംഭാഷണ ശക്തിയെ സദസ്യരുടെ നേക്കു തിരിച്ചു.

അക്:—"അങ്ങിനെ ആ ഒടുവിലത്തെ പദ്യവും ഉണ്ടായി." അക്ബർ അത്രയും സമയംകൊണ്ടു തന്നത്താൻ ഉണ്ടാക്കിയ താഴെ കാണുന്ന പദ്യം ചൊല്ലി.

പൂമാലക്കെതിരാം കരങ്ങളഴകിൽ പൊക്കി-
    സ്സരോജാക്ഷിയാൾ
പൂമൊട്ടൊന്നു പദാഗ്രമൂന്നിയയവോ-
    ടാഞ്ഞങ്ങിരുത്തിടവേ,
പൂമിന്നുന്നകുചാവൃതിക്കകമകപ്പെ-
    ട്ടേറെ രമ്യങ്ങളാം
പൂന്തൊത്തൊത്ത സ്തനങ്ങൾ കണ്ടുവിശദം;
    നേത്രങ്ങളേ! സൌഖ്യമായ്.

സഭാങ്ഗങ്ങൾ ഒത്തുചേർന്നു് രാജസന്നിധിയുടെ ഗൌരവത്തിനു കുറവൊട്ടും വരുത്താതെ, ബലേവച്ചു. നദീര കുറഞ്ഞൊന്നു വ്രീളാമഞ്ജുളിതയായി തലതാഴ്ത്തി പുഞ്ചിരിക്കൊണ്ടു. ആ ഭാവഭംഗിയുടെ ആധിക്യം കണ്ടു് രാജഹൃദയത്തിൽ പ്രശംസയും വാത്സല്യവും ഉദിച്ചുയൎന്നു; എങ്കിലും അവയുടെ പ്രകാശം അല്പവും പുറത്തുവന്നില്ല. അനന്തരം ചക്രവൎത്തി നദീരയോടു് മൃദുവായി ഇങ്ങിനെ കല്പിച്ചു.

അക:—"ഇന്നുമുതൽ പുതുതായ ഒരു നാമധേയം നാം നിനക്കു നൽകിയിരിക്കുന്നു. അതു "വൈജയന്തി" എന്നാണ്. എന്നാൽ പൊയ്ക്കൊൾക."

നദീര രാജതിരുവുള്ളംകൊണ്ടു ലഭിച്ച നവ്യാഭിഖ്യയും സ്വീകരിച്ച് ആഹ്ളാദചിത്തയായി തല താഴ്ത്തി വണങ്ങി രാജസന്നിധി വെടിഞ്ഞു. കുറേ കഴിഞ്ഞപ്പോൾ അടുത്ത പ്രവേശദ്വാരത്തിൽ ഒരു കലഹശബ്ദംകേട്ട് അക്ബർ കഞ്ചുകിയെനോക്കി സഗൌരവം കല്പിച്ചു. അവിടെ കലഹമുണ്ടാക്കുന്നവരെ ക്ഷണം നമ്മുടെ മുൻപിൽ ഹാജരാക്കണം. ഈ കല്പനയ്ക്കുശേഷം ചക്രവത്തി ഇരിപ്പിടംവിട്ടെണീററു. എല്ലാവരും അദ്ദേഹത്തെ അനുസരിച്ച് എണീററു നതാംഗന്മാരായി വന്ദിച്ചുനിന്നു. സിംഹേന്ദ്രനെപ്പോലെ സ്ഥിരഗതിയായ അക്ബർ അംഗരക്ഷകന്മാരാൽ അനുഗതനായി വിദ്വൽസദസ്സിൻെറ മദ്ധ്യേക്കൂടി നടന്ന് കോണിപ്പടിയിറങ്ങി മന്ത്രശാലയിലേയ്ക്കു തിരിച്ചു.

---

# അദ്ധ്യായം ൮.

## സമ്മാനം.

രാജപ്രസാദം സിദ്ധിച്ചതോത്ത് നദീര അമിതമായി സന്തോഷിച്ചു നടന്നു. "വൈജയന്തി! വൈജയന്തി!! എത്ര നല്ല പേര്!" എന്ന് അവൾ തനിക്കു ലഭിച്ച പുതിയ നാമധേയത്തിൻെറ ഭംഗിയോത്ത് നടന്നുപോയി ഉമ്മറുടെ നിർദ്ദേശാനുസരണം വൈജയന്തി—ഇനിയും നമുക്ക് അവളെ അങ്ങിനെതന്നെ വിളിക്കാം—കായ്കനികൾ കൊട്ടാരക്കലവറയിൽ കൊണ്ടേല്പിച്ച് ഉമ്മറിൻെറ പേരിൽ കണക്കു

മെഴുതിച്ചു. അനന്തരം അവൾ വീട്ടിലേക്കു തിരിച്ചു. വൈജയന്തി മുററത്തിറങ്ങുവാൻ വാതുക്കലായപ്പോൾ മാലയുടെ കാൎയ്യമോൎത്തു. അതു മടിയിൽതന്നെ ഉണ്ടോ എന്നു് അവൾ തപ്പിനോക്കി. മാല അവിടെത്തന്നെ ഉണ്ടായിരുന്നു. അവൾ അതു കയ്യിൽ എടുത്തു. ഏതുവിധമാണു് ആ വസ്തു അതിൻെറ ഉടമസ്ഥൻെറ കയ്യിൽ എത്തിക്കേണ്ടതെന്നായി അവളുടെ വിചാരം. മനോരാജ്യത്തിൽ സഞ്ചരിച്ചു തുടങ്ങിയ വൈജയന്തി ദ്വാരപാലനെ ചെന്നു മുട്ടുമെന്നായിക്കായപ്പോൾ മാത്രമെ തലയുയൎത്തിയുള്ളു. മാല അവൻ കണ്ടുപോകുമെന്നുള്ള ഭീതിയോടെ അവൾ അതൊളിക്കുവാൻ തുടങ്ങിയ സംഭ്രമത്തിനിടയിൽ കാലദോഷത്തിനു മാല വൈജയന്തിയുടെ കയ്യിൽനിന്നും താഴെ വീണു. ഒരു മുത്തുമാല സാധാരണ ഒരു സ്ത്രീയുടെ പക്കൽനിന്നും നിലത്തു പതിച്ചതുകണ്ടു് കാവൽക്കാരൻ പെട്ടെന്നു പാദംകൊണ്ടു് അതു തോണ്ടിയിട്ടു ചവുട്ടിപ്പിടിച്ചു. നിനച്ചിരിക്കാതെയുണ്ടായ ഈ അനിഷ്ടത്തിലെല്ലാം കുപിതയായ വൈജയന്തി "എൻെറ മാല തരു" എന്നുച്ചരിച്ചുകൊണ്ടു അയാളോടു സമീപിച്ചു. ഇതിനുത്തരമായി "നിനക്കു മാല ഇരിക്കുന്നോ?" എന്നു് ഹാസ്യമായി ചോദിച്ചു ദ്വാരപാലൻ മേല്പോട്ടുനോക്കി പല്ലിളിച്ചുനിന്നു. അവൻെറ നേരമ്പോക്കിൽ ഒട്ടും സുഖമില്ലാതെയും മാല സുരക്ഷിതമാകാതെ പോയതിലുണ്ടായ വിഷാദത്തോടും വൈജയന്തി പെട്ടെന്നു കുനിഞ്ഞിരുന്നു് "മാല വിടൂ. അതിൽ ചവുട്ടരുതു്" എന്നു ഗംഭീരമായി ശാസിച്ചുകൊണ്ടു കാവൽക്കാരൻെറ പാദം രണ്ടു കൈകൾകൊണ്ടുമിളക്കി മാലയെടുക്കുവാൻ ശ്രമിച്ചു. പക്ഷെ അവളുടെ പല്ലവകോമളമായ വിരലുകൾക്കു് അനുഭവപ്പെട്ടതു് ആ ഭീമകായൻെറ കാലിൻെറ സ്ഥാണുത്വം മാത്രമായിരുന്നു. വിട്ടുവിടൂ എന്നു് ആവൎത്തിച്ചാവൎത്തിച്ചു് ഉറക്കെ പറഞ്ഞു് തൻെറ അനിഷ്ടകാരിയുടെ മുഖത്തു നോക്കി വൈജയന്തി ചുണ്ടു കടിച്ചു. തത്സമയം എവിടെനിന്നോ സോഫിയ തൽ

സ്ഥലത്തെത്തി. വൈജയന്തിയെ അപ്രകാരം കണ്ടു് അവൾ ഇങ്ങിനെ ഭത്സിച്ചു.

സോഫി.—"എന്തു് നീ ഇവിടെവന്നു കലമ്പലുണ്ടാക്കുകയാണോ? എന്തിനാണു നീ അയാളുടെ കാലിൽ മാന്തുന്നതു്? ഹ! ഈ പെണ്ണിന്നു നാണവുമില്ലെ?"

വൈജ:—(തന്റെ ശ്രമം വിട്ടെഴുന്നേററുനിന്നുകൊണ്ടു) "എന്റെ മുത്തുമാല ഇയ്യാൾ ചവുട്ടിപ്പിടിച്ചിരിക്കുന്നു; തരുന്നില്ല"

സോഫി.—"മുത്തുമാലയൊ! എന്റെഅമ്മെ! മുത്തുമാലനിനക്കെവിടെനിന്നു കിട്ടിയെടി! നാലു കാശിനുപോലും പോക്കില്ലാത്ത നിനക്കു മുത്തുമാല എവിടുന്നു കിട്ടി!"

വൈജ:—"അതു നിങ്ങളോടു പറയാൻ എനിക്കിപ്പോൾ സമ്മതമില്ല. (ഡാഗ്വാലനോടായി) മാല തരുവെടോ?"

സോഫി.—(ഈർഷ്യയോടെ ഹാസ്യമായി) "ചന്തമായി! ഇവൾ കോപിക്കുന്നല്ലൊ. എന്നോടു ശേഷവും പറഞ്ഞു തുടങ്ങിയോ. (സഗൌരവം) ഈ മാല തീർച്ചയായും ഇവൾ കൊട്ടാരത്തിലെങ്ങുനിന്നോ മോഷ്ടിച്ചതാണു്. എടോ! ഇവളെ വിടരുതു്!"

വൈജ:—(പരിഭ്രമത്തോടെ) "അയ്യോ ഞാൻ എങ്ങുനിന്നും മോഷ്ടിച്ചതല്ല. മോഷണം എന്റെ ജോലിയല്ല."

ഡാ: പാ:—"ഇവളേതെന്നു നിങ്ങളറിയുമൊ?"

സോഫി:—"കൊള്ളാം. പിന്നെ എനിക്കറിഞ്ഞുകൂടയൊ. ഇവൾ എന്റെ വീട്ടിലെ വേലക്കാറിയാണു്."

ഡാ: പാ:—"നല്ല കഥയായി! (വൈജയന്തിയെ നോക്കി) ഇവൾക്കു നിന്നോടു വിരോധത്തിനു് ഒരു വകയുമില്ല നീ ഇതു് എവിടെനിന്നും എടുത്തുവെന്നു് സത്യം പറ

ഞ്ഞേക്കു്. അല്ലെങ്കിൽ—ഉം—അല്ലെങ്കിൽ നിന്നെ എവിടെയാണു പാൎപ്പിക്കുന്നതെന്നറിയാമോ?"

"ഉം—പാൎപ്പിക്കുന്നു!. എന്റെ മാലതരു" എന്നു് വീണ്ടും ധൈൎയ്യമവലംബിച്ചു് പറഞ്ഞു് വൈജയന്തി ദ്വാരപാലന്റെ മുഖത്തു ദൃഷ്ടിയുറപ്പിച്ചു. തത്സമയം "എന്തു കലശലാണിവിടെ?" എന്ന ശാസനാരൂപത്തിൽ ചോദിച്ചുകൊണ്ടു് പട്ടക്കാരൻ അവിടെഎത്തി എല്ലാവരുടെയും മുഖത്തു മാറിമാറിനോക്കി. "എന്റെ മാല തരുന്നില്ല" എന്നു വൈജയന്തി അയാളോടു ആവലാതി പറഞ്ഞു. പട്ടക്കാരൻ വൈജയന്തിയെ മനസ്സിലാക്കി അല്പമൊന്നു ശങ്കിച്ചു.

പട്ട:—"വിഡ്ഢി! താൻ എന്തിനാണു് ആ സ്ത്രീയുടെ മാലയെടുത്തു വച്ചിരിക്കുന്നതു്. ആകട്ടെ. ഇപ്പോൾ നല്ല സുമാറായി.—"

ദ്വാ: പാ:—"ഇതാ മാല(വൈജയന്തി വേഗംചെന്നു് മാല കൈക്കലാക്കി.) ഇവൾ ഈ മുത്തുമാല കൊട്ടാരത്തിൽനിന്നും മോഷ്ടിച്ചതാണു്. അതാ അവരോടു ചോദിക്കൂ—അവരുടെ വേലക്കാരിയാണിവൾ."

അവിടെ ഉണ്ടായ സംഭവത്തിന്റെ കളിമട്ടുമാറി കാൎയ്യത്തിൽ കലാശിച്ചതുകണ്ടു് "എന്തോ ഞാനൊന്നുമറിഞ്ഞില്ലേ" എന്നു് സോഫിയ പറഞ്ഞു. പട്ടക്കാരൻ വൈജയന്തിയെ നോക്കി തലയാട്ടിക്കൊണ്ടു് "ആങ്ഹാ—കാൎയ്യം അങ്ങിനെയോ. എന്നാൽ വരൂ. തിരുമനസ്സുകൊണ്ടു കല്പനയായിരിക്കുന്നു. ഒന്നുകൂടെ കണ്ടു പോരികാ: പക്ഷെ ഇതവൾ മുൻപലത്തേതുപോലെ എന്നു തോന്നുന്നില്ല". അയാൾ വൈജയന്തിയോടുകൂടി വേഗം അവിടെ അപ്രത്യക്ഷനായി. നിനച്ചിരിക്കാതെയുണ്ടായ ഈ സംഭവത്തിന്റെ പൂൎവ്വം ഇത്രമാത്രമുണ്ടെന്നറിഞ്ഞു സോഫിയയും ദ്വാരപാലനും മുഖത്തോടുമുഖം നോക്കി കുറച്ചുനേരം നിന്നു. സോഫിയ അനന്തരസംഭവമെന്തെന്നറിയുന്നതിനായി ഒന്നു വെ

ട്ടിത്തിരിഞ്ഞു് വേഗം നടന്നുപോയി. താൻ യാതൊരു കു റവും ചെയ്തില്ലെന്നു നല്ല ബോധമുണ്ടായിരുന്ന വൈജയന്തി മഹാനായ ചക്രവത്തിയിൽനിന്നും ഒട്ടും ഭയപ്പെട്ടില്ല. ആ ചെറുയാത്രാമദ്ധ്യേ എന്തായിരുന്നാലും താൻ ഇനി സോഫിയയുടെ ഗൃഹത്തിൽ പോകയില്ലെന്നു് അനാഥയായ വൈജയന്തി നിശ്ചയിച്ചുറച്ചു.

മിഹിരയെന്ന മൃദുകുസുമത്തിന്റെ ചുററും പ്രേമസ്ഥാനം മുരണ്ടുപറന്ന യുവരാജഭൃംഗം, ആ ലതാമണ്ഡപത്തിനു ള്ളിൽ കുറേനേരം വിഹരിച്ചു. അനന്തരം തന്റെ അനുരാഗഭാജനമായ യുവതിക്കു നല്കുവാൻ കൊണ്ടുവന്ന മാല നോക്കവേ കണ്മാനില്ലായ്കയാൽ, സലിം നിലത്തു നാലുപാടും പരിശോധിച്ചു. മാല അവിടെയെങ്ങും കാണാതെ അദ്ദേഹം വിവരം മിഹിരയോടു പറഞ്ഞു. പിന്നെ അവർ രണ്ടുപേരും ഒത്തുചേന്നു്, ആ നഷ്ടസാധനത്തെ അവിടെയെല്ലാം തിരഞ്ഞു. എന്നിട്ടും മാല കണ്ടുകിട്ടായ്കയാൽ, "ഞാൻ മാലനോക്കിവരാം—നീ ഇപ്പോൾ വീട്ടിൽ പോകുക—വിലവളരെ ഉള്ളതാണു്—വഴിയിൽ എങ്ങാനും വിണിട്ടുണ്ടായിരിക്കും—അന്യർ കാണുംമുൻപേ ചെന്നു നോക്കട്ടെ" എന്നു പറഞ്ഞു മിഹിരയെ യാത്രയാക്കിയിട്ടു്, സലിം വേഗം പുറത്തുകടന്നു്, വന്നവഴിയേ തിരിച്ചു. പക്ഷെ താൻ തേടിവന്ന വസ്തു അദ്ദേഹത്തിന്റെ കണ്ണിൽപെട്ടില്ല.

സലിം, ജലകണങ്ങൾ വഷിച്ചുകൊണ്ടിരുന്ന ജലയന്ത്രത്താൽ പരിശോഭിതമായ മന്ത്രശാലയുടെ കിഴക്കുവശത്തെത്തി. ആ സമയം തനിക്കു് എതിരായി നടന്നെത്തിയ പിതാവായ ചക്രവത്തിയെക്കണ്ടു്, യുവരാജാവു ബഹുമാനപുരസ്സരം ഭംഗിയിൽ തലകുനിച്ചു വന്ദിച്ചുനിന്നു. അക്ബർ മകനെനോക്കി അൽപനേരം മിണ്ടാതെനിന്നിട്ടു്, ഒടുവിൽ ഇങ്ങനെ ചോദിച്ചു.

അക്ബർ:—"നീ ഇന്നു എവിടെ ആയിരുന്നു?"

സലിം:—"ഇവിടത്തന്നെ ഉണ്ടായിരുന്നു."

അക്ബർ:—"എന്നിട്ട്, ഇന്നു പണ്ഡിതസഭയിൽ നിന്നെ കണ്ടില്ലല്ലൊ—കുമരാ! ചെങ്കോൽ ധരിക്കുന്നവക്കു കുറേ മനഃസംസ്കാരംകൂടി സിദ്ധിച്ചതുകൊണ്ട് ദോഷമൊന്നും വരാനില്ല."

സലിം:—"ഞാൻ ഒരു മാലകളഞ്ഞുപോയതു് നോക്കിനടക്കയായിരുന്നു."

അക്ബർ:—"എവിടെക്കളഞ്ഞു?"

സലിം:—"എനിക്കു നല്ല നിശ്ചയമില്ല."

ഈസമയം പട്ടക്കാരൻ വന്നു്, ചക്രവത്തിയെ വന്ദിച്ചു. അക്ബർ ആ വശത്തു നോക്കിയപ്പോൾ വൈജയന്തി വണങ്ങി നമ്രമുഖിയായി നില്ക്കുന്നതുകണ്ടു്, ഇപ്രകാരം ചോദിച്ചു.

അക്ബർ:—"കുറച്ചുമുൻപു ഈ യുവതിയല്ലേ എൻെറ മുൻപിൽ വന്നതു്! ഇവൾ ഇപ്പോൾ ഇവിടെ എങ്ങിനെവന്നു?"

പട്ടക്കാരൻ:—"ഈ സ്ത്രീ പ്രവേശദ്വാരത്തിൽനിന്നു് അവളുടെ കയ്യിൽനിന്നും താഴെവീണ ഒരു മുത്തുമാല, പരിശോധിക്കാൻ എടുത്ത കാവല്ക്കാരനോടു വഴക്കിടുകയായിരുന്നു."

അക്ബർ:—'മാല എവിടെ?'

പട്ടക്കാരൻ:—"ആ സ്ത്രീയുടെ കയ്യിൽതന്നെയുണ്ടു്"

"തരൂ" എന്നു്, ആജ്ഞ പരിപൂത്തിയിലെത്തിയ സ്വരത്തിൽ പറഞ്ഞു്, അക്ബർ മൃസലതുല്യമായ സ്വഹസ്തം നീട്ടി. വൈജയന്തി ഹാരം വിനയപൂവം ആ ഹസ്തതലത്തിൽ അൽപം അകന്നുനിന്നു സമപ്പിച്ചു.

സലിം:—"ഇതു് ആ മാലയാണു്"

എല്ലാകാൎയ്യങ്ങളും നിസ്സാരമായിത്തള്ളാതെ സൂക്ഷ്മമായിപ്പരിശോധനംചെയ്യുന്ന അക്ബർ, അല്പം വെമ്പലോടെ പറഞ്ഞ മകന്റെ വാക്കുകേട്ടു്, വേഗം മാല അയാളുടെ കയ്യിൽ ഇട്ടുകൊടുത്തില്ല. ചക്രവൎത്തി ആ മണിമാല്യം തന്റെ കൈത്തലത്തിലേന്തി തിരിച്ചും മറിച്ചും നോക്കി, അതിന്റെ നടുക്കുണ്ടായിരുന്ന പതക്കത്തിൽ എന്തോചില അക്ഷരങ്ങൾ കൊത്തിയിട്ടുണ്ടായിരുന്നതു്, ചുറ്റുപാടും നിന്നവരിൽ ആരെയും ഗ്രഹിപ്പിക്കാതെ കൌശലത്തിൽ വായിച്ചു മനസ്സിലാക്കി. "ഊഹാപോഹാദികളിൽ ചതുരഹൃദയനായ" അദ്ദേഹം കാൎയ്യങ്ങൾ എല്ലാം ഒരു നിമിഷം കൊണ്ടു് കണ്ടു. തന്റെ ഉള്ളിൽ കനത്തുവന്ന ഗൌരവം കുറെ അമൎത്തി, ഉള്ളിലേക്കഥയെല്ലാം ഊറ്റി അറിയുവാൻ ശക്തിയേറിയ ദീപ്തങ്ങളായ കണ്ണുകൾ വൈജയന്തിയുടെ മുഖത്തുറപ്പിച്ചു്, ഗംഭീരസ്വരത്തിൽ ചോദിച്ചു. ആ ചോദ്യത്തിനുത്തരം ആ തരുണിയിൽനിന്നും, അവളറിയാതെതന്നെ പുറപ്പെട്ടുതുടങ്ങി. ചില മഹാപുരുഷന്മാരിൽ ഉള്ള ഈ ശക്തി അനിൎവ്വാച്യംതന്നെയാണു്.

അക്ബർ:—"നിനക്കു് ഈ മാല എങ്ങിനെ കിട്ടി?"

വൈജ:—"അടിയൻ കൊട്ടാരത്തിലേക്കു വരുന്നസമയം (സലിമിനെ ചൂണ്ടിക്കാട്ടിക്കൊണ്ടു്) ഇതാ ഇദ്ദേഹം ആ വഴി കടന്നുപോയി. ഒരു തൂണിനു മറഞ്ഞതുകൊണ്ടു് അടിയനേ കണ്ടില്ല—കുറേ കഴിഞ്ഞപ്പോൾ ഈ മാല അവിടെ കിടക്കുന്നതു കണ്ടു് വേഗംചെന്നു് അതെടുത്തു. അതു കൊണ്ടുക്കൊടുക്കാനായി അടിയൻകൂടെ ഓടി. പക്ഷേ അടുത്തു ചെല്ലുന്നതിനു മുൻപായി ഇദ്ദേഹം വടക്കുള്ള ഉദ്യാനത്തിൽ കടന്നു വാതിലും അടച്ചു. അതിനാൽ—"അക്ബറുടെ മുഖത്തു കോപത്തിന്റെ ഛായ അല്പം കാണുകയാലും, മേൽഭാഗം എങ്ങിനെയാണു പറയേണ്ടതെന്നറിയാതെ കു

ഴങ്ങുകയാലും ഇതിൻെറ എല്ലാം കാരണമെന്തെന്നറിയാതെ സംഭ്രമിച്ചും വൈജയന്തി, പെട്ടെന്നു് തൻെറ സംഭാഷണം അവിടെ നിൎത്തി. അക്ബർ വിസ്മയതിക്കത്തക്ക സ്വരത്തിലും ഭാവത്തോടും മകൻെറ മുഖത്തുനോക്കി ഇങ്ങിനെ തുടൎന്നു.

അക്ബർ:—'ആങ്—ഹാ—നീ പ്രമദവനത്തിൽ പോയി—അല്ലേ—അരമനമതിലിനുള്ളിൽ പോകരുതെന്നു് നിന്നോടു ഞാൻ ആജ്ഞാപിച്ചിട്ടുണ്ടു്, നിർബന്ധിച്ചിട്ടുണ്ടു്, ഉപദേശിച്ചിട്ടുണ്ടു്, ഗുണദോഷിച്ചിട്ടുമുണ്ടു്. എന്താണു് ഇതിൻെറ അൎത്ഥം! എന്താണു്!—അല്ലേ?" സലിം ലജ്ജമൂലം നമ്രമുഖനായി പതുക്കെ ഇങ്ങിനെ അറിയിച്ചു.

സലിം:—"എൻെറ തെററു ക്ഷമിക്കണം. ഇനി അങ്ങിനെ ചെയ്കയില്ല."

വല്ലവിധവും അവിടെനിന്നും രക്ഷപെടണമെന്നായിരുന്നു യുവരാജാവിൻെറ ഏകവിചാരം. എന്നാൽ അക്ബർ ഇതുകൊണ്ടും അവസാനിപ്പിച്ചില്ല. അദ്ദേഹം വീണ്ടും വൈജയന്തിയുടെ നേൎക്കു തിരിഞ്ഞു, "നീ സത്യംപറഞ്ഞു—ആട്ടെ—ഒന്നുകൂടി ചോദിക്കാം. അവിടെ വേറെ ആർ ഉണ്ടായിരുന്നു?" ഇതിനുത്തരം പറയേണ്ടതെങ്ങിനെ എന്നറിയാതെ വൈജയന്തി കുഴങ്ങി. ഈ ചോദ്യം പുറപ്പെട്ടപ്പോൾ സലിം അറിയാതെ ഒന്നു ഞെട്ടി: തലയുയൎത്തി അവൾ എന്താണു പറയുന്നതെന്നു് ഭയന്നു്, അക്ഷമനായി, ആ തരുണിയുടെ പാടലാധരമദ്ധ്യത്തിൽതന്നെ ഉററുനോക്കി. രാജകുമാരൻെറ ഭാവം വല്ലാതെ മാറി, മുഖം രക്തവൎണ്ണമായിരിക്കുന്നു എന്നു വൈജയന്തിയുടെ കരിനീലക്കണ്ണുകളുടെ കോണുകൾ ആരുമറിയാതെ ഗ്രഹിച്ചു. അവൾ അപ്രകാരം സമൎത്ഥനായ അക്ബരെയും കളിപ്പിച്ചു. തനിക്കു എന്തോ ഒരു പ്രീതിതോന്നിക്കൊണ്ടിരുന്ന തരുണൻെറ

വിഷണ്ണഭാവംകണ്ടു്, ഇതിൽ തക്കതായ കാൎയ്യമുണ്ടെന്നു് മനസ്സിലാക്കിയ ആ ബുദ്ധിശാലിനി അവിടംമുതലുള്ള കഥ വിസ്തരിക്കുന്നതു തകരാറാകുമെന്നു കരുതി, വിനയപൂൎവ്വം ഈ വിധം അറിയിച്ചു.

വൈജ:—"കൊട്ടാരത്തിൽ നടക്കുന്ന കാൎയ്യങ്ങൾ—പാവപ്പെട്ട ഇവൾക്കു എങ്ങിനെ അറിയാം."

സലിം എന്തോ ഒരു ഭാരം ഇറക്കിവച്ചതുപോലെ ഒന്നു നിശ്വസിച്ചു. അദ്ദേഹം കൃതജ്ഞതയോടെ വൈജയന്തിയെ ഒന്നു കടാക്ഷിച്ചു. അവൾ നമ്രകമ്രമുഖിയായി.

അൿബർ:—"വൈജയന്തി! ഉമ്മറിന്റെ വീട്ടിൽ നീ പോകേണ്ട. ഇന്നുമുതൽ കൊട്ടാരത്തിൽ ഒരു തോഴിയായി നീ താമസിച്ചുകൊൾക."

അൿബർ തിരിഞ്ഞു് 'ഇതാ' എന്നുരച്ചു്, മാല പുത്രന്റെ കയ്യിൽ കൊടുത്തു. അനന്തരം "വെറുതെ വിഷമിപ്പിക്കാൻ" എന്നു്, അമൎത്തിയ സ്വരത്തിൽ തന്നത്താൻ പറഞ്ഞു്. ഇരുവശവും തിരിഞ്ഞുനോക്കാതെ നടന്നുപോയി. ആ വഴിയിൽ. ഒരു മറവിൽ ഒളിച്ചു്, അവിടെ നടന്നകാൎയ്യങ്ങളെല്ലാം കണ്ടും കേട്ടും നിന്നിരുന്ന സോഫിയ സഹിക്കുവാൻമേലാത്ത എന്തോ ഒരു വേദന മുററിയതോടെ രാജദൃഷ്ടിയിൽ അകപ്പെടാൻ കൊതിക്കാതെ അപ്രത്യക്ഷയായി.

എല്ലാവരും അവിടെനിന്നും പോയപ്പോൾ സലിം വൈജയന്തിയുടെ അടുത്തുചെന്നു.

സലിം:—"അറിയാതെയെങ്കിലും, എന്നെ ഒരു വിഷമഘട്ടത്തിൽനിന്നും രക്ഷിച്ചതിനു് വളരെ കൃതജ്ഞതയുണ്ടു്. ഇച്ചെയ്യത്തിനു പ്രതിഫലമായി ഇതാ 'ഈ മാല വൈജയന്തി എടുത്തുകൊള്ളു."

വൈജയന്തി സലിമിന്റെ വാക്കുകേട്ടു്, ഒരു വലിയ ആളിന്റെ സമ്മാനം നിരാകരിക്കുന്നതു യോഗ്യമല്ലല്ലോ എ

ന്നുകരുതി ആ മുത്തുമാല വിറയ്ക്കുന്ന കയ്യിൽ വാങ്ങി. രാജകുമാരൻ അല്പനേരം എങ്ങിനെയോ അവളുടെ മുഖകമലത്തിൽ നോക്കി നിന്നുപോയി. അനന്തരം കൃത്യാന്തരാക്രാന്തനായി തിരിഞ്ഞു നടന്നു. സുന്ദരിയും നവയൌവനത്തിൽ കാലൂന്നിയവളുമായ ആ കന്യകയുടെ രൂപവിശേഷം ഉള്ളിൽ ചെയ്ത അത്ഭുതകർമ്മങ്ങളൊന്നും, കലുഷചിത്തനായിരുന്ന സലിം അപ്പോൾ അറിഞ്ഞില്ല. വൈജയന്തി അശക്തയായി രാജകുമാരൻ പിരിയവേ, ഒരു അരമതിലിന്മേൽ വീണു കണ്ണെടുക്കാതെ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു. അവളുടെ വിശാല നീലനയനത്തിൽനിന്നും ഒന്നുരണ്ടുതുള്ളി കണ്ണുനീർ മാറത്തുവീണു. സലിം അപ്രത്യക്ഷനായപ്പോൾ വൈജയന്തി കയ്യിലുണ്ടായിരുന്ന മുത്തുമാലയെ സസ്പൃഹം വീക്ഷിച്ച്, സ്നേഹത്തോടെ, അതു തന്റെ അധരപുടത്തിൽ ചേർത്തു ചുംബിച്ചു; അവൾ അതിനെ കൊങ്കത്തടത്തിൽ വയ്ക്കുകയുംചെയ്തു.

---

## അദ്ധ്യായം ൮.

---

### യുവരാജാവിന്റെ കൊട്ടാരം.

ഉമ്മർ കട്ടിലിൽ കിടക്കവേ സോഫിയ വക്കിൽ ഇരുന്നുകൊണ്ട് ഇങ്ങിനെ തുടങ്ങി.

സോഫി:—"ഒരു വിശേഷം അറിഞ്ഞോ? നദീറയെ അന്തഃപുരത്തിൽ ഒരു തോഴിയായി തിരുമനസ്സുകൊണ്ടു നിയമിച്ചു"

ഉമ്മർ:—(ആശ്ചര്യത്തോടെ) "നദീറയെയൊ –"

സോഫി:—"അതെ—ഓ—-ഒരു കാൎയ്യം വിട്ടുപോയി. കല്പിച്ച് അവൎക്കു് ഒരു പുതിയ പേരും കൊടുത്തു. വൈജയന്തി എന്നു്"

ഉമ്മർ:—(സന്തോഷത്തോടെ) "അവൎക്കു നല്ലകാലംവന്നു. അള്ള അവളെ കടാക്ഷിച്ചു. സോഫിയ! നമുക്കിതിൽ സന്തോഷിക്കയാണു വേണ്ടതു്."

സോഫി:—(അധരോഷ്ഠവൃത്തം നാലുപുറവും വളച്ചു പുളച്ചുകൊണ്ടു് ഒരു പുച്ഛസ്വരത്തിൽ) "എനിക്കിങ്ങനെ ഒരു വിശേഷപ്പെട്ട ആളിനെ കിട്ടിയല്ലൊ!—സന്തോഷിക്കണംപോലും. ഇന്നലെ എൻെറ കാലു കഴുകിയും ഞാൻ പറഞ്ഞതു കേട്ടും കിടന്നവൾ—ഇന്നു് എൻെറ ഒപ്പം കയറി ഇരിക്കുമ്പോൾ ഞാൻ സന്തോഷിക്കണം പോലും!—നല്ല കാൎയ്യം തന്നെ."

ഉമ്മർ:—"അന്യരുടെ മേൽഗതി കണ്ടു അസൂയപ്പെട്ടരുതു്.—ഒന്നിച്ചു് അതു നിനക്കാപത്തിനിടയാകും"

സാമ്രാജ്യങ്ങളുടെ ഇടയിൽപോലും ഒന്നിൻെറ ഉച്ഛ്രായത്തിൽ മററുള്ളവയ്ക്കു അസൂയയും ദുഃശങ്കയും ഉണ്ടാകാറുള്ള സ്ഥിതിക്കു് ഒരു വ്യക്തിയുടെ കാൎയ്യത്തിലും നൈസൎഗ്ഗികമായ ആ സ്വഭാവം നിന്ദ്യമൊ എന്നു അഥവാ സോഫിയ ഉമ്മറിനോടു ദുസ്തൎക്കം ചെയ്തിരുന്നെങ്കിൽ കൂടിയും ആ നിഷ്കളങ്കഹൃദയൻ കിടന്ന കിടപ്പിൽനിന്നും എള്ളിടപോലും ഇളകാതെ ഇപ്രകാരം ഉത്തരം പറയുമായിരുന്നു. വ്യക്തിയിൽ ദുൎഗ്ഗുണങ്ങൾ ഉള്ളയിടത്തോളംകാലം അവയുടെ സമവായമായ സാമ്രാജ്യത്തിലും അതു ഇല്ലെന്നു വരുന്നതല്ല. സാമ്രാജ്യങ്ങളുടെ ധീരകൃത്യങ്ങളെന്നു ഘോഷിക്കുന്ന പല സംഭവങ്ങളും ഉണ്ടാകുന്നതു്, സാധാരണഭാഷയിൽ പറയുന്നപക്ഷം വെറും കുശുമ്പും അസൂയയും അവനവൻ നന്നായി കഴിയണം എന്ന സ്വാൎത്ഥതയും മൂലം മാത്രമാണു്. ലോകസൃഷ്ടി മുതൽ അമൃതഹൃദയങ്ങൾ പ്രസ്ഥ

ന്ദിച്ച് സമത്വത്തിനും, കരുണയ്ക്കും, ശാന്തിക്കുംവേണ്ടി കരഞ്ഞിട്ടുണ്ടെങ്കിലും അനിർവാച്യമായ ഈ അത്ഭുതലോകവിഭ്രമത്തിൽ അതെല്ലാം സാധിച്ചിട്ടില്ല. മാനുഷചൈതന്യത്തിന്റെ ഐശ്വരമായ യത്നത്തിനുള്ള ഫലമായി, അവന്റെ അത്യുന്നതമായ വിജ്ഞാനസ്തംഭത്തിന്റെ ഉച്ചകേന്ദ്രത്തിൽ അനന്തകോടി സൂര്യപ്രഭയോടെ ഉജ്വലിച്ചു കണ്ടതും കാണുന്നതും കണ്ടിടുവതും എല്ലാ കഷ്ടനഷ്ടങ്ങൾ സഹിച്ചും മനുഷ്യൻ സമ്പാദിക്കേണ്ടതുമായ ആ പരമാദർശാവസ്ഥ—അയ്യോ!—മാനുഷലോകം ഇത്ര ആയിട്ടും ഒരംഗുലമെങ്കിലും അങ്ങോട്ടു നീങ്ങിയിട്ടുണ്ടോ? ഈ ഇളകിയ വികാരശബ്ദം കുറിക്കുന്നതു ഭ്രാന്തിനെയാണെന്നു ചിലർ പൂച്ഛിച്ചേക്കാം. അങ്ങിനെയല്ല. ഇതെല്ലാം കറയറ്റ പരമാർത്ഥം തന്നെയാണ്. ദിനങ്ങൾ കഴിയട്ടെ, വർഷങ്ങൾ പോകട്ടെ, ശതാബ്ദങ്ങൾ പറക്കട്ടെ—യുഗാന്തരത്തിലെങ്കിലും എന്തെങ്കിലും ഇതിന്റെ ഒരു ഫലം ഉണ്ടാകാതെ ഇരിക്കയില്ല. ദുശ്ശീലം സാമ്രാജ്യങ്ങൾക്കും കേടാണ്. രാജ്യത്തിനും കേടാണ്. അറിയപ്പെടുന്ന പുരാതനചരിത്രങ്ങളിൽ കൊടുത്തതിനു ഫലംവാങ്ങിക്കൊണ്ടു തകൎന്നുപോകുന്ന സാമ്രാജ്യങ്ങളുടെ ആത്യുച്ചഗംഭീരമായ മരണാവേദനാശബ്ദങ്ങൾ തുടരെത്തുടരെ നാം കേൾക്കുന്നു. ഒരു വ്യക്തിക്കും ഈ അനുഭവമില്ലെന്നുണ്ടോ? നിശ്ചയമായും ഉണ്ട്. സ്വപ്നത്തിൽപോലും പരന്റെ നേർക്ക് ദ്വേഷരൂപമായ ഒരു വികാരവും അയയ്ക്കരുത്. നീ വിചാരിക്കുന്ന ഓരോ വിചാരവും നിന്റെ നിൎമ്മലമായ അന്തഃകരണത്തെ തെളിയിക്കയൊ അഴുക്കാക്കുകയൊ ചെയ്യുന്നയാണ്. പണത്തെ സൂക്ഷിക്കുന്നതിലുള്ള ശുഷ്കാന്തിയേക്കാൾ കൂടുതൽ ജാഗ്രതയോടുകൂടി നീ നിന്റെ ഓരോ വിചാരത്തെയും സൂക്ഷിക്കുക. ഇതുകൊണ്ടായിരുന്നു സോഫിയയോടു ഉമ്മർ ഗുണദോഷിച്ചതു്.

ഭാരതീയകല്പനാശക്തിയുടെ തൂലികകൊണ്ടു രഞ്ജിച്ചുള്ള ആകൃതിവിശേഷത്തിന്റെ തനിച്ഛായയും നല്ലശില

വും കാൺകയാൽ അംബകുമാരി, വൈജയന്തിയെ തന്റെ തോഴിയായി സ്വീകരിച്ചു. പഴയ വസ്ത്രങ്ങളെല്ലാം ഉപേക്ഷിച്ചു് പട്ടുകളും ധരിച്ചു്, സാമാന്യം ആഭരണങ്ങളും അണിഞ്ഞപ്പോൾ നാരീസൌന്ദര്യംകൊണ്ടു്, വൈജയന്തി അക്ബർചക്രവൎത്തിയുടെ രാജധാനിയിലെ രാജ്ഞിയായി, അംബകുമാരിയുടെ സൌധത്തിൽവച്ചു് അവൾ യുവരാജാവിനെ രണ്ടുദിവസത്തിനകം പലപ്രാവശ്യവും കണ്ടു. വൈജയന്തിയുടെ ഉള്ളിൽ ആശയും നിരാശയും തമ്മിൽ കഠിനമായി പോരാടിത്തളൎന്നു്, അവൾ ഒരു ശാന്തഭാവത്തിനടിമപ്പെട്ടു.

ഉച്ചതിരിഞ്ഞു് നാലുനാഴികയായി. വൈജയന്തി അംബകുമാരിയുടെ മണിയറയിൽ മഞ്ചത്തിനടുത്തു് ഒരു പീഠത്തിലിരുന്നു്, ധൂളിമെത്തയിൽ തല കൈകൊണ്ടുതാങ്ങി പാൎശ്വംകൊള്ളിച്ചു്, അവളുടെ മുഖത്തു് ഉററുനോക്കിക്കൊണ്ടുകിടക്കുന്ന കുമാരിയോടു മധുരമായ നേൎത്തസ്വരത്തിൽ കഥപറയുകയാണു്. തത്സമയം സോഫിയ അവിടെ വന്നു് രാജകുമാരിയോടു ഇപ്രകാരം ചോദിക്കയായി.

സോഫി:—“കൊച്ചുതിരുമേനിക്കു് പാൽകൊണ്ടു കൊടുക്കേണ്ടയോ?”

അ: കു:—(അവൾ കുഴഞ്ഞുചൊന്ന സ്വരത്തിൽതന്നെ) “കൊച്ചുതിരുമേനിക്കു് പാൽ കൊണ്ടുകൊടുക്കേണ്ട” (പൊട്ടിച്ചിരിക്കുന്നു) സൊഫിയ! നീ പൊയ്ക്കൊള്ളു. ഇന്നു് പാലു് വൈജയന്തി കൊണ്ടുകൊടുത്തുകൊള്ളും. അതിവിടെ കൊണ്ടുവരു.”

സൊഫിയ, പാലു് ഒരു പീഠത്തിന്മേൽ കൊണ്ടുവച്ചിട്ടു്, ഉള്ളിൽ അല്പം മുഷിച്ചിലും ദേഷ്യവും ഉണ്ടായതു് പുറത്തുകാട്ടാതെ മുറിവിട്ടു.

അ: കു:—(എഴുന്നേററുനിന്നു വസ്ത്രം മുറുക്കിക്കൊണ്ടു്) “വൈജയന്തീ! നേരമായി—ഈ പാൽ നീ യുവരാജാ

വിൻെറ കൊട്ടാരത്തിൽ കൊണ്ടുചെന്നുകൊടുക്കണം. സൊഫിയയുടെ ഇയ്യിടെയുള്ള മട്ടും ഭാവവും ഒക്കെ കണ്ടിട്ട് എനിക്കു കുറേശ്ശ വെറുപ്പുതോന്നുന്നു."

ഇത്രയുംപറഞ്ഞു്, അംബകുമാരി ഒന്നു മന്ദഹസിച്ചു. വൈജയന്തിയുടെ ഉള്ളിൽ നിശ്ശബ്ദമായി ഒരു ബോംബുപൊട്ടി നാനാവിചാരങ്ങളാകുന്ന അനവധി നിലാഗ്ഗുളികകൾ നാലു പാടും വർഷിച്ചു്, ക്ഷണം അപ്രത്യക്ഷമായി. അവൾ ഭംഗിതോന്നുംവിധം തലകുനിച്ചു്, ലജ്ജയുടെ ലേശം മുഖത്തുപൂശി ഒന്നു പുഞ്ചിരിക്കൊണ്ടു. തൻെറ വാക്കുകേട്ടിട്ടാണു്, കന്യകയായ അവൾ ലജ്ജിച്ചുചിരിച്ചതെന്നു്, അംബകുമാരി വിചാരിച്ചു.

വൈജയന്തി പൈമ്പാലു തുളുമ്പുന്ന ഭാജനവും എടുത്തുതിരിച്ചു. വിരാടരാജധാനിയിൽ സുദേഷ്ണയുടെ ആജ്ഞയനുസരിച്ചു, കീചകസദനത്തിലേക്കു പുറപ്പെട്ട സൈരന്ധ്രിയുടെ അവസ്ഥയല്ലായിരുന്നു വൈജയന്തിക്കുണ്ടായിരുന്നതു്. 'സമസ്തജനഹാസ്യ'മായ ദാസ്യം നിനച്ചല്ലായിരുന്നു അവൾ തൻെറ ആസ്യം കുനിച്ചതു്. വൈജയന്തി 'പരിചൊടുനടന്ന'തും 'പഥികിമപിനിന്ന'തും യുവരാജസന്നിധിയിൽ താൻ എങ്ങിനെ പോകേണ്ടു എന്നും അവിടെ ചെന്നാൽ എന്തെല്ലാമാണു് വേണ്ടതെന്നും മററുമുള്ള സ്വയം സൃഷ്ടമായ ഒരു വിഭ്രമംകൊണ്ടു മാത്രമായിരുന്നു.

മന്ദംമന്ദം നടന്നു്, വൈജയന്തി സലിമിൻെറ വിശാലമായ മണിയറയിൽ കടന്നു. അതിൻെറ തറയും ചുമരുകളും സ്ഫടികസന്നിഭങ്ങളും തുഷാരസുന്ദരങ്ങളുമായ മാർബിൾക്കല്ലുകൾകൊണ്ടുണ്ടാക്കപ്പെട്ടിരുന്നു. ശാലയുടെ അടിമച്ചു വേണ്ടവണ്ണം വിതാനിച്ചതായിരുന്നു. അതിലുണ്ടായിരുന്ന ഉരുണ്ടവെള്ളത്തൂണുകളിൽ ചിത്രിതമായ മുന്തിരിവള്ളികൾ പടർന്നു ചുററിക്കൊണ്ടു അതിനുള്ളിൽ പട്ടുമെത്തകൾ തുന്നിപ്പിടിപ്പിച്ചും അല്ലാതെയും ഉള്ള പലവിധ

മായ മൃദ്വാസ്തരണങ്ങൾ ഉണ്ടായിരുന്നു. വൈജയന്തി അതിൽ പ്രവേശിച്ചപ്പോൾ ശില്പിചാതുൎയ്യം തെളിയിയ്ക്കുന്ന രമണീയമായ ആ മണിയറസ്ഥാനത്തിലായി വൈജയന്തിയുടെ കൃഷ്ണമണികൾ അവയുടെ ഗോളതലത്തിൽ വിരണ്ടോടിത്തുടങ്ങി. അവളുടെ പല്ലവകോമളമായ പാദദ്വയത്തിന്റെ ചേൎച്ചകൊണ്ടു്, ആ മാൎബിൾക്കല്ലുകൾ ഒന്നൊന്നായി കൂടുതൽ കുളിൎത്തു. അവയിൽ ഒരു രേഖയെടുത്തു്, അവിടവിടെയായി രക്തനിറമുള്ള താമരപ്പൂക്കളുടെ പ്രതിബിംബങ്ങൾ ഉണ്ടായി. സുഖാനുഭവികളുടെ സൌകൎയ്യത്തെയുദ്ദേശിച്ചുനിൎമ്മിതമായ ഒരു വിശേഷപ്പെട്ട സോഫയിൽ സലിം മദ്ധ്യാഹ്നനിദ്രയ്ക്കുശേഷം "സൈകതത്തട്ടിൽ ഗജേന്ദ്രൻപോലെ" ശയിക്കുകയായിരുന്നു. നടന്നുവരുവായ വൈജയന്തിയേക്കണ്ടു് ആദരിക്കാതെ നിവൃത്തിയില്ലെന്നായ ആ പ്രഫുല്ലനയനൻ, നിവൎന്നു്, 'വെൺപട്ടുറയുള്ള കാൽ തൂക്കിയിട്ടു'കൊണ്ടിരുന്നു. വൈജയന്തി അത്യന്തംപ്രാപിച്ചു്, നീരാളംകൊണ്ടുണ്ടാക്കി കിന്നരി പിടിപ്പിച്ച യുവരാജാവിന്റെ പാദാവരണത്തിൽ ഏകദൃഷ്ടി ഉറപ്പിച്ചു്, നമ്രമുഖിയായി നിന്നു. ഉമ്മത്തിൻപൂവിന്റെ ആകൃതിയിലുള്ള ഒരു സ്വൎണ്ണക്കോപ്പയും കൈക്കുപ്പി പിടിച്ചുനില്ക്കുന്ന വൈജയന്തിയോടു സലിം പുഞ്ചിരിയോടെ ചോദിച്ചു.

സലിം:—"പാത്രത്തിലെന്താണു്?"

വൈജ:—"അവിടുത്തേയ്ക്കു പാനംചെയ്വാൻ തന്നയച്ച കാച്ചിയ നറുംപാലാണു്."

ഇത്രയും പറഞ്ഞു വൈജയന്തി തല ഒരു കളരവത്തെപ്പോലെ ഇരുവശത്തേക്കും മെല്ലെ ഒന്നുരണ്ടുതനക്കിക്കൊണ്ടു് അടപ്പെടുത്തു പാത്രത്തിനുള്ളിൽ നോക്കി. പെട്ടെന്നു നിന്നുപോയ മണിനാദം കേൾക്കാൻ കൎണ്ണങ്ങൾ കൊതിക്കുകയാൽ യുവരാജാവു വീണ്ടും ചോദിച്ചു.

സലിം:—"വൈജയന്തിക്കു സുഖംതന്നെയോ?"

വൈജ:—"അച്ഛൻ തിരുമേനിയുടെ കൃപയുണ്ടായിട്ട് ബുദ്ധി മുട്ടില്ല".

സലിം:—(മധുരമായി) "നീ എന്നെ മറന്നുവോ?"

വൈജ:—(അല്പം കുഴങ്ങി) "സാധുക്കളോട് ഇങ്ങനെ ഒന്നും ചോദിക്കരുത്—പാൽ തണുത്തുപോകും—"

സലിം:—"പാൽ ചൂടോടെ കുടിച്ചുകൂടെന്ന് അറിഞ്ഞുകൂടെ?"

വൈജ:—"അറിയാം—പക്ഷെ ചെറിയ ചൂടോടെ കുടിക്കുന്നതാണ് ഉത്തമം."

സലിം:—(വൈജയന്തിയുടെ നീട്ടിയ മൃണാളാഗ്രത്തിൽനിന്നും ഭാജനം ഗ്രഹിച്ചുകൊണ്ട്) "ഈ മൃദുവായ പാണി പാലെടുത്തു തരുന്നതിനേക്കാൾ എന്റെ മണിയറയിൽ വീഞ്ഞൊഴിച്ചുതരാനാണ യോഗ്യമായിരിക്കുന്നത്."

വൈജ:—"പറഞ്ഞതു മനസ്സിലായില്ല. പാലിനെക്കാൾ വീഞ്ഞു നന്നായിട്ടൊ-അതൊ ഈ കൈകൾ ഈ കൃത്യത്തിന്ന കാഠിന്യമുള്ളതാകകൊണ്ടൊ? ഏതെന്നറിയുന്നില്ല?"

സലിം പുഞ്ചിരിയോടെ പാൽ വാങ്ങി കുടിച്ചു. ക്ഷീരപാനം ചെയ്തതിൽ തൃപ്തിവന്നെങ്കിലും ആ തരുണിയുടെ ചാതുര്യമേറിയ വാങ്മധുപാനംചെയ്തിട്ട് യുവരാജാവിന്ന പരിതൃപ്തി ഭവിച്ചില്ല. സലിം വൈജയന്തിയുടെ വദനത്തിൽ പ്രസന്നനേത്രനായി നോക്കി, സുവർണ്ണക്കോപ്പ നീട്ടിക്കൊടുത്തു. അവൾ അൽപവും അടുക്കാതെ അഞ്ഞു് അതു ഗ്രഹിക്കാൻ കൈനീട്ടി. യുവരാജാവു് പാത്രം ചെന്താമരപോലെ വിടൎന്ന അവളുടെ കൈത്തലത്തിൽ സമൎപ്പിച്ചുകൊണ്ട്, പഞ്ഞിയെക്കാൾ മാൎദ്ദവവും, മൃണാളഖണ്ഡത്തെക്കാൾ തണുപ്പുമുള്ള അംഗുലിദലങ്ങളിൽ ഒന്നിനെ യാദൃച്ഛികമായെന്നപോലെ സ്പൎശിച്ചു്, നിൎവൃതിപൂണ്ടു. വൈ

ജയന്തിയുടെ ശരീരത്തിൽ രോമരാജി താഴാതെയായി. അവളുടെ മുഖം നല്ലപോലെ ചെമന്നു. അവിടെനിന്നും നീങ്ങുവാൻ ശക്തയാകാതെ വൈജയന്തി മുഖം ഒരുവശത്തേക്കു തിരിച്ചു ദൂരെനോക്കി. അവളുടെ മൂദ്ധാവിൽ നിന്നും വക്കിൽ കസവുള്ള സാരി തെല്ലു നീങ്ങിപ്പോയി. കരിഞ്ചണ്ടിയുടെ ഇടയിൽ വീണുകിടക്കുന്ന വെൺതാമരദലംപോലെയുള്ളതും കമ്മൽ മിനുങ്ങുന്നതും ആയ അവളുടെ ചെവിയുടെ ഭംഗിനോക്കി യുവരാജാവു ശ്ലാഘിച്ചു. വളരെ കറുത്ത കേശം ആവരണം ചെയ്യുന്ന ആ കണ്ണും, അന്ധകാരസ്പൎശമുണ്ടായ വഞ്ചുളനികുഞ്ജത്തിനരികിൽ പറവുന്ന ഹംസപോതംപോലെ ഇരിക്കുന്നു എന്നു് സലിം ഉപമിച്ചു. വൈജയന്തി പെട്ടെന്നു ഞെട്ടിഉണൎന്നു്, സാരി തലയിൽ ശരിക്കിട്ടു് വിനയപൂൎവ്വം യുവരാജാവിനെ വന്ദിച്ചുശേഷം സങ്കോചത്തോടുകൂടിത്തന്നെ നടന്നുപോയി. എന്തെന്നുമേതെന്നും പറവാൻ മേലാത്ത ഒരു ചേതോഹരതയോടുകൂടി നടന്നു പൊയ്ക്കൊണ്ടിരുന്ന വൈജയന്തിയുടെ പുറവടിവിന്റെ നിസ്സീമമായ അഴകു്, നിൎന്നിമേഷനായി നോക്കിക്കൊണ്ടിരുന്ന സലിമിന്റെ ഹൃദയാംബുധി ഉജ്ജ്വലരസസലിലം തിങ്ങി വേലയേന്തി. അദ്ദേഹത്തിന്റെ ശരീരമാസകലം കോൾമയിൎക്കൊണ്ടു. ഇവയെല്ലാം ഒളിച്ചുനോക്കിക്കൊണ്ടു നിന്ന സോഫിയ രോഷത്തോടെ പല്ലുഞെൎമ്മിക്കൊണ്ടു് "ആകട്ടെ" എന്നുമറിനടന്നുപോയി.

---

## അദ്ധ്യായം ൯.

---

### വൈജയന്തി.

ഞാൻ പ്രശാന്തമായ ഒരു ആശ്രമപദത്തെയല്ല ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നതു്. നേരേമറിച്ചു്, ലൌകികജ

വിതത്തിൻെറ നിഖിലഭാവങ്ങളും നിറഞ്ഞ ഒരു രാജധാനിയേ ആണ്. ഇവിടെ ധ്യാനവും ഭക്തിയും മററും കണ്ടേക്കാമെങ്കിലും പ്രധാനവേഷങ്ങൾ പ്രാഭവം, മന്ത്രം, തന്ത്രം, ആലോചന മുതലായവയാണ്. ഇവിടെ പ്രാപഞ്ചിക പ്രേമം ഉച്ചസ്വരത്തിൽ പാടുന്നതു കേൾക്കാം; ക്രോധം ചെങ്ങിക്കലങ്ങിമറിയുന്നതു കാണാം. ആജ്ഞ സർവ്വം പിളക്കുന്നുണ്ട്. ഇവിടെ ഗൂഢകൃത്യങ്ങൾ മറവിൽക്കൂടിനുണഞ്ഞുപോകുന്നതു ദർശിക്കാം. ഉള്ളിൽ നശീകരണയന്ത്രങ്ങൾ നിറഞ്ഞ ധാർമ്മികം മന്ത്യതപം പുറമെ പുഞ്ചിരിക്കൊള്ളുന്നുണ്ടായിരിക്കും. നിരാശ തലംപാക്കിനോക്കി, വീണ്ടും ശിരസ്സുചായ്ച്ച കണ്ണുകൾ അടയ്ക്കുന്നതു വീക്ഷിക്കാം. ഉപായങ്ങൾ തിരസ്കരണിയോടെ വക്രഗതിയിൽ പോകുന്നതുകാണാം. മരണം ഗൂഢമായും പരസ്യമായും ഇവിടെ കൈകാലുകൾ തല്ലിപ്പിടയുന്നതു് ആലോകനം ചെയ്യാം.

ഒരു വിളർത്തപ്രഭയിൽ മയങ്ങിയിരുന്ന വൈജയന്തിയുടെ ഹൃദയാകാശത്തിൻെറ കിഴക്കരികിൽ ആശാഗോളം സമുദയംചെയ്തു. തനിക്കു സൌന്ദര്യമുണ്ടെന്ന് അവൾ തൃപ്തിപ്പെട്ടു; എങ്കിലും സലിമിനെപ്പററിയുള്ള ചിന്ത അത്ര ലഘുവാണെന്ന് അവൾക്കു തോന്നിയില്ല. സ്വമനോരഥപ്രിയനായ യുവരാജാവിൻെറ, തന്നോടുള്ള പെരുമാററംകണ്ട് അവൾക്ക് എന്തൊ വിശ്വാസവും ആശയും തോന്നി ലതാമണ്ഡപത്തിലെ നടപടികൾ ഓർത്തപ്പോൾ അവളുടെ അന്തരംഗം നിഷ്പ്രഭമായി. താൻകണ്ട സ്വപ്നം പരമാർത്ഥമായി പരിണമിച്ചേക്കുമോ എന്നു വൈജയന്തി സ്വയം ചോദിച്ചു. കിനാവിൽക്കണ്ട ആസനം മുഗൾസാമ്രാജ്യം ഭരിക്കുന്ന സിംഹാസനവും, അതിൽ, തന്നെ ആരോഹണം ചെയ്യിച്ച പുരുഷൻ സലിംതന്നെയും ആണോ എന്ന് അവൾ അമ്പരന്നുനോക്കി. അങ്ങിനെയാണെങ്കിൽ ആ സ്ഥിതിയുടെ ഭയങ്കരമായ അവസാനത്തിൻെറ അർത്ഥം എന്താ

ണെന്ന് അവൾ ആലോചിച്ചു. ആയതു് സാധാരണ കിനാവിനുണ്ടാകാറുള്ള അസംബന്ധമാററങ്ങളാണെന്ന് വൈജയന്തി ആശ്വസിച്ചു. യുവരാജാവിൻെറ കോമളരൂപം ചലനചിത്രവേഗത്തിൽ അവളുടെ ഉള്ളിൽ പ്രവേശിച്ചുകൊണ്ടിരുന്നു. എന്തുസംഭവങ്ങൾതന്നെവന്നാലും ആരുടെ തടസ്സങ്ങൾ ഉണ്ടായാലും സലീമിൻെറ നിഷ്കളങ്കഹൃദയം കിട്ടിയെങ്കിൽ താൻലോകത്തിലുള്ള മറേറതുകാൎയ്യങ്ങളും തൃണവത് ഗണിക്കുന്നതാണെന്ന് അവൾ നിശ്ചയിച്ചു. യുവരാജാവു്, അവളെപ്പോലെ പരിചാരകവൃത്തിയിൽ ഒതുങ്ങിയ ഒരാളായിരുന്നവെങ്കിൽ അനുരാഗംതിങ്ങിയ സ്വഹൃദയത്തെവേണമെങ്കിൽ അങ്ങോട്ടുതന്നെ പ്രാപിപ്പിച്ചു് തുറന്നു കാട്ടിക്കളയാമായിരുന്നുവെന്നു് വൈജയന്തി പറഞ്ഞു. സലിമിൻെറ ഉള്ളിലെ വികാരത്തിൻെറ പ്രകൃതം എന്തെന്നു് അവൾക്കു് അവ്യക്തമായിരുന്നു. അതുകൊണ്ടു് ആ പരിശുദ്ധ വല്ലാതെ പരുങ്ങി.

വൈജയന്തി എന്തായാലും ഒരു സ്ത്രീതന്നെ ആയിരുന്നു. യാദൃച്ഛികസംഭവരൂപേണ യുവരാജാവിനെ ഒന്നുകൂടി കാണ്മതിനു സൌകൎയ്യംകൊടുക്കുവാൻ അവൾ ഇച്ഛിച്ചു. അവളുടെ നയനദ്വയം രണ്ടു നക്ഷത്രങ്ങൾപോലെ തെളിഞ്ഞു. വൈജയന്തി തലമുടി നന്നായി ഒരുക്കിക്കെട്ടി, തനിക്കുള്ള സൎവ്വാഭരണങ്ങളും അതതിൻെറ സ്ഥാനത്തു മോടിയിൽ അണിഞ്ഞു. സലിം സമ്മാനിച്ച മുത്തുമാലയായിരുന്നു അവൾ ആദ്യമായി അണിഞ്ഞതു്. അംബികുമാരി നല്കിയ വിലപിടിച്ച പട്ടുവസ്ത്രങ്ങളും വൈജയന്തി അന്നു ധരിച്ചു. അനന്തരം സന്ധ്യയോടുകൂടി അവളുടെ ശരീരം ഭൂമിയിലും മാനസം അതിമോഹനമായ പല അംബരാന്തപ്രദേശങ്ങളിലൂമായി വൈജയന്തി പ്രമദവനത്തിലേക്കു തിരിച്ചു.

അന്തിമയങ്ങിയപ്പോൾ സലിം തൻെറ മണിമേടകളിൽ എഴുന്നേററുനിന്നു്, 'ആരവിടെ?' എന്നു് ഉറക്കെ ചോ

ടിച്ചു. അവിടെ ഉണ്ടായിരുന്ന ഒരുത്തുണ്ട്, പ്രസവിച്ചുവിട്ട തുപോലെ സോഫിയ പെട്ടെന്ന് പ്രത്യക്ഷമായി വെളിയിൽ പോകുവാൻ വസ്ത്രധാരണം ചെയ്യേണ്ടതിനു വേണ്ടതെല്ലാം എടുത്തുകൊടുക്കാൻ യുവരാജാവ് അവളോട് ആജ്ഞാപിച്ചു. സോഫിയ ദ്രുതഗതിയിലും അസാമാന്യമായ ആദരത്തോടും വേണമെങ്കിൽ വാലാട്ടി പിറകേചെല്ലുന്ന വികൃതമായ ഒരു പ്രേമഭാവത്തോടും പുതിയ പാപ്പാസുകളും നീരാളഉടുപ്പുകളും, വാസനാചൂർണ്ണങ്ങളും എല്ലാം എടുത്തുകൊടുത്തു. യുവരാജാവിൻെറ യാത്ര എവിടേയ്ക്കെന്ന് സോഫിയയ്ക്കു നല്ലപോലെ അറിയാമായിരുന്നു സലിം അലങ്കാരമെല്ലാം കഴിഞ്ഞു്, പോകുവാൻ ഭാവിച്ചപ്പോൾ സോഫിയ വളരെ താഴ്മയോടെ ഇങ്ങിനെ അറിയിച്ചു-

സോഫി:—(പ്രസന്നമുഖിയായി) "തിരുമേനിയേക്കണ്ട് സൌഭാഗ്യവതിയായ മിഹിരകുമാരി ഇന്ന് ഏററവും സന്തോഷിക്കും".

സലിം:—(തിരിഞ്ഞു്) "സോഫിയ! നിൻെറ പരിചരണം കൊണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു—നിനക്ക് എന്താണു വേണ്ടതു്—പറയൂ:—"

"നിനച്ചിരിക്കാതെ ലഭിച്ച സുവർണ്ണാവസരം പാഴാക്കിക്കളയാതെ ആ അതിമോഹക്കാരി ഇങ്ങിനെ അഭ്യർത്ഥിച്ചു.

സോഫി:—"അടിയന് മറെറാന്നുംവേണ്ട തിരുവുള്ളമുണ്ടായി ഇന്നുരാത്രി മണിയറയിൽ വിശറിപിടിക്കുവാൻ ഇവൾക്കു അനുവാദം അരുളിയാൽ മതി."

സലിം:—"ശരി—അങ്ങനെതന്നെ. ഇന്നുമുതൽ നിന്നെ ഞാൻ എൻെറ വിശറിക്കാരിയായി നിയമിച്ചിരിക്കുന്നു".

അനന്തരം അന്തരംഗം തുള്ളിച്ചാടുന്ന സോഫിയെ വിട്ടു്, സലിം കോണിപ്പടിയിറങ്ങിപ്പോയി.

വൈജയന്തിയെ അടുത്തു കാണുന്നതിനു വായനക്കാരുടെ കണ്ണുകൾ ഒന്നുവിടത്തിനോക്കണമെന്ന് അപേക്ഷ. അവൾ ഈ ചന്ദ്രോദയവേളയിൽ പ്രമദവനത്തിൽ യുക്തമെന്നുതോന്നിയഒരുഭാഗത്തുനില്ക്കുകയാണു്. നാലുപുറത്തും ലതകളും, തളിരുകളും, കുസുമങ്ങളും, ഷഡ്പദങ്ങളും, നീലകാന്തിയും, നിറഞ്ഞ ഈ ഉദ്യാനത്തിൽവച്ചു വർണ്ണിക്കുന്നതായാൽ വൈജയന്തിയെന്ന രമണീയമായ ഉപമേയപദാർത്ഥത്തിന് ഉപമാനങ്ങൾ അന്വേഷിച്ചു്, ഞാൻ എങ്ങും അലയേണ്ടതായി വരികയില്ല. വൈജയന്തിക്കു പതിനെട്ടുവയസ്സോളം പ്രായമായി- അവൾക്കു് ഒത്ത നീളമുണ്ടു്; അവൾ കൃശയാണെന്നു പറയാമെങ്കിലും ഉരുണ്ടു ദൃഢമായ ആ ശരീരത്തിൽ വേണ്ടയിടത്തെല്ലാം മാംസപുഷ്ടി ധാരാളം കാണുന്നു. പാരസീകദേശത്തു ജനിച്ച അവളുടെ നിറം ഇവിടങ്ങളിൽ കാണുവാൻ പ്രയാസംതന്നെയാണു്. വൈജയന്തിയുടെ വർണ്ണം, താഴമ്പൂവിനും, ചെമ്പകത്തിനും, നീലോല്പലപുഷ്പത്തിനും ഉള്ളതല്ല. സുന്ദരിയായ ഒരു ആംഗ്ലേയവനിതയെപ്പോലെ അവൾ വെളുത്തതുമല്ല. എന്നാൽ ശരൽകാലത്തു് വെൺമതിയുടെ മഞ്ഞക്കതിരുകൾ വീണു് തിളങ്ങി, ആകാശത്തിൽ നീന്തിപ്പോകുന്ന ഒരു വെൺമേഘക്കീറിൻെറ ധവളപാണ്ഡുരമായ നൂതനകാന്തിയാണു് അവളുടെ കളേബരത്തിനുള്ളതു്. വൈജയന്തിയെ കാണവേ, നാം ആടിമാസത്തിലെ ക്രൂരിരുൾ, ചന്ദ്രക്കല, പവിഴം, മുത്തു് എന്നിങ്ങനെയുള്ള വിശിഷ്ടവസ്തുക്കൾ ഓർത്തുപോകുന്നു. കരിങ്കുയിലിന്റെ തൂവിതകൈപ്പോലെയെങ്കിലും, എണ്ണ പുരട്ടിക്കുളിപ്പിച്ച അതിൻെറ പുഷ്കരത്തേക്കാൾ കറുപ്പിലും വർണ്ണത്തിലും പിറകിൽ പിന്നി നീട്ടിയിട്ടിരിക്കുന്ന [illegible]ശവും കവിഞ്ഞു്, താണുകിടക്കുന്ന[illegible]ൽ ചോലപോലൊഴുകിവീണു്, ക[illegible]ന്നെ വെള്ളസ്സാരിക്കുള്ളിൽ നിഴലിച്ചുകാണുന്നു. [illegible]സ്സാനെ

ആവരണം ചെയ്യുന്ന ആ ഫാലഭാഗത്തിനരികിൽ വീണു ചുരുളുന്ന അളകങ്ങൾ, കാററുതട്ടി സംചലിക്കുന്നു. അവളുടെ പുരികങ്ങൾ ചിത്രരേഖാദ്വയമത്രെ. നയനപ്രദേശം, വെളിച്ചം, കറുപ്പ്, ധവളിമ, നീലം എന്നിവയുടെ ഒരു സങ്കലനമാകയാൽ കണ്ണുകളുടെ ഭംഗി വാക്കുകളിൽ അടക്കുന്നതിനു സാദ്ധ്യമല്ല. വൃത്തിയുള്ള നാസികയും കഴിഞ്ഞു നോക്കുമ്പോഴാണു്, വൈജയന്തിയുടെ മുഖത്തിൽ ഏററവും മനോഹരമായ ഭാഗം നാം കാണുന്നതു്. അതു് അവളുടെ ചെമന്ന അധരമാണു്. അധരോഷ്ഠങ്ങളുടെ കോണുകൾ നേൎത്ത രേഖകളിൽ അവസാനിച്ചിരിക്കുന്നു മദ്ധ്യഭാഗത്തേക്കു വരുംതോറും അതു വികസിക്കുന്നു. അധരമദ്ധ്യം രണ്ടു കുങ്കുമക്കുമിളകൾ യോജിപ്പിച്ചതുപോലെയിരിക്കുന്നു. അരുണമഞ്ജുളമായ ഈ അധരോഷ്ഠങ്ങൾ വിദലിതമാകവേ ഉള്ളിൽ കാണാറാകുന്ന രണ്ടു പൽമുത്തുകളുടെ അംശങ്ങൾ വിതറുന്ന ധവളകാന്തി, അവളുടെ മുഖത്തിന്റെ മോഹനശക്തിയാകുന്നു. ആ രുചിരപ്രദേശം പ്രേമമെന്ന വാങ്മധു പൊടിയുന്ന പാടലപുഷ്പംതന്നെയാണു്. കപോലസ്ഥലങ്ങൾ വളഞ്ഞു വാൎന്നിറങ്ങി, അവളുടെ താടി ഒരു ചെറിയ വൃത്തത്തിൽ അവസാനിച്ചിരിക്കുന്നു. വൈജയന്തിയുടെ വദനകമലം രാമണീയകത്വത്തിന്റെ ഉത്ഭവപദാൎത്ഥമെന്നേ പറഞ്ഞുകൂടു. അവളുടെ ഉയൎന്ന മാറു് യൗവ്വനത്തള്ളൽതന്നെ. ഘനമുള്ള ഏതോ വസ്തു വഹിക്കുന്നതുപോലെ ശ്രമപ്പെട്ടാണു വൈജയന്തിയുടെ കാലുകൾ നീങ്ങുന്നതു്.

ഈ അമൂല്യരത്നത്തിനു വിലമതിക്കുവാൻ പ്രാപ്തിയുള്ള രസികഹൃദയം ബ്രഹ്മാവു് ഈ ലോകത്തു നിൎമ്മിച്ചിറക്കിയിട്ടുണ്ടോ എന്നു സംശയിച്ചുപോകുന്നു. നാനാവികാരങ്ങൾകൊണ്ടു് ശിഥിലിതമായുള്ള മാനുഷഹൃദയത്തിന് അവളിൽ പരിണമിക്കുന്ന സ്ഥായിരസത്തിന്റെ പൂൎണ്ണത്വം ആസ്വാദിക്കുവാൻ കരുത്തുണ്ടോ എന്നു് എനിക്കു തോന്നുന്നില്ല.

യമനിയമാദിയുള്ള മാമുനിവർഗ്ഗമദ്ധ്യത്തിൽ വൈജയന്തി വിരിഞ്ചസൃഷ്ടിയുടെ കൌതുകകരമായ ഒരു കോമളമാതൃകമാത്രമായിരിക്കാം, എന്നാൽ കാമക്രോധാദികൾ ബാധിച്ച പൂരുഷയൌവ്വനതൈക്ഷ്ണ്യത്തിനു ഈ സ്ത്രീ അനൎത്ഥകരമായ ഒരു ലഹരിപദാൎത്ഥം തന്നെയാണു്. കാമാന്ധരായ യുവലോകമദ്ധ്യത്തിൽ ഇവൾ ഉടവുകൂടാതെ ഇരിക്കുമൊ? വൈജയന്തി ഈ ലോകത്തേക്കു പററിയതല്ല. അവൾ അംബരസീമയിലുള്ള ഗന്ധർവ്വനഗരിയിൽ, കനകഹൎമ്മ്യത്തിൽ ഇരുന്നു്, സൎവ്വദാ പ്രേമഗീതം പാടി ആടേണ്ടവളാണു. അവളുടെ ദാസ്യം വൈജയന്തിക്കുതന്നെ അദ്ഭുതമായി തോന്നി. മധുരമായ ആജ്ഞകൾക്കായിരുന്നു അവളുടെ ഭാവം ഉചിതമായിരുന്നതു്. പ്രേമമെന്ന ഹൃദ്യകവികാരം ഈ നവതാരുണ്യദശയിൽ, അവളിൽ മററുള്ള വികാരങ്ങൾക്കു ദൗർബ്ബല്യതമുണ്ടാക്കി. ശുദ്ധവും പരിപൂൎണ്ണവുമായ പ്രേമാഹ്ളാദം അനുഭവിക്കുന്നതെവിടെയെന്നു അത്യാഗ്രഹത്തോടെ അവൾ വിഭ്രമവീക്ഷണം ചെയ്തു. പ്രേമസമുദ്രത്തിൽ നീന്തിത്തുടിച്ചു തളരുന്നതിനു വൈജയന്തി ആഗ്രഹിച്ചു. ഒരുപക്ഷെ അതിൽ താഴ്ന്നു മരണം പ്രാപിച്ചുപോയാൽകൂടി അതും അതിന്റെ സമഗ്രമായ ആനന്ദപൂരമായിരിക്കുമെന്നു അവൾക്കു തോന്നി. ആശ്ചൎയ്യം! അവൾ പ്രകൃതിയുടെ ഒരു അദ്ഭുതശിശുവായിരുന്നു. വൈജയന്തി പ്രതീക്ഷിച്ചു് നാലുപാടും നോക്കിക്കൊണ്ടുനിന്നു. നിൎമ്മലമായ ആകാശം, സാന്ധ്യപാടലവൎണ്ണവും വിളത്ത പൂനിലാവും കലൎന്ന മന്ദപ്രഭ, മുല്ല പിച്ചി മുതലായ വല്ലികളുടെ കുസുമപരിമളം പരന്ന പുഷ്പവാടി, തളൎന്നു സഞ്ചരിച്ചുകൊണ്ടിരുന്ന തെന്നൽ, ഇവയെല്ലാം ആശയും ആഹ്ളാദവും നിറഞ്ഞ ഹൃദയത്തിൽ സ്പൎശിച്ചു്, സുഖാധിക്യംകൊണ്ടു ലഘൂകരിക്കയാൽ താൻ എന്താണു ഉയരാത്തതു്, എന്താണു് ആകാശത്തിലൂടെ പറക്കാതിരിക്കുന്നതു്, എന്തുകൊണ്ടാണു് ആനന്ദപ്രദമായ സ്വപരിതഃസ്ഥിതികളിൽ അ

ലിഞ്ഞു ചേരാതപ്പോൾ, തന്നിൽനിന്നും മൃണാളതന്തുക്കൾപോലെ നേൎത്തതായ സ്വരവിശേഷം പൊട്ടിപ്പുറപ്പെട്ടന്നില്ലല്ലൊ! എന്നെല്ലാം വൈജയന്തി മനനംചെയ്തു. പ്രകൃതിയുടെ സൌന്ദൎയ്യത്തിൽ സന്തോഷം സഹിക്കവയ്യാതെ ആ തരുണി അടുത്തുണ്ടായിരുന്ന ഒരു മസൃണശിലാപട്ടത്തിന്മേൽ ചെന്നിരുന്നു ചുണ്ടുകൾ പൊളിച്ചു്, ഒരു പൈങ്കിളിയെപ്പോലെ ഇവ്വണ്ണം ഗാനം ചെയ്തു.

കാന്തനെയോൎത്തുകാമിനി—കൊട്ടം
കാന്താരദേശേയലഞ്ഞു;
നീലായതലോചനത്തിൽ—നിന്നു,
കീലാലലോലകണങ്ങൾ,
ആലോലെവീഴ്ത്തിനടന്നു—പിന്നെ-
ആരാമമൊന്നിലണഞ്ഞു;
തങ്കക്കുഴമ്പിൽക്കുളിച്ചു്—രസം—
തങ്കുന്നപൂങ്കുലതോറും,
ഉൾക്കുതുകേനപറക്കും—കണ്ണാം—
പക്ഷികളെലൊളികണ്ടു,
തെല്ലുകഴിഞ്ഞോരളവിൽ—കിഴ-
ക്കെല്ലാംരജതംപരത്തി,
വാരിളംതിങ്കളുയൎന്നു—തന്റെ,
താരപരിവാരമോടെ;
പണ്ണപ്പഴത്തുകളുടെ—മന്നി-
ലുന്മത്തുടങ്ങിനിലാവും;
ചന്ദനക്കൊമ്പുതഴുകീ—നല്ല,
മന്ദാനിലനുമണഞ്ഞു;
കഞ്ജമിഴിയവളപ്പോൾ—മൃദു-
മഞ്ജുളമാകിനനാദം,
ചാലെമുരണ്ടുതിളങ്ങി,—വെള്ളി-
ച്ചോലചരിപ്പതുകണ്ടു;

കാട്ടുപുഴതൻകരയിൽ—ച്ചെന്നു,
മട്ടോൽമൊഴിയുമിരുന്നു;
ചന്ദ്രനൊളിച്ചിരിതൂവി—ക്കാര്യം;
മന്ത്രിച്ചരുവിയൊഴുകി;
മാരുതൻനിശ്വാസമിട്ടു—കിളി,
ചാരുവാൎയ്ക്കൂട്ടിലിടറി-
ശീതളദായകമായ—രണ്ടു-
കോമളക്കൈകൾപിറകിൽ,
ആവിൎഭവിച്ചു്,കവിളിൽ—തെല്ലും
നോവിച്ചിടാതെയമൎത്തി;
“ഓമനേ! ഓമനേ!”എന്നു—ഒരു
കോമളകണ്ഠംവിളിച്ചു;
ഗണ്ഡംതിരിച്ചവളപ്പോൾ—നീണ്ട-
കണ്ണുവിടൎത്തിയിരുന്നാൾ;
ചന്ദ്രനണഞ്ഞതുപോലെ—നിജ-
കാന്താനനംകണ്ടചാരേ;
കണ്ണുകൾക്രുമ്പീ;തളൎന്നു;—തമ്പി,
പുണ്യവാൻമാറിലമൎന്നു-
ചുംബനത്തിൻതണുപ്പാലേ—കണ്ണു-
ചിമ്മിത്തുറന്നൊരുകാലേ,
ക്രൂരിരുൾതിങ്ങിയിരുന്നു—മുറി;
ഓരിയിടുന്നുകുറുക്കൻ,
നീണ്ടനിശ്വാസങ്ങൾവിട്ടു—ദീന,
കണ്ഠനാളത്തിൽമുരണ്ടു;
“രാവേ! ചതിക്കരുതെന്നെ—ഇത്ഥം
രാവേ!ചതിക്കരുതെന്നേ”.

പാട്ടു പാടിത്തീൎന്നു്, ശരീരം നിശ്ചലമാക്കി, അല്പനേരം കണ്ണു തെല്ലടച്ചിരുന്നതിന്റെശേഷം,“പാവം—കിനാവു അവളെ ചതിച്ചു” എന്നു സ്വയം മന്ത്രിച്ചു് വൈജയന്തി

ചെറുതായൊന്നു പുഞ്ചിരികൊണ്ടു. അവർ അവിടെനിന്നും എഴുന്നേററു. അടുത്തു് ഒരു കുസുമം വികസിച്ചുനില്പതു കണ്ടു്, പറിക്കുവാനായി ചെന്നു. പൂവിറുത്തെടുക്കവേ, കൂർത്തിരുന്ന ഒരു കമ്പിൻെറ അററംകൊണ്ടു് വൈജയന്തിയുടെ അംഗുലികളിൽ ഒന്നു കുറച്ചുമുറിഞ്ഞു; രക്തവും പൊടിച്ചു. അവർ കൈവലിച്ചെടുത്തു് നോക്കവേ, നിശ്വാസശബ്ദവും കാൽപെരുമാററവും, അതോടൊന്നിച്ചു് ധൃതിയിൽ, "എന്തു്, മുറിഞ്ഞുവോ?" എന്നൊരു ചോദ്യവുംകേട്ടു്, പുരോഭാഗത്തുനോക്കി. ആഗ്രഹം പെട്ടെന്നു ഫലപ്രദമായി അടുത്തെത്തിയപ്പോൾ അവളുടെ ഉള്ളു വല്ലാതെ ത്രസിച്ചു.

---

## അദ്ധ്യായം ൯.

## പ്രേമോൽകഷം

യുവരാജാവായ സലിം പ്രമദവനത്തിലൂടെ മിഹിരയോടു ചേരുവാനുദ്ദേശിച്ചുവന്ന സമയം ഉദ്യാനത്തിൻെറ ഒരു കോണിൽ നിന്നും വളരെ നേരിയ ഒരു ഗാനം കേട്ടു. "സ്വരത്തിനുടെ മാധുര്യ്യ"വും "ഒരുത്തി"യാണെന്ന നിശ്ചയവും യുവരാജാവിനെ അങ്ങോട്ടാകർഷിച്ചു. ഒരു വള്ളിക്കുടിലിനു മറഞ്ഞുനിന്നുകൊണ്ടു്, സലിം അങ്ങോട്ടു നോക്കവേ, ശിലാതലത്തിൽ ആനന്ദാനുഭൂതിയനുഭവിച്ചു്, പാടിക്കൊണ്ടിരുന്ന വൈജയന്തിയെ കണ്ടു. ആ കാഴ്ച അന്നുപകൽ തനിക്കുണ്ടായ മനഃസ്ഥിതിയെ പുനജ്ജീവിപ്പിച്ചു്, അഭിവൃദ്ധിയിലെത്തിക്കുവാൻ തുടങ്ങി. ആ സുന്ദരരൂപവും സുന്ദരഭാവവും കാണുകയും, മധുരസ്വരം കേൾക്കയും കൂടി ചെയ്തപ്പോൾ സലിമിൻെറ ഹൃദയം ആകപ്പാടെ ഒന്നിളകിമറിഞ്ഞു്, ഒരു പുതിയ രീതിയിൽ ഉറയ്ക്കുവാൻ തുടങ്ങി. ത

ൻെറ മാനസത്തിലെ കാമിനിപ്രേമം മുഴുവനും മുൻപിൽ കണ്ട വിഗ്രഹത്തിലേക്കു ഒലിച്ചുപോകുന്നതുപോലെ അദ്ദേഹത്തിനു തോന്നി; എന്നു തന്നെയുമല്ല തെളിവുള്ള നൂതനമായ അനുരാഗതൂധരിക അവിടെ പൊട്ടി ഒഴുകുന്നതുപോലെയും സലിമിനു അനുഭവമുണ്ടായി. അദ്ദേഹം വൈജയന്തിയേ നിന്നിമേഷനായി നോക്കിക്കൊണ്ടു നിന്നു. അവൾ ഗാനം നിൎത്തി, എഴുന്നേററു് ശ്രമം തങ്ങി നടന്നപ്പോൾ, യുവരാജാവിൻെറചിത്തം ഉലഞ്ഞു; അവൾ കുസുമം ഗ്രഹിക്കവേ അംഗുലിയിൽ മുറിവേററു എന്നു കണ്ടു് അതു കരഞ്ഞു. ഝടിതിയിൽ "എന്തു്, മുറിഞ്ഞുവോ?" എന്നു ചോദിച്ചുകൊണ്ടു് സലിം അവളുടെ മുൻപിൽ പ്രത്യക്ഷനായി. വൈജയന്തി ആ യുവപൂരുഷനെ നോക്കിയ സമയം, കണ്ണുകൾ കണ്ടില്ല എന്ന മട്ടിൽ ലജ്ജകൊണ്ടു നമ്രമുഖിയായി. സലിം ഒന്നുകൂടി അടിപണിഞ്ഞവനായി, ഇപ്രകാരം ചോദിച്ചു് സ്വാതന്ത്ര്യത്തോടെ അവളുടെ അംഗുലി പിടിച്ചുനോക്കി.

സലിം:—"വൈജയന്തിക്കു വേദനയെടുക്കുന്നുണ്ടോ?"

വൈജ:—(കൈവലിച്ചെടുത്തു മാറിനിന്നു് ആദരത്തോടെ) "വേദന ഉണ്ടായാലും ഇല്ലെങ്കിലും എനിക്കെന്തു.!"

സലിം:—"നീ ധൈൎയ്യമുള്ളവളായിരിക്കാം. എന്നാൽ കാണുന്നവരുടെ ഉള്ളിനെ അതു വല്ലാതെ നോവിക്കുന്നല്ലോ."

വൈജ:—"ഒരു പരിചാരികയോടു അവിടുന്നു്, ഇപ്രകാരമൊന്നും കനിഞ്ഞു പറയരുതു്."

സലിം:—"നി ഒരു പരിചാരികയല്ല—അത്ഭുതം! ദാസ്യത്തിനു ഔചിത്യമില്ലാതായിത്തിൻ— വൈജയന്തീ! ക്രൂരജന്തുക്കൾക്കുപോലും നിന്നെക്കണ്ടാൽ ഉണങ്ങാതിരിപ്പാൻ നിവ്വാഹമില്ല. പിന്നെ മനുഷ്യരുടെ കഥ പറയണോ. ഒരു പുരുഷൻ ദശനമാത്ര

യിൽ നിന്നെ ശിരസ്സിൽ ചൂടുന്നില്ലെങ്കിൽ അവൻ പുരുഷനേ അല്ല."

വൈജ.—"അവിടുന്നു് ഇങ്ങിനെ ശ്ലാഘിക്കരുതു്."

സലിം:—(നിശ്വാസത്തോടെ) "അല്ലേ! സൌന്ദര്യപൂരമെ! നീ അനുഭവത്തിനു അകന്നു നിൽക്കുന്നെങ്കിലും ശ്ലാഘിക്കുന്നതിനുകൂടി അനുവാദം തരുന്നില്ലെങ്കിൽ മഹാ കഠിനമാണു്."

വൈജ:—"ഞാൻ അനാശ്രയയായി."

സലിം:—"ഒരിക്കലുമില്ല......നിൻെറ സ്വരം ഇടറുന്നതെന്താണു്? മുഖം വാടി മങ്ങിയിരിക്കുന്നതിൻെറ കാര്യം എന്നോടു പറയൂ."

വൈജയന്തി നയനങ്ങൾ നിമീലനംചെയ്തു അധോമുഖിയായി നിന്നു.

സലിം:—(ചൂണ്ടിക്കാട്ടിക്കൊണ്ടു്) "അതാ ഒരു കാർമേഘശിഖരത്തെ തൊട്ടുനിൽക്കുന്ന ആ പൂർണ്ണചന്ദ്രനെപ്പോലെ നിൻെറ മുഖം വിളർത്തുമിരിക്കുന്നു. വൈജയന്തി എന്നോടു് ഉരിയാടുന്നുമില്ല-"

ഉള്ളിൽ അളവില്ലാതെ തിങ്ങിപ്പൊങ്ങിവന്ന പ്രേമവികാരവും സുഖപ്രദമായ സങ്കടവും സ്ത്രീസഹജമായ സാമർത്ഥ്യത്തോടെ അടക്കിക്കൊണ്ടു്, "അവിടുന്നു് ഇങ്ങിനെ കുഴക്കരുതു്—ഞാൻ ആരാണു്?" എന്നു മാറുവീർത്തുച്ഛ്വസിച്ചു്, വൈജയന്തി തിരിഞ്ഞു നടന്നു. അവൾ പതുക്കെ പോയി അടുത്തുണ്ടായിരുന്ന ഒരു മദേമവിഗ്രഹത്തിൽ ശരീരം ചായ്ച്ചു്, അങ്ങോട്ടു തിരിഞ്ഞുനിന്നു. സലിം അവളെ തുടൎന്നു ചെന്നു്, സമീപവർത്തിയായി, ശാന്തമൃദുവായും ശക്തിമത്തായും ഉള്ള സ്വരത്തിൽ തുടൎന്നു.

സലിം:—"വൈജയന്തി! എങ്ങിനെയെന്നു് എനിയ്ക്കു ഒരു രൂപവുമില്ല—ഞാൻ നിന്നെ അതിരററു സ്നേഹിക്കു

ന്നു. എനിക്കുള്ള സവ്വും എൻെറ സാമ്രാജ്യം മുഴു വനും, എന്നെയും ഇതാ നിൻെറ കാൽക്കൽ സമപ്പി ക്കുന്നു. മററൊന്നും ചെയ്യാൻ ഞാൻ ശക്തനല്ല."

വൈജയന്തിയുടെ നേത്രങ്ങൾ രണ്ടു നക്ഷത്രങ്ങളോടൊപ്പം ദീപ്തമായി. അവളുടെ വദനം എന്തോ ദിവ്യചൈതന്യം ഉൾതിങ്ങി പ്രകാശിച്ചു അവൾ വിലാസഭംഗിയുടെ മൂദ്ധന്യദശയിലെത്തിയ അംഗചലനത്തോടെ തിരിഞ്ഞു് അരുണാധരമദ്ധ്യത്തിൽ പുഞ്ചിരി പൊടിപ്പിച്ചുകൊണ്ടു് ചോദിച്ചു.

വൈജ:—"അവിടുന്നു് എന്താണു പറഞ്ഞതു്?"

സലിം:—"വൈജയന്തി എൻെറ പട്ടമഹിഷിയാണെന്നു്"

വൈജ:—"അവിടുന്നു് അതു വൃഥാ പറകയല്ലേ?"

സലിം:—"ഈ പറയുന്നതു യഥാത്ഥം തന്നെയാണു്"

വൈജ.—"അല്ല—അവിടുന്നു് ആ സ്ഥാനം വേറൊരാൾക്കു കല്പിച്ചുകൊടുത്തുപോയി."

സലിം:—(സംഭ്രമത്തോടെ) "ആക്കു്?"

വൈജ:—"സുന്ദരിയായ മിഹിരയാണു് അതിനു യോഗ്യയായിട്ടുള്ളതു്"

സലിം:—"വൈജയന്തീ! കഷ്ടം! നിനച്ചിരിക്കാതെ ഭാവിയിൽ ലഭിച്ചിടുന്ന നിധിയുടെ സ്ഥിതിയനുസരിച്ചു കാര്യങ്ങൾ ചെയ്യാനും പറയാനും മനുഷ്യൻ ദിവ്യദൃഷ്ടിയില്ലാത്ത ഒരു വസ്തുവാണു്."

വൈജ:—"അപ്രകാരം മററൊരാളോടു വാഗ്ദാനം ചെയ്തിട്ടു്, ഇപ്പോൾ അങ്ങു് ഈ വിധം പറയുന്നതു് അന്യായമാണു്."

പ്രേമവിഷയത്തിൽ സ്ത്രീകൾ അന്യതരുണികളോടു് അനുകമ്പയുള്ളവരായിരുന്നെങ്കിൽ ശയ്യാഗൃഹത്തിൽ കോ-

പം, പരിഭവം, ഇത്യാദി ഭാവവിശേഷങ്ങൾക്ക് പ്രവേശമേ ലഭിക്കയില്ലായിരുന്നു. ഒരു പുരുഷന്റെ പ്രേമം ആക്രമിച്ചടക്കുന്ന കാൎയ്യത്തിൽ സീമന്തിനികൾ സ്വാൎത്ഥപരർതന്നെയാണ്. ആകയാൽ അൎത്ഥം ഗർഭിച്ച വൈജയന്തിയുടെ വാക്കുകൾ കേട്ടാൽപോലും സൎവ്വത്ര സമദർശികളായവർകൂടി അവളെ കുററപ്പെടുത്തുകയില്ലെന്നു വിശ്വസിക്കുന്നു. അതിസ്നേഹം സന്ധിച്ചിട്ടുള്ള മംഗളസ്രൈണഭ്രൂവിൽനിന്നും ഉദ്ഗളിച്ച ആഗ്രഹവചനം ആവൎത്തിക്കാതിരിപ്പാൻ രാമഭീമാദികൾപോലും അമ്പും വില്ലും, ഗദയും എല്ലാമെടുത്തു തിരിച്ചിട്ടുണ്ട്. ഇക്കാലത്തും നമ്മുടെ ചുററുപാടും എത്രയോവീരശിഖാമണികൾ നട്ടുച്ചവെയിലത്ത് ഉരുത്തിരിക്കുന്ന മൂണ്ടോടെ, വടിയും കുടയുമെടുക്കുവാൻ നില്ക്കാതെ രാമബാണംപോലെപായുന്നതുകാണാം. സലിം,യഥാൎത്ഥമായപ്രേമത്തിന്റെ മൃദ്ധാവിൽ ചുംബിക്കുവാനുള്ള അത്യാൎത്തിമൂലം വേണമെങ്കിൽ തന്റെ ജീവൻകൂടി സന്ത്യജിക്കാൻ സന്നദ്ധനായിത്തീൎന്നു. വൈജയന്തിയുടെ ആഗ്രഹപൂൎത്തിതന്നെയാണ് സ്വപ്രേമത്തിന്റെ സത്യസ്വരൂപമെന്ന് അദ്ദേഹത്തിന് ഇദംപ്രഥമമായി അനുഭവപ്പെട്ടു. എന്തോ ഗാഢമായി ആലോചിക്കുന്നതുപോലെ യുവരാജാവ് കുറച്ചുനേരം നിൎന്നിമേഷനായി താഴെ നോക്കിനിന്നു. അനന്തരം ഏതോ ശിലാസ്ഥാപനമെന്നവണ്ണം തീൎച്ചപ്പെടുത്തിയ മുഖഭാവത്തോടെ സലിം പെട്ടെന്നു തിരിഞ്ഞു, വേഗം നടന്നുപോയി. തന്നോടുവിരോധിച്ചുതന്നെയോ, മുഗൾസാമ്രാജ്യത്തിന്റെ ഭാവിചക്രവൎത്തി പോയതു്,എന്നു പ്രശ്നം ചെയ്തു് വൈജയന്തി കുറഞ്ഞൊന്നു സംഭ്രമിച്ചു; എങ്കിലും അരിതനുതക്ക കാരണങ്ങൾ ക്കൊന്നിനും അദ്ദേഹം തന്നെ വഴിയുണ്ടാക്കാതിരുന്നതാലോചിച്ചും, അവിടെ നടന്ന സംഭവത്തിന്റെ സ്വരൂപം ഇതു ഒരു ശങ്കക്കിടകൊടുക്കത്തക്കവണ്ണമല്ല ഇരുന്നതെന്നു് നിൎവ്വചനം ചെയ്തും "അദ്ദേഹത്തിനു് ഒരിക്കലും എന്നെവിട്ടുപോകാൻകഴികയില്ല" എന്നു്വൈജയന്തി തന്നത്താൻപറഞ്ഞു.

എങ്കിലും തന്റെ ഉള്ളിൽ തിങ്ങുന്ന പ്രേമസല്ലാപം ഇത്രയായിട്ടും നിഷ്ഫലമായിരിക്കുന്നല്ലോ, എന്ന് അവൾ സങ്കടപ്പെട്ടു വെള്ളം നിറഞ്ഞു മിൻങ്ങിയിരുന്ന കണ്ണുകൾകൊണ്ടു് വൈജയന്തി ദൂരെയെത്തിയ സലിമിനെ നോക്കി. അദ്ദേഹം വള്ളിക്കുടിലുകൾക്കിടയിൽ മറഞ്ഞപ്പോൾ വൈജയന്തി അവലംബമായി ചേന്നിരുന്ന കൃത്രിമഭേദത്തിന്റെ പള്ളയിൽ തളൻപററിക്കൊണ്ടു്, "ഈശ്വരാ! അദ്ദേഹവും എന്നേപ്പോലെ ഒരു ഭൃത്യനായിരുന്നെങ്കിൽ മതിയായിരുന്നു" എന്നു പറഞ്ഞു്, അമ്മയേയും വിളിച്ചു് അല്പം രോദനം ചെയ്തു.

---

## അദ്ധ്യായം ൧൧.

---

### മിഹിരയുടെ നിർഭാഗ്യം.

അന്നേദ്ദിവസം സന്ധ്യമയങ്ങിയതുവരെ മിഹിര സലിമിനെ പ്രതീക്ഷിച്ചു്, വാസന്തിതോട്ടത്തിൽ ഇരുന്നു. യുവരാജാവു്, വൈജയന്തിയെ ചൂണ്ടിക്കാട്ടിയ പൂർണ്ണചന്ദ്രന്റെ ഉദയമുണ്ടായിട്ടും സ്വകാമുകന്റെ ഉദയം കാണാതെയാകുകയാൽ അവൾ നിരാശയായി, വ്യസനിച്ചു. തലേദിവസം, തിട്ടയായി വാക്കുപറഞ്ഞുപിരിഞ്ഞ അദ്ദേഹം പതിവില്ലാത്തവിധം വരാതിരിക്കുന്നേതോൎത്തു് മിഹിര അല്പം പരിഭ്രമിച്ചു. ഓരോ നിമിഷവും നീങ്ങിയതോറ്റുകൂടി കുറേക്കൂടെ ഇരിക്കാം എന്നമനസ്സോടെ ആ വഞ്ചിത, നിലാവുദിച്ചു് അരനാഴിക കഴിവോളവും അവിടെ കാത്തിരിപ്പാൻ ശ്രമിച്ചു. ഒടുവിൽ വീട്ടിലെത്തേണ്ട സമയം അതിക്രമിക്കുകയാൽ, ഉദ്യാനത്തിൽ അല്പനേരംപോലും കഴിച്ചുകൂട്ടുവാൻ നിവൃത്തിയില്ലാതെ മിഹിര പരവശയായി മന്ത്രി ഖാൻഅഫ്ഗാന്റെ മാളികയിലേക്കുപോയി. പിറേറ

ദിവസവും നവചൈതന്യത്തോടെ, മിഹിര സങ്കേതസ്ഥാനത്തെത്തി ഉൽകണ്ഠയെ നിന്നിമേഷമാക്കിക്കൊണ്ടിരുന്നു.

വൈജയന്തിയുടെ അടുക്കൽനിന്നും ഝടിതിയിൽ തിരിഞ്ഞുപോന്ന യുവരാജാവു മിഹിരയെക്കണ്ട് വിഷമിക്കാതെതന്നെ സഹധർമ്മ്യത്തിൽ ചെന്നുചേൎന്നു. ഒരു ഉജ്ജ്വലതേജസ്സുകൊണ്ടു ദീപ്തമായ വൈജയന്തിയുടെ ആകൃതി, അദ്ദേഹത്തിന്റെ അന്തഃകരണത്തിൽ ഉണ്ടായിരുന്ന മററു രൂപങ്ങളെല്ലാം നിശ്ശേഷംമായ് ച്ചുകളഞ്ഞു. ആ തരുണിയെ കണ്ടപ്പോഴും സംസാരിച്ചപ്പോഴും ഉണ്ടായ മനസ്സിന്റെ സംമോഹനപ്രകൃതി അസ്തമിച്ചു്, സലിം അന്യകാൎയ്യങ്ങളിൽ ശ്രദ്ധവയ്ക്കാതെ വൈജയന്തിയുടെ സുന്ദരാകാരവും അവളെക്കണ്ടതും അവൾ സംഭാഷണം ചെയ്തതും എല്ലാം ഓൎത്തു് ഏകാഗ്രചിത്തനായിത്തുടങ്ങി. മനുഷ്യജന്മമെടുത്താൽ സമ്പാദിക്കേണ്ടതായ പുരുഷാൎത്ഥചതുഷ്ടയത്തിൽ, ഏതദ്ദശയിൽ താൻ ഗണ്യമാക്കിയിട്ടുള്ള അൎത്ഥകാമങ്ങൾ തനിക്കു നിഷ്പ്രയാസങ്ങളെങ്കിലും അവയിൽ ഒട്ടുവിലത്തതു ആ നിമിഷംവരെയും പൂൎണ്ണമായി തനിക്കു സിദ്ധിച്ചിട്ടില്ലെന്നു് സലിമിനു തോന്നി. വൈജയന്തിയേ തന്റെ ഭാൎയ്യയായിക്കിട്ടിയില്ലെങ്കിൽ തന്റെ ജന്മം പാഴായിപ്പോയെന്നും അദ്ദേഹം തീർച്ചയാക്കി. അവളെ തന്റെ ശിരോലംകാരമാക്കിതീൎക്കയല്ലാതെ ശുദ്ധസന്ദൎശനങ്ങൾക്കുതകിയ ലോകദൃഷ്ടിയിലെ ഒരു നിന്ദ്യവസ്തുവാക്കില്ലെന്നു് സ്വയം ശപഥംചെയ്തു്, സലിമിന്റെ ജീവിതദശയിൽ ആദ്യമായി സംഭവിച്ചു, നിഷ്കളങ്കവും ശുദ്ധവും ആയ പ്രേമത്തിന്റെപ്രത്യേകചിഹ്നമായിരുന്നു. മിഹിരയെന്ന ബാലികയെ ഗാഢനിദ്രക്കു പറഞ്ഞയച്ചിട്ടു്, സുഭഗമായ പ്രേമസുഖമനുഭവിക്കാൻതന്നെ സലിം തീർച്ചയാക്കി. അടുത്തദിവസം വൈകുന്നേരം യുവരാജാവു്, സാധാരണവേഷത്തിൽ ഉദ്യാനത്തിൽ ഉദ്ദിഷ്ടസ്ഥലത്തെത്തി. അപ്പോൾ മിഹിര എന്നത്തെയുംപോ

ലെ ഒരു മാൻകിടാവെന്നവണ്ണം അവിടെയുണ്ടായിരുന്നു. തലേതീയതി തന്നെ കളിപ്പിച്ചതിന്ന് യുവരാജാവിൽ അപരാധം ചുമത്തി, ഉടൻതന്നെ മാപ്പുകൊടുക്കണമെന്നും അവൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. മിഹിര ഓടി അടുത്തു. എന്നാൽ പതിവില്ലാത്തവിധം സലിമിൻെറ ഗതി മന്ദമായും ഭാവം പകൎന്നുമിരുന്നതുകണ്ടു്, കുറഞ്ഞൊന്നന്ധാളിച്ചു. "എന്താണു അങ്ങു വല്ലാതെയിരിക്കുന്നതു്?" എന്നുചോദിച്ചുകൊണ്ടു് മിഹിര മെല്ലെ മെല്ലെ യുവരാജാവോടു സമീപിച്ചു. ചുളിഞ്ഞ നെററിയോടും, ഉറപ്പിച്ച നോട്ടത്തോടും, മുറുകിയ അധരത്തോടും, അദ്ദേഹം ഒരടി പുറകോട്ടുവച്ചതുകണ്ടു്, മിഹിര നിന്നയിടത്തുതന്നെ ഉറച്ചുപോയി. അല്പനേരത്തേക്കു അവിടം നിശ്ശബ്ദതക്കു അധീനമായി. അനന്തരം സലിം സ്വമൌനം ഭഞ്ജിച്ചു.

സലിം:—"ഞാൻ അല്പമൊരുസംഗതി പറയാനാണു വന്നതു."

മിഹിര:—(ഉത്കണ്ഠയോടെ) "എന്തുകാൎയ്യമാണു? ദൂരദേശത്തേക്കെങ്ങാനും പെട്ടെന്നു യാത്രയുണ്ടോ?"

സലിം:—"ഓ— യാത്ര ഉണ്ടായേക്കുമോ എന്നും ഞാൻ സംശയിക്കുന്നു.—പക്ഷെ അതൊന്നുമല്ലാ കാൎയ്യം— മിഹിര വ്യസനിക്കേണ്ട ആവശ്യമില്ല."

മിഹിര:—(സംഭ്രമത്തോടെ) "അയ്യോ! അവിടുന്നു് എന്താണു പറയാൻ തുടങ്ങുന്നതു്?"

സലിം:—"എനിക്കു പറഞ്ഞേതീരു" (ശാന്തസ്വരത്തിൽ) "മിഹിരേ! നീ നേരത്തെ വീട്ടിൽ പോകുക. എന്തിനാണു് വൃഥാ നീ ഇവിടെ താമസിക്കുന്നതു്?"

മിഹിര:—"അയ്യോ! അതിൻെറ ശേഷമായി അങ്ങു് ഒന്നും പറയല്ലെ. അതു കേൾക്കാൻ എനിയ്ക്കു ശക്തി കാണുകയില്ല."

സലിം:—"പറയാതെ തരമില്ലെന്ന ദിക്കായി. വൈജ... ഹെയ്, ഞാൻ ഒന്നും പറഞ്ഞില്ല...പിന്നെ, മിഹിരെ!—നമ്മളുടെ അന്യോന്യസ്നേഹം അനുരാഗമാണെന്നു നാം വെറുതെ തെറ്റിദ്ധരിക്കയായിരുന്നു."

മിഹി:—"എന്ത്—ഇതൊരു ദുഃസ്വപ്നമാണൊ!"

സലിം:—"ഞാൻ പറയുന്നതു് പരമാർത്ഥമാണു്. എനിക്കു നിന്നെ പ്രേമരൂപത്തിൽ സ്നേഹിക്കുവാൻ കഴികയില്ല. ഇതു വെറും ഒരു കുട്ടിക്കളിയായിരുന്നു. നി എല്ലാം മറന്നു കളയൂ. മിഹിരയ്ക്കു നല്ല ഒരു ഭർത്താവിനെ കിട്ടാൻ ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നു."

തലച്ചുററലുണ്ടായി, നല്ല ബോധമില്ലാതെ നിന്ന മിഹിരയോടു കൂടുതലായി യാതൊന്നും പറയാൻ താമസിക്കാതെ യുവരാജാവു്, ദൃഢചിത്തനായി തിരിഞ്ഞു്, ഉറപ്പോടെ നടന്നുപോയി. വീണ, മുരളി മുതലായ സംഗീതസാമഗ്രികളുടെ മനോജ്ഞഗാനം പുറപ്പെട്ടുകൊണ്ടിരുന്ന മിഹിരയുടെ ഹൃദയം ക്ഷണനേരം നിശ്ശബ്ദമായി, അവിടെ വഞ്ചിതമായ പ്രേമത്തിന്റെ ആർത്തസ്വരം ദാരുണമായി ഉയർന്നു. അവൾ ഇളംകൈകൊണ്ടു് ദൃഷ്ടിരണ്ടും മൂടി, തേങ്ങിത്തേങ്ങിക്കരഞ്ഞു. തേങ്ങൽ അടക്കുവാൻ ശ്രമിക്കുംതോറും മിഹിരയുടെ പരിപുഷ്ടമായ മാറു്, ഉപര്യുപരി പൊങ്ങിയമർന്നു. അവൾ കരഞ്ഞുകൊണ്ടു് ഉദ്യാനത്തിൽ കൂടി കുറേ ഓടി, അനന്തരം പതുക്കെ നടന്നു്, വീട്ടിൽ കയറി, തന്റെ അറയിലെ മണിമഞ്ചത്തിൽ ചെന്നു് കമഴ്ന്നു വീണു്, കരഞ്ഞു. അവളുടെ മാതാവു പുത്രിയെത്തേടി വന്നു്, ആ ശോകാവസ്ഥയിൽ കാണുകയാൽ, എന്താണു് അവളുടെ രോദനകാരണം എന്നു തഴുകിച്ചോദിച്ചു. സാധുവായ മിഹിര അവൾക്കു കലശലായ തലവേദനയാണെന്നു ഇടറി, മാതൃശരീരത്തോടു ചേർന്നു.

ഈ സമയം ഡൽഹിയിലെ പ്രധാന സൌധ ത്തിൻെറ മുകളിലത്തെ ശാലയിൽ ആ പുരിയിലെ പ്രധാന പുഷൻ, അങ്ങോട്ടുമിങ്ങോട്ടും ചിന്താമഗ്നനായി ലാത്തു കയായിരുന്നു. അദ്ദേഹത്തിൻെറ മുഖത്തു് കോപ ത്തിൻെറ കരുന്നും ക്ലേശത്തിൻെറ ലാഞ്ഛനവും, ഗ്ലാനിയു ടെവാട്ടവും കാൺമാനുണ്ട്. ചിലപ്പോൾ ദൂരെ ഭൂതലത്തിൽ താഴ്ന്നുചേരുന്ന ആകാശസീമയും, ഇടയ്ക്കു തന്നെ ആകാശ ത്തിൽ അങ്ങോട്ടുമിങ്ങോട്ടും നീക്കിക്കൊണ്ടിരുന്ന പാദങ്ങളും പിന്നീട്ട് മുൻവശത്തുകണ്ട നിരത്തും പ്രത്യക്ഷം തുടർച്ചയാ യിപൂർണ്ണമാകാത്ത നോക്കിക്കൊണ്ടായിരുന്നു അക്ബർഉലാ ത്തിയതു്. സ്വപുത്രൻ ധർമ്മവദനവും സമ്മതിച്ചു് തലകു ലുക്കുന്ന സൌശീല്യത്തെ വേണ്ടവണ്ണം ആദരിക്കാതെ കാര്യ നാശങ്ങൾക്കിടവരുത്തുന്നുവല്ലോ എന്നായിരുന്നു ആ മഹാ രാജാവിൻെറ മനോവിചാരം. ഒടുവിൽ അദ്ദേഹം എന്തോ തീർച്ചയാക്കിയതുപോലെ തിരിഞ്ഞു് മന്ത്രിയായ ഖാൻആ ഫ്ഗാനെ അടിയന്തിരമായി വരുത്തുവാൻ കല്പനകൊടുത്തു. ആ ആജ്ഞ ഊർജ്ജിതത്തോടെ മന്ത്രിഗേഹത്തിലേയ്ക്കുപോ ഞ്ഞു. അക്ബർ പഴയപടി അവിടെ ഉലാത്തിയുംകൊ ണ്ടു് ഏതദവിധം സ്വയംവദിച്ചു.

"യൌവ്വനം ദുർഘടമായ ഒരു പ്രദേശമാണ്. മനുഷ്യ രിൽ അധികംപേരും അപ്പഴപ്പോഴുള്ള സ്ഥിതിഗതിയാകുന്ന അന്ധകൂപത്തിൽ വിശാലദൃഷ്ടിക്കു സൌകര്യമില്ലാതെ അക പ്പെടുന്നതിനാൽ, ഈ ദശയിലെ സമ്മോഹനശക്തിയാൽ ജീവിതത്തിൻെറ പരപ്പും ഉദ്ദേശഭാഗങ്ങളുമെല്ലാം നന്നായി കാണുന്നില്ല. ഉദ്ദിഷ്ടസ്ഥാനത്തു ചെന്നുചേരുന്നതിനു പ്രയ ത്നിക്കുവാനുള്ള കാലം ഇതാണ്. പക്ഷെ, ബാഹ്യേന്ദ്രിയ സുഖങ്ങൾ, കൊടുംകാററു ജലത്തിൽ തോണിയെ തട്ടിനീക്കി നേർവഴി തെററിക്കുന്നതുപോലെ മനുഷ്യനെ ഭയങ്കരവും, സങ്കടകരവും ആയ നാശസ്ഥലങ്ങളിൽ വലിച്ചുകൊണ്ടുപോ.ാ

കുന്നു. കണ്ണു ചെവി നാക്കു് തൊക്കുമുതലായവയ്ക്കു ആനന്ദം നൽകുന്നതിനുവേണ്ടിമാത്രം എത്രയോപേർ, ദിവസവും രാത്രിയും അതിത്തിവിട്ടു ചെലവഴിയ്ക്കുന്നു. ഇപ്രകാരം അരനാഴിക ചെലവാക്കുന്നതിന്റെഫലമായി എന്തെല്ലാം കാൎയ്യനഷ്ടങ്ങൾ വരുത്തിക്കൂട്ടുന്നു. ബാല്യം പരിജ്ഞാനഹീനമാണു്; വാർദ്ധക്യം സൎവ്വപ്രകാരേണയും ശക്തിക്ഷയം, പ്രാരബ്ധം ഇവകൊണ്ടു തകൎന്നുതുടങ്ങുന്നതത്രേ. ജീവിതത്തിൽ ഗുരുതരങ്ങളായ കാൎയ്യങ്ങൾക്കു അടിസ്ഥാനമിടുന്നതുപോലും യൌവ്വനത്തിലെ സാധിക്കയുള്ളൂ. ആ സമയം, അക്രമമായും നിരുപയോഗമായും നിസ്സാരസംഗതികളിൽമാത്രം മുഴുകിക്കഴിച്ചുകൂട്ടിയാൽ, അതിൽപരം നഷ്ടമായി മനുഷ്യനു മറെറന്തുവരുവാനുണ്ടു്? ഇതൊന്നും പറഞ്ഞതുകൊണ്ടായില്ല. തനിയെതന്നെ തോന്നണം. ബുദ്ധിമാന്മാർ ജീവിതകാൎയ്യങ്ങൾ ഊഹിച്ചറിയും, സാധാരണക്കാർ കണ്ടറിയും, അതിലും താഴ്ന്നതരക്കാർ കേട്ടറിയും, കേട്ടറിയുവാൻ ശക്തിയില്ലാത്തവർ കൊണ്ടറിയും, അനുഭവിച്ചും മനസ്സിലാകാത്തവരുണ്ടെങ്കിൽ അവരുടെ കഥ പറയാനില്ല. അവർക്കു അധഃപതനവും അജ്ഞതയും മാത്രമാണു്.

സലിമിന്റെ നടപടി എനിയ്ക്കു അശേഷം തൃപ്തികരമാകുന്നില്ല. അവനു് ഒന്നിലും ഒരു ലക്ഷ്യവുമില്ല. അല്പമായസംഗതികളിലും സൂക്ഷ്മമായിരിക്കണംഎന്നു അവനറിഞ്ഞുകൂടാ. ലാടത്തിന്റെഒരാണി ഇളകിയിരുന്നതുപോയി; ലാടം ഇളകി; കുതിരമുടന്തി; മന്ത്രിവീണു; പടയോടി;രാജാവുഹതനായി; രാജ്യംകീഴടങ്ങി; അതുപോലെതുച്ഛമായ പലകാരണങ്ങൾഭീമാകാരമായ കാൎയ്യങ്ങൾക്കിടയാക്കുന്നു. ഭാരവാഹിത്വം ധാരാളമുള്ള ഒരു രാജാവിന്റെ ക്ലിപ്തശീലത്തിന്റെകഥ പറയാനുണ്ടോ. ആലസ്യാദികൾക്കൊന്നിനും ഇട കൊടുക്കാതെ രാജബുദ്ധി എപ്പോഴും ചൊടിയോടെ ഉണൎന്നുതന്നെയിരിക്കണം. സൎവ്വപ്രകാരേണയും സലിമിനു ഞാൻ ജീവിതം

സുഖമാക്കിത്തീക്കുവാനുള്ള കാൎയ്യങ്ങളെല്ലാം ചെയ്തുവച്ചിട്ടുണ്ട്. എന്നാൽ കുമാരൻ പുതിയപുതിയ ഉപദ്രവങ്ങൾ ഉണ്ടാക്കിത്തീക്കുവാനുള്ള ശ്രമമാണു—ഇല്ല—പുത്രന്റെ നന്മ ആഗ്രഹിക്കുന്ന ഒരു അച്ഛന്റെ നിലയ്ക്കു ഞാൻ അത്തരം കാൎയ്യങ്ങളൊന്നും സമ്മതിക്കുന്നതല്ല. ചില നിയമങ്ങൾ പ്രകൃതത്തിനല്ലാതെ ശോഭിക്കയില്ല—നോക്കട്ടെ—"

മന്ത്രി വന്നുനിൽക്കുന്നു എന്ന് പട്ടക്കാരൻ തിരുമനസ്സറിയിച്ചപ്പോൾ 'വരാൻ പറയൂ' എന്നു മുഖം കാണിക്കുവാൻ അക്ബർ അനുവാദം കൊടുത്തു. ഖാൻ അഫ്ഗാൻ പ്രവേശിച്ച് ആദരവോടെ വന്ദിച്ചതിന്റെ ശേഷം ഉലാത്തുന്ന അക്ബറുടെ ഏകദേശം ഒപ്പംതന്നെ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. അദ്ദേഹം തിരിഞ്ഞു് മന്ത്രിയുടെ മുഖത്തു നോക്കിയിട്ട്—

അക്ബർ:—"രാജ്യഭരണവിഷയത്തെപ്പററി ഒന്നും പറയാനല്ല നാം തിടുക്കമായി മന്ത്രിക്കു ആളയച്ചതു്; എങ്കിലും ഈ വിഷയവും എന്റെ ഭരണത്തിൽ ഉൾപ്പെട്ടതാണു്."

ഖാ: അ:—"അടിയനു് ആശ്വാസമായി"

അക്ബർ:—(അല്പം കഴിഞ്ഞു് ആത്മഗതം) "നോക്കട്ടെ—(പ്രകാശം) വിവാഹം ഒരു വലിയ സഖ്യം തന്നെയാണു്."

ഖാ: അ:—"അരുളിയതു ശരിയാണു്. പക്ഷെ ഉദ്ദേശസാദ്ധ്യങ്ങൾക്കു വിപരീതം വരികയാൽ ഉത്തമമായ സഖ്യത്തിൽ കലാശിക്കുന്ന വിവാഹം വളരെ ദുർല്ലഭമാണെന്നു തോന്നുന്നു."

അക്ബർ:—(ആത്മഗതം) ഉം—ആകട്ടെ. ഇയ്യാൾക്കു അതിൽ അറിവുണ്ടോ എന്നു നോക്കാം. (പ്രകാശം) "മിഹിരയുടെ സംബന്ധക്കാൎയ്യത്തിൽ മന്ത്രിയുടെ അഭിപ്രായമെന്തു്?"

(മുഖത്തു സൂക്ഷിച്ചു കരുതിനോക്കി)

ഖാ: അ:—(സ്വഗതം) "എന്തുകൊണ്ടായിരിക്കും ഇത്ര ഝടിതിയിൽ ഇതു ചോദിക്കുന്നതു്?" (പ്രകാശം) അവിടെ നിശ്ചയിക്കുന്നതുപോലെ - എന്നല്ലാതെ അടിയന് അതിൽ വിശേഷിച്ചു് അഭിപ്രായമൊന്നുമില്ല."

അക്ബർ:—(സ്വഗതം) "ഇയ്യാൾ ഒന്നും അറിഞ്ഞിരിക്കയില്ല. (പ്രകാശം) ഒരു ചെറിയ രഹസ്യം പറയാനുണ്ട്—മന്ത്രി അറിഞ്ഞിരിക്കയില്ല—എന്റെ മകനും താങ്കളുടെ മകളും ഈയിടെ ദൃഢമായി സംസർഗ്ഗം ചെയ്യുന്നുണ്ടെന്ന് അറിയുന്നു."

ഖാ: അ:—"ഈ വിവരം അടിയൻ ഇപ്പോഴാണ് അറിയുന്നതു്."

അക്ബർ:—(അല്പം കഴിഞ്ഞു്) "അവനവൻ ഉണ്ടാക്കിയ കാര്യങ്ങളുടെ മംഗളമായ നീണ്ടുനില്പിന്, അവനവനാൽ കഴിയുന്നതൊക്കെയും ചെയ്യേണ്ടെ."

ഖാ: അ:—"അല്ലെങ്കിൽ കർമ്മത്തിൻ ശക്തി എങ്ങിനെ ഉണ്ടാകും?"

അക്ബർ:—"അംബകുമാരിയെ ഞാൻ സലിമിനെക്കൊണ്ടു വിവാഹം കഴിപ്പിച്ചതു്, നമ്മുടെ ജീവിതത്തിന്റെ ആദർശസാധനമായിട്ടത്രെ. ഹിന്ദുക്കളുമായി ഏകോപിച്ചുള്ള സഹായസഹകരണങ്ങൾ ഇല്ലെങ്കിൽ പരക്കടിമപ്പെടാതെ ഇന്ത്യയിൽ, എന്റെ വംശം സിംഹാസനത്തിൽ നീണ്ടുവാഴവാൻ പ്രയാസപ്പെടും. സലിം, ആ കുമാരിയെ അത്ര ഗണിക്കുന്നില്ല. എന്റെ പ്രവൃത്തിക്കു വിരുദ്ധമായി പലതു് ചെയ്യാനും ഭാവമുണ്ടായിരിക്കാം. ......ഇതുകൊണ്ടു വരുന്ന തകരാറുകൾ എന്തെല്ലാമെന്നറിയാമോ?"

ഖാ-അ:—"അടിയൻ.—ചിലതെല്ലാം തോന്നുന്നു. പുത്രി

യുടെ ജീവിതം സുഖവും സൈ്വരവും അല്ലെന്നു കണ്ടാൽ ആ രാജപുത്രസിംഹം--വെറുക്കും—രോഷിക്കും—."

അക്ബർ:—"ആകയാൽ മിഹിർയുടെ വിവാഹം ഹ്ര ത്രയും വേഗം നടത്തുവാൻ സാധിക്കും അത്രയും വേഗത്തിൽ അതു നിർവ്വഹിക്കുവാൻ തയ്യാറായിക്കൊൾക. നമ്മുടെ പുതിയ സേനാധിപനെയാണു ഞാൻ കണ്ടിരിക്കുന്നതു്."

ഖാ—അ:—"അടിയനു പൂർണ്ണസമ്മതമാണു്. ദിവസം നിശ്ചയിക്കേണ്ട താമസമേ ഉള്ളു."

അക്ബർ:—"സേനാധിപതിയോടു ഞാൻ പറഞ്ഞില്ല. പക്ഷേ അയാളുടെ കാര്യത്തിൽ വിഷമമില്ല. എന്നാൽ മകളുടെ കാര്യം ഏറവുംകൊള്ളണം"

ഖാ—അ:—"അതു്, അടിയൻ ഏൽക്കാതെ തരമില്ലല്ലൊ"

അക്ബർ:—"എന്നാൽ ശരി."

---

## അദ്ധ്യായം ൧൩.

---

### വീണ്ടും സമാഗമം.

പ്രഭുക്കന്മാരായ മുസൽമാന്മാരുടെ ഭവനത്തിലെ സുഖവിഭവങ്ങളുടെ സാന്ദ്രത ഇത്രയെന്നു്, പറഞ്ഞുകൂടുന്നതല്ല. പിന്നിട്ടു്, മുഗൾ സാമ്രാജ്യത്തിന്റെ അനന്തരാവകാശിയായ സലിമിന്റെ കൊട്ടാരത്തിലുള്ള ഭോഗ്യവസ്തുക്കളുടെ കഥ പറയേണ്ടതുണ്ടോ?. നേരം രാത്രി പത്തുമണിയായ ആ സമയം അലംകൃതവും വിശാലവും ആയ ആ അറമുഴവൻ ദിപം പ്രകാശിച്ചു്, സ്വർണ്ണവർണ്ണമായി. കിടക്കകളിലും

കട്ടിലുകളുടെ പൎയ്യന്തപ്രദേശങ്ങളിലും തളിച്ചിട്ടുള്ള അറബിപ്പനിനീർ, പട്ടുവിരിപ്പുകളിലും വസ്ത്രവിശേഷങ്ങളിലും പകൎന്നിട്ടുള്ള വില്ല, അത്തർ, പൊന്നിൻതാലങ്ങളിലും വെള്ളിത്തളികകളിലും നിറച്ചുവച്ചിട്ടുള്ള പലതരത്തിലും ഇനത്തിലും ഉള്ള കുസുമങ്ങൾ, കനത്ത വക്രരേഖകൾപോലെ ആകാശത്തിൽ ധൂമമാല വിട്ടുകൊണ്ടിരുന്ന സാമ്പ്രാണി, എന്നിങ്ങനെയുള്ള സുഗന്ധദ്രവ്യങ്ങളുടെ പരിമളം തിങ്ങി ആ മുറി ആസ്വാദ്യമായിത്തീൎന്നു. അതിനകത്തു് സലിം അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. ചിലപ്പോൾ നടത്തക്ക വേഗം കൂട്ടുകയും, ചിലപ്പോൾ ഗതി മന്ദമാക്കുകയും, ഇടയ്ക്കു കൈകൾ തമ്മിൽ ബലംപ്രയോഗിച്ചു്, മാറത്തുചേൎത്തു ബന്ധിക്കയും, എല്ലാം ചെയ്തതു് ഇദ്ദേഹത്തിന്റെ അസ്വാസ്ഥചിത്തവൃത്തിയെ വെളിപ്പെടുത്തി. യുവരാജാവിന്റെ രണ്ടു കണ്ണുകളും മുഖവും വാടിക്കണ്ടു. എങ്കിലും അവ നൈരാശ്യത്തിനു് അടിമത്തം സ്വീകരിച്ചിട്ടില്ലാത്തതുപോലെ തുടുത്തുമിരുന്നു. ഗന്ധൎവ്വരാജതുല്യം അവിടെ ചരിച്ചുകൊണ്ടിരുന്ന അദ്ദേഹത്തെ പീഡിപ്പിച്ചതു് സ്ത്രീരൂപത്തിന്റെ ലാവണ്യമെന്ന ഗുണം ഉല്പാദിപ്പിക്കുന്ന പ്രേമവികാരത്തിന്റെ തരളതയത്രേ. ഒരു യോഗിയെപ്പോലെ യുവരാജാവു് ബാഹ്യേന്ദ്രിയങ്ങളെ ഉള്ളിൽവലിച്ചു്, മാനസനേത്രം മാനസകൎണ്ണം ഇവയാൽ വൈജയന്തിയുടെ അഴകുള്ള രൂപം സംഭാഷണം മുതലായവ ധ്യാനിച്ചു എന്നുപറഞ്ഞുകൂടാ, അനുഭവിക്കതന്നെ ചെയ്തു. അദ്ദേഹം വികാരപൂൎണ്ണമായ അന്തരംഗഹൃദയം ചെന്നുമുട്ടിയിട്ടുള്ള ഇടംവരെ എത്തിപ്പോയി. വികാരം ഒരതിൎത്തികടന്നാൽ, അസാധാരണമായനിലയിൽവൎത്തിച്ചു്, അത്യാഹ്ലാദം, മൂൎച്ഛ, ഉന്മാദം, ഭ്രാന്തു് മുതലായവയായി പരിണമിച്ചുപോകാം. സലിം ഏകദേശം ആദ്യമായിപറഞ്ഞ മൂന്നിന്റേയും സങ്കലനമുള്ള ഒരു അവസ്ഥയിലെത്തിപ്പോയി. വൈജയന്തിയുടെ സൌകുമാൎയ്യസൌഭാഗ്യാദികളിൽ ചുററിപ്പടൎന്നായിരുന്നു ഈ വി

കാരവല്ലി തഴച്ചതു്. സവ്വും ഉപേക്ഷിച്ചെങ്കിലും ആ തരുണീമണിയെ സമ്പാദിക്കണമെന്നു് അദ്ദേഹം ഉറച്ചുകഴിഞ്ഞു "മുദിരതതി കബരീപരിചയപദവിയോ വിജനേവ സതിയോ,മെ ഗതിയിന്നിരണ്ടിലൊന്നേ"എന്നായി യുവരാജാവിന്റെ ദൃഢനിശ്ചയം.

യുവരാജാവു് വിവശനായി സമീപത്തുകിടന്ന സോഫായിൽ ചെന്നിരുന്നു. അദ്ദേഹത്തിന്റെ താടിയ്ക്കും കവിൾത്തടങ്ങളിലും, നാസികമേലും നെററിക്കും പൊടിഞ്ഞിരുന്നസ്വേദബിന്ദുക്കൾ ദീപപ്രതിബിംബംകൊണ്ടു് കിരീടത്തിലും മാറത്തും ഉണ്ടായിരുന്ന രത്നങ്ങളെപ്പോലെ ഒളിനാളംവിതറി. അപ്പോഴേയ്ക്കു സോഫിയ സോഫയുടെ അരികിൽഎത്തി. അവൾ വിലാസചാതുയ്യംകഴിയുംപോലെഅഭിനയിച്ച "തൊട്ടേനേഞാൻകൈകൾകൊണ്ടു്" എന്ന കൈകൊട്ടിക്കളിപ്പാട്ടിന്റെ താളത്തിലും ഭാവത്തിലും വിശേഷപ്പെട്ട ഒരുവലിയ താലവൃന്തംകൊണ്ടു് യുവരാജാവിനെ വീശിത്തുടങ്ങി. തപിച്ചുകൊണ്ടിരുന്ന സലിമിന്റെ ശരീരം സഞ്ചരിപ്പിച്ച മന്ദമാരുതന്റെ സുഖം അനുഭവിച്ചില്ല. അല്പം കഴിഞ്ഞു് ചിന്തയിൽനിന്നും അക്ഷമമായ അസ്വാസ്ഥതയോടെ ഉന്മജ്ജനംചെയ്ത യുവരാജാവു് തന്റെ നേത്രാന്തത്തിന്റെ ഏകരശ്മിയിൽ തടഞ്ഞ ഒരു മനുഷ്യച്ഛായയേഅറിഞ്ഞു മുഖന്തിരിച്ചു് സോഫിയയെ അടിമുടി ഒന്നുനോക്കി. പാടലപരിവേഷത്തോടുകൂടിയ കൃഷ്ണമണികളും മുഖവും ഭാവംപകന്നുകണ്ടു് സോഫിയ ഒന്നു നിവന്നു. "നീ ആർ?—എന്തിനിവിടെ നിൽക്കുന്നു?" എന്നു വല്ലാത്ത തുറന്ന സ്വരത്തിൽ സലിം ചോദിച്ചപ്പോൾ അവൾ അത്ഭുതഭയസമ്മിശ്രമായ ഒരു അവസ്ഥയിൽ ദിഗ്ഭ്രമം പൂണ്ടു. യുവരാജാവു് ക്രമത്തിലധികം മധുപാനംചെയ്തോ എന്നു് അവൾ സോത്സാഹം ശങ്കിച്ചു; എന്നിട്ടു് "അടിയൻ തിരുമേനിയെ വീശുകയാണു്" എന്നു് ആത്മാഭിമാനം കുറഞ്ഞ പ്രേമത്തിന്റെ

പെരുമ്പാമ്പുപോലെ ഇഴയുന്ന സ്വരത്തിൽ സോഫിയ സ്വന്തം പുഞ്ചിരിക്കൊഞ്ചലോടെ ഉത്തരം പറഞ്ഞു. സലിം അകാരണമായ ക്രോധത്തോടെ ഒരു ഉന്മത്തനേപ്പോലെ തുടങ്ങി.

സലിം: - "ഇവിടെ വന്നു വീശുവാൻ നിന്നോടു ആർ പറഞ്ഞു?—താലവൃന്തം അവിടെ വയ്ക്കു്. (സോഫിയ മിഴിച്ചുനിന്നു) വയ്ക്കാനല്ലെ പറഞ്ഞതു്—പോ—പോയിച്ചെന്നു് വൈജയന്തി വന്നു വീശാൻ പറയൂ."

സോഫി:—(മുൻപോട്ടുനീങ്ങി കൈകൂപ്പിക്കൊണ്ടു്) "തിരുമേനിക്കു എന്തോ ചെറിയ ആലസ്യംപോലെ തോന്നുന്നു—പള്ളിമെത്ത വിരിച്ചിട്ടുണ്ടു്—അവിടെ എഴുന്നള്ളിക്കിടക്കാം—"

സലിം:—"എന്തുപറഞ്ഞു? - ആലസ്യമൊ!— എഴുന്നള്ളിക്കിടക്കണൊ!!—ഫോ - വേഗം—ഉം—"

സോഫി:—(വിറച്ചുകൊണ്ടു്) 'അടിയൻ'

സലി:—"എന്നാൽ ചെന്നു് അവരം ഇവിടെ വരാൻ പറയൂ"

സോഫിയ, എന്തെന്നില്ലാത്ത ദുഃഖത്തൊടും ഈൎഷ്യയോടും വൈജയന്തിയെ ഒരു ബാധയേപ്പോലെ ശപിച്ചുകൊണ്ടു് തിരിഞ്ഞുനടന്നു. യുവരാജാവു് പിന്നിൽ ഇങ്ങിനെ വിളിച്ചുപറഞ്ഞു. "അ—ര—നി—മി—ഷ ത്തിനുള്ളിൽ വൈജയന്തി ഇവിടെ വരാൻ പറഞ്ഞില്ലെങ്കിൽ" ഈ രാജവിധി സോഫിയയെ, ചാടിക്കയും ഓടിക്കയും ചെയ്തു.

ഈസമയം അംബികകുമാരി തോഴികളുമൊത്തു ചന്ദ്രികയാൽ ഉദ്ദീപ്തമായ ഉപവനത്തിൽ ഇരിക്ക ആയിരുന്നു. വീണവായന, ഗാനം, സംഭാഷണം മുതലായവകൊണ്ടു് നേരംപോയതു് അവരം അറിഞ്ഞില്ല. വൈജയന്തി അന്തരം

ഗത്തിൽ മററനവധി ചിന്തകളെ ലാളിച്ചുകൊണ്ടു് അവിടെ ഉണ്ടായിരുന്ന മണിമണ്ഡപത്തിൻെറ തൂണോടുചേൎന്നു്, ആ ചെറിയ സംഘത്തെ അഭിമുഖീകരിച്ചുതന്നെ നിന്നു. പക്ഷെ, അവിടെ നടന്ന സംഭവങ്ങളെല്ലാം ഇടയ്ക്കിട മാത്രമേ അവൾ അറിഞ്ഞിരുന്നുള്ളു. വൈജയന്തിയുടെ ഹൃദയം, അതിലും മനോഹരമായ മനോരാജ്യലീലകളിൽ വിനോദിക്കയായിരുന്നു. സോഫിയ അവിടെ വന്നു്, വൈജയന്തിയുടെ പിറകിൽ നിന്നുകൊണ്ടു് കോപത്തോടും, അസൂയയോടും അല്പനേരം അവളെ നോക്കി; അനന്തരം നിവൃത്തിയില്ലല്ലോ എന്നു് ഹതാശയായി സോഫിയ വൈജയന്തിയുടെ തോളിൽ തൊട്ടുകുലുക്കി. അവൾ പതുക്കെ തലതിരിച്ചു പുഞ്ചിരിക്കൊണ്ടു്, "എന്താണു്?" എന്നു ചോദിച്ചു.

സോഫി:—(അലക്ഷ്യമായി) "അങ്ങോട്ടുചെന്നു് വിശ്രമിപ്പാൻ കല്പിച്ചു."

വൈജ:—"എവിടെ?"

സോഫി:—"കൊച്ചുതമ്പുരാൻെറ മണിയറയിൽ വേഗം വിശ്രമിപ്പാൻ ചെല്ലു—അല്ലെങ്കിൽ പിന്നെ എനിക്കു കുററമൊന്നും വരരുതു്—ഞാൻ പറയാനുള്ളതു പറഞ്ഞു."

തൻെറ ഉള്ളിൽ പെട്ടെന്നുണ്ടായ ഭാവവികാരം പുറത്തു വരാതിരിപ്പാൻ വൈജയന്തി വളരെ പണിപ്പെട്ടു. അവൾ സാവധാനമെങ്കിലും ഉടൻതന്നെ അവിടെ നിന്നും തിരിഞ്ഞു് സലിമിൻെറ കൊട്ടാരം ലക്ഷ്യമാക്കിപ്പോയി. ശബ്ദം അശേഷം ഉണ്ടാക്കാതെ വൈജയന്തി കോണിപ്പടികയറി. അത്രണ്ണംതന്നെ കാലടികളുടെ ഒച്ച അല്പവും ഉണ്ടാക്കാതെ മന്ദം മന്ദം മന്ദാക്ഷപരവശയായി വൈജയന്തി യുവരാജാവു് ഇരുന്ന മുറിയിൽ പ്രവേശിച്ചു. നമ്രമായ മുഖം അല്പം ഉയൎത്തിനോക്കവേ; സലിം ചിന്താഗ്രസ്തനായി അവിടെ ഇരിക്കുന്നതു

വൈജയന്തി കണ്ടു. അവൾ മെല്ലെമെല്ലെ അവിടെ എത്തി താലവൃന്തം കയ്യിലെടുത്തു; അനന്തരം ഒട്ടകന്നു നിന്നു് മുഖം ഒരുവശത്തേക്കു തിരിച്ചുകൊണ്ടു്, പതുക്കെ വീശാൻ ആരംഭിച്ചു. അക്ഷമയായി അവളെ പിൻതുടൎന്ന സോഫിയ അവിടെ ഒരു മറവിൽ നിന്നു വൈജയന്തിയെ സൂക്ഷിച്ചു. സലിം തിരിഞ്ഞുനോക്കി. വൈജയന്തിയെ ആ മനോഹരഭാവത്തിൽ കണ്ടപ്പോൾ മായാപ്രയോഗം കൊണ്ടെന്നപോലെ അദ്ദേഹത്തിൻെറ അന്തരംഗം ശീതളമായി. "അരുതു്—ആ ഇളംകൈകൾക്കു അതെടുത്തു വീശുവാനുള്ളകെല്പില്ല—യുക്തവുമല്ല "എന്നുപറഞ്ഞു് യുവരാജാവു് ചാടി എഴുന്നേററുചെന്നു്, വൈജയന്തിയുടെ കയ്യിൽനിന്നും താലവൃന്തം വാങ്ങി താഴെയിട്ടു. പിൻവലിക്കുവാൻ ശ്രമിച്ചു സാധിക്കാതെകുഴഞ്ഞു് തത്സ്ഥാനത്തുതന്നെ തങ്ങിയിരുന്ന വൈജയന്തിയുടെ പൂപോലെയുള്ള കൈത്തലംമുഴുവൻ രണ്ടു കൈകൊണ്ടും പൊതിഞ്ഞു അമൎത്താതെഗ്രഹിച്ചു, യുവരാജാവു് വീണ്ടും പറഞ്ഞു.

സലിം:—(ദയനീയസ്വരത്തിൽ) "വൈജയന്തീ! നിൻെറഈ ലജ്ജാഭാവം എനിക്കു വളരെ കൌതുകമുണ്ടാക്കുന്നു; എങ്കിലും അതു് എന്നെ വളരെ സങ്കടപ്പെടുത്തുന്നുമുണ്ടു്.

വൈജ:—"വിശറട്ടെ—വിടണം."

സലിം:—"വീശാനൊ?—ഇല്ല—ഇല്ല—ഒരുകാലം ഞാൻ സമ്മതിക്കയില്ല. ഞാനാണു വീശേണ്ടതു്—സൌന്ദൎയ്യവും സൌശീല്യവും ദാസ്യംചെയ്യുവാൻ ഞാൻ സമ്മതിക്കുകയില്ല."

വൈജ:—(ഏററവും പതുക്കെ നമ്രമുഖിയായിതന്നെ) 'വിടുകില്ലെ?'

സലിം:—"അതെനിക്കറിഞ്ഞുകൂടാ—വൈജയന്തീ!—നിന്നോടുള്ള സംസൎഗ്ഗംമൂലം ഞാൻ പരിശുദ്ധനായിത്തീരുന്ന

എൻെറ ആഗ്രഹങ്ങഠം അതിൎത്തികണ്ടു—ദയവേണമേ!"

വൈജയന്തിയെന്ന അസ്വതന്ത്ര യാതൊന്നും മിണ്ടിയില്ല. യുവരാജാവു് അവളുടെ ഉരുണ്ട കൈത്തണ്ടു തലോടി. സ്ത്രീസ്വഭാവമനുസരിച്ചു് തത്സമയം വൈജയന്തിയുടെ ഹൃദയത്തിനുള്ള സഹനശക്തിയിൽ എള്ളിടപോലും അവിടെ കാണ്മാനില്ലാതെയായി. അവളുടെ ശരീരം നഖശിഖാന്തം കുളിൎത്തു; വൈജയന്തി വല്ലാതെ തളൎന്നു നിലത്തു പതിക്കുവാൻ ചായ്ഞ്ഞു. യുവരാജാവു് പെട്ടെന്നു് അവളെ രണ്ടുകൈകൊണ്ടും താങ്ങി തൻെറ മാറോടു അല്പംഅടുപ്പിച്ചുകൊണ്ടുനിന്നു. വൈജയന്തി ചലനരഹിതയായി രാജഹസ്തങ്ങളിൽ സുഖിച്ചു. അവഠം കൂടെക്കൂടെ കണ്ണുകഠംകുറേശ്ശ വിടൎത്തി; അവയിൽനിന്നും ഒന്നുരണ്ടു നീൎത്തുള്ളികഠം പൊടിഞ്ഞുവന്നു. അവഠം എന്തൊ നല്ലകിനാവുംകണ്ടു ഉറങ്ങുന്നതുപോലെതോന്നി. അല്പം നനവു പററിയ ചെമന്ന ചുണ്ടിൻെറ മദ്ധ്യം വിടൎന്നു്, ഉള്ളിൽ കണ്ട രണ്ടു വെൺമുത്തുകളുടെ സമ്മിളിതമായ മനോഹരത വീക്ഷിക്കെഅറിയാതെതന്നെ ആ മധുരപ്രദേശത്തു ഒരു ചുംബനമെങ്കിലും അമൎത്താൻ യുവരാജാവു് ആഞ്ഞു. എങ്കിലും വൈജയന്തിയുടെ സമ്മതംകൂടാതെ താൻ അതു ചെയ്യുന്നതല്ലെന്നു് ആണത്തവും മൎയ്യാദയും അവലംബിച്ചു. ആ കിടപ്പിൽനിന്നും ഒന്നു് അനങ്ങുവാൻപോലും ശക്തിയും ധൈൎയ്യവും മനസ്സും വൈജയന്തിക്കുണ്ടായില്ല. തൻെറ പ്രേമസൎവ്വസ്വം സുഖമായിക്കിടന്നുകൊള്ളട്ടെ എന്നു് അലിഞ്ഞുകരുതി, യുവരാജാവും നിന്നനില്പിൽ കണ്ണുകഠംപോലും ഇളക്കിയില്ല. ഉള്ളുതുടിക്കുന്ന ശബ്ദമല്ലാതെ അവിടെ മററു യാതൊരു അനക്കവും ഉണ്ടായിരുന്നില്ല. രണ്ടു ഹൃദയംമാത്രം ഒന്നായിത്തീൎന്നു്, ഏകാന്തനിൎവൃതി അനുഭവിക്കുന്നുണ്ടായിരുന്നു. ഈ സ്ഥിതിയുടെ ആരംഭംകണ്ടു് "അയ്യോ! കൊള്ളാം—അമ്പടീ! ഇത്രയുമായൊ?" എന്നു നെഞ്ചുപൊട്ടുംവിധം ഉള്ളിൽഅ

ലറിക്കൊണ്ട് സോഫിയ അംബകുമാരിയുടെ കണ്ണുത്തിലേ ക്കുപാഞ്ഞു.

അംബകുമാരി സംഭാഷണംചെയ്തു ഇരിക്കുന്നതായിരുന്ന തിനാൽ, സോഫിയ ഇടയ്ക്കുകയറിച്ചെന്ന് തന്റെ ഉള്ളിൽ കിടന്നു കുതിച്ചുകൊണ്ടിരുന്ന വിശേഷവാർത്ത അറിയിക്കാൻ ധൈര്യപ്പെട്ടില്ല. അവൾ അല്പനേരത്തേക്കു അടങ്ങിനി ല്ക്കേണ്ടിവന്നു. അപ്പോഴേക്കും കൊട്ടാരത്തിലെ തോഴികളെ നൃത്തം അഭ്യസിപ്പിക്കാൻ നിയമിച്ചിട്ടുള്ള റസിയ എന്ന ഒ രു വൃദ്ധസ്ത്രീയുമായുള്ള കുമാരിയുടെ സല്ലാപം ഇപ്രകാരം അ വസാനത്തോടു ചെന്നുചേർന്നു.

അം-കു:—"റസിയേ! ഇവിടെഉള്ളവരിൽ നൃത്തത്തിനു ഏ റെവും മിടുക്കി ആരാണ്?"

റസിയ:—"അതു് വൈജയന്തി ആണെന്നല്ലാതെ എനിക്കു പറയാൻ കഴികയില്ല."

അം:കു:—"അവൾ മിടുക്കിയാണ്—കണ്ടാലും നല്ലതു്—ഒ ന്നാംതരം ശീലവുമാണ്."

സോഫി:—(ആത്മഗതം) "അതാണ്—ഇപ്പോൾ കുണ ക്കിന്നു പററിയതു്—"

റസിയ:—"വലിയ കൊട്ടാരത്തിൽ കല്പിച്ചു് വൈജയന്തിയു ടെ നൃത്തനം കാണണമെന്നു തിരുവുള്ളം കൊണ്ടിട്ടു ണ്ടു്."

അം-കു:—"നന്നായി—ആ സാധുവിൽ തിരുവുള്ളം ഇനി യും ഉണ്ടാകാതെ ഇരിക്കുകയില്ല."

സോഫിയയ്ക്കു വൈജയന്തിയെപ്പററിയുണ്ടായ ഈ സ്തു തി അത്ര സുഖമായില്ല. ഈ അവസരംകണ്ടു്, അവൾപ തുക്കെ അംബകുമാരിയുടെ അടുക്കൽ എത്തി, അനുവാദഭാ വംവാങ്ങി, ചെവിയിൽ എന്തൊ മന്ത്രിച്ചു. അംബകുമാ രിയുടെ പുരികം ചുളിഞ്ഞു; കണ്ണുകൾചെവകി; താടിഅല്പം

ഉള്ളിലേക്കു വെട്ടിവലിച്ച്, തല ചെരിച്ചുകൊണ്ടു ആ സ്ത്രീ കലുഷയായി ചോദിച്ചു.

അം: കു:—"എന്തു്?"

സോഫി:—"വൈജയന്തി തിരുമനസ്സിലെ മണിയറയിൽ-"

അം: കു:—"വൈജയന്തിയോ!—"

സോഫി:—"ഇവൾ ഈ കണ്ണുകൾകൊണ്ടു കണ്ടതാണ്— ഇത്രാടംവന്ന താമസമേ ഉണ്ടായുള്ളു—അവിടെ കാണാവുന്ന കാര്യമാണല്ലോ—"

"ആങ്ഹാ!" എന്ന് അമത്തിയസ്വരത്തിലെങ്കിലും അതികോപത്തോടെ ഉച്ചരിച്ച് അംബകുമാരി എഴുന്നേററു. ഭർത്തൃശരീരത്തിൽ അന്യസ്ത്രീകളുടെ കാററുപോലും തട്ടിയെന്നവന്നാൽ, നമ്മുടെ വനിതകൾ, കോമളവേഷങ്ങളൊക്കെ വെടിഞ്ഞു്, കൃത്യയെപ്പോലെ ഉഗ്രരൂപിണികളായി സർവ്വം ദഹിപ്പിച്ചുകൊണ്ടു് പുറപ്പെടുന്ന ഒരു മട്ടുണ്ടു്. ആ ഗരത്തിൽത്തന്നെ ആയിരുന്നു അംബകുമാരി ഭർത്തൃസന്നിധിയിലേക്കു തിരിച്ചതു്. അംബകുമാരി അതിവേഗം നടന്നു. മററുള്ളവർ കാര്യമറിയാതെ അന്ധാളിച്ചു പിരിഞ്ഞു കുമാരി യുവരാജാവിൻെറ അറയുടെ വാതൽകടന്നു്, നോക്കിയപ്പോൾ സോഫിയ പറഞ്ഞകാര്യം പ്രത്യക്ഷത്തിൽ പുരോഭാഗത്തു കണ്ടു കോപംകൊണ്ടു് ഉജ്ജ്വലിക്കുകയാൽ ഒരടിനീങ്ങാനും സാധിക്കാതെ ആ ഖണ്ഡിത അല്പനേരം അവിടെനിന്ന്, തിളയ്ക്കുകയും ചീറുകയും, പുകയുകയും ചെയ്തു. അനന്തരം വേഗംനടന്നു്, ഭർത്താവിൻെറ പിറകിൽ ചെന്നുനിന്നു സലിം തിരിഞ്ഞുനോക്കി. സ്വഭാര്യയെ കണ്ടപ്പോൾ ആ അധികാരപ്രമത്തൻെറ മുഖത്തു ഭാവവ്യത്യാസം ഒന്നും ഉണ്ടായില്ലെന്നുള്ളതു് ആശ്ചര്യംതന്നെ. എന്നാൽ അല്പസമയം സ്വഭാര്യയുടെ വദനത്തിൽ നിന്നിമേഷനായി നോക്കിയിട്ടു്, ആജ്ഞയുടെ പരമകാഷ്ഠയെ പ്രാ

പിച്ച ഒരു ആംഗ്യംകൊണ്ടു് ആ മുറിയിൽനിന്നും ഇറങ്ങി പ്പോകുവാൻ അംബകുമാരിയോടപേക്ഷിച്ചു. സാഹസം കാട്ടിപ്പോയ ആ സ്ത്രീ "ആങ്ഹാ! ഇതു ആയൊ—അട്ടെ കാണിച്ചുകൊടുക്കാം—" എന്നു് സ്വയംവദിച്ചു് വ ന്ന വേഗത്തിൽത്തന്നെ മടങ്ങി സുഖമയമായ മയക്കത്തിൽ ലയിച്ച വൈജയന്തി ഇക്കഥയൊന്നും അറിഞ്ഞില്ല; ആരും അവളോടു പറഞ്ഞുമില്ല.

---

## അദ്ധ്യായം ൧൩.

---

### അംബകുമാരിയുടെ പശ്ചാത്താപം.

ആ രാത്രി തേഞ്ഞുതേഞ്ഞു് ചാമ്പൽനിറമായ പ്രഭാ തത്തിൽ മാഞ്ഞു. കഴിഞ്ഞ അന്തിയിൽ അറബിക്കടലിൽ മുങ്ങി വിദ്യകാട്ടിയ ഭാസ്കരൻ കവിൾ ചെഞ്ചിവിക്കെച്ചിരി ച്ചുകൊണ്ടു കിഴക്കേദിക്കിൽ മെല്ലെ മെല്ലെപ്പൊന്തി ഇന്ദ്ര ദിങ്മുഖപരിസരത്തിൽനിന്നും നീണ്ടുചാടിയ രക്തകര ങ്ങൾ ബന്ധം പൊട്ടിക്കുകയാൽ അന്ധകാരം പശ്ചിമചക്ര വാളത്തെ ഉരസി ഒഴുകിത്താഴ്ന്നു വായുപ്രവാഹം ആകാ ശത്തിൽ മുഴുവൻ നിറഞ്ഞൊഴുകി. മനുഷ്യരുടെയും പക്ഷി കളുടെയും മൃഗങ്ങളുടെയും വ്യാപാരം വിവിധമായി തഴച്ചു. ഹാ! മഞ്ജുളമായ ദിവസം ആരംഭിച്ചു.

എന്നാൽ ഒരുകാര്യത്തിൽ ഈദിവസം ആരംഭിച്ചതു അല്പം സങ്കടത്തോടുകൂടി ആയിരുന്നു. അംബകുമാരി, ത ലേദ്ദിവസം രാത്രി വളരെ ദുസ്സഹമായിട്ടത്രെ ഉറങ്ങിയതു്. കുമാരി ഉണർന്നതും മുഖം വീർപ്പിച്ചുകൊണ്ടുതന്നെ ആയിരു ന്നു. അവർ ആരേയും വിളിക്കാതെ നിരുത്സാഹയും നിശ്ച

ലയും ആയി കുറേനേരം ശയനമുറിയിൽ ഇരുന്നതിൻെറശേഷമായിരുന്നു ദിനകൃത്യചക്രം തിരിക്കുവാൻ ഒരുമ്പെട്ടതു്. അംബകുമാരി മുറിയിൽ മൃദുാസ്തരണത്തിൽ ഇരുന്നപ്പോൾ, വൈജയന്തി എന്നത്തെയുംപോലെ വെള്ളിക്കിണ്ണത്തിൽ ഭക്ഷ്യങ്ങളായ മധുരപദാൎത്ഥങ്ങളും, പാനീയവും, ഏന്തി അറയിൽ കടന്നു. വൈജയന്തിയേ കണ്ടമാത്രയിൽ അംബകുമാരിയുടെ ഓരോഅംഗവും ജൃംഭിച്ചു്, അവയുടെ സ്ഥാനത്തു ഇളകി വിറച്ചു. പല്ലു ബലമായി തമ്മിൽ ഘടിപ്പിച്ചു്, കോപം കൊണ്ടു്, വീൎപ്പുപോലും അടക്കി, കുമാരി, അനന്തരകൎമ്മങ്ങൾക്ക യത്നംകൊണ്ടു. വൈജയന്തി, താൻവഹിച്ചിരുന്ന സാധനങ്ങൾ താഴെ വീഴാതെ നോക്കിക്കൊണ്ടായിരുന്നു വന്നതു്. കുമാരി ഇരുന്നതിനു് ഒട്ടടുക്കവേ അവൾ സ്വാമിനിയുടെ മുഖത്തുനോക്കി. അംബകുമാരിയുടെ നേത്രങ്ങൾ ദീപ്തനിശ്ചലങ്ങളും, അധരം സ്പന്ദനബഹുലവുമായിക്കണ്ടു്, വൈജയന്തിയുടെ അന്തഃകരണം ഒന്നു പകച്ചുനിന്നു. ഏതോ സംഗതികൊണ്ടു് കുമാരി അല്പം കയൎത്തിരിക്കയാകാമെന്നു വിചാരിച്ചു്, അവൾ അരികിൽ എത്തി. വൈജയന്തിയേ നോക്കാതെ അംബകുമാരി മുഖം അല്പം തിരിച്ചു്, മിണ്ടാതെ ഇരുന്നതു് ശങ്കിച്ചു ദശിച്ചു് തോഴി, 'ഇതാ ' എന്നുമാത്രം പറഞ്ഞു നിൎത്തിയപ്പോൾ, എന്തൊ ഒരുമാതിരി ശീഘ്രത അവിടെ ചീറി മറിയുകയും വൈജയന്തിയുടെ കയ്യിൽ ഉണ്ടായിരുന്ന പദാൎത്ഥങ്ങളെല്ലാം അവിടെയെങ്ങും ചിതറുകയും ചെയ്തു. അവളുടെ സാരി മുഴുവൻ നനഞ്ഞു. അനന്തരം സ്ത്രൈണകോപസ്വരം ഇങ്ങിനെ പുറപ്പെട്ടു.

അം—കു:—"ഫോ—പുറത്തു്..........പൊയ്ക്കോ—"

വൈജ:—(അല്പം പരുങ്ങി) "എന്താണു് ഇങ്ങിനെ കോപിക്കുന്നതു്? അതിനുതക്കവണ്ണം ഞാൻ ഒന്നും ചെയ്തിട്ടില്ലല്ലൊ—"

അം—കു:—"മിണ്ടരുതു്—ശബ്ദം മിണ്ടരുതു്. നീ ഒന്നുംചെ

സ്സിട്ടില്ലേ:—അധികപ്രസംഗി!— ദുഷ്ടേ!— സർവ്വത്ര ചിത്തേ!"

വൈജ:—"ഇന്നു ഞാൻ ആരെയോ കാഴ്ചകണ്ടതു്......ഇത്ര ശകാരിക്കത്തക്കവണ്ണം ഞാൻ ഒന്നും ഉചെയ്യതായി തോന്നുന്നില്ല."

അ—കു:—"നീ കാഴ്ചകാണേണ്ടതായി വന്നിരിക്കയില്ലല്ലോ —എടീ! നീ ശുദ്ധയും സുശീലയും ആണെന്നു ഞാൻ തെററിദ്ധരിച്ചു—നിൻെറ ഉള്ളിൽ ഇത്രമാത്രം ആഭാസത്തവും വൻപും ശേഖരിച്ചിട്ടുണ്ടെന്നു് ഞാൻ അറിഞ്ഞിരുന്നില്ല."

വൈജ:—(അല്പം നിവൎന്നു മുഖം ചെമപ്പിച്ചുകൊണ്ടു്) "ഇവൾ ഇപ്പോഴും ശുദ്ധയും സുശീലയും ആണു്. ഈ സംസാരം എന്നെ കൊല്ലാതെ കൊല്ലുന്നു."

അ—കു:—"ഉം—നിന്നെ കൊല്ലാതെതന്നെ കൊല്ലും. ഒരു ഭൃത്യയ്ക്കു് ഇത്ര പ്രതാപം വൎദ്ധിച്ചുപോയതു് എൻെറ കുററമാണു്—അതു ഞാൻതന്നെ തീൎക്കാം—"

വൈജ:—(ഒരു ദേവതയേപ്പോലെ സധൈൎയ്യം) "ഞാൻ ദാസ്യംധരിച്ചിരിക്കുന്നു എന്നുവച്ചു് എൻെറ ഹൃദയം അടിമത്തം ഏററിത്തളുന്നതല്ലെന്നു് കുമാരി വിചാരിക്കണം—"

അ—കു:—(ഒരു ആശ്ചൎയ്യഭാവത്തോടെ) "അല്ല!!—ഇത്രവേഗം എന്നോടു സമഭാവനയിൽ പെരുമാററവും തുടങ്ങിയൊ! (കഴുത്തു് അല്പം കിളത്തി) ആരവിടെ?—"

'ഉത്തരവു്' എന്നു വിളികേട്ടു്, രണ്ടു കാവൽക്കാർ അവിടെ പ്രവേശിച്ചു. ഇതുകണ്ടു് വൈജയന്തി അല്പം പരിഭ്രമിച്ചുപോയി.

അ—കു:—(ഭടന്മാരോടു്) "ഇവളെക്കൊണ്ടുപോയി ഒരു പതിനഞ്ചു് അടി അടിപ്പിൻ—ഉം—"

സാധുവായ വൈജയന്തി തൽക്ഷണം വല്ലാതെ ഒന്നു ഞെട്ടി അന്ധാളിച്ചു. "എന്തു് —അടിക്കാനോ?" എന്നു സ്വയം ചോദിച്ചു് "എന്നെ അപമാനിക്കരുതേ" എന്നു് സ്വാമിനിയോടു അഭ്യർത്ഥിക്കുവാൻ തുടങ്ങി. അംബകുമാരി വ്യാകുലയായ് അവളെ നോക്കാതെ തലതിരിച്ചു. ഭടന്മാർരണ്ടുപേരും രണ്ടുവശത്തായിനിന്നു് ആ ദീനചിത്തയെ പിടിച്ചുകൊണ്ടു്, അവളോടു നടക്കുവാൻ പറഞ്ഞു. "ഞാനും ഒരു സ്ത്രീയാണു് —ഒരുസ്ത്രീയേ ഇങ്ങിനെ അപമാനിക്കരുതെ!" എന്നു് വൈജയന്തി ഭടന്മാരുടെ ഉന്തും തള്ളും വകവയ്ക്കാതെ തിരിഞ്ഞുനിന്നു് സ്വാമിനിയോടു ഉണർത്തിച്ചു. അംബകുമാരിയെന്ന അശ്മഹൃദയംക്രോധത്തിൻ പരകോടിയിൽ എത്തിയ ആ അവസ്ഥയിൽ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. വൈജയന്തി ഭടന്മാരുടെ മദ്ധ്യഗയായി ഇടറിത്തിരിച്ചു. അവൾ നന്നേ വ്യസനിച്ചു. ഭടന്മാരോടു വളരെ കോപിച്ചു. "വരിൻ തല്ലിക്കൊള്ളുവിൻ" എന്നു് ഒരു ഭ്രാന്തിയെപ്പോലെ പറഞ്ഞു് മുറുകെ നടന്നു. അപമാനംകൊണ്ടു്, അഭിമാനം ധാരാളമുള്ള വൈജയന്തി വറണ്ടു വാടി. ഒട്ടുനാഴികകൾക്കുമുൻപു രാജ്യലക്ഷ്മിയുടെ കരപുടങ്ങളിൽ എടുത്തു് ഓമനിച്ചു്, താലോലിക്കപ്പെട്ട അവൾ, അധികം കഴിയുംമുൻപേതന്നെ അതിൻെറ നീചമായ ചവുട്ടുകൊള്ളുന്നതിനു ഇടയായല്ലൊ എന്നു വിചാരിച്ചപ്പോൾ, വൈജയന്തിയുടെ തലചുററി, മനസ്സുമങ്ങി, അവൾ മോഹിച്ചു നിലത്തുപതിച്ചു. അവസ്ഥാന്തരങ്ങളിൽപെട്ടു്, ദയ വിററുതിന്ന ആ ഭടന്മാർ ആ സാധുസ്ത്രീയെ, കോമളവല്ലിയെ, വലിച്ചിഴച്ചുകൊണ്ടുപോയി, കൊട്ടാരത്തിന പിൻവശത്തു് ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ എത്തി. അവർ വൈജയന്തിയേ ആ മരത്തോടു ചേർത്തുനിർത്തി കെട്ടി. അനന്തരം അതിൽ ഒരു, ദുഷ്ടനൊ, അന്ധനൊ, പാപിയൊ, ആരാണെന്നു നിശ്ചയമില്ല, അവൻ • ആ കോമളയുവതിയെ തല്ലുന്നതിനായി ചാട്ട ഉയർത്തി. ആ കഠിനപ്ര

ഹരമേററാൽ വൈജയന്തിയുടെ വെളുത്ത തളിർമെയ് നിസ്സീമമായി വേദനിയ്ക്കും; ചെമ്പരത്തിപ്പൂപോലെ ചെമക്കുകയും ചെയ്യും. സ്ത്രീയുടെ സൌമ്യചിത്തം അതിന്ന് അനുവദിക്കയില്ല, പുരുഷഹൃദയം ഏതൽകൃത്യം രൂക്ഷമായി നിരോധിക്കും. എന്നാൽ ഉടലെടുത്ത ഇത്തരം ഹൃദയാംശം വൈജയന്തിയെ പലവിധത്തിലും അപമാനിക്കാതിരിപ്പാൻ അവിടെ ഇല്ലായിരുന്നു.

ജന്മാന്തരച്ഛേദ്ദുകൊണ്ടോ എന്തോ, വാത്സല്യഭാജനമായിക്കരുതി വന്ന തന്റെ തോഴിയെ കഠിനശിക്ഷയ്ക്കു ഇരയാക്കി വിട്ടതു്, മനസ്സിൽ പ്രതിധ്വനിച്ചു്, നാരീമണിയായ അംബകുമാരി അല്പം പശ്ചാത്തപിക്കാതിരുന്നില്ല. മഹാധർമ്മദൃഷ്ടിയിലും അധികാരപ്രാഭവത്തിന്റെ ചോദ്യത്തിലും വൈജയന്തിയുടെ അപരാധം തുച്ഛമായിത്തീരുകില്ലേ എന്നു അവൾ സംശയിച്ചു. ഏതായിരുന്നാലും മനസ്സിന്നു അത്ര നല്ല സുഖമില്ലാതെ അംബകുമാരി ശയനമുറിയിൽ ചെന്നു ചിന്താഗ്രസ്തയായിരുന്നു. അല്പം പാത്തപ്പോൾ യുവരാജാവു് അതിൽ കയറിവന്നു. ഭർത്താവിനെ കണ്ടു്, അംബകുമാരി ബഹുമാനപുരസ്സരം വന്ദിച്ചുനിന്നു; എങ്കിലും അല്പം ഗൌരവവും കോപവും ഭാവിച്ചു കുമാരി മിണ്ടിയില്ല.

സലിം:—"എന്താണു കുമാരിയുടെ മുഖം വല്ലാതെ ചുവന്നും ഉരുത്തും ഇരിക്കുന്നതു്.?"

അ: കു:—(അല്പം കഴിഞ്ഞു്) "അതറിയുവാൻ വല്ലവരും ഉണ്ടായിരുന്നെങ്കിൽ മതിയായിരുന്നു."

സലിം:—"അതിനു ഞാനുണ്ടല്ലോ—എന്താ—നിനക്കു സുഖമില്ലേ?"

അ: കു:—"അവിടുന്നു്—എന്നോടു ഇങ്ങിനെ ചോദിക്കുന്നതു കുറെ കഷ്ടമാണു്. എന്റെ സുഖവും സുഖക്കേടും അറിവാൻ ഒരാളുണ്ടായിരുന്നെങ്കിൽ—"

സലിം:—നിൻെറ കോപത്തിന്നുള്ള കാരണം എനിക്കു മനസ്സിലായി—കുമാരി എന്നോടു പരിഭവിക്കരുതു്. നിന്നോടു ഒരു സംഗതി പറയാനായിട്ടാണു്, പോരാ—ഒരു അനുവാദം വാങ്ങാനായിട്ടാണു് ഞാൻ വന്നതു്.

അ: കു:—"അതെ അല്ലാതെ ഇത്ര ഝടിതിയിൽ വരികയില്ലല്ലോ—എൻെറ അനുവാദം എന്തിന്? അതുകൂടാതെ എന്തും അങ്ങേയ്ക്കു ചെയ്യുവാൻ സാധിക്കുമല്ലോ. അങ്ങൊരു ചക്രവർത്തിയാണെന്നറിഞ്ഞുകൂടെ?"

സലിം:—"ശരി, അതെല്ലാം അറിയാം. നീ എൻെറ ഉറച്ച സ്നേഹത്തിനു ഇരിപ്പിടമായ പത്നിയാണെന്നും അറിയാം. ആകയാൽ ഇങ്ങോട്ടു വന്നുഎന്നേ ഉള്ളു."

അ: കു:—"കൊള്ളാം—എന്നാൽ അവിടുന്നു വന്ന കാൎയ്യം പറഞ്ഞാൽ കേൾക്കാം."

സലിം:—(സമീപിച്ചു്) "നിനക്കു എന്നോടു ദയയുണ്ടായിരിക്കണം—എന്നെ സഹായിക്കണം—കുമാരി എന്നോടു പരിഭവിക്കാൻ വേണ്ട കാരണമുണ്ടു്."

അ: കു:—(തല ഉയൎത്തി) "അവിടുന്നു പറഞ്ഞുകൊണ്ടുവരുന്ന കാൎയ്യം എനിക്കു മനസ്സിലായി."

സലിം:—"നിൻെറ വൈജയന്തി എവിടെ?"

അ: കു:—(സഗൌരവം) "ഹിന്ദുസ്ത്രീകളുടെ മൎയ്യാദയനുസരിച്ചു് എനിക്കു അങ്ങയോടു ചിലതു പറയാനുണ്ടു്. എൻെറ കഥപോകട്ടെ—ഒരു ചക്രവൎത്തിയായിത്തീരേണ്ട അങ്ങു് ഇത്തരം പ്രവൃത്തികളിൽ ഏൎപ്പെട്ടു, കീൎത്തി ദുഷിപ്പിക്കുന്നതു നല്ല."

സലിം:—"കുമാരി! ഞാൻ സൎവ്വവും സമാപ്തമാക്കി. എൻെറ ആഗ്രഹത്തിൻെറ അതിൎത്തികണ്ടു. ഇനി ഒരൊററക്കാൎയ്യത്തിൽ മാത്രം നീ എനിക്കു അനുവാദം തരണം. വൈജ........"

അ: കു.—"വീണ്ടും ഉണർത്തിക്കുന്നു. ഗൃഹജീവിതത്തിൽ അങ്ങു ചില നിയമങ്ങൾ അനുഷ്ഠിക്കാതെ തരമില്ല."

സലിം:—(കോപത്തോടെ) "എന്തു്, ഇത്രയും പറഞ്ഞതു മനസ്സിലായില്ലേ!......എൻെറ സുഖത്തിനു വിപരീതമായി നിൻെറ നിയമത്തിൽ എന്താണുള്ളതു്. കുറച്ചു മുൻപു നീ ഹിന്ദുസ്ത്രീകളുടെ മര്യാദയോ, ധർമ്മമോ ഒക്കെപ്പറഞ്ഞല്ലൊ — പതിയുടെ ഹിതം എന്നല്ലേ ഹിന്ദുവനിതകളുടെ ജീവിതത്തിൻെറ തലവാചകം—"

അംബകുമാരി ആലോചനയിൽ നിമഗ്നയായി ഉരിയാടാതെ നിന്നു.

സലിം:—(ശാന്തമായും ഉറപ്പോടെയും) "എനിക്കു ഒരുകാര്യം സഹായമായു് ചെയ്താൽ—ഞാൻ തൃപ്തനായി—നിൻെറ അഭീഷ്ടംപോലെ പിന്നെ എന്തു ചെയ്വാനും സന്നദ്ധനാണു്. വൈജയന്തിയെ നിൻെറ ഒരു ഇളയ സോദരിയെപ്പോലെ കരുതണം."

അ. കു:—(ഒരു നെടുവീർപ്പിട്ടു്, അല്പംകഴിഞ്ഞു് പറഞ്ഞു) "അതെ—പതിശുശ്രൂഷയും പതിയുടെ ഹിതവും ആകുന്നു ഞങ്ങളുടെ പരമധർമ്മം. ജീവിതത്തെ സംബന്ധിക്കുന്ന പരമതത്വങ്ങൾ അതിൽ അടങ്ങിയിട്ടുമുണ്ടു്— അവിടുത്തെ ഇഷ്ടത്തിന്നു് ഇവൾ എന്തുദുഃഖവും അനുഭവിക്കാൻ തയ്യാറാണു്."

സലിം:—(സസ്നേഹം തഴുകിക്കൊണ്ടു) "കുമാരീ! എനിക്കു നിന്നെ അതിരററസ്നേഹവും ബഹുമാനവുമുണ്ടു്—ഇന്നുമുതൽ നിൻെറ ഉപദേശങ്ങളിൽനിന്നും ഒരടി തെററി ഞാൻ നടക്കയില്ല എന്നു്, വാക്കുതരുന്നു."

അംബകുമാരി പെട്ടെന്നു് എന്തൊ ഓർമ്മിച്ചുണ്ടായ പരിഭ്രമത്തോടെ സലിമിൻെറ കാൽക്കൽ, മുട്ടിന്മേൽനിന്നുകൊണ്ടു് തുടന്നു.

അ-കു:—"എനിക്കൊരബദ്ധംപററി—അവിടുന്നു ക്ഷമിക്കണം."

സലിം:—(ആവേഗത്തോടെ) "എന്തു്?—വേഗംപറയൂ"!

അ-കു:—"അതാ—ഇപ്പോൾ അവർ പടിഞ്ഞാട്ടുകൊണ്ടുപോയതേഉള്ളൂ—വൈജയന്തിയെ തല്ലുവാൻ—"

ഭാവമാകെപ്പകൎന്നു് "ദുഷ്ടേ!" എന്നു വെടിപൊട്ടുംപോലെ ഗർജ്ജിച്ചു്, സലിം തിരിഞ്ഞു് മുറിവിട്ടു്, എയ്തുവിട്ടുന്ന അമ്പിൻെറ വേഗത്തിൽപോയി. അദ്ദേഹം വൈജയന്തിയെ ബന്ധിച്ചു നിൎത്തിയ സ്ഥലത്തിനു കുറെ സമീപം വന്നപ്പോൾ എവിടെഎന്നറിയാതെയും, എങ്ങോട്ടു പോകണമെന്നു തോന്നാതെയും തൻെറ പ്രേമസൎവ്വസ്വത്തിൻെറ മൃദുകളേബരത്തിൽ പ്രഹരമേററു വേദനിച്ചുപോയിട്ടുണ്ടോ, എന്നു മനംനൊന്തും അല്പം നിൽക്കവെ, ആരോ സംസാരിക്കുന്ന ശബ്ദംകേട്ടു. യുവരാജാവു് മറവുതിരിഞ്ഞുനോക്കി. സ്വപ്രേമഭാജനത്തിൻെറ ശരീരം സ്പൎശിക്കുന്നതാരായാലുംശരി, അവനെ യമലോകത്തുകൂടി ഇരുത്തുകയില്ലെന്നവീരശപഥത്തോടെവന്ന സലിം വൈജയന്തിയുടെ പുറത്തു പതിക്കുവാൻ പൊങ്ങിയ ചാട്ടയും കയ്യും കണ്ടു. അദ്ദേഹം ക്രുദ്ധനായ ഒരു സിംഹത്തെപ്പോലെ ഒരൊററക്കുതികുതിച്ചു. അരനിമിഷംമുൻപു് ഭടൻെറ കയ്യിൽകണ്ട 'ചാട്ട' യുവരാജഹസ്തത്തിൽപൊങ്ങി. ഭടന്മാർ ഇരുവരും യുവരാജാവിനെക്കണ്ടു്, ഭയപ്പെട്ടു് ചുളുങ്ങിമാറി. സലിം തിരിഞ്ഞും പിരിഞ്ഞും രണ്ടുപേൎക്കും തുരുതുരെ അഞ്ചാറു അടികൾ ഏല്പിച്ചു. അവർ ജീവനുംകൊണ്ടു് എവിടെയൊ ഓടിഒളിച്ചു.

സലിം ഒരുമാത്രകൊണ്ടു് വൈജയന്തിയെ കെട്ടിയിരുന്ന കയർ പൊട്ടിച്ചു. വാടിത്തളൎന്നു് ഒരുവശത്തേക്കു ചാഞ്ഞ അവളെ യുവരാജാവു് വേഗം കോരിയെടുത്തു് തിരിച്ചു. വിയൎപ്പു പൊടിഞ്ഞു്, പൊടിപററിയും ഇരുന്ന അവളുടെ നെററികയിൽ പ്രേമാധിക്യംകൊണ്ടു ശക്തികുറഞ്ഞ അദ്ദേഹം

ചുംബിച്ചു. യമന്റെ രാജധാനിയിൽ ഒരു ഏൎപ്പാടുണ്ടെന്നു കേട്ടിട്ടുണ്ട്. ചിലരെ കർമ്മഫലം അനുഭവിപ്പിക്കുവാൻതിളച്ചുകിടക്കുന്ന ലോഹപാത്രത്തിൽ ഇട്ടു വറക്കുകയും അവർ പൊരിഞ്ഞു മരിച്ചാൽ വീണ്ടും മഹാവേദന അനുഭവിക്കുന്നതിനു പ്രാപ്തിയുണ്ടാവാൻ അമൃതംതളിച്ചു്, ജീവിപ്പിച്ചു്, വീണ്ടും ആ ക്രിയ ആവൎത്തിക്കയുംചെയ്യുംപോലും. അതെങ്ങിനെ ഇരുന്നാലും മുഗൾചക്രവൎത്തിയുടെ രാജധാനിയിൽവെച്ചു് വൈജയന്തിക്കുണ്ടായ അനുഭവം ഏതാണ്ട് ഭീഷണമായ ഈ വിധത്തിലായിരുന്നു. ദുഷ്ടന്മാരായ ഭടന്മാരിൽനിന്നും മററുമുണ്ടായ കഠിനപ്രവൃത്തികൊണ്ട് ഉള്ളുപൊരിഞ്ഞ വൈജയന്തിയെ രാജലക്ഷ്മി ചുംബിക്കുന്ന കരങ്ങൾ താലോലിച്ചുതുടങ്ങി. അവളുടെ കഥ അത്ഭുതംതന്നെ. നിമിഷങ്ങൾ ഓരോന്നും അവളെ രാജാവിന്റെ അങ്കത്തിലും, ദണ്ഡിക്കുന്നയിടംതുടങ്ങിയ നീചപ്രദേശങ്ങളിലും ഇട്ട്, അമ്മാനയാടി. വൈജയന്തി കണ്ണുകൾ ഉന്മീലനംചെയ്തു്, പ്രേയാന്റെ വദനകമലംകണ്ടു; ആനന്ദംകൊണ്ടു വീണ്ടും നിശ്ചലയായി. യുവരാജാവു്, വൈജയന്തിയേയുംകൊണ്ടു് അംബികകുമാരിയുടെ മാളികയിൽ കയറിച്ചെന്നു. അദ്ദേഹം വൈജയന്തിയെ അവിടെ ഒരു കട്ടിലിൽ കിടത്തി. അംബികകുമാരി വിഷണ്ണയായി, അടുത്തുനിന്നു. യുവരാജാവു് സമാധാനംവിടാതെ പത്നിയെനോക്കിപ്പറഞ്ഞു.

സലിം:—"നോക്കൂ—ഇത്ര കരുണ നിനക്കു ഇല്ലാതെപോയല്ലോ. ആ കിടക്കുന്നതും ഒരു സ്ത്രീയല്ലേ?—നീ അവളെ വാത്സല്യത്തോടുകൂടി ശുശ്രൂഷിക്കണം."

അം: കു:—"ഞാൻ അവളുടെ ദാസിയായി ഇരിപ്പാനും തയ്യാറാണു്—ഒരു ഹിന്ദുസ്ത്രീയാണെങ്കിൽ അവിടുത്തെ ഇഷ്ടം എന്തും ഞാൻ അനുസരിക്കും".

വൈജയന്തിക്കു നല്ല ഉണർവുണ്ടായി. അവൾ കണ്ണുതുറന്നു നോക്കിയപ്പോൾ അംബികകുമാരിയുടെ പ്രശാന്തമായ

മുഖമായിരുന്ന ആദ്യമായി അടുത്തുകണ്ടതു്. അവൾ പെട്ടെന്നു കട്ടിലിൽനിന്നും എഴുന്നേററു് ഓടിച്ചെന്നു കുമാരിയുടെ മുൻപിൽ ജാനുക്കളിൽ നിന്നുകൊണ്ടു്, ഇടയ്ക്കു കെട്ടിപ്പിടിച്ചു്, ഇങ്ങിനെ തുടങ്ങി.

വൈജ:—"ഇവൾ അപരാധമായി വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. അയ്യോ!—ഞാൻ എന്തപരാധമാണു് ചെയ്തതു്?—ഞാൻ ചെയ്തിട്ടുള്ളതൊന്നും അപരാധമല്ലല്ലോ".

അംബകുമാരി, വൈജയന്തിയുടെ മുഖത്തുനോക്കി. എല്ലാംകൊണ്ടും ആ ശ്ലാഘ്യയായ സഹനശീലക്കു് അവളോടു ചേരേണ്ടതായി വന്നുകൂടി. പ്രഥമകോപം നശിക്കയും, കാര്യങ്ങൾക്കു വിധിയും തീർച്ചയും എല്ലാം ഒരിക്കൽ ഉണ്ടായിപ്പോകയും, കോപവിഷയംമുഴുവൻ നിർഭയം സുപരിചിതമാകയും, ചെയ്തപ്പോൾ അംബകുമാരി പഴയപടി ശാന്തയായി. ആ സ്ത്രീ വൈജയന്തിയെ എഴുന്നേല്പിച്ചു ചുംബിച്ചുകൊണ്ടു് "ഞാൻ നിന്നെ എൻെറ സഹോദരിയെപ്പോലെ സ്നേഹിക്കുന്നു—എൻെറ തെററുകൾ ക്ഷമിക്കുക" എന്നുപറഞ്ഞു. ഹർഷാധിക്യത്താൽ ഒന്നും പറയാൻ ശക്തയാകാതെ വൈജയന്തി ആലിംഗനത്തിൽനിന്നും വേർപെട്ടു് അവിടെനിന്നു. അംബകുമാരി സാവധാനം മറെറാരു അറയിലേക്കുപോയി. സലിം അക്ഷികൾകൊണ്ടു്, ആ അസാധാരണസ്ത്രീയെ സ്തുതിച്ചും, ബഹുമാനിച്ചും, സ്നേഹിച്ചും പിൻതുടർന്നതിനുശേഷം വൈജയന്തിയുടെ അടുക്കൽവന്നു തോളിൽ കൈയിട്ടു.

# അദ്ധ്യായം ൧൪.

## വിഫലമായ നൃത്തം.

വൈജയന്തിയേയും കൂട്ടിക്കൊണ്ടു് സലിം അവിടെ ഒരു മഞ്ചത്തിനടുത്തു ചെന്നു. നവദമ്പതിമാർ ചേൎന്നവിധം അവർ രണ്ടുപേരും അതിൽ ഇരുന്നു. സലിം പ്രസന്നവദനനായി ഇങ്ങിനെ സൈ്വരസല്ലാപം ആരംഭിച്ചു.

സലിം:—"ഗാന്ധൎവ്വവിധിപ്രകാരം നിന്നെ ഞാൻ വരിച്ചുകഴിഞ്ഞു. വൈജയന്തി എൻെറ സ്വന്തമായി—നിൻെറ പേർമുഴവൻ ഇനി ഞാൻ വിളിക്കയില്ല. വൈജ! എന്നേ വിളിക്കൂ".

നമ്രമുഖിയായി മന്ദം മന്ദം നാവിൻെറ അഗ്രംകൊണ്ടു അധരം നനച്ചിരുന്ന വൈജയന്തി അത്യാകൎഷകവും മോഹനവും ആയ അവളുടെ അപാംഗവീക്ഷണംകൊണ്ടു് യുവരാജാവിനെ ആനന്ദഭരിതനാക്കി, ചെറുപുഞ്ചിരി തൂകി.

സലിം:—"വൈജ വ്യസനിക്കരുതു്. കഴിഞ്ഞതെല്ലാം നീ മറക്കണം".

വൈജ:—"എൻെറ ഇപ്പോഴത്തേ സന്തോഷംകൊണ്ടു് ഞാൻ അതെല്ലാം മറന്നു—എനിക്കു് അശേഷം വ്യസനമില്ല—പോയതൊക്കെ ഒരു സ്വപ്നംപോലെ തോന്നുന്നു".

സലിം:—"പിന്നെ എന്താണു് നിൻെറ കണ്ണുകളിൽനിന്നും കണ്ണുനീൎത്തുള്ളികൾ ഉരുണ്ടുവീഴുന്നതു്".

വൈജ:—(പുഞ്ചിരിതൂകി മുഖംതുടച്ചുകൊണ്ടു്) "ഇതു് കണ്ണുനീൎത്തുള്ളികളല്ല. ആനന്ദത്തുള്ളികളാണു്. എ

ൻെറ അമ്മ മരിച്ചതിൽപിന്നീട്ട് ഇത്രയും അരുമയോടെ എന്നോട്ട് ആരും മിണ്ടിയിട്ടില്ല"-

സലിം:—"ആ സംഭവങ്ങൾ വീണ്ടുമോൎത്തു വൈജ പിഞ്ചുമനസ്സ് ഇനിയും വാട്ടണ്ടാ"

വൈജ:—(ശരിയായി ഇരുന്ന്)"ഇല്ല—ഒന്നും ഞാൻ വിചാരിക്കുന്നില്ല."

സലിം:—(വൈജയന്തിയുടെമുഖത്തു ഉററുനോക്കിയിട്ട്)"ആരാണ് നിനക്കു ഇത്രയധികം സൌശീല്യവും സൌന്ദൎയ്യവും തന്നതു്?".

വൈജ:—"എനിക്കു സൌന്ദൎയ്യം ഉണ്ടോ—എന്നാൽ എന്തുകൊണ്ടു് എന്നെ ആരും അത്ര ഗണിക്കുന്നില്ല"

സലിം:—"നിൻെറ സൌന്ദൎയ്യം എന്തെന്നറിവാൻ അവൎക്കു ശക്തിയില്ല (വൈജയന്തി മേല്പോട്ടുനോക്കി) വൈജേ! (അവൾ തിരിഞ്ഞു) ഞാൻ നിന്നെ മറുകരകാണാൻ കഴിയാതെ സ്നേഹിക്കുന്നു".

വൈജ:—(മൃദുമഞ്ജീരനാദത്തിൽ) "ഞാനും"

സലിം:—"നിനക്കുവേണ്ടി ഞാൻ എൻെറ രാജ്യമെന്നല്ല—സൎവ്വസ്വവും ഉപേക്ഷിക്കുവാൻ തയ്യാറാണു്".

വൈജ:—"നിശ്ചയമായിട്ടും?".

സലിം:—"നിശ്ചയമായിട്ടും"

വൈജ: "എന്നാൽ നമുക്കു ആളുകൾ ആരുടെയും ഉപദ്രവം ഇല്ലാത്തസ്ഥലത്തു് എവിടെയെങ്കിലും പോയാലെന്തു്?—(കുറേക്കഴിഞ്ഞു്) "ആട്ടെ—ഞാൻ വേറൊരുകാൎയ്യം കണ്ടു".

സലിം:—"പറയൂ."

വൈജ:—"എൻെറ നൃത്തം കാണണമെന്നു അച്ഛൻതിരുമേനി ആഗ്രഹിക്കുന്നു. ഞാൻ അതുകൊണ്ടു് അദ്ദേഹത്തെ സന്തോഷിപ്പിച്ചു് നമ്മുടെ ബന്ധം ഒന്നുകൂടി ഉറപ്പിക്കുന്നതിനു പ്രാൎത്ഥിക്കാം. നിശ്ചയമായും തിരുമനസ്സുകൊണ്ടു് സമ്മതിക്കാതെ ഇരിക്കയില്ല."

സലിം:—"വൈജേ! ലോകത്തിൽ നീ ഒരു ശിശുവാണു്. ഇപ്പറഞ്ഞതു നിൻെറ മനോരാജ്യം മാത്രം—നീ അതിനൊന്നും ഉദ്യമിക്കരുതേ."

വൈജ:—"ചക്രവൎത്തി വളരെ ദയാലുതന്നെ. എന്നെക്കണ്ടപ്പോളൊക്കെയും വളരെ സന്തോഷിച്ചാണു സംസാരിച്ചതു്."

സലിം:—"അതെല്ലാം ശരി—നിനക്കു് അറിഞ്ഞുകൂടാ രാജഹൃദയത്തിനു മുഖങ്ങൾ അനവധിയുണ്ടു് നീ സമാധാനപ്പെട്ടിരിക്കുക."

വൈജ:—"എന്നാൽ ഇല്ല."

അക്ബർചക്രവൎത്തി പ്രജകൾക്കൊക്കെയും പിതാവു തന്നെ ആയിരുന്നിരിക്കാം: എങ്കിലും വൈജയന്തി തൻെറ പ്രേമത്തെ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ അവളുടെ അച്ഛനിൽ നിന്നെന്നപോലെ രാജകേന്ദ്രത്തിൽനിന്നും സഹായം ആശിക്കുകയും വിശ്വസിക്കുകയും ചെയ്തതു ആ കുട്ടിയുടെ മതിയുടെ ഇളപ്പംകൊണ്ടുമാത്രമായിരുന്നു. അവളുടെ ആനന്ദാധിക്യത്തിൽ ലോകമെല്ലാം തനിക്കു സംതൃപ്തിക്കായി ഉണ്ടായിരിക്കയാണെന്നു അവൾ വിചാരിച്ചുപോകാറുണ്ടു്. രാജ്യകാൎയ്യങ്ങളുടെ പ്രധാനഭാഗത്തു വൈജയന്തിയുടെ പ്രേമവിഷയം അത്യുന്നതമായ അദ്രിയുടെ സാനുപ്രദേശത്തുപററിയ പനിനീർപ്പൂപോലെ അണുവായിരുന്നു. യുവരാജാവിനെപ്പിരിഞ്ഞതിനുശേഷം വൈജയന്തി റസിയയെ കണ്ടുമുട്ടുന്നതിനു ഇടയായി. അപ്പോൾ ചക്രവൎത്തി അന്നു സന്ധ്യക്കു അവളുടെ ലാസ്യം കാണുന്നതിനു നിശ്ച

യിച്ചിരിക്കുന്ന വിവരം കേട്ടു വിസ്മയിച്ചു. ഇതെല്ലാം തന്റെ ഭാഗ്യമാണെന്നു അവൾ ഗാനം ചെയ്തു. തിരുവുള്ളംവളരെ ഉണ്ടായാൽ കൊട്ടാരത്തിലുള്ള സ്ത്രീകൾക്കു വൈജയന്തിയോടു പൂർവ്വാധികം വൈരം, അസൂയ ഇതെല്ലാമുണ്ടാകുമെന്നു ആ കിഴവി തലയാട്ടി പറഞ്ഞു. ഒരിക്കലും അതിനിടയാകുന്നതല്ലെന്നു വൈജയന്തി വാദിച്ചു. അക്ബറിൽ കൂടുതലായ സന്തോഷം കണ്ടാൽ എങ്ങിനെയെങ്കിലും തന്റെ അഭിലാഷം പൂർത്തിയാക്കാമെന്നു അവൾ വീണ്ടും ആലോചിക്കാതിരുന്നില്ല. വൈജയന്തിയുടെ നർത്തനം എങ്ങിനെ അവസാനിച്ചു എന്നു കാണേണ്ടതു് അത്യാവശ്യമാകുന്നു.

ആദിത്യൻ അസ്തമിച്ചു. ദിനദീപ്തികണങ്ങൾ അവിടവിടെ തങ്ങിയതുപോലെ ദീപങ്ങൾ, രാജധാനിയെയും ആവരണം ചെയ്ത അന്ധകാരത്തിൽ ഉജ്ജ്വലിച്ചു. അക്ബറുടെ സംഗീതശാല വിതാനങ്ങൾകൊണ്ടും സന്നിഹിതരുടെ വസ്ത്രാഡംബരത്താലും, സുഗന്ധദ്രവ്യങ്ങളുടെ പരിമളധോരണി കലർന്നും, ദീപപുഷ്പമാലകൾ നിറഞ്ഞും രമണീയമായി. തറയിൽ രത്നക്കമ്പളം വിരിച്ചിട്ടുണ്ടായിരുന്നതിന്റെ പടിഞ്ഞാറെ അററത്തു വളഞ്ഞ കാലുള്ള ഒരു സുവർണ്ണസിംഹാസനം ഇട്ടിരുന്നു. അതിൽ നിരാളം വിരിച്ചു തയ്യാറാക്കിയിരുന്നു. അടുത്തു വലത്തുവശത്തു മുൻപോട്ടുനീങ്ങി അല്പം പൊക്കംകുറഞ്ഞ ഒരു പീഠവും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. മുൻഭാഗത്തു രണ്ടുവരിയായി രാജപരിവാരത്തിനു യഥോചിതമായ ആസനങ്ങളും തയ്യാറാക്കിക്കണ്ടു. അക്ബർ അംഗരക്ഷകന്മാരൊടും സഭാകവിയായ ഫൈസി തുടങ്ങിയുള്ള അനുയായികളോടും കൂടി അവിടെ പ്രവേശിച്ചു. ചക്രവർത്തി അദ്ധ്യക്ഷപീഠം അലംകരിച്ചു. യുവരാജാവു് ദക്ഷിണഭാഗത്തുണ്ടായിരുന്ന ആസനത്തിൽ ഇരുന്നു. മററുള്ളവരിൽ അംഗരക്ഷകർ, താലവൃന്തക്കാർ മുതലായവർ ഒഴികെ ശേഷംപേർ യഥാ

സ്ഥാനങ്ങൾ നിറച്ചു. രാജകിരീടം, കഞ്ചുകങ്ങൾ, വാളുറ, ഇവയിൽ ദീപം. പ്രതിബിംബിച്ചു പ്രകാശിച്ചു. അവിടെ ഗീതധ്വനിയും വീണാദിക്വാണവും, മൃദങ്ഗത്തകൃതിയും ഉയൎന്നു. അല്പം കഴിയവേ, ഈ മനോഹരവിഭവങ്ങളുടെ എല്ലാം ജീവനാഡിപോലെ തിരുമുൻപിൽ തെല്ലകലെ ഒരു സുവൎണ്ണവിഗ്രഹം പ്രത്യക്ഷമായി. കാർകുന്തളം വിചിത്രമായി കെട്ടിവച്ചു്, ശിരസ്സു സീമന്തമുക്താമണികൊണ്ടലംകരിച്ചും, ഒരു പൊന്നിൻ നീരാളം തലയിൽ കൂടിയിട്ടും, ശരീരം നൎത്തനോചിതമായ മിന്നുന്ന പട്ടുകൾകൊണ്ടു മറച്ചും, കഴുത്തിൽ കല്ലുമാലയും, കൈത്തണ്ടിൽ വളയും, കാലിൽ കാലാഴികളും അണിഞ്ഞും വൈജയന്തി അവളുടെ ലാവണ്യമഹിമയുടെ അത്യുച്ചസ്ഥാനത്തു തിളങ്ങി. കൎണ്ണങ്ങളുടെ മൃദുമഞ്ജീരശിഞ്ജിതവും, നേത്രങ്ങൾവഴിയായി ആ തേജഃപുഞ്ജത്തിൻെറ രൂപവും ഉള്ളിൽകടന്നു് അവിടെ ഇരുന്ന ഹൃദയങ്ങൾ തെളിഞ്ഞു നിശ്ചലമായി. സലിം കണ്ണുകൾ ഇമയ്ക്കാതെ ആ ആകൃതിവിശേഷം പാനംചെയ്തു. അദ്ദേഹത്തിൻെറ ചിത്തം വൈജയന്തിയെ പൊതിഞ്ഞു. രാജചിത്തവും വിരിഞ്ചൻെറ തൊഴിലിനുള്ള രാമണീയകത്വമറിഞ്ഞു തലയാട്ടി. ചില ഹിന്ദുകവികൾ ആ ശാലക്കും ദേവേന്ദ്രൻെറ ലാസ്യമണ്ഡപത്തിനും തമ്മിൽ അഭേദം കല്പിച്ചു. "ദീൎഘാക്ഷം ശരദിന്ദുകാന്തിവദനം ബാഹൂനതാവംസയോഃ" എന്ന മട്ടിൽതന്നെ പ്രവേശിച്ചു് ചക്രവൎത്തിയെ വന്ദനംചെയ്തുനിന്ന വൈജയന്തി നൃത്തംതുടങ്ങി. താളലയാദിയനുസരിച്ചു അവളുടെ കാല്ത്തളിർ, കരം, ഗളം നേത്രം എന്നിവ സംചലിച്ചു. ആ മനോഹരിയുടെ പാദയുഗ്മം, വൃത്തമെട്ടത്തു് ഒഴുകിയും തെന്നിയും നീങ്ങി, കാല്ചിലമ്പുകൊണ്ടു് കിലുകിലെ ചിരിച്ചു; പാണി തരംഗഭംഗി കാട്ടി വഴങ്ങിനീണ്ടു. കൃഷ്ണതാരകം രണ്ടും ചെമന്നകൺകോണുകളെ വേണ്ട പോലെ സ്പൎശിച്ചു. വിലാസ ഭംഗികൾ സൎവ്വവും വൈജയന്തിയുടെ മുഖ

ത്തു താവളംകൂടി. ആരും കാണാതെ അവൾ സലിമിനെ രണ്ടുമൂന്നു പ്രാവശ്യം കടാക്ഷിച്ചു. യുവരാജാവു് ആനന്ദാധികാരത്തിൽ അലിഞ്ഞു ലയിച്ചുപോയി. അവിടെ ഉണ്ടായിരുന്ന എല്ലാവരും സന്തോഷപരവശരായി തീൎന്നു. അക്ബർ മനസാ വൈജയന്തിയേ വളരെ ശ്ലാഘിച്ചു. വൈജയന്തിയുടെ മുഖം വേൎപ്പുകണങ്ങൾ പൊടിഞ്ഞു മഞ്ജുളമായി. അവളുടെ ശരീരം അല്പം കുഴഞ്ഞു തീരുകയാൽ മാറുയൎത്തി നിശ്വസിച്ചുകൊണ്ടു് തെല്ലു വിശ്രമിക്കുവാനായി വൈജയന്തി "വാമം സന്ധിസ്തിമിതവലയം ന്യസ്യഹസ്തം നിതംബേ, കൃത്വാശ്യാമാ വിടപസദൃശം സ്രസ്തമുക്തം ദ്വിതീയം" എന്ന മട്ടിൽ അവിടെനിന്നു. അക്ബർ ഫൈസിയെനോക്കി പുഞ്ചിരിതൂകി. വൈജയന്തിക്കു ഉപചാരം ചെയ്യാൻ നിവൃത്തി അപ്പോൾ ഇല്ലല്ലൊ എന്നു യുവരാജാവു വിലപിച്ചു. രാജവദനത്തിന്റെ പ്രസാദം കണ്ടു് അവൾ ആഹ്ലാദിച്ചു. വൈജയന്തി ഒരു പരിവൃത്തി കൂടിത്തുടങ്ങി. അവൾ, കൈത്തലം നെററിക്കു സമീപം പിണച്ചുപിടിച്ചു് പാട്ടിനും, കൊട്ടിനും അനുസരിച്ചു്, പാദതലങ്ങളുടെ അഗ്രങ്ങൾ തുരുതുരെ മാററി ചവുട്ടി നീങ്ങി. കൈത്തലബന്ധം നയനങ്ങളെ മറയ്ക്കുന്നുണ്ടെന്നു തോന്നുകയാൽ സ്വനാഥനെ കടാക്ഷിക്കുന്നതിൽ വൈജയന്തി ഉൽസുകയായി. എന്നാൽ അവളുടെ ചലനവേളയിൽ കൈകൾക്കും സ്ഥിതിവ്യത്യാസം ഉണ്ടാകുന്നുണ്ടെന്നും, താൻ ചക്രവൎത്തിയുടെ മുൻപിലാണെന്നും വൈജയന്തി മറന്നുപോയിരിക്കാം. അവൾ ശ്യാമളമായ കടാക്ഷഭൃംഗങ്ങളെ രണ്ടുമൂന്നു തുരുതുരെ സലിമിന്റെ വദനകമലത്തിൽ അയച്ചു് പുഞ്ചിരിക്കൊണ്ടു. സലിം ചിരിച്ചു. പെട്ടെന്നു അദ്ദേഹം അച്ഛന്റെ മുഖത്തു നോക്കി. അക്ബറുടെ മുഖം യുവരാജാവിൽനിന്നു വേഗം തിരിയുന്നതും അതു കറുക്കുന്നതും കണ്ടു. ചക്രവൎത്തിയുടെ കണ്ണിനു താഴെത്തന്നെ വൈജയന്തിയുടെ അനുരാഗവീക്ഷണങ്ങൾ ഒന്നിലധികം പ്രാവശ്യം

ഒളിച്ചുനടന്നു. എന്നാൽ ഈ അവസരത്തിൽ അവളെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്ന മഹാരാജാവ് വൈജയന്തിയുടെ ഈ പ്രവൃത്തി കണ്ടു. ആ നിശ്ശബ്ദസംഭാഷണം ലഘുവായുള്ളതല്ലെന്നും ബുദ്ധിമാനായ അദ്ദേഹം അറിഞ്ഞു. അക്ബരുടെ മുഖം ക്രോധംകൊണ്ടു ചുവന്നു വീർത്തു. കണ്ണുകൾ ദീപ്തങ്ങളായി. അദ്ദേഹം പെട്ടെന്നു സിംഹാസനത്തിൽനിന്നും എഴുന്നേററു നടന്നു. രാജകോപത്തിൻെറ കഥയറിയാതെ എല്ലാവരും ഉത്ഥാനം ചെയ്ത് അന്യോന്യം വിസ്മയാവിഷ്ടരായി നോക്കിത്തുടന്നു. യുവരാജാവും വല്ലാതെ അവിടെനിന്നും തല്ക്കാലം മാറി. സംഗീതം നിന്നു. വൈജയന്തി തൻെറ നൃത്തകലാപ്രദശനത്തിൽനിന്നും വിരമിച്ചു. പെട്ടെന്ന്, അസാധാരണമായുണ്ടായ ഈ മാററത്തിൻെറ സംഗതി എന്തെന്ന് ഒരു രൂപവും കിട്ടാതെ വൈജയന്തിയും പരിഭ്രമിച്ചു. അവൾ, എല്ലാംകൊണ്ടും പരവശയായി, മന്ദം മന്ദം അവിടെ അപ്രത്യക്ഷയായി അധികം കഴിയുന്നതിനു മുൻപായി ഒരു പട്ടക്കാരൻ വന്ന് യുവരാജാവിനെ കാണണമെന്നു ചക്രവത്തി ആജ്ഞാപിക്കുന്നതായി ഉണത്തിച്ചു. സലിം താതസന്നിധിയിൽ ചെന്നു വന്ദിച്ചുനിന്നു. അച്ഛൻെറ മുഖത്തു നേരേനോക്കുന്നതിനു യുവരാജാവിനു ധൈര്യം തോന്നിയില്ല. അക്ബർ കുറച്ചുനേരം കോപകലുഷമായ മുഖത്തോടുകൂടി മകൻെറ കണ്ണുകളിൽ നോക്കിയിട്ടു "നാളെ എന്നോടൊരുമിച്ച് യുവരാജാവു ലാഹൂറിലേക്കു പുറപ്പെടണം—എന്താ?—" എന്നു സഗൌരവം ചോദിച്ചു.

സലിം:—"അവിടുത്തെ ഇഷ്ടംപോലെ"

അക്ബർ.—"എന്നാൽ തയ്യാറായിക്കൊൾക— ഇപ്പോൾ പോകാം."

---

# അദ്ധ്യായം ൧൭.

## സങ്കടകരമായ ശപഥം.

കൊട്ടാരത്തിൻെറ നീരാഴിക്കെട്ടിനടുത്തുണ്ടായിരുന്ന ലീലാഗേഹത്തിൻെറ ഒരൊഴിഞ്ഞമുറിയിൽ, വിജനപ്രദേശത്തു, വൈജയന്തി ചിന്താവിഷ്ടയായിരുന്നു. തനിക്കു സംതൃപ്തി ഉണ്ടാകുംവണ്ണം തന്നോടു പ്രീതി പ്രകടിപ്പിക്കാത്ത ലോകത്തെ വെറുത്താൽ എന്തെന്നുകൂടി അവൾ വിചാരിച്ചു. എന്നാൽ വൈജയന്തിയുടെ മനോരഥപ്രിയൻ സർവാത്മനാ അവളെ സ്നേഹിക്കെ, അവൾക്കു ജഗത്തുമുഴുവൻ അദ്ദേഹത്തിൽ സംപൂർണ്ണമാകുകയും ശേഷിച്ച ലോകം ഉണ്ടെങ്കിൽ അതു അല്പവും തുച്ഛവും ആയിത്തീരുകയും ചെയ്തു. സലിം വൈജയന്തിയെ അന്വേഷിച്ച അവിടെ എത്തി. ക്ഷീണിച്ചിരുന്ന വൈജയന്തിയുടെ കുണ്ഠിതവും വ്യസനവും യുവരാജാവു പലതും പറഞ്ഞു പരിഹരിച്ചു. അവൾ വീണ്ടും സകലവും മറന്നു ആഹ്ളാദഭരിതയായി. യുവരാജാവുമായുണ്ടായ സഹവാസത്തിൻെറ ആ മൂന്നാംപ്രാവശ്യവും വൈജയന്തിക്കു ആനന്ദമയമായി തീൎന്നു. ആനന്ദാധിക്യത്താൽ അവൾ ഭൂതവും ഭാവിയും മറന്നു. വൈജയന്തിയുടെ രണ്ടു മൂന്നുനാഴികയോളം കഴിഞ്ഞ ആ ജീവിതാംശവും അങ്ങിനെ അനാദ്യനന്തമായിത്തീൎന്നു. ഒടുവിൽ സലിം തൻെറപ്രാണപ്രിയയോടു ഇങ്ങിനെ പറഞ്ഞു.

സലിം:—"വൈജേ! നാളെ ഞാൻ ഇവിടം വിടേണ്ടതായി വന്നുകൂടിയിരിക്കുന്നു."

വൈജ:—"എവിടെ പോകുന്നു."

സലിം:—"അച്ഛനൊന്നിച്ചു ലാഹൂരിലേക്കു. പുറപ്പെടണമെന്നു അദ്ദേഹം കല്പിച്ചിരിക്കുന്നു. എൻെറ വൈജ

യെ എനിക്കു തല്ക്കാലം ഒന്നു പിരിയാതെ തരമില്ലാതായി."

വൈജ:—"അയ്യോ! ഇവളെപ്പോലെ നിർഭാഗ്യം ഈ ഭൂമിയിൽ മററാക്കുമില്ല. അങ്ങയെപിരിഞ്ഞു ഞാനെങ്ങിനെയാണു കഴിച്ചുകൂട്ടുന്നതു്."

സലിം:—"ഈ വേർപാടു ഒട്ടും സഹിക്കാൻ വയ്യ—ഈശ്വരാ!—എന്തു ചെയ്യട്ടെ—അച്ഛൻെറ ആജ്ഞയെ ധിക്കരിക്കാൻ പാടുണ്ടോ?"

വൈജ:—(സ്വനാഥൻെറ ഹസ്തതലം രണ്ടും ഗ്രഹിച്ചുകൊണ്ടു് "ഒക്കില്ല - അങ്ങയെ കാണാതെ എനിക്കു ഒരു നിമിഷം പോലും കഴിച്ചുകൂട്ടുവാൻ മേലാ—"

ഗദ്ഗദസ്വരത്തിലുള്ള സ്വപ്രണയിനിയുടെ വാക്കു കേട്ടു അദ്ദേഹം വല്ലാതെ ദുഃഖിച്ചു. "എന്തുചെയ്യാം—നമുക്കു ധൈര്യസമേതം കുറെ ക്ഷമിക്കയല്ലാതെ ഗത്യന്തരമില്ലല്ലൊ—വിരഹം!—ആർ സഹിക്കുന്നു. എങ്ങിനെ സഹിപ്പിക്കുന്നു— ഒന്നും ആരുമല്ല—കഠിനം! കഠിനം!!" എന്നു സലിം കണ്ഠക്ഷോഭത്തോടെ പറഞ്ഞു. ദുഃഖിതയായി മാഴ്കുന്ന പ്രിയതമയെ യുവരാജാവു പലതും പലവുരു പറഞ്ഞു് സമാശ്വസിപ്പിച്ചതിനുശേഷം വ്യഥമുഴുത്തു് വേഗം തിരിഞ്ഞുനടന്നു. അദ്ദേഹം പോകുന്നതുകണ്ടു വൈജയന്തിക്കു തീരെ സഹിച്ചില്ല. അവൾ പിറകെ ഓടിച്ചെന്നു യുവരാജാവിനെ കണ്ഠാശ്ലേഷം ചെയ്തു് ഗതി നിരോധിച്ചു. ഇതികർത്തവ്യതാമൂഢനായ സലിം അവളെ സ്വശരീരത്തോടു ചേർത്തുകൊണ്ടുതന്നെ തിരിഞ്ഞുനിന്നു.

വൈജ:—(കവിളിൽ കൂടി കണ്ണുനീർത്തുള്ളി ഒഴുക്കിക്കൊണ്ടു ഇടറി) "അവിടുന്നു പോകയാണെങ്കിൽ ഞാൻ മരിച്ചുപോകും—എന്നോടു ദയ തോന്നണമേ."

സലിം വിഷണ്ണനായി കുറെ നേരം ആലോചിച്ചുകൊ

ണ്ടുനിന്നു. അനന്തരം സ്വരം അല്പം താഴ്ത്തി ഉറപ്പിച്ച് വീണ്ടും തുടൎന്നു.

സലിം:—"ആകട്ടെ—നിനക്കു ഒരു ധീരകൃത്യത്തിൽ ഇറങ്ങാമോ?"

വൈജ:—(ശ്രദ്ധയോടെ) "ഓഹോ."

സലിം:—"എന്നാൽ ആരുമറിയാതെ നിന്നെ ഞാൻ എന്റെകൂടെ കൊണ്ടുപോകാം."

വൈജ:—"അതിനായി എന്തു ധീരകൃത്യവും ചെയ്യാൻ ഞാൻ ഒരുക്കമാണു്"

സലിം:—"എന്നാൽ വൈജ ഇവിടെത്തന്നെ നിൽക്കൂ. ഞാൻ ഇക്കാൎയ്യത്തിൽ വേണ്ട ഏൎപ്പാടുകൾ ശ്രദ്ധമായി ചെയ്തു പെട്ടെന്നു വരാം."

സലിം തിരിഞ്ഞുപോകവേ "ഇവിടെത്തന്നെ ഞാൻ വരുന്നതുവരെ നില്ക്കണം—കേട്ടോ" എന്നു വീണ്ടും പറഞ്ഞു. "ഞാൻ ഇതാ ഈ നിൽപ്പിൽത്തന്നെ നില്ക്കും" എന്നു വൈജയന്തി അതിനു സസന്തോഷം മറുപടികൊടുത്തു. പക്ഷെ അവൾക്കു അധികനേരം അവിടെ നില്ക്കുന്നതിനു സാധിച്ചില്ല-

യുവരാജാവിനോടു യാത്രപറഞ്ഞതിനു ശേഷവും രാജബുദ്ധി അലസമായില്ല. അക്ബർ അംബകുമാരിയുടെ മറെറാരു ദാസിയായ സോഫിയയെ അവിടെവരുത്തി.. അവൾ സകല വിവരങ്ങളും പൊടിപ്പും തൊങ്ങലുംവച്ച് തിരുമുമ്പിൽ ഉണൎത്തിച്ചു. അക്ബർ വല്ലാതെ ക്ഷോഭിച്ചു. "ഒന്നു പോയപ്പോൾ മറെറാന്നു്—അതിൽകഷ്ടം ഇതു്" എന്നു അദ്ദേഹം അധരാന്തരത്തിൽ സ്വയംപറഞ്ഞു. അനന്തരം വൈജയന്തിയെ ഉടൻ രാജസന്നിധിയിൽ കൊണ്ടുചെല്ലുന്നതിനായി സോഫിയയോടു തന്നെ ആജ്ഞാപിച്ചു. അവൾ ഉല്ലാസത്തോടുകൂടി അവിടെ അപ്രത്യക്ഷയായി.

മനോരാജ്യങ്ങൾ പലതും സൃഷ്ടിച്ച് വൈജയന്തി തുള്ളുന്ന ഹൃദയത്തോടുകൂടി അവിടത്തന്നെ നിന്നു. അല്പം പാർത്തപ്പോൾ സോഫിയ ധൃതിയിൽ അവിടെ എത്തി. വൈജയന്തി അവളുടെ മനോവ്യാപാരം നിർത്തിയിട്ട് ചോദിച്ചു.

വൈജ:—"ഇത്ര ധൃതിയിൽ എന്താണു്?"

സോഫി:—"തിരുമുൻപിൽ ഉടൻ ചെല്ലണമെന്നു തമ്പുരാൻ കല്പിച്ചിരിക്കുന്നു."

വൈജ:—"ആര്—ഞാനൊ?"

സോഫി:—"അതെ"

വൈജയന്തി വളരെ കുഴങ്ങി. പ്രാണനു തുല്യനായ തന്റെ ഭർത്താവ് ഉടൻ തിരികെ എത്താമെന്നു വാഗ്ദാനം ചെയ്തു് അവിടത്തന്നെ നിൽക്കുവാൻ അഭ്യർത്ഥിച്ചിട്ടു പോയിരിക്കുന്നു. നിഗ്രഹാനുഗ്രഹശക്തിയുള്ള ചക്രവർത്തിയുടെ കല്ലിനെയും പിളക്കുന്ന കല്പന ഉടൻ രാജസന്നിധിയിൽ ഹാജരാകണമെന്നു് എത്തിയിരിക്കുന്നു. അങ്ങോട്ടും ഇങ്ങോട്ടും വയ്യാതെ വൈജയന്തി വളരെ വിഷമിച്ചു. എങ്കിലും കാര്യം അറിയുമ്പോൾ സലിം അച്ഛന്റെ ആജ്ഞ അനുസരിച്ചതിൽ തന്നോടുപരിഭവിക്കയില്ലെന്നും രാജശാസനത്തെഅനുസരിക്കാത്തതു് അപ്പോൾ പലതരത്തിലും അനർത്ഥകരമാണെന്നു വൈജയന്തി തീരുമാനിച്ചു; ഒരുപക്ഷെ യുവരാജാവ് അവിടെ വരുന്നതിനു മുമ്പായിത്തന്നെ തനിക്കു തിരികെ വരാമെന്നും അവൾ ഊഹിച്ചു. ആകയാൽ വൈജയന്തി സോഫിയയുമൊത്തു രാജസന്നിധിയിലേക്കുപോയി. ചക്രവർത്തി തന്നെക്കാണുവാൻ ഉദ്ദേശിക്കുന്നതെന്തെന്നു് അവൾക്കു അറിഞ്ഞുകൂടായ്കയാൽ ആശ്ചര്യം തോന്നി. വൈജയന്തി അതും ഇതും എല്ലാം സംശയിച്ചു. അക്ബരുടെ മുമ്പിൽചെന്നു വൈജയന്തി വന്നുനില്ക്കുന്ന വിവരം സോഫിയ ഉണർത്തിച്ചു. അദ്ദേഹം തിരിഞ്ഞു നോക്കി നമ്രശി

രസ്കയായ വൈജയന്തിയേ കണ്ടുംകൊണ്ട് പൊയ്ക്കൊള്ളുന്നതിനു സോഫിയയ്ക്കു അനുവാദം കൊടുത്തു. മനസ്സിൻെറ സുഖംമൂലം അംഗംപ്രതി തേജസ്സു തെളിയുന്ന ആ നവ്യതരുണിയെ നോക്കവേ ഒന്നിലും പക്ഷപാതം തീണ്ടാത്ത ചക്രവത്തിയുടെ ഹൃദയത്തിൻെറ ഒരു ഭാഗം തെല്ലൊന്നു ആനന്ദിച്ചു. എന്നാൽ രാജസ്ഥൈയ്യവും പ്രാഗത്ഭ്യവും മററും അവിടെ ഉടൻ ഒരു മറയിട്ടു. അക്ബർ കായ്യഗൌരവത്തോടെ ഗംഭീരസ്വരത്തിൽ ഇങ്ങനെ ചോദിച്ചു.

അക്ബർ:—"നിന്നെ ഇവിടെ വരുത്തിയതു് എന്തിനെന്നറിയാമൊ?"

വൈജ:—"അറിഞ്ഞുകൂടാ"

അക്ബ:—(കുറേക്കഴിഞ്ഞു്) "നിന്നോടു പ്രീതികാണിച്ചതു വളരെ അനത്ഥമായിപ്പോയി—അല്ലേ!"

വൈജ:—(കായ്യമറിയാതെ) "അതു് അടിയൻെറ ഭാഗ്യാതിരേകമാണു്"

അക്ബ:—(ഒരു കോൺചിരിയോടെ സ്വഗതം) "ഇവളും ഒരു കഥയില്ലാത്തവളൊ (പ്രകാശം) അല്ല അതു നിൻെറ ഭാഗ്യക്കുറവുതന്നെ എന്നു തോന്നുന്നു —ആകട്ടെ —ഈ കൊട്ടാരത്തിൽ നീ ആരാണെന്നറിയാമൊ?"

ഈ ചോദ്യത്തിനു എന്താണു ഉത്തരംപറയാനുള്ളതെന്നു് ആലോചിക്കുവാൻപോലും എങ്ങിനെയൊ, കഴിയാതെ വൈജയന്തി വിഷമിച്ചുനിന്നു.

അക്ബർ:—"എല്ലാം ഞാൻ അറിഞ്ഞിരിക്കുന്നു—ഞാൻ ചോദിക്കുന്നതിൻെറ പരമാത്ഥം എല്ലാം ഒന്നും മറയ്ക്കാതെ പറയാമൊ?"

വൈജ:—"അടിയൻ ഉണത്തിക്കാം"

അക്ബർ:—"എന്നാൽ നീയും സലിമും ആയുള്ള ബന്ധം എന്താണു്?"

വൈജയന്തിയുടെ മുഖം ചെമന്നു; അവൾ തെല്ല തല കുനിച്ചു; ചക്രവൎത്തിയുടെ ഭാവംകണ്ടു് ചെറൂ പരിഭ്രമിക്കയുംചെയ്തു. അവൾ ഒന്നും ഉത്തരംപറഞ്ഞില്ല.

അക്ബർ:—"സലിം ആരെന്നു നിനക്കറിയാമൊ? അവൻ അടുത്ത ഇൻഡ്യാചക്രവൎത്തിയാകുന്നു—അനൎത്ഥമുണ്ടാക്കാൻ നീ യുവരാജാവിനെ വശീകരിച്ചു, അല്ലേ?"

വൈജ:—(കഥ ഇത്രയുമായപ്പോൾ ദ്രുതഗതിയിൽ നിശ്വസിച്ചു് കണ്ഠക്ഷോഭത്തോടെ കൈക്കൂപ്പിക്കൊണ്ടു തുടങ്ങി) "അദ്ദേഹത്തിനു് എന്നോടു് എന്തെന്നില്ലാത്ത പ്രേമമുണ്ടു്. എൻെറ ശ്വാസം അദ്ദേഹമാണു്. ഇത്രയും ശരിതന്നെ—എന്നാൽ ഞാൻ ഒരു കാലത്തും വശീകരിച്ചിട്ടില്ല—എന്താണു് അവിടുന്നു ഭാവിക്കുന്നതു്?"

അക്ബർ:—"കാൎയ്യമെല്ലാം ശരിതന്നെ—ഞാൻ ഒന്നു പറയുന്നു—ഇനി പ്രേമകാൎയ്യം മറന്നുകളയണം. നിനക്കു സലിമിനെ സമീപിക്കാൻ ഒരു കാൎയ്യവുമില്ല—കേട്ടോ?"

ഗംഭീരസ്വരത്തിൽ ശിലാസ്ഥാപനംപോലെ സ്ഥാപിച്ച ഈ വാക്കുകൾ കേട്ടക്ഷണത്തിൽ വൈജയന്തിയുടെ ഉടൽ അടിമുടി വിറച്ചു. അവൾ അതിദുഃഖം സഹിക്കവഹിയാതെ കരഞ്ഞു കൈക്കൂപ്പിയുംകൊണ്ടു് രാജപാദങ്ങളിൽ വീണു. അക്ബർ പെട്ടെന്നു പുറകോട്ടു ഒരടിവച്ചു. വൈജയന്തി 'കുണ്ടയാം കുരരിപോലെദീനമാം കണ്ഠമാൎന്നഴുതുറക്കെയോതിനാൾ"

വൈജ:—"കരുണയുള്ള പൊന്നുതിരുമേനി! അവിടുന്നു് ഇങ്ങിനെ കല്പിക്കരുതേ. അദ്ദേഹം ഇവളുടെപ്രിയനായിക്കഴിഞ്ഞു. ഇനി അടിയൻെറ പ്രിയനെ സമീപിക്കരുതെന്നു കല്പിക്കരുതു്. അയ്യോ! അതു് ഒരുകാലത്തും വയ്യ—ഇതിൽഭേദം ഇവളെ കൊല്ലുവാൻ കല്പനയുണ്ടാകണം—"

ദുഃഖം അതിക്രമിച്ച നിലത്തുരുണ്ട അതിപ്രേമത്തി ന്റെ കരച്ചിലും പിഴിച്ചിലും അഭ്യൎത്ഥനയും പ്രാണവേദന യുംമററും അനുഭവത്തിൽപെട്ട് ആ മനുഷ്യവികാരത്തിനു എന്തൊ അസാമാന്യമായ ശക്തിയുണ്ടെന്നു സ്മരിച്ച്, രാജ ചിത്തം അല്പനേരത്തേക്കു സ്തംഭിച്ചു മൌനമായി; കാവ്യനാ ടകാദിയിലുള്ള വിഹാരംകൊണ്ടു സിദ്ധമായ മൃദുപ്രകൃതി അവിടെ ഒന്നു മനമഴിഞ്ഞു. “എന്തു ധൎമ്മസങ്കടമാണിതു്” എന്നു അദ്ദേഹം പതുക്കെപ്പറഞ്ഞു തിരിഞ്ഞു് കിഴക്കുപടി ഞ്ഞാറായി ചുണ്ടുകൾ തമ്മിൽ ചേൎത്തുറപ്പിച്ചുകൊണ്ട് ഉലാ ത്തി. കൌടില്യനയം രണ്ടുനിമിഷത്തിനുള്ളിൽ അൿബറു ടെ കരുണയെ എവിടെയൊ വലിച്ചെറിഞ്ഞു. അദ്ദേഹം തിരിഞ്ഞു എഴുന്നേല്ക്കുവാൻ വൈജയന്തിയോടു ആജ്ഞാപി ച്ചു; അവൾ സാവധാനം അനുസരിച്ചു.

അൿബ:—“നീ വളരെ ചെറുപ്പമാണു—കാൎയ്യവിവരം അ ശേഷമില്ല—എന്റെ മകന്റെ സ്ഥിതി നീ വിചാരി ക്കണം—വൈജയന്തി! നീ അന്തഃപുരത്തിലെ ഒരു ദാ സിയാണു്—”

വൈജ:—“തലയിലെഴുത്തു അപ്രകാരമാകയാൽ ഇവൾ ഈ സ്ഥിതിയിലായതാണു്.—”

അൿബ.—(ഉറപ്പോടെ) “ശരി. അതൊന്നും ഇപ്പോൾ വി സ്തരിച്ചിട്ടു ആവശ്യമില്ല; ഫലവുമില്ല—”

വൈജ:—“അപ്പോൾ അവിടുന്നു് ഞങ്ങളുടെ പ്രേമത്തെ സ മ്മതിക്കയില്ലയൊ.”

അൿബ:—“സൂക്ഷിച്ചു സംസാരിക്കണം. ഇതു ചക്രവൎത്തി യുടെ സന്നിധിയാണു—ഉം—പറയുന്നതു കേൾക്ക്— നിനക്കു കാലക്ഷേപത്തിനു വേണ്ട ധനം ഞാൻ തരു ന്നുണ്ടു്.”

വൈജ:—(കരഞ്ഞു്) “കരുണയുണ്ടായി—ദയതോന്നി— യുവരാജാവിനെ എനിക്കുതന്നെ തരണമേ?”

അക്ബർ:—(കോപത്തോടെ) "ഒരക്ഷരംപോലും അതേപ്പററി ശബ്ദിച്ചുപോകരുതു്—എന്തു്-നിന്നെ ഞാൻ കഠിനമായി ശിക്ഷിക്കുന്നുണ്ടു്—"

വൈജയന്തി അക്ബർചക്രവത്തിയുടെ മുൻപിൽ വീണു. ഗംഭീരമായി നേക്കുന്ന മഹാകാര്യങ്ങളെല്ലാം ഏതുവിധേനയും തകക്കുവാൻ പ്രാപ്തിയുള്ള അദ്ദേഹം ഈ മൃദുവായ സംഗതിയുടെ ലഘുത്വത്തിൽ സീമാതീതമായി പരുങ്ങി. എന്തുചെയ്യണമെന്നു അക്ബരുടെ ബുദ്ധി പതറിനിന്നു. വൈജയന്തി അനുരക്തയായി എന്ന കാര്യത്തിനു ഈ അവസ്ഥയിൽ വല്ല ശിക്ഷയും കൊടുക്കാമെന്നുവയ്ക്കുന്നതു ശരിയൊ, അങ്ങിനെയായാൽ എന്തു ശിക്ഷയാണു്? ഒരു സാധുയുവതിയെ ഒരു നിഷ്ക്കളങ്കചിത്തയെ എങ്ങിനെ ശിക്ഷിക്കും—അതൊന്നുമല്ലാ വേണ്ടതു. വല്ലവിധവും അവളെ സമാധാനപ്പെടുത്തി കാര്യംപറഞ്ഞു നല്ലതിൻവണ്ണം ധരിപ്പിച്ചു് ഈ വിഷയത്തിൽനിന്നും വിരമിപ്പിക്കേണ്ടതാണെന്നു അക്ബർ ആലോചിച്ചുറച്ചു. അദ്ദേഹം ദൃഢമായ മനോനിശ്ചയത്തോടെ ദയയോടും എന്നാൽ ഗാംഭീര്യം ഒട്ടും കുറയ്ക്കാതെയും വൈജയന്തിയോടു തുടന്നു.

അക്ബ:—"നിൻെറ വൃത്താന്തം മുഴവൻ അറിഞ്ഞിട്ടുണ്ടായ അനുകമ്പകൊണ്ടുതന്നെ ഞാൻ വീണ്ടും പറയുന്നു—നീ ബുദ്ധിയില്ലാത്ത ഒരു സ്ത്രീയാണെന്നു എനിക്കു തോന്നുന്നില്ല. സലീമിനെ ഹാർദ്ദമായി സ്നേഹിക്കുന്നുണ്ടെങ്കിൽ ഇതു നീ കേൾക്കുക"

വൈജയന്തി ശ്രദ്ധിച്ചു; എഴുന്നേററു നിശ്വസിച്ചു നിന്നു.

അക്ബ:—യൌവ്വനത്തിൻെറ അപ്പുറമുള്ള സ്ഥിതിഗതികളൊന്നും നീ അനുഭവിച്ചു് അറിഞ്ഞിട്ടില്ല. സലിം ഒരു സാമ്രാജ്യത്തിൻെറ അധിപതിയാണു്. അയാൾ ആശയെല്ലാം വെടിഞ്ഞവനുമല്ല. ഈ കൃതികളെല്ലാം

ഈ ദശയുടെ ചുട്ടരക്തത്തിൻെറ തിളപ്പുമൂലം കാട്ടിക്കൂട്ടിയിട്ടുള്ളതുമാത്രം. എൻെറ മകൻെറ ബുദ്ധി ഗുരുതരങ്ങളായ രാജ്യകാൎയ്യങ്ങളോട്ട് അഭിമുഖീഭവിക്കും. അപ്പോഠം മനസ്സിൻെറ ഇത്തരം ഗോഷ്ഠികളെ അവൻ നിന്ദിക്കയും പരിഹസിക്കയുംചെയ്യും"

വൈജ:—"അയ്യോ! അതു് അദ്ദേഹം ഒരിക്കലും ചെയ്യുന്നതല്ല."

അൿബർ:—"ഇതു പെൺബുദ്ധിയുടെ വിശ്വാസമാണു് ഇന്നലെ സലിമിൻെറ മനോവികാരം ഒരിടത്തായിരുന്നു; ഇന്നു വേറൊരിടത്തു്—നാളെ മറെറാരിടത്തായിരിക്കയുംചെയ്യും—രക്തം തിളയ്ക്കുമ്പോഠംബുദ്ധി തമോവൃതമാകും—അപ്പോഴത്തെ വാക്കുകളാണല്ലോ ജാലമാകുന്നതു്—"

വൈജ:—"ഈശ്വര! പരമാൎത്ഥം ഒന്നും ഇവഠംക്കറിഞ്ഞുകൂടെ—ഇല്ല എന്നെ ചതിക്കയില്ല—"

അൿബർ:—"ശരി. എന്നാൽ അങ്ങിനെതന്നെ ഇരിക്കട്ടെ. ഇനി നിൻെറ കടമ ഞാൻ മനസ്സിലാക്കിത്തരാം. സ്വസുഖംമാത്രം ലാക്കാക്കി പ്രവൎത്തിക്കുന്നതു സകലജന്തുക്കഠംക്കൂടി ചെയ്യുന്നതത്രെ. മനുഷ്യനു മൃഗീയത്വം മാറണമെങ്കിൽ കഴിയുന്നത്ര സ്വാൎത്ഥം വെടിയണം. നീമൂലം സലിം പ്രജകളുടെ ദൃഷ്ടിയിൽ നിസ്സാരനും നിന്ദ്യനും, പരിഹാസ്യനുമായി തീരുന്നതിനു നിൻെറ ഉൽകൃഷ്ടമനസ്സ അനുവദിക്കരുതു്. അവൻമൂലം ഈ രാജ്യത്തിൻെറ ശ്രേയസ്സു നഷ്ടമാക്കിക്കൂടാ. ഒരു ചക്രവൎത്തിയുടെ മഹത്തായ ഉദ്ദേശങ്ങഠംക്കു തകരാറുണ്ടാക്കുന്നതും വലിയ പാപമാകുന്നു. ആകയാൽ നീ നിഷ്കളങ്കയും പരിശുദ്ധയും ആയ ഒരുത്തമസ്ത്രീയാണെങ്കിൽ, തൻെറ ദുഃഖം സഹിച്ചും മററുള്ളവരുടെ ശ്രേയസ്സിനുവേണ്ടി ജീവിക്കും—അതനുസരിച്ചു ഞാൻ പറയുന്നതു നീ കേഠംക്കയുംചെയ്യും."

വൈജ:—(ആലോചനയിൽ മുഴുകിനിന്നിട്ട് ദീനസ്വരത്തിൽ) "തിരുമേനി കല്പിക്കുന്നതു് എന്തെന്നാൽ അതുപോലെയല്ലാതെ അടിയനു ഗത്യന്തരമില്ല"

അക്ബർ:—"ഞാൻ വളരെ സന്തോഷിക്കുന്നു. നീ ഇനി യുവരാജാവിനെ കാണുകയില്ലെന്നു വാഗ്ദാനം ചെയ്യണം."

വൈജ:—"ജീവിതം ചതിച്ചു!"

അക്ബർ:—"നീ മൂഢയാകരുതു്."

വൈജ:—(ഒട്ടു ധൈര്യമവലംബിച്ചു്) "മഹാപ്രഭോ! അങ്ങിനെയെങ്കിൽ ഇതാ ഇവൾ വാഗ്ദാനംചെയ്യുന്നു. അടിയൻെറ പ്രാണനാഥനെ ഇനിക്കാണുകയില്ല." (അക്ബർ നെററി അല്പം ചുളിച്ചു)

അക്ബർ:—"ശരി. എന്നാൽ നിനക്കു പോകാം—പിന്നെ ഈ സത്യം ഒരിക്കലും നീ മറക്കരുതു്. നിന്നെ പ്രത്യേകം കരുതുന്നതായിരിക്കും (വൈജയന്തി വന്ദിച്ചു നടന്നു)—നില്ക്കൂ—ഒന്നുകൂടി—ഇവിടെ നടന്ന സംഭാഷണത്തിൻെറ ഒരക്ഷരംപോലും മററൊരു ചെവി അറിയാൻ ഇടയാകാതെ സൂക്ഷിച്ചുകൊള്ളണം—കേട്ടോ?"

'അടിയൻ' എന്നു അസ്പഷ്ടമായി മുരണ്ടുകൊണ്ടു വൈജയന്തി പ്രാഞ്ചിനടന്നു് കോണിപ്പടികളിൽ തപ്പിത്തടഞ്ഞു താഴോട്ടിറങ്ങി.

വൈജയന്തി പൊയ്ക്കഴിഞ്ഞപ്പോൾ അക്ബർ നടന്ന സംഗതികൾക്കുണ്ടായേക്കാവുന്ന പഴുതുകൾനോക്കി. പെട്ടെന്നു് ചക്രവത്തി രണ്ടു പട്ടക്കാരെ അവിടെവരുത്തി യുവരാജാവിൻെറ കൊട്ടാരത്തിൽ എഴുത്തോടുകൂടിയൊ അല്ലാതെയോ അനാവശ്യമായി ആളുകൾ ആരും കടക്കാതിരിക്കുവാൻ ശ്രദ്ധമായി സൂക്ഷിക്കുന്നതിനു ആജ്ഞാപിച്ചുവിട്ടു.

അനന്തരം അക്ബർ വേഷപ്രച്ഛന്നനായി, കൊട്ടാരത്തിൽ നിന്നും ഇറങ്ങി, ജനസഞ്ചാരം നിന്നിട്ടില്ലാത്തതും, ദീപപ്രകാശമുള്ളതുമായ പട്ടണനിരത്തിന്റെ ഇരുണ്ട ഭാഗങ്ങളിൽക്കൂടി നടന്നു.

---

# അദ്ധ്യായം ൧൭.

---

## വ്യാമോഹം.

പ്രേമപ്രതിഷ്ഠയെത്തുടൎന്ന് വൈജയന്തിയുടെ ഉള്ളിൽ, ദീപപ്രകാശം, നാഗസ്വരം, മുരളീനിനദം, ജയഭേരീനിസ്വനം, കളകളശബ്ദം ഇവയെല്ലാം സമ്മേളിച്ചു നടന്നുകൊണ്ടിരുന്ന ചിത്തോത്സവം അക്ബരുമായുള്ള കൂടിക്കാഴ്ചകഴിഞ്ഞഉടൻ നിലച്ചു. ആ ക്ഷേത്രം നിശ്ശബ്ദമായി; നിർജ്ജനമായി; ഘോരാന്ധകാരത്തിൽ അവ്യക്തമായി. ഇതു ഹൃദയാവസ്ഥയുടെ ഒരു ഭീഷണപ്രകൃതിതന്നെ. വൈജയന്തി ഭ്രാന്തുപിടിച്ച ഒരു കിന്നരിയേപ്പോലെ ആടിയും ഇടറിയും മുറുകെ നടന്നു. ഉടൻ അവളുടെ മുൻപിൽ ഒരു സ്വരൂപം പ്രത്യക്ഷമായി. അതു സോഫിയ ആയിരുന്നു. വൈജയന്തിയുടെ വരവുകണ്ടു് സോഫിയ വല്ലാതെ ഭയപ്പെട്ടു.

സോഫി:—"വൈജയന്തി! നീ എവിടെ പോകുന്നു—നിനക്കെന്താണു്?"

വൈജയന്തി ചിതറിക്കിടന്ന അവളുടെ ധീന്ദ്രിയം ഉപയോഗപ്പെടുത്തുന്നതിനായി സോഫിയയുടെ മുഖത്തു കുറേനേരം തുറിച്ചുനോക്കിയിട്ടു പറഞ്ഞു.

വൈജ:—"ഞാൻ ഉമ്മറിനോടു യാത്രപറവാൻപോകയാണു്".

സോഫി:—"യാത്രപറവാനോ?—ആട്ടെ. തമ്പുരാൻ എ
ന്താണു കല്പിച്ചതു്?"

വൈജയന്തി ഇതിനു യാതൊന്നും പറയാതെ നേരേ നടന്നു. സോഫിയ അവളെ നോക്കി കുറച്ചുനേരം അവിടെ നിന്നതിന്റെ ശേഷം തിരിഞ്ഞു. വൈജയന്തിക്കു തന്റെ തല തിരിയുന്നതുപോലെയും മൂൎദ്ധാവു എരിയുന്നതായുംതോന്നി. അവൾ ലക്ഷ്യംതെററി നടന്നു്നടന്നു് ഒടുവിൽ ഉമ്മറിന്റെ വീട്ടിന്റെ പടിവാതുക്കൽ എത്തി. കതകുകൾ അടച്ചിരുന്നു. അവൾ അതിൽ തള്ളിനോക്കി; എന്നാൽ പൂട്ടിയിരിക്കയാൽ തുറന്നില്ല. "വേണ്ട" എന്നു മന്ത്രിച്ചുകൊണ്ടു് അവൾ തിരിഞ്ഞുനടന്നു. "ഹമ്മേ! എന്നു വൈജയന്തി അഗ്നിജ്വാലപോലെ ഒന്നു നിശ്വസിച്ചു. അവളുടെ ആത്മാവു ശരീരത്തോടെ വെറുക്കുവാനുള്ള വട്ടം അകമെതുടങ്ങി. അന്തർഭാഗത്തു ഒരു ശൂന്യതബാധിച്ചു. ശരീരത്തിനു ഘനം കൂടിക്കൂടി വന്നതുപോലെ വൈജയന്തിക്കു തോന്നി. അവൾ ഓടി അടുത്തുണ്ടായിരുന്ന ജലാശയത്തിന്റെ വക്കിൽചെന്നുനിന്നു. "അമ്മേ! നീ എന്നെ ഇവിടെക്കിടന്നു പൊരിയുവാൻ തള്ളിയിട്ടു്- പൊയ്ക്കളഞ്ഞു—ഇതാ ഞാനും പിറകേ—" എന്നു ഭയങ്കരമായി ഉച്ചരിച്ചുകൊണ്ടു അത്യഗാധവും ചെളിനിറഞ്ഞതുമായ ആ പഴയ കുളത്തിലേക്കു എടുത്തുചാടി. വൈജയന്തിയുടെ കാലുരണ്ടും ഭൂമിയോടുള്ള ബന്ധം ഉപേക്ഷിച്ചു.

ഗൃഹത്തിലേക്കു മടങ്ങിവരുന്ന ഉമ്മർ തന്റെ പടിവാതുക്കൽ ഒരു സ്ത്രീവന്നു മുട്ടി, തിരികെ പോകുന്നതുകണ്ടു് മുറുകെനടന്നു. ആൾ ആരെന്നറിവാൻ ഉമ്മർ ആ സ്ത്രീയെ പിൻതുടൎന്നു. ആ സ്ത്രീ വൈജയന്തിയാണെന്നു അയാൾക്കു മനസ്സിലായി. അവൾ കുളത്തിന്റെ വക്കിൽ ചെന്നുനിന്നു് ചാടുവാൻ ഭാവിച്ചതുകണ്ടു് കൈവശം ഉണ്ടായിരുന്ന വടിവലിച്ചെറിഞ്ഞു്, "അരുതു്—അരുതു്—" എന്നലറി

കൊണ്ടു് തടിച്ചുകൊഴുത്ത ഉമ്മർ ആയാസപ്പെട്ടു ഒന്നു കുതിച്ചു. അരക്ഷണനത്തിനുള്ളിൽ വൈജയന്തി ഉമ്മറുടെ നീണ്ടുരുണ്ട ബാഹുക്കളിൽ തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവെന്നവണ്ണം ആടി. അയാൾ അവളെയും എടുത്തു അടുത്തുണ്ടായിരുന്ന ഒരു കല്ലിന്മേൽ ചെന്നിരുന്നു. വൈജയന്തി ബോധംകെട്ടിരിക്കയാണെന്നു കണ്ടു് ഉമ്മർ അവളെ മടിയിൽ തന്നെ കിടത്തിവീശി. അല്പംപാൎത്തപ്പോൾ വൈജയന്തിയുടെ വ്യാമോഹം തീൎന്നു. അവൾ എഴുന്നേററു് ഉമ്മറുടെ പിടിയിൽതന്നെ ഇരുന്നുകൊണ്ടു ചോദിച്ചു.

വൈജ:—“ഇതാരു്—എൻെറ അമ്മ എവിടെ?”

ഉമ്മർ:—“വൈജയന്തി! ഇതു ഉമ്മർ—ഉമ്മർ-നീ എന്താണു് ഈ കാട്ടിയതു്. നല്ല കാൎയ്യമായി”

വൈജ:—“ഞാൻ മരിക്കുവാൻ തുടങ്ങുകയായിരുന്നു—നിങ്ങൾ എന്നെ രക്ഷിച്ചില്ലല്ലോ—കഠിനൻ തന്നെ”

ഉമ്മർ:—(അത്ഭുതനായി) “നിനക്കെന്തുപററി! ഇത്ര ആധി പിടിക്കുവാൻ എന്തുകാരണമുണ്ടായി?”

വൈജ:—“ചക്രവൎത്തി എൻെറ ജീവൻ മുഴുവൻ ഊററി എടുത്തു. എല്ലാം അപഹരിച്ചു.”

ഉമ്മർ:—(ചെവിപൊത്തിക്കൊണ്ടു്) “അയ്യയ്യോ—ആ പുണ്യനാമത്തോടു ചേൎത്തു ഇങ്ങിനെയുള്ള വാക്കുകൾ ഒന്നും ഉച്ചരിക്കൊല്ലെ!—പൊന്നുതിരുമേനി പ്രജകളുടെ സുഖത്തിനുവേണ്ടി യത്നിക്കുന്ന ആളാണു്—ഇപ്പറഞ്ഞ പാപംതീരാൻ പ്രത്യേകം ഒന്നു് ഈശ്വരനോടു പ്രാൎത്ഥിക്കു്—”

വൈജ:—“ഞാൻ ഒന്നും പറയുന്നില്ല-”

ഉമ്മർ:—“നീ ഈ സാഹസകൎമ്മത്തിനു തുടങ്ങിയതിൻെറ കാരണം വിസ്തരിച്ചു എന്നോടു പറയൂ—ആത്മഹത്യയു

ടെ പാപം! അതു ഒക്കെകൂടി വയ്യ! നീ വളരെനാറം ഈശ്വരനെ ഭജിക്കണം. എന്തു ?"

വൈജ:—"അതൊന്നും പറഞ്ഞുകൂടാ-വെറുതെ ആയിരുന്നു--ഞാൻ പോകുന്നു--കൈ വിടുക-"

ഉമ്മർ:—"നീ ഈ രാത്രിയിൽ ഇതെല്ലാം കഴിഞ്ഞിട്ട് എവിടെപോകുന്നു?"

വൈജ:—"വല്ലയിടത്തും"

ഉമ്മർ:—"എന്തു് കൊട്ടാരത്തിലേക്കുമല്ലെ?"

വൈജ:—"അയ്യോ! കൊട്ടാരം മുഴവൻ എറിഞ്ഞു കത്തുന്നു."

ഉമ്മർ—"കഷ്ടം! ഇവറംക്കു വല്യതായ ആധി എന്തൊ ഉണ്ടു്—നീ ഈ രാത്രിയിൽ എങ്ങും പോകേണ്ട. എന്റെ കൂടെവരൂ—വീട്ടിൽ പോകാം.—ഇല്ല നിന്നെ ഈ സ്ഥിതിയിൽ വിടുകയില്ല."

"വിട്ടു!—നിങ്ങളോടു ഞാൻ യാത്രപറവാൻ വന്നതാണു്—തീർച്ചയായും ഞാൻ അങ്ങോട്ടു വരുന്നില്ല" എന്നുപറഞ്ഞു് വൈജയന്തി ഉമ്മറിന്റെ പിടിത്തത്തിൽനിന്നും വിമോചനം സമ്പാദിച്ചു്, അടുത്തുനിന്ന മരക്കൂട്ടത്തിന്നിടയിൽ മറഞ്ഞു. അവളുടെ മുൻപിൽകൂടി ഒരു രൂപം മിന്നിയതു് വൈജയന്തി കണ്ടില്ല. ഉമ്മർ ഓടിപ്പോയ വൈജയന്തിയെ ഇതികർത്തവ്യതാമൂഢനായി നോക്കി വായ് പൊളിച്ചുകൊണ്ടു് ഇരുന്ന ഇരിപ്പിൽതന്നെ അൽപനേരം കഴിച്ചു. ഒടുവിൽ അവിടെനിന്നും എഴുന്നേൽക്കുവാൻ ഭാവിച്ചു. ഉടൻ രണ്ടു രാജഭടന്മാർ ആ നിരപരാധിയുടെ രണ്ടു കൈകളിലും കടന്നു പിടികൂടി.

... ... ... ... ... ... ... ... ...

വൈജയന്തിയെ തന്നോടൊന്നിച്ചു ഗൂഢമായി കൊണ്ടുപോകുന്നതിനു വേണ്ട ഏൎപ്പാടുകറം ചെയ്തിട്ടു്, യുവരാ

ജാവ് ലീലാമന്ദിരത്തിൽ വേഗം എത്തി. അവിടം ശൂന്യമായിക്കണ്ടു. വൈജേ! വൈജേ! എന്നു മൃദുവായി വിളിച്ചുകൊണ്ടു സലിം അവിടെ അങ്ങുമിങ്ങും തിരഞ്ഞു. എന്തുമായാപ്രയോഗത്താലായിരിക്കാം തന്നോടു വാഗ്ദാനംചെയ്തുനിന്ന പ്രാണപ്രണയിനി മറഞ്ഞുകളഞ്ഞതു് എന്നു യുവരാജാവു ദുഃഖിച്ചു. അദ്ദേഹം പലതും സംശയിച്ചു. വശ്യവചസ്സായ മഹാകവി വാല്മീകിയും ആചാര്യനായ എഴുത്തച്ഛനും മാരീചനിഗ്രഹാനന്തരം മടങ്ങിയെത്തിയ രാമൻെറ പ്രണയഹൃദയം കരഞ്ഞു കേഴ്പ്പിച്ചിരിക്കുന്ന സ്ഥിതി എൻെറ വായനക്കാരിൽ ചിലർ ഓർത്തുപോകുമായിരിക്കാം. യുവരാജാവിൻെറ അപ്പോഴത്തെ അവസ്ഥയും ഏറക്കുറെ അതോടു യോജിച്ചിരുന്നു. "വനദേവതമാരെ നിങ്ങളുമുണ്ടോകണ്ടു വനജേക്ഷണയായസീതയെസത്യംചൊൽവിൻ" എന്നുള്ള രാഘവാന്വേഷണം യുവരാജാവും ആരംഭിച്ചു. അദ്ദേഹം തൻെറ രണ്ടു ഭടന്മാരാൽ അനുഗതനായി നടന്നു. ഉടൻ എതിരേവന്ന സോഫിയയെ സലിം കണ്ടുമുട്ടി.

സലിം:—"സോഫിയ! നീ വൈജയെക്കണ്ടുവോ? (സോഫിയ അല്പം ആലോചിച്ചുനിന്നു)

സലിം:—"എന്താണു നീ ആലോചിക്കുന്നതു്—വേഗംപറയൂ—വൈജ എവിടെ?"

സോഫി—(അൽപം പരുങ്ങൽഭാവിച്ചു്) "തിരുമേനി! അടിയൻ കണ്ടു."

സലിം:—"എവിടെ?"

സോഫി:—"ഇക്കാൎയ്യം ചോദിക്കുന്നതു വലിയ സങ്കടമാണു—അടിയൻ തിരുമനസ്സുണൎത്തിക്കയില്ല."

സലിം:—(പരിഭ്രമത്തോടെ) എന്തു്! നീ പറകയില്ലയോ—പുറത്തു പറവാൻവയ്യാത്തകാൎയ്യം എന്തുണ്ടായി. എവിടെ വൈജ?"

സോഫി:—"അയ്യോ! അവിടുത്തെ അടുക്കൽ അടിയനു പറവാൻമേല."

സലി:—(കോപത്തോടെ)"ആഹാ—പറകയില്ലെ! എന്നാൽ നിൻെറ കഥ ഇപ്പോൾതന്നെ തീൎത്തുകളയും"

യുവരാജാവു തൻെറ വാൾ ഊരി. സോഫിയ വേപഥുഗാത്രിയായി ഝടിതിയിൽ തുടൎന്നു.

സോഫി:—"തിരുമനസ്സുണത്തിക്കാം—ഭടന്മാർ ദൂരെ നില്ക്കാൻ കൽപിക്കണം—അടിയനോടു കോപിയ്ക്കരുതു്"

സലിം:—(ഭടന്മാരോടു്) "നിങ്ങൾ മാറിനിൽപ്പിൻ!" (സോഫിയയെ നോക്കി) "ഉം"

സോഫി:—"വൈജയന്തി ഉമ്മറിൻെറ വീട്ടിൽപോയി."

സലിം:—"ഉമ്മറിൻെറയോ!"

സോഫി:—"അതെ—അവിടെ ആയിരുന്നു ആ സ്ത്രീ ആദ്യം താമസിച്ചിരുന്നതു്—അന്നേ അവർ തമ്മിൽ എന്തൊ........സഖ്യം.........ഉമ്മറിനോടു യാത്രപറവാൻ പോകുന്നു എന്നാണു് അടിയനോടു പറഞ്ഞതു്."

ഇടിവെട്ടേററതുപോലെ യുവരാജാവു നിന്നു. അദ്ദേഹത്തിൻെറ ശരീരത്തിൽ രക്തം തിളച്ചു് വിദ്യുച്ഛക്തിവേഗത്തിൽ ശിരസ്സിൽ കയറി പുകഞ്ഞു. സഹിക്കവയ്യാത്ത എന്തൊ ആധിമൂലം അദ്ദേഹത്തിൻെറ ഹൃദയം പമ്പരംപോലെ കറങ്ങുന്നതായി തോന്നി. സലിമിൻെറ ദേഹത്തിനു ശക്തിക്ഷയം ഉണ്ടായി. ഒടുവിൽ കൽപിച്ചുകൂട്ടി വരുത്തിയ ഒരു ഊൎജ്ജിതത്തോടെ അദ്ദേഹം ചോദിച്ചു.

സലിം:—"ഇതു സത്യമാണോ സോഫിയ!"

സോഫി:—അടിയൻ കണ്ടതാണു്."

സലിം:—"ശരി!—എന്നാൽ ഇതിൻെറ സൂക്ഷ്മം അറിഞ്ഞിട്ടുതന്നെ മറെറാരുകാൎയ്യം!—നടക്കു നിൻെറ ഭൎത്താവിൻെറ വീട്ടിലേക്കു........ഇതു പ—ര—മാ—ൎത്ഥ—മാ—യി—എ—ന്നെ—കാട്ടി—ത്തന്നി—ല്ലെങ്കിൽ-പിന്നെത്തേതു പറയുന്നില്ല. അപ്പോൾ കാണിച്ചുതരാം."

സലിം സ്വഭടന്മാർ തന്നെ അനുഗമിക്കുന്നതിനു ആജ്ഞാപിച്ചുകൊണ്ടു സോഫിയയോടുകൂടി ഒരു ഉന്മത്തനെപ്പോലെ ഉഴറിഗ്ഗമിച്ചു. പോയ പോക്കിൽ അദ്ദേഹം തന്നെത്താൻ ഇങ്ങിനെ പറഞ്ഞു.

"ശരി!—ഇപ്പോൾ യാത്രപറയേണ്ട ഘട്ടമാണല്ലൊ—അതിനു പോയിരിക്കയാണു്!"

അതിവേഗം യുവരാജാവുംകൂടെ ഉള്ളവരും ഉമ്മരുടെ വീട്ടിൻെറ ഉമ്മറത്തു ചെന്നു. സോഫിയ വേഗം നടന്നുചെന്നു പടിക്കതകു തള്ളിനോക്കി. അതു തുറന്നില്ല.

സലിം:—"അകത്തുനിന്നു് സാക്ഷയിട്ടിരിക്കു ആയിരിക്കും—എന്നാൽ അതു പൊളിച്ചു കളക!"

സോഫി: "അല്ല—ഇതു പുറത്തുനിന്നു പൂട്ടിയിരിക്കയാണു്."

സലിം:—"എടീ ദുഷ്ടേ! നീ പറഞ്ഞതെന്താണു്—അവർ എവിടെ?"

സോഫി:—(അന്ധാളിച്ചു്) "അടിയൻ ഉണൎത്തിച്ചതു പരമാൎത്ഥമാണു്—അവർ അകത്തെങ്ങാനും കാണും."

സലിം.—"എന്നാൽ കാണട്ടെ—നീ പറയുന്നതു കള്ളംതന്നെ—നിൻെറ കഴുത്തു ഇപ്പോൾ രണ്ടാകും."

'അയ്യോ! അടിയൻ കാട്ടിത്തരാമെ!' എന്നു ഭയപരവശയായി അപേക്ഷിച്ചുകൊണ്ടും ആ ക്രൂരകൎമ്മത്തിനു സഹായിച്ചിരുന്ന ഈശ്വരനെത്തന്നെ വിളിച്ചും സോഫിയ നാ

ന്നു. ശേഷംപേർ അവളെ പിൻതുടൎന്നു. ആ ഘാതകയുടെ ദൃഷ്ടികൾ വീക്ഷണപരിധികൾക്കുള്ളിലുള്ള ഓരോ മണൽത്തരിയേയും പരിശോധിച്ചു. ഹാ! സോഫിയയുടെ അമിതാനന്ദത്തിന് ദൂരെ ഒരു അശ്മഖണ്ഡത്തിന്മേൽ വൈജയന്തിയുടെ കൈക്കുപിടിച്ചുകൊണ്ട് ഉമ്മർ ഇരിക്കുന്നതായി അവൾ കണ്ടു. സോഫിയ "അതാ അവർ ഇരിക്കുന്നു' എന്ന് യുവരാജാവിനെ വിളിച്ച് ചൂണ്ടിക്കാട്ടി. സലിം ഒരൊററ നോക്കിൽ അതു കണ്ടു. "അല്ലെ പാതകംനിറഞ്ഞ നാരീ! നിന്നെ ഒരു പുരുഷൻ ലാളിക്കുന്ന മഞ്ചത്തിൽവച്ചുതന്നെ നിൻെറ ഹൃദയം മറെറാരു പുരുഷനെ ലാളിക്കുന്നു! ഘോരം!!" എന്നു ദയനീയമായിപ്പറഞ്ഞുപോയി. അനന്തരം അല്പനേരം അദ്ദേഹം നിശ്ചലനായിനിന്നു. എന്നിട്ട് വൈജയന്തിയോടെന്നപോലെ കഥിച്ചു:—"നാരീവൎഗ്ഗത്തിനു നീ ആക്ഷേപമൂൎത്തിയായി—വേണ്ട, നീ ഇനി ജീവിച്ചിരുന്നുകൂടാ—രണ്ടുപേരെയും ഞാൻ കാല്പിക്കളയുന്നുണ്ട്" യുവരാജാവിൻെറ കണ്ണുകൾ ചെമന്നുമറിഞ്ഞു. അധരങ്ങൾ വിറച്ചു. അദ്ദേഹം വാൾ ഊരിക്കൊണ്ടു മുന്നോട്ടു കുതിച്ചെന്നായി.

ഈ ഘട്ടം എത്തുമ്പോൾ പ്രേമം എന്താണെന്നു ചോദിച്ചുപോകാതെ തരമില്ല. കോമളവും ആൎദ്രവും സകലതിനും നിദാനവും ആണെന്നെല്ലാം പുകഴ്ത്തിപ്പറയുന്ന ആ മനുഷ്യവികാരം ഇതുതന്നെയാണൊ? ഇത്തരത്തിലുള്ള ഉഗ്രരൂപത്തിലും അതു കലാശിക്കുമോ? റഷ്യൻചിന്തകനായ ടാൾസ്റ്റായി പറയുന്നതു സത്യമാണു്. ഇത്തരം പ്രേമം അഹിതാനുഭവത്തിൽ ഘോരഭാവം എടുത്തു നാശങ്ങൾ ഉണ്ടാകും. "പ്രേമമേ! നിൻ പേരുകേട്ടാൽ പേടിയാം വഴിപിഴച്ച കാമകിങ്കരർ കാട്ടുന്ന കടുംകൈകളാൽ" എന്നൊരു മഹാകവി പാടിയിരിക്കുന്നതും കള്ളമല്ല. പ്രാപഞ്ചികപ്രേമത്തിൻെറ തീക്ഷ്ണശക്തി മന്ദീഭവിക്കട്ടെ, അന്ധമായ പ്രേമമേ! നിന്നെ ആരും അറിയാതിരിക്കട്ടെ, മൂകമായ പ്രേമം സാധുഹൃദയങ്ങൾക്കു അനുഭവമാകട്ടെ!

മനുഷ്യസാധാരണമായ വിധം യുവരാജാവിനുണ്ടായ പ്രഥമകോപം കണ്ടു അദ്ദേഹത്തേ വളരെപ്പഴിക്കാൻ പാടുണ്ടോ എന്നു തോന്നുന്നില്ല. വൈജയന്തിയെ സലിം അത്രമാത്രം സ്നേഹിച്ചിരുന്നു. അതു തകൎന്നപ്പോൾ പെട്ടെന്നു ഹൃദയം ഭിന്നമാകാതിരിപ്പാൻ മനസ്സിന്റെ മറെറാരംശം ആ തരത്തിൽ ശക്തികൊണ്ടതായിരിക്കാം. ആ പ്രേമത്തിനു ഈ ക്രോധം അടുത്തുള്ളതുതന്നെയാണു്. എങ്കിലും സോഫിയ മുമ്പിട്ടു തടഞ്ഞപ്പോൾ യുവരാജാവു് അവിടെ നിന്നു. കാൎയ്യം ഇവ്വണ്ണം കലാശിക്കവേ അവളും ഒന്നു വെമ്പി.

സോഫി:—"കല്പിച്ചു് കൊടുംകൊലചെയ്യരുതേ!—കൊന്നാൽ അവർ ചെയ്തതിന്റെ അനുഭവം എങ്ങിനെ ഏൽക്കും. തിരുമനസ്സിലേക്കു അവരെ തടവിൽ പിടിക്കാം. എന്നിട്ടു വേണ്ടതു ചെയ്യാം. അവരെ വെട്ടിക്കൊന്നാൽ തിരുമേനിക്കു വലിയ കോപവിദ്വേഷമാകും—"

യുവരാജാവു് സോഫിയയേ നോക്കിക്കൊണ്ടു കുറച്ചുനേരം നിന്നു. ഒടുവിൽ അദ്ദേഹം മുൻപോട്ടു ഉയൎന്നിരുന്ന കാൽ തിരികെ വലിച്ചിട്ടു സാവധാനം പറഞ്ഞു.

സലിം:—"ശരി!—ഇപ്പോൾ ഞാൻ ഇതു ചെയ്യുന്നില്ല—നീ എനിക്കു പരമാൎത്ഥം കാട്ടിത്തന്നതുകൊണ്ടു സന്തോഷമുണ്ടു് (ഭടന്മാരോടു സഗൌരവം) നിങ്ങൾ ഇക്ഷണം അവരെ രണ്ടുപേരെയും പിടിച്ചു മുറികളിൽ അടച്ചുപൂട്ടിൻ—പിന്നാലെ വേണ്ടതു ഞാൻ ചെയ്യുന്നുണ്ടു്."

യുവരാജാവു് * സൎപ്പോത്സവത്തിനു നാഗരാജാവായി നിന്നു പരാക്രമം കാട്ടുന്ന ആളിന്റെ തുള്ളൽ കഴിയുമ്പോൾ ഉണ്ടാകാറുള്ള ദേഹതളൎച്ചയോടെ തിരിഞ്ഞുനടന്നു. അതി

---

* സൎപ്പബലി.

ദുഃഖം സഹിക്കുന്ന അദ്ദേഹം തന്റെ മണിമഞ്ചം നോക്കിയാണ പോയത്.

---

## അദ്ധ്യായം ൧൭.

---

### ഉമ്മറിന്റെ ഭാഗ്യം; ശ്മശാനരംഗം.

രാജഭടന്മാർ രണ്ടുപേർ തന്റെ രണ്ടുകൈകളും വന്നു പിടികൂടിയപ്പോൾ ഉമ്മർ ഒന്നമ്പരന്നു. കാൎയ്യമറിയാതെ അയാൾ വിഷമിച്ചു.

ഉമ്മർ:—(രണ്ടുപേരെയും മാറിമാറിനോക്കി) "എന്തിനാണ നിങ്ങൾ എന്നെ പിടിക്കുന്നതു്.?"

ഒന്നാംഭടൻ:—"ബന്ധനത്തിലാക്കുവാൻ"

ഉമ്മർ: "ആര് പറഞ്ഞിട്ട്?"

രണ്ടാമൻ:—"തമ്പുരാനെ—തമ്പുരാനുണ്ടല്ലോ അവിടുന്ന് കല്പിച്ചിട്ടു"

ഉമ്മർ:—(ഭക്തിയോടെ) "പൊന്നുതമ്പുരാൻ കല്പിച്ചിട്ടോ. (ദയനീയനായി) ഞാൻ അപരാധം ഒന്നും ചെയ്തിട്ടില്ലല്ലോ."

രണ്ടാ:—"അതു നമുക്ക വഴിയെ അറിയാം."

ഉമ്മർ:—"നിങ്ങൾക്കെന്നെ അറിഞ്ഞുകൂടെ?"

ഒന്നാമൻ: "ഓഹോ! താൻ കൊട്ടാരക്കലവറയിൽ കാൎയ്യകനിക്കൾ ഏല്പിച്ചുകൂന്ന ഉമ്മറാണ്—ഒരു ഈശ്വരഭക്തനാണെന്നും ഞാൻ കേട്ടിട്ടുണ്ടു."

ഉമ്മർ:—"അതെ ഞാൻ ഈശ്വരവിശ്വാസമുള്ളവൻതന്നെയാണ്"

രണ്ടാ:—“പക്ഷെ ചില ഈശ്വരഭക്തന്മാരെ രാത്രിയിൽ വിശ്വസിച്ചുകൂടെന്നുണ്ടു്. വേണമെങ്കിൽ പിടലിക്കു രണ്ടടിക്കാമെന്നുമുണ്ടു്. ആട്ടെ—കുശലങ്ങൾ പിന്നെപ്പറയാം—തന്റെ അടുത്തിരുന്ന ആ സ്ത്രീ എങ്ങോട്ടുപോയി?”

ഉമ്മർ:—“ഇതാ ഈ വഴിക്കാണു് പോയതു്”.

ഒന്നാമൻ:—“എന്നാൽ വരു—ആ സ്ത്രീയേക്കൂടി കാണേണ്ട ആവശ്യമുണ്ടു്”.

എന്നുപറഞ്ഞു അവർ ഉമ്മറിനെയുംകൊണ്ടു നടന്നു.

ഒന്നാമൻ:—“താൻ ആ സ്ത്രീയെ അറിയുമോ? അവർ രാജതിരുവുള്ളമുള്ള കൂട്ടത്തിലാണു്”.

ഉമ്മർ:—“പിന്നെ ഞാനറികയില്ലെ. ആദ്യം ആ സാധുപെൺകുട്ടി എന്റെവീട്ടിൽ വേലയ്ക്കു നിന്നിരുന്നു—നടിര—തമ്പുരാനാണു് കല്പിച്ചു വൈജയന്തി എന്ന പേർ നല്കിയതു്—ഇപ്പോൾ അന്തഃപുരസ്ത്രീയല്ലെ?”.

രണ്ടാ:—“എന്തിനു ഞങ്ങളോടു ചോദിക്കുന്നു. തനിക്കു് അവരുടെ സകല വൃത്താന്തവും അറിയാമല്ലോ—താൻ മഹാഃകമൻതന്നെ—ആളും സമർത്ഥൻ—എന്റെ പൂജ്യസന്യാസി!—ഖാസിൻ! (കൂട്ടുകാരനേനോക്കി) എന്തെടോ—അന്തിയാകുംവരെ ദൈവവിചാരം—അന്തികഴിഞ്ഞാൽ പിന്നെ എന്തുവിചാരം—മദനവിചാരം—ഹ! ഹ!!” (എന്നു രണ്ടുപേരും പൊട്ടിച്ചിരിക്കുന്നു).

ഉമ്മർ:—“നിങ്ങൾ പറയുന്നതിന്റെ സാരമൊന്നും മനസ്സിലാകുന്നില്ല. നിങ്ങൾക്കു ലക്കില്ലെന്നു തോന്നുന്നു—കഥയെന്തെന്നു പറയൂ”.

രണ്ടാമൻ:—“കഥയൊ— കഥയല്ലൊ കഥ—ധൃതിപ്പെടേണ്ടാ ചെങ്ങാതി! അതെല്ലാം നമുക്കു വഴിയെ അറിയാം”.

ഈ സമയം ആരോ ഒരുവശത്തുനിന്നും നടന്നെത്തുന്ന ശബ്ദംകേട്ട് എല്ലാവരും അങ്ങോട്ടുനോക്കി. അക്ബർ ചക്രവത്തിയെക്കണ്ടു ഭടന്മാർ നിശ്ശബ്ദരായി ഉമ്മറിൻെറ കൈക്കുനിന്നും പിടിവിട്ടു. മൂന്നുപേരും മഹാരാജാവിനെ താണുവണങ്ങി നിന്നു.

അക്ബർ:—"ഉമ്മറിനെ വിട്ടുവിൻ (ഉമ്മർ ആശ്ചയ്യപ്പെട്ടു) നിരപരാധികളെയും സത്തുക്കളെയും ഉപദ്രവിക്കുന്നതു് എൻെറ നാട്ടിലല്ല".

അക്ബർ ഉമ്മറിനെനോക്കി വീണ്ടും പറഞ്ഞു. "നിൻെറപേരിൽ ഞാൻ വളരെ സന്തോഷിക്കുന്നു. നീ കററം ഒന്നും ചെയ്തിട്ടില്ല—ഉമ്മറെ! താൻ ഇതുവഴിതന്നെ കാൎയ്യക്കാരുടെ അടുത്തു ചെല്ലുക. ഒരുസംഖ്യ നിനക്കു ഞാൻ സമ്മാനമായി അനുവദിച്ചിരിക്കുന്നു-അതു വാങ്ങിക്കഴിഞ്ഞാൽ ആളുകൾ നിന്നെ നിൻെറവീട്ടിൽ കൊണ്ടാക്കും—ഉം—(ഭടന്മാരോടു) നിങ്ങളും നിങ്ങളുടെ കാൎയ്യത്തിനു പൊയ്ക്കൊള്ളുവിൻ." അക്ബർ ഝടിതിയിൽ തിരിഞ്ഞുനടന്നു. അവിടെനിന്ന മൂവരും ചക്രവത്തിയുടെ പിൻപിൽ താണുവണങ്ങി. ഭടന്മാരുടെ ഉമ്മറിനോടുള്ള പെരുമാററം ആകെ ഭേദപ്പെട്ടു. അവർ വളരെ ആദരത്തോടുകൂടി അയാളുമൊത്തു നടന്നു.

ഒന്നാമൻ:—"നിങ്ങൾ ഒരു ധനവാനായല്ലോ. ആകട്ടെ, ദയചെയ്തു ഞങ്ങൾക്കും ഇന്നത്തേവകയ്ക്കു വല്ലതുമൊന്നു തരുമോ?".

ഉമ്മർ:—(ചിരിച്ചുകൊണ്ടു്) "തമ്പുരാൻ കല്പിച്ചു എന്നു പറഞ്ഞല്ലെ നിങ്ങൾ എന്നെ പിടിച്ചതു്".

രണ്ടാമൻ:—(ഒന്നാമനോടു) "എടോ ആ സ്ത്രീയെ അന്വേഷിക്കണ്ടെ?".

ഒന്നാമൻ:—"ഞാനില്ല. ഇതുകൊണ്ടു മററതും അറിയാൻ പാടില്ലെ—വിവരം കൊച്ചുതമ്പുരാനെ ഉണത്തിക്കാം.

(ഉമ്മറിനോട്) കൊച്ചുതമ്പുരാൻ കല്പിച്ചിട്ടാണ് ഞങ്ങൾ തന്നെ വന്നുപിടിച്ചതു്"

ഉമ്മർ:—"കാര്യം എന്തെന്നു്. ഇനിയും എന്നോടു പറയാമോ?"

രണ്ടാമൻ:—"പറഞ്ഞാൽ ഞങ്ങൾക്കു വല്ലതും ഒന്നെറിഞ്ഞുതരുമോ?"

ഉമ്മർ:—"കാര്യം കേൾക്കട്ടെ".

രണ്ടാമൻ:—"ഞാൻ പറയാം".

ഒന്നാമൻ:—"ഞാൻ പറയാം".

ഉമ്മർ:—(ചിരിച്ചുകൊണ്ടു്) "ആർ പറഞ്ഞാലും രണ്ടുപേക്കും ഞാൻ വല്ലതും തരാം".

ഒന്നാമൻ:—"എന്നാൽ താൻതന്നെ പറയെടോ".

രണ്ടാമൻ:—"ഗർവ്വിക്കരുതു്. തൻെറ ഭാര്യതന്നെയാണു് ഈ പൊല്ലാപ്പൊക്കെ ഉണ്ടാക്കിയതു്".

ഉമ്മർ:—"എൻെറ ഭാര്യയൊ—എന്തു്?—പറയൂ, പറയൂ."

രണ്ടാമൻ:—"കൊച്ചുതമ്പുരാൻ ആ സ്ത്രീയെ തേടിനടക്കുമ്പോൾ നിങ്ങളുടെ കെട്ടിയവളെ കണ്ടു—വൈജയന്തി എവിടെയെന്നു ചോദിച്ചു. ആദ്യം അവർ ഒന്നും പറഞ്ഞില്ല. ഉടൻ തിരുമേനി കോപിച്ചു കൊല്ലുമെന്നും കഴിച്ചിടുമെന്നും മററും ഭയപ്പെടുത്തി. ഉടൻതന്നെ അവർ ഞങ്ങളെ മാററിനിത്തി എന്തോ മന്ത്രിച്ചു—നിങ്ങളും ആ സ്ത്രീയും തമ്മിൽ എന്തോ ഇടപാടുണ്ടെന്നായിരിക്കണം പറഞ്ഞതു്—"

ഉമ്മർ:—(അവിടെനിന്നു്, "ഉം—എന്നിട്ടു്".

രണ്ടാമൻ:—"എന്നിട്ടു് സോഫിയയെയും കൂട്ടിക്കൊണ്ടു് തൻെറ വിട്ടിൽ വന്നു. കതകു പൂട്ടിയിരുന്നു—തമ്പുരാൻ കോപിച്ചു. ഉടനെ തൻെറ ഭാര്യ നിങ്ങളും ആ സ്ത്രീയും ഇരിക്കുന്നതു ചൂണ്ടിക്കാട്ടിക്കൊടുത്തു. തമ്പുരാൻ വാളും ഊരിക്കൊണ്ടു് രണ്ടുപേരെയും കണ്ടി!

ക്കാൻ പുറപ്പെട്ടതാണ്. എന്തൊ ഭാഗ്യംകൊണ്ടു ഒ ടുവിൽ തടവിൽ പിടിക്കുവാൻ കല്പിച്ചിട്ടു എഴുന്നള്ളി. ഉള്ളതുതന്നെയൊ? നിങ്ങൾ തമ്മിൽ വല്ല നേരമ്പോ ക്കുകളും ഉണ്ടൊ?"

ഉമ്മർ:—"മതി—മതി - ഈശ്വരാ! (ഉമ്മർ ദീർഘമായിനി ശ്വസിച്ചു) വരിൻ—വരിൻ" എന്നുപറഞ്ഞ് ഉമ്മറും ആ രണ്ടു ഭടന്മാരും അകലെ മറഞ്ഞു.

അക്ബർ ഒരു മരക്കൊമ്പിൽ തൂക്കിയിരുന്നതന്റെ മൂടുപടം വീണ്ടും എടുത്തു ധരിച്ച് വേഷഛന്നനായി മുറുകെ നടന്നു. അദ്ദേഹം മുൻഭാഗത്തു വളരെദൂരെ സൂക്ഷിച്ചുനോ ക്കി. ആ വിളത്ത ചന്ദ്രികയുടെ അല്പപ്രകാശത്തിൽ വെ ള്ളവസ്ത്രം ധരിച്ച ഒരു രൂപം മരങ്ങളുടെ ഇടയിലൂടെ ഇട ക്കിടെ പ്രത്യക്ഷമായും കൂടക്കൂടെ മറഞ്ഞും പാഞ്ഞുപോകു ന്നതു കണ്ടു, മഹാരാജാവ് ആ ആളിനോടു സമീപിക്കു വാൻ ഗമനത്തിനു വേഗംകൂട്ടി. അതു വൈജയന്തി ആയി രുന്നു. അവൾ ശ്മശാനത്തിൽ സ്വമാതാവിനെ അടക്കിയ സ്ഥലത്തു മനസ്സുവച്ച് ഉഴറുകയായിരുന്നു.

വൈജയന്തി മാതൃശരീരം നിക്ഷേപിച്ചതിനുമുകളിൽ കമഴ്ന്നടിച്ചുവീണു. അവളുടെ സാരി ദൂരെയുള്ള കല്ലിലും ചെടിയിലും തടഞ്ഞുകിടന്നു. കറുത്തു ചുരുണ്ട അവളുടെ തലമുടി അഴിഞ്ഞുലഞ്ഞു പുറത്തുകവിഞ്ഞു. വൈജയന്തി വിങ്ങിവിങ്ങിക്കരഞ്ഞു. "അമ്മേ!—ഞാൻ കഷ്ടപ്പെടുന്നു- എവിടെ തിരഞ്ഞാൽ എന്റെ അമ്മയെക്കാണും? ആ ശ ബ്ദം എവിടെ ലയിച്ചു. ആ ഭാവം എങ്ങുപോയി—ആ ശരീരം എങ്ങിനെ മാഞ്ഞു. എല്ലാം പോയി! എന്റെ അമ്മയിരിക്കുന്നേടത്ത് എന്നെയും കൊണ്ടുപോകൂ. അവി ടെ സുഖമാണെന്ന് എനിക്കു തോന്നുന്നു—അതെ, ഈ ജഡ ത്തിന്റെ ചലനം നില്ക്കട്ടെ—ഭൂമീ നീ എന്നെ പൊതി ഞ്ഞു ഗംഭീരമായ നിശ്ശബ്ദശയനംചെയ്യു നിശ്ചലമായിത്താ

ലോലിക്കുമോ?" നിർജ്ജനവും നിശ്ശബ്ദമായതും മരണം അതിൻെറ കമ്മം നിശ്ശേഷം ലോകദൃഷ്ടിയിൽ സമാപ്തമാക്കുന്നതുമായ ആ ശ്മശാനത്തിൽകിടന്നു വൈജയന്തി തെല്ലൊന്നു സുഖിച്ചു അവ്വണ്ണം നിശ്ചലയായി അവിടെക്കിടന്നു. ആ പെറിയ ചുടുകാട്ടിൽ കടന്നപ്പോൾ മങ്ങിയ വെളിപ്രകാശവും ലോകത്തിൻെറ തൂഷ്ണീംഭാവവും സംയോജിച്ചുള്ള ആ ഭീഷണാവസ്ഥയുടെ സമ്പക്ശക്തി അക്ബരുടെ ഹൃദയത്തിലും കലൎന്നു. ചക്രവത്തി വൈജയന്തി കിടന്നയിടത്തുചെന്നു. കുറച്ചുനേരം അവളെ നോക്കിനിന്നു. തത്സമയം അദ്ദേഹത്തിൻെറ ചിത്തം ഒരു ചക്രവത്തിയുടേതല്ലായിരുന്നു. അക്ബർ വൈജയന്തിയെ ഒന്നു കലുക്കിവിളിച്ചു. "എഴുന്നേല്ക്കു്" എന്നുച്ചത്തിൽതന്നെ ആജ്ഞാപിച്ചു. വൈജയന്തി പെട്ടെന്നു തലപൊക്കി നോക്കി ഒരു ആളിനെക്കണ്ടു എഴുന്നേററുനിന്നു.

അക്ബർ:—"നീ രാത്രിയിൽ ഏകാകിനിയായി എന്താണു ഇവിടെ ചെയ്യുന്നതു?"

വൈജ:—"എൻെറ അമ്മ ഇവിടെ കിടപ്പുണ്ടു് —"

അക്ബർ:—"ആങ്ഹാ!—നീ ദുഃഖിച്ചിട്ടാവശ്യമില്ല. ദുഃഖം വീണ്ടും ദുഃഖത്തെതന്നെ പ്രതിബിംബിപ്പിക്കും. കാര്യനാശംവരുത്തും. ഇതാ ഇതു ചക്രവത്തി നിനക്കു തരുവാനായി ഏല്പിച്ചിരിക്കുന്നു. വാങ്ങിക്കൊൾക—" (എന്നുപറഞ്ഞു ഒരു മടിശ്ശീലയിൽ എന്തൊ നീട്ടി)

വൈജ:—(വാങ്ങുവാൻ ഭാവിക്കാതെ) "ഇതു് എന്താണു്?"

അക്ബർ:—"കുറെ സ്വൎണ്ണനാണയം—ഇതുകൊണ്ടു് നിൻെറ ജീവിതം എവിടെയെങ്കിലും സുഖമായിക്കഴിച്ചുകൊൾക"

വൈജ:—"വേണ്ട—വേണ്ട. സ്വൎണ്ണനാണയം എനിക്കു സുഖം വാങ്ങിത്തരികയില്ല. പൊന്നുതിരുമേനി, ഇതു പാവങ്ങൾക്കു വേണ്ടി ചെലവാക്കാൻ പറയണം."

രാജഹസ്തം നീട്ടിയതു തുണവൽഗണിക്കയാൽ അക്ബറുടെ ഉള്ളിൽ കോപം പൊടിച്ചു; എങ്കിലും ആയതു് ആ തരുണിയുടെ സ്ഥിരമായ ത്യാഗബുദ്ധിയുടെ അഗാധതകൊണ്ടുണ്ടായ ഗുണസ്തവത്തിൽ നിമഗ്നമായി. അക്ബർ പ്രസന്നൻ പിൻവലിച്ചു തന്റെ വേഷംമാററി. മുഗൾചക്രവർത്തിയെ മുൻപിൽ കണ്ടയുടൻ വൈജയന്തി അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചു.

വൈജ: — "മഹാപ്രഭോ! അടിയനു ധനം ആവശ്യമില്ല."

അക്ബർ:—വൈജയന്തി!—നീ ഈ ലോകത്തേക്കു പററിയവളല്ല. ലോകം നിന്നെ വഞ്ചിക്കും.—ധനം ആവശ്യമില്ലാത്ത നീ അതോടുചേൻനുള്ളവ എല്ലാം ഉപേക്ഷിക്കണം."

രാജപ്രഭാവം അത്ര ലഘുവല്ലല്ലോ. ഒരു പ്രത്യേക ആളിന്റെ സുഖദുഃഖാദിയിൽ പങ്കുകൊള്ളുവാൻ ഇറങ്ങിപുറപ്പെട്ടതുതന്നെ മോശമായിപ്പോയെന്നു ലക്ഷോപരിലക്ഷം ആളുകളുടെ അദ്ധ്യക്ഷനായ അക്ബർക്കു തോന്നി; വൈജയന്തിയെ അങ്ങു തള്ളിയാലും ലോകചക്രം കുതികൊള്ളുമെന്നു് ബുദ്ധിയിൽ ജീവിതം നയിക്കുന്ന അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. രാജസമയം നേരംപോക്കിനു കളയാതെ അക്ബർ പെട്ടെന്നു അവിടംവിട്ടു. വൈജയന്തി പൂർവ്വാനുഭവം മാറെറാലിവണ്ണ വീണ്ടും അവിടെ ശോകാത്തയായിക്കേണു. അവൾ ആ സ്ഥലത്തു കിടന്നുകിടന്നു് ഒടുവിൽ എഴുന്നേററതു കിഴക്കു വെള്ളപ്പുറം കണ്ടപ്പോളായിരുന്നു. വൈജയന്തി ആദ്യമായി അവിടെനിന്നും മടങ്ങിയ വഴിയിൽക്കൂടി തിരിച്ചു.

---

# അദ്ധ്യായം ൨൩.

## വീണ്ടും മിഹ്രി

അന്ധകാരയവനിക വകഞ്ഞുമാററി, മുൻപോട്ട് തള്ളിയ വിളത്ത അഹമ്മുഖം ലോകരംഗസ്ഥൎക്ക ദൃശ്യമായി. ആദിത്യൻ വെളിച്ചത്തുവരുവാൻ മടിച്ചു. കിഴക്ക അടിഞ്ഞുകിടന്ന മേഘപാളിയുടെ മദ്ധ്യത്തു ഒരു തേജഃപുഞ്ജം നിഴലിച്ചു അവിടമാകെത്തിളങ്ങി. ലോകം ഉന്മീലനംചെയ്തു. തലേദ്ദിവസം രാത്രി തീൎത്തുവച്ച കൎമ്മതന്തുക്കൾ നെയ്തുകൂട്ടുന്നതിനായി മനുഷ്യവ്യാപാരം ആരംഭിച്ചു. അംബികമാരി ഉറക്കമുണൎന്ന സ്വസൌധത്തിൽ മണിമഞ്ചത്തിന്മേൽ പീനോരുദണ്ഡത്തിന്റെ സംഘടനയിൽ ഉണ്ടായ തടത്തിൽ കൈത്തണ്ടുകൾരണ്ടും ചേൎത്തിട്ടുകൊണ്ടു നതാംഗിയായി ഇരിക്കുക ആയിരുന്നു. ഈ സമയം സോഫിയ അവിടെ എത്തി. കഴിഞ്ഞ രാത്രിയിലെ സംഭവങ്ങൾകൊണ്ടു അവളുടെ അന്തഃകരണത്തിനു നല്ല സ്വാസ്ഥ്യം ഇല്ലായിരുന്നു. വൈജയന്തിയുടെ ബാധ ഒട്ടൊഴിഞ്ഞുവെന്ന് അവൾ സമാശ്വസിച്ചുവെങ്കിലും ഉമ്മറിനെ അപകടത്തിൽ പെടുത്തിയല്ലൊ എന്നു സോഫിയ വല്ലാതെ വ്യസനിച്ചു. ഏതായാലും വന്നതു വന്നല്ലോ എന്നു വിചാരിച്ച് ആലോചിച്ചതിൽ അതിന് എന്തെങ്കിലും നിവൃത്തിമാൎഗ്ഗം ഉണ്ടാക്കാമെന്നും അവൾ നിശ്ചയിച്ചു. ഉമ്മറിന്റെ അഭാവംകൂടി സ്വഗൃഹത്തിൽ ഉണ്ടായല്ലൊ, എന്നുകരുതി അവൾ കൊട്ടാരത്തിൽ തന്നെ രാത്രി കഴിച്ചുകൂട്ടി. രാവിലെ അംബികമാരിയുടെ അടുത്തണഞ്ഞപ്പോൾ സംഗതിയെല്ലാം പൊട്ടിക്കാതെ സോഫിയക്കു നിവൃത്തിയില്ലെന്നായി.

സോഫി:—"ഒരു—വിശേഷം"

അം: ക:—"അ്—പറയൂ"
സോഫി:—"വളേ—രെ കഷ്ടമായിപ്പോയി!"
അം: ക:—"തുടങ്ങിയെല്ലോ വിശേഷത്തിന്റെ വിശേഷണം."
സോഫി:—"കൊച്ചുതമ്പുരാന്റെ വൈജയന്തിയോടു എന്തെന്നില്ലാത്ത വിരോധമായി."
അം. ക:—"എന്തെന്തു്! പറയൂ."
സോഫി:—"അയ്യോ! എന്റെ ഉമ്മറെയും അതിൽ ആ സ്ത്രീ പിടിച്ചിട്ടു."
അം: ക:—"സോഫിയ! അങ്ങുമിങ്ങും മുഴപ്പിക്കാതെ കാൎയ്യം പറയൂ,"
സോഫി:—"വൈജയന്തിയുടെ നടപ്പുദൂഷ്യം തന്നെ."
അം: ക:—"സ്വഭാവദൂഷ്യമൊ! വൈജയന്തിക്കോ! ഏയ് അതൊരിക്കലുമുണ്ടാകുന്നതല്ല. ഇന്നലെ നൃത്തംകഴിഞ്ഞു് അവളെ ഇവിടെ കണ്ടുമില്ലല്ലൊ?"
സോഫി:—"അവർ അവിടെ താമസിക്കുമ്പോൾതന്നെ ഉമ്മറുമായി എന്തോ സംസൎഗ്ഗമുണ്ടെന്നു എനിക്കു സംശയമുണ്ടായിരുന്നു"
അം: ക:—"യുവരാജാവു് എങ്ങിനെ അറിഞ്ഞു—ഇല്ല—ഇതെല്ലാം നിന്റെ കൃതിയാണു്"
സോഫി:—(വെമ്പി) "അയ്യോ അല്ല—ഇന്നലെ നൃത്തവും കഴിഞ്ഞു അവർ ഉമ്മറിന്റെ വീട്ടിലേക്കു പോകുന്നതു കണ്ടു—കൊച്ചുതമ്പുരാൻ അവർ എവിടെ എന്നു എന്നോടു ചോദിച്ചു—ഞാൻ പറയേണ്ടിവന്നു"
അം: ക:—"ഈശ്വര! പുറമെകാണുന്നതുകൊണ്ടു് ആരെയും വിശ്വസിക്കാൻ പാടില്ലെന്നായി—എന്നിട്ടു്—"
സോഫി:—"എന്നെയുംകൊണ്ടു് തിരുമേനി അങ്ങോട്ടു അടിയിരുത്തി. അവിടെ ഒരിടത്തു ആ സ്ത്രീയും ഉമ്മറും കൂടി ഒന്നിച്ചു് ഇരിക്കുന്നു. തിരുമേനിതന്നെ കണ്ടു—കൊന്നുകളവാൻതന്നെ തുടങ്ങിയതാണു്—അടിയന്റെ പ്രാൎത്ഥനകൊണ്ടു് ഒടുവിൽ തടവിലാക്കുവാൻ

കല്പനയുണ്ടായി......അയ്യോ—അടിയൻെറ ഉമ്മറിനെ വിട്ടുവിച്ചുതരണേ!"

അം: ക:—"സോഫിയ! എന്നോട്ടു ഇക്കാൎയ്യമൊന്നും പറയേണ്ട. ആദ്ദേഹത്തിൻെറ ഇഷ്ടത്തിന്ന വിപരീതമായി ഒരക്ഷരം ഞാൻ പറയുകയില്ല—നീ തന്നെ എല്ലാം അറിയിക്ക—ഇതു എല്ലാം നടന്നതുതന്നെയോ—"

സോഫി—"എന്താണ ഇങ്ങിനെ ചോദിക്കുന്നത്. ഈ പകലുപോലെ സകലതും നടന്നകാൎയ്യമാണ—"

അം: ക:—"ചുരുക്കം ദിവസമെ അവളെ അറിവാൻ ഇടവന്നിട്ടുള്ളുവെങ്കിലും വൈജയന്തി അരമനയിലുള്ള തോഴികളോടൊപ്പം ഒരു സാധാരണസ്ത്രീയായിട്ടല്ല ഞാൻ കണ്ടത്—ഇപ്പോളിതാ ഇങ്ങിനെയും—"

സോഫി:—"എന്തൊ"

അം: ക:—"ഈ കഥ എനിക്കു വിശ്വസിക്കുവാൻപോലും കഴിയാതെ തോന്നുന്നു."

"നന്നായി വിശ്വസിക്കാം—കഠിനമായ പരമാൎത്ഥമാണ" എന്നുപറഞ്ഞുകൊണ്ടു സലിം അറയിൽ കടന്നുവന്നു. അംബകുമാരി എഴുനേററു. രണ്ടുപേരും യുവരാജാവിനെ വന്ദിച്ചുനിന്നു.

അം: ക:—"ഇവൾ എന്തൊക്കെയൊ പറയുന്നു."

സലിം:—"അവൾ പറഞ്ഞതു് ആദ്യന്തം ശരിയാണ—അതെല്ലാം താഴ്ന്ന കാണുവാൻ പാടില്ലാത്ത എൻെറ ഈ മൂഢദൃഷ്ടികൾകൊണ്ടു കണ്ടതാണ്. അവളും ഉമ്മറുംകൂടി സ്വൈരസല്ലാപം ചെയ്തുകൊണ്ടിരുന്നതു കണ്ടു എന്നു പറയുന്നതിൽ എനിക്കു അഭിമാനക്കുറവ് ഒട്ടുമില്ല."—(യുവരാജാവു പല്ലു തമ്മിൽ ഉരുമ്മി)

അം. ക:—"അവർ ഇപ്പോൾ എവിടെ?"

സലിം:—"അതാണല്ലോ ഞാൻ ഇവിടെ ഒരു ശപാവിന തുല്യമാണെന്നു പറയുന്നത്. (കോപത്തോടെ) എ

നിക്കു യാതൊരധികാരവുമില്ല. ഞാൻ ചെയ്യുന്നതി ന്നെല്ലാം മറുകൃതി ചെയ്യാൻ ഉടൻ ആളുണ്ട്. അവ രെ തടവിലാക്കുവാൻ എൻെറ ഭടന്മാരോടാജ്ഞാപി ച്ചു—എന്നാൽ അച്ഛൻ ഭൂമിപിളൎന്നെത്തി ഉമ്മറിനെ വിടിയിച്ചെന്നു മാത്രമല്ല, അവനെ ഒരു ധനവാ നുമാക്കി—ഭടന്മാരോടു പൊയ്ക്കൊള്ളുന്നതിനും ക ല്പിച്ചു—ഫ്"

അംബികുമാരി സോഫിയയെ ഒന്നു നോക്കി, സീമാതീ തമായി വികസിച്ചുവിൎത്ത അവളുടെ മുഖം കണ്ടു: അവ ളുടെ ആനന്ദത്തിനു കണക്കുണ്ടായിരുന്നില്ല. ഈശ്വരൻ അവളെ ഏതു വിധേനയും സഹായിക്കുമെന്നു ആ മഹാ ചൈതന്യത്തെ സോഫിയ മലിനപ്പെടുത്തി. അവൾ മ ണിയറയിൽ നിന്നും പതുങ്ങി പുറകോട്ടു വലിഞ്ഞു വെളി യിൽ ഇറങ്ങി. ഉമ്മറെന്ന ധനവാനെ സ്നേഹിക്കുവാൻ അ വൾ വീട്ടിലേക്കു ഓടി. ആസമയം തിളങ്ങുന്ന വസ്ത്രങ്ങൾ വിലപിടിച്ച ആഭരണങ്ങൾ, വണ്ടി, കാള ഇതെല്ലാമായിരു ന്നു അവളുടെ ഉള്ളിലുദിച്ച പദാൎത്ഥങ്ങൾ.

അം: കു:—"വൈജയന്തി സുന്ദരിയും സുശീലയും ആയിരു ന്നല്ലോ."

സലിം:—"എന്തു്. നീ എന്നെ പരിഹസിക്കുകയാണോ!"

അം: കു:—"അയ്യോ ഒരിക്കലുമല്ല—ഞാൻ അവളോടു കോ പിച്ചിട്ടുണ്ടെങ്കിൽ അതു അവളുടെ സൌശീല്യത്തി ൻെറ കുററംകൊണ്ടല്ല."

സലിം:—"കുമാരി! നീ ഇനി ഇക്കഥ വിട്ടു."

അം: കു:—"എങ്കിലും വൈജയന്തി ഇപ്പോൾ എവിടെ?"

സലിം:—"ആ പാപംചെയ്തവൾ എവിടെ എന്നു അറി ഞ്ഞുകൂടാ—എന്നാലും അവളെ ഇതിൻെറ ഫലം അ നുഭവിപ്പിക്കാതെ വിടുകയില്ല."

അം: കു:—"ഞാൻ ഒന്നു പ്രാൎത്ഥിക്കുന്നു. സാഹസം ഒന്നും

ചെയ്യാൻ പുറപ്പെടരുത്—അവരം എങ്ങിനെയെങ്കിലും എവിടെയെങ്കിലും പൊയ്ക്കൊള്ളട്ടെ—"

സലിം:—(ഗദ്ഗദസ്വരത്തിൽ)"ഞാൻ വളരെ കഷ്ടം പിടിച്ചവനാണ്—കുമാരീ! ഭവതിയോടു ഞാൻ വൃഥാ കോപിച്ചതിനും ശാസിച്ചതിനും—പോരാ ശ്വാസം മുട്ടിച്ചതിനും എനിക്കു മാപ്പു തരണം."

അം: കു:—(സലിമിനെ പിടിച്ചുകൊണ്ടു ഝടിതിയിൽ) "അവിടുന്ന് ഇങ്ങനെയൊന്നും പറയരുത്—ഞാൻ എന്തിനാണു ജീവിച്ചിരിക്കുന്നത്. അങ്ങെയുടെ കോപവും, ദുഃഖവും, ആനന്ദവും, ഹാസ്യവും എല്ലാം സഹിക്കുവാൻ—ആത്മാവിനെ ശോച്യമായിക്കരുതരുത്."

സലിം:—"കുമാരി! ഞാൻ ഇന്നലെ ഒട്ടും ഉറങ്ങിയില്ല—എനിയ്ക്കു മനസ്സിനു അശേഷം സുഖം തോന്നുന്നില്ല; ഞാൻ മാളികയിൽ പോകുന്നു—"

... ... ... ...

അം: കു:—"അവിടത്തെ ഇഷ്ടംപോലെ."

കണ്ണുനീർത്തുള്ളികരം വീഴുന്ന മഞ്ചത്തിൽ കിടത്തിയിട്ടാണല്ലോ മിഹിരയെ നാം വിട്ടുപിരിഞ്ഞത്. അതിനുശേഷം ആ ബാലിക ജീവനില്ലാതെ അവിടെ സഞ്ചരിച്ചു. ഖാൻഅഫ്ഗാൻ ഭാര്യയെ ചില സംഗതികരം എല്ലാം ധരിപ്പിച്ചു. അവർ ആ പുതിയവിശേഷവാർത്ത മകളോടു സൂചിപ്പിച്ചു തുടങ്ങിയപ്പോരം മിഹിരയുടെ ദുഃഖം പൂർവ്വാധികം ആയി. ഊണിലും നടപ്പിലും കിടപ്പിലും ഉള്ള ശ്രദ്ധ മിഹിരയ്ക്കു കുറേശ്ശ കുറഞ്ഞു. അത്താഴം കഴിഞ്ഞു കിടപ്പുമുറിയിൽ വച്ചും, മദ്ധ്യാഹ്നഭക്ഷണാനന്തരം തളത്തിൽ വച്ചും മററും അമ്മയും മകളും കൂടി വാഗ്വാദങ്ങരം കഠിനമായി നടത്തി. രണ്ടുപേരും ചിലപ്പോരം പിണങ്ങി; ചിലപ്പോരം ഇണങ്ങി. ഒടുവിൽ ആ നിർബന്ധക്കാരിയോടുമാതാവ് തോററു പിരിഞ്ഞു "എനിക്കു അവളോടൊന്നും പറയാൻ കഴികയില്ല. ഞാൻ പഠിച്ച പണി മുഴവൻ നോക്കി. ഇനി അ

വിട്ടന്നുതന്നെ മകളെ ഗുണദോഷിക്കണം.'' എന്നു തൻെറ ഭാരം മുഴുവൻ ഭർത്തൃശിരസ്സിൽ കയററിക്കൊടുത്തു. അന്നു രാവിലെ ഖാൻ അഫ്ഗാൻ മകളെ ലാളിച്ച് തൻെറ മുറിയിൽ വിളിച്ചു. സേനാപതിയെ കണ്ടാശ്ലേഷം ചെയ്യിക്കുന്നതിനു കൈരണ്ടും എടുത്തു ഇടിയിക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ ആരംഭം. മിഹിര പതുക്കെ അച്ഛൻെറ മുമ്പിൽ വന്നു നിന്നു. അയാൾ പുത്രിയുടെ അരുമത്താടികു പിടിച്ചു ഒന്നു കുലുക്കി, കൈപ്പുറത്തു തലോടിക്കൊണ്ടു ആരംഭിച്ചു.

ഖാ: അ:—"മകളെ! ഇന്നലെ വാങ്ങിയ സാരിയും മററുംനിനക്കു ഇണങ്ങിയോ? നല്ല സാരിയാണ്—വിലപിടിച്ചതാണ്—അതു നീ സൂക്ഷിക്കുന്നോ, അതോ അമ്മയുടെ പെട്ടിയിലാണോ?"

മിഹി:—"അമ്മയുടെ പെട്ടിയിൽ വച്ചു പൂട്ടിയിരിക്കയാണ്."

ഖാ: അ:—"എന്തു്! നിനക്കു തരികയില്ലെന്നു പറഞ്ഞോ?"

മിഹി:—"അല്ല—ഞാനും സമ്മതിച്ചിട്ടുണ്ട്''

ഖാ: അ.—"പിന്നെ എന്താണു പിന്നെ അതൊന്നും ധരിച്ചു നടക്കാത്തതു്. (മിഹിര ഒന്നും മിണ്ടിയില്ല) നിനക്കു ജീവിനില്ലാത്ത മട്ടായിരിക്കുന്നു. അതുപോരാ—മകൾ ഉത്സാഹമായും ചൊടിയായും ഇരിക്കണം."

മിഹി:—"ഞാൻ ഇതിൽ കൂടുതൽ എങ്ങിനെ ചൊടിയായിരിക്കും"

ഖാ: അ:—"ആട്ടെ അതുപോകട്ടെ. മകൾക്കു അമ്മയോടൊ, അച്ഛനോടൊ അധികം സ്നേഹം—അവൾ ഒരു ദുർവ്വാശിക്കാരിയാണ്—എന്തുപറഞ്ഞു നിന്നോട്?"

മിഹിര:—"ഒന്നും പറഞ്ഞില്ല."

ഖാ: അ:—"ഒന്നും പറഞ്ഞില്ലെ? അതു കള്ളം. നിന്നോടു ഒരു സംഗതിപറവാൻ ഞാൻ അവളോടു പറഞ്ഞിരുന്നല്ലൊ. ഒരു സംബന്ധക്കാര്യം."

മിഹിര:—(മുഖംകുനിച്ച് ദൃഢമായി) "എന്നോടുപറഞ്ഞു."

ഖാ: അ:—"എന്നിട്ട മകൾ എന്തുപറഞ്ഞു" (മിഹിര ഉരിയാടാതെനിന്നു) "സേനാപതി യോഗ്യനാണ്—ശൂരനമാകുന്നു—വലിയ അധികാരവും ഉണ്ട്. ചക്രവത്തിക്ക് തിരുവുള്ളമുള്ള ആളുമത്രെ മകളെ! നിനക്ക പ്രായമായി.. എനിക്ക വയസ്സമായി. നിങ്ങൾക്ക സഹായമായി ആരെങ്കിലും വേണ്ടേ?. അതുകൊണ്ട് അദ്ദേഹത്തെക്കൊണ്ട നിൻെറ വിവാഹം നടത്തിക്കവാൻ തീർച്ചയാക്കി."

മിഹി:—(നിവന്ന്) "അയ്യോ! അച്ഛാ! എന്നെ ഉപദ്രവിക്കരുതേ!"

ഖാ: അ:—"കൊള്ളാം. സംബന്ധം ഉപദ്രവമാണോ. എത്രയോ പെൺകുട്ടികൾ നിന്നെപ്പോലെ പറഞ്ഞിട്ടുണ്ട്. എന്നാൽ അവർക്കൊക്കെ അതിൽ ഉൾപ്പെട്ടിട്ടുമുണ്ട്—"

മിഹി:—"അച്ഛാ! എനിക്കവേണ്ടാ. സേനാപതി ക്രൂരനം ഭയങ്കരനമാണ്."

ഖാ: അ:—(അല്പം കോപത്തോടെ) "എന്ത്—ക്രൂരനം ഭയങ്കനമോ— എന്താ അയാൾ വല്ല നരിയോ ആനയോമററൊ ആണൊ?"

മിഹി:—"അയ്യോ കള്ളമല്ലച്ഛാ! കണ്ടാൽതന്നെ—"

ഖാ: അ:—"ഭോഷി! മഹാഭോഷീ! മുഖത്തു കൃതാവും മീശയും മററുമുള്ളത് വീരന്മാരുടെ ലക്ഷണമാണ്. കുട്ടിക്കാലത്ത് അയാളെക്കണ്ട് കരഞ്ഞുകൊണ്ടോടുമ്പോഴുള്ള പേടി നിനക്ക ഇന്നും തീന്നിട്ടില്ലേ? പറയൂ—അച്ഛനോടുപറയൂ നിനക്ക സമ്മതമാണെന്ന്—"

മിഹിര:—"അച്ഛൻ എന്നെ സങ്കടപ്പെടുത്തരുത്."

ഖാ: അ:—(അല്പം ഗൌരവമായി) "നന്നായി! ഇതു നല്ല നിർബന്ധമാണല്ലൊ. ശരി എന്നാൽ വിവാഹക്കാര്യം തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഞാൻ മാത്രമല്ല—

രാജ്യംവാഴുന്ന തിരുമേനിയാണു് പ്രധാനമായി നിശ്ചയംകഴിച്ചതു്. ഇതു നേരംപോക്കല്ല."

മിഹിര:—"അയ്യോ തീർച്ചയാക്കിക്കഴിഞ്ഞുവോ. ഈശ്വരാ! ഞാൻ എന്താണുചെയ്യേണ്ടതു്—".

ഖാ: അ:—(എഴുനേററുനിന്നുകൊണ്ടു്) "നീ അതിനു തയ്യാറാകണം. നല്ലബുദ്ധി തോന്നിക്കാൻ ഈശ്വരനോടു പ്രാൎത്ഥിക്കണം—പിന്നെ—ആരാണു് ഇവിടെ സംബന്ധക്കാരനായി വേണ്ടതു്. രാജ്യം ഭരിക്കുന്നവർ വല്ലവരും വരണമോ നിനക്കു പട്ടുംകച്ചയും വയ്ക്കാൻ?"

ഈ ഘട്ടമായപ്പോൾ മിഹിര ഒന്നുഞെട്ടി ശബ്ദം കേൾക്കത്തക്കവണ്ണം കരഞ്ഞു. പുത്രിയുടെ ഈ ഞെട്ടൽകണ്ടു്, ഖാൻ അഫ്ഗാൻ വല്ലാതെ വിഷമിച്ചു.

ഖാ: അ:—"നീ എന്തെങ്കിലും ചെയ്തുകൊള്ളു. ഞാൻ വാക്കുകൊടുത്തു. മാനക്കേടു വരുന്നെങ്കിൽ വരട്ടെ. പക്ഷെ അഭിമാനക്ഷയം ഈ വയസ്സുകാലത്തു സഹിക്കുവാൻ ഞാൻ ആളല്ല. കഥ ഇങ്ങനെയാണെങ്കിൽ തരംകെട്ടവരുടെകൂടെ ഞാനില്ല. നീ നന്നായി ഓൎത്തുനോക്കു്."

എന്നു ഗൌരവമായിപ്പറഞ്ഞുകൊണ്ടു് ഖാൻഅഫ്ഗാൻ ആ മുറിയിൽനിന്നും ഇറങ്ങിപ്പോയി മിഹിരയുടെ മാറുതുള്ളി. അവൾ ധാരധാരയായ കണ്ണുനീർ വീഴ്ത്തിക്കൊണ്ടു തന്റെ അറയിലേക്കുപോയി. മാതാവു വന്നു ചിലതെല്ലാം പറഞ്ഞുതുടങ്ങവെ അവൾ തല തിരിച്ചു വച്ചുകിടന്നു. അവർ മററുകാൎയ്യങ്ങൾക്കു പ്രാരബ്ധത്തെ പഴിച്ചു് തിരിഞ്ഞു. മിഹിരയുടെ ഉററസഖിയായ മാലിനിയെന്ന ഹിന്തുസ്ത്രീ അവളുടെ അടുത്തുവന്നു മിഹിര അവളുടെ കഴുത്തിൽ കൈകെട്ടിയുംകൊണ്ടു്, മാലിനിയല്ലാതെ അവൾക്കാരുമില്ലെന്നും ഗൃഹത്തിലെ നായകനും നായികയും അവളുടെ അച്ഛനും അമ്മയും അല്ലെന്നും വിലപിച്ചു. മാലി

നി മിഹിരയെ സമാശ്വസിപ്പിച്ചു. അവിടെ ഉള്ള ദുർഗ്ഗാക്ഷേത്രത്തിൽ പോയി തൊഴുതാൽ മിഹിരയുടെ സങ്കടമെല്ലാം തീരുമെന്നും, ദുർഗ്ഗാഭഗവതി •വളരെ ശക്തിയുള്ള ദേവിയാണെന്നും, പലതുകൊണ്ടും മാലിനിക്കു ഇങ്ങിനെയുള്ള കാര്യങ്ങളിൽ പ്രത്യക്ഷമായ അനുഭവമുണ്ടായിട്ടുണ്ടെന്നും തോഴി ആ ദുനചിത്തയോടു പറഞ്ഞു. സങ്കടം, വിശപ്പ്, രോഗം ഇവയെല്ലാം മതത്തെയും ഈശ്വരനെയുംകാൾ അത്യാവശ്യമായിക്കാണുന്നത് ദുഃഖനിവാരണവും, അന്നവും, ആരോഗ്യവും ആണല്ലൊ. ആകയാൽ ദുർഗ്ഗാക്ഷേത്രത്തിൽ പോയി പ്രാർത്ഥിക്കുന്നതിന്ന് കരകാണാതെ വ്യസനിക്കുന്ന മിഹിര തീർച്ചപ്പെടുത്തി. മൂടുപടം ധരിച്ച്, യജമാനത്തിയും തോഴിയുംകൂടി ദുർഗ്ഗാക്ഷേത്രത്തിലേക്കു തിരിച്ചു.

---

## അദ്ധ്യായം ൧൯.

---

### മിഹിരയുടെ കത്ത്.

പല പടികൾ കയറിഇറങ്ങി, ഒന്നു വട്ടംതിരിഞ്ഞു് വൈജയന്തി വീണ്ടും ദുർഗ്ഗാക്ഷേത്രത്തിന്നു മുൻപിൽ വന്നുചേൎന്നു. അവൾ അവിടെ എത്തിയപ്പോൾ ആദ്യമായി ആ പുരത്തിൽ വന്നുചേൎന്ന ഓരോ സംഗതിയും സ്മരണയിൽതെളിഞ്ഞു. അമ്മയെ താങ്ങിക്കിടത്തിയ കല്പടിയിൽ വൈജയന്തി കുറേനേരം ഇരുന്നു. അതിന്മേൽ അവളുടെ മാതാവു ശയിക്കുന്നതായും രാജഭടന്മാരോടു അവൾ കോപിക്കുന്നതായും അവളുടെ മദനാഹരപുരുഷൻ അവളെ കരുണാകരനായി രക്ഷിക്കുന്നതായും വൈജയന്തി കണ്ടു. •അന്നുകണ്ട കിനാവു് വൈജയന്തിയുടെ സ്മൃതിപഥത്തിൽ ചാടിയെത്തി.

അതു പരമാൎത്ഥമായി ഭവിച്ചല്ലൊ, എന്ന ചിന്ത അവളുടെ ഉള്ളിൽ ഉദയംചെയ്തു. അവൾ എഴുന്നേററു കൈകൂപ്പി കൊണ്ടു് ആ ദേവാലയത്തിൽ കയറിച്ചെന്നു. അവളെ കണ്ടു് അവിടെ ഉണ്ടായിരുന്ന മഹമ്മദപുരോഹിതൻ ഇറങ്ങിവന്നു. വൃദ്ധൻ വൈജയന്തിയെ സൂക്ഷിച്ചുനോക്കിച്ചോദിച്ചു.

മ: പു:—"മകളെ! എന്തിന് ഇപ്പോൾ നീ ഇവിടെ വന്നു. നീ ധാരാളം കരഞ്ഞതുപോലെ തോന്നുന്നല്ലൊ. എന്താണു് നീ ഇത്രമാത്രം പ്രാകൃതമായിരിക്കുന്നതു്?"

"മുത്തച്ഛാ! വിശേഷിച്ചൊന്നുമില്ല" എന്നുതുടങ്ങി വൈജയന്തി അവളുടെ കഷ്ടപ്പാടുകൾ വേണ്ടപോലെ ചുരുക്കി വൃദ്ധനെ പറഞ്ഞുകേൾപ്പിച്ചു. അയാൾ ഈശ്വരനാമം ഉച്ചരിച്ചു് അതെല്ലാം കേട്ടുകൊണ്ടു് നിന്നു.

വൈജ—"എനിക്ക ലോകം—അല്ല ജീവിതം ദുഃഖമയമായി—എങ്ങിനെ ഞാനെൻെറ മഹാവേദന കുറയ്ക്കേണ്ടു—മുത്തച്ഛാ! എനിക്കൊരു നിശ്ചയവുമില്ല—"

മ: പു:—"മകൾ വന്നതു വെറുതേ അല്ല—മനസ്സ് ഇപ്രകാരം മറിയുമ്പോൾ അറിവുള്ള വൃദ്ധന്മാരുടെ ശാന്തപ്രവചനങ്ങൾ ശ്രദ്ധിക്കുന്നതു് ദിവ്യൌഷധമാണു്. എന്നാൽ കഴിയുന്നതു് മകൾക്ക ഞാൻ പറഞ്ഞുതരാം".

വൈജ:—"മുത്തച്ഛൻ പറയണം".

മ: പു:—"മകളെ! മനുഷ്യർ ദുഃഖം തന്നത്താൻ ഉണ്ടാക്കി വ്യസനിക്കുകയാകുന്നു. സുഖവും അതുപോലെതന്നെ സ്വയം സൃഷ്ടിച്ചു് അവർ ആനന്ദിക്കുന്നു. പരമാൎത്ഥം പറയുകയാണെങ്കിൽ ആരും ആരെയും ദുഃഖിപ്പിക്കുന്നും സുഖിപ്പിക്കുന്നുമില്ല. അങ്ങിനെ അന്യോന്യം സഹായിക്കാൻ ആൎക്കും കഴികയില്ല. എല്ലാവരും അവരവരുടെ കൎമ്മംകൊണ്ടുണ്ടാകുന്ന വലയിൽപെട്ടു വലയുകയാണു്."

വൈജ:—"എനിക്കു ഇതു കേട്ടിട്ട് എന്തൊ ആശ്വാസംവരുന്നു. ഇത് മുത്തച്ഛൻ എനിക്കുവേണ്ടി തന്നെ പറയുകയാണെന്നും തോന്നുന്നു."

മ: പു:—"ശരിതന്നെ. ആധിപിടിച്ച് കലങ്ങിയ നിർമ്മലഹൃദയങ്ങൾ ഇത്തരം വാക്യങ്ങൾ എല്ലാക്കാലത്തും എല്ലാ സ്ഥലത്തും ആർത്തിയോടുകൂടി പാനംചെയ്തിട്ടുണ്ട്. അകമേ ജ്ഞാനം ഉറങ്ങിക്കിടക്കുന്നതു ഉണൎന്ന് അവർ പൎയ്യവസ്ഥിതബുദ്ധികളായി സമാധാനിച്ചിട്ടുമുണ്ട്. ഞാൻ പറയാം. ലോകത്തിൽ ചുററുപാടും ഉള്ള ഓരോ പദാൎത്ഥങ്ങളും കാണുകയും സംസർഗ്ഗം ചെയ്യുകയും ഉണ്ടാകവേ അതിൽ ആഗ്രഹം ജനിക്കും. ആഗ്രഹം സാധിക്കുവാനുള്ള പ്രയത്നത്തിൽ പ്രതിബന്ധംവരുമ്പോൾ കോപശോകാദികൾ ഉണ്ടാകും. കോപശോകാദികൾ വന്നാൽ അകം വല്ലാതെ കലങ്ങിമറിയും. അതു സംഭവിച്ചാൽ കാൎയ്യാകാൎയ്യാദികൾ അറിവാനുള്ള ബുദ്ധി നശിച്ചുപോകും. അതു പററിപ്പോയാൽ പിന്നെ ഭയങ്കരമായ കൂററിരുട്ടിൽ ഉണ്ടാകുന്ന ജീവിതോദ്ദേശനാശമാണുസംഭവിക്കുന്നതു്. ആകയാൽ നീ വൃഥാ ആശിക്കയും ഖേദിക്കയും ചെയ്യരുതു് ........ആശയുടെ കഥ പറയുകയാണെങ്കിൽ അതിനു അതിരില്ല. ഒരു ദരിദ്രന് കാലക്ഷേപത്തിനുള്ളതു് കിട്ടിയാൽ മതിയെന്നു തോന്നും. നിത്യവൃത്തിക്കു നിവൃത്തി ഉള്ളവനു് പ്രഭുവാകണം—പ്രഭുവിനു രാജാവാകണം—രാജാവിനു ചക്രവൎത്തിയാകണം—ചക്രവൎത്തിക്കു ഭൂഗോളം മുഴുവൻ തന്റേതാക്കുവാനുള്ള മോഹമാണുള്ളതു്. എല്ലാ പടിയിലും ആശയുടെ വണ്ണവും പൊക്കവും നീളവും ശക്തിയുമെല്ലാം ഒരുപോലെ തന്നെ. ന്യായമായ അതാതു അവസ്ഥയിൽ സംതൃപ്തിയടയുന്നവരാകുന്നു യഥാൎത്ഥത്തിൽ ലോകത്തു സു

ഖിക്കുന്നവർ ........ആകയാൽ മകൾ തൃപ്തിയോടു കൂടി അരമനയിൽപോകുക. നിനക്കു നല്ലതുവരും".

വൈജ:—"മുത്തച്ഛ! എനിക്കു അവിടെ പോകാൻ മേലാ. ചുററിനും അവിടെ ഘാതകത്വമാണുള്ളതു്. എന്നെ അധികംപേരും വെറുക്കുന്നതുപോലെ തോന്നുന്നു. ആളുകൾ തന്നെയല്ല, ലോകസംഭവം മുഴുവൻ എനിക്കു വിപരീതമാണെന്നു തോന്നുന്നു"

മ-പു:—"മകൾ ഇത്ര ചെറുപ്പത്തിൽതന്നെ മനുഷ്യദ്വേഷിണിയാകേണ്ട. നിനക്കു് അങ്ങിനെ തോന്നുന്നതു് അവരുടെ കുററംകൊണ്ടല്ല. നിൻെറ കുററംകൊണ്ടുതന്നെയാണെന്നെ ഞാൻ പറയൂ. മകൾ, മററുള്ള ആളുകളിൽ നിന്നു് എന്തൊക്കെയോ വളരെ ആഗ്രഹിക്കുന്നുണ്ടു്. അതിനു വിഘ്നം വരുമ്പോളാണു അവരെ കുററപ്പെടുത്തുന്നതും വെറുക്കുന്നതും. മനുഷ്യരിൽ നിന്നും ഒന്നും ആശിക്കാതിരുന്നാൽ നീ മനുഷ്യദ്വേഷിണി ആകയില്ല."

വൈജ:—"ഞാൻ എങ്ങിനെയാണു് പിന്നെ ജീവിതം കഴിക്കേണ്ടതു്.?"

മ-പു:—"അതൊ—അതു് എനിക്കറിവുള്ളവണ്ണം ഞാൻ പറഞ്ഞുതരാം. നിനക്കു ഇഷ്ടവും സുഖവും സാദ്ധ്യവുമായി തോന്നുന്ന എന്തെങ്കിലും ഒരു ജോലിയിൽ പ്രവേശിക്കണം. അതിൽ ഏകാഗ്രതയോടും കൃത്യനിഷ്ഠയോടും, ഉത്സാഹത്തോടും കൂടി പ്രവൎത്തിച്ചു കൊണ്ടിരിക്കണം. അപ്പോൾ മറെറാരുചിന്തയും നിന്നെ അധികം ബാധിക്കയില്ല. ആ സമയം മുഴുവനും നിനക്കു അഹ്ലാദമായി തോന്നും. ജീവിതം ആനന്ദരൂപം ധരിച്ചു നിൻെറ ചൊല്പടിക്കു എത്തും; ഈശ്വരനും പ്രസാദിക്കും."

വൈജ:—"അങ്ങിനെയുള്ള ഏതു പ്രവൃത്തിവേണം ഈശ്വരപ്രസാദം ഉണ്ടാവാൻ ഞാൻ നോക്കേണ്ടതു്?"

മ-പു:—"ഇതു വളരെ പ്രയാസമുള്ള ഒരു ജോലിയാണു് നി എനിക്കു തരുന്നതു്. ഇതു മകൾ തന്നെ തിരഞ്ഞു് എടുക്കേണ്ടതാകുന്നു. എങ്കിലും ഞാൻ ഒന്നു പറയാം. പാവങ്ങളെ കഴിയുംപോലെ സഹായിക്കുന്നതു ഒരു പുണ്യകർമ്മമാണു്. മററുള്ള എല്ലാവരുടേയും ദുഃഖം തീർപ്പാൻ ആലോചിച്ചു ചെയ്യുന്നതിനുള്ള പ്രാപ്തി ഇപ്പോൾ നിനക്കില്ല. ഇതു ധാരാളം മതിയാകും. ഇപ്പോൾ വേണ്ടതും ഇതുതന്നെ. പാവങ്ങൾ ഈശ്വരന്റെ പാദമെന്നത്രേ പറയുന്നതു. അവിടെ വല്ല പുണ്യകർമ്മവും സമർപ്പിച്ചാൽ ഭഗവൽപാദങ്ങളിൽ തന്നെ ചെന്നുചേരും."

വൈജ:—"ഇതെനിക്കു ഹിതമായ ജോലിയാണു്. അവരുടെ ദുഃഖം എനിക്കു അനുഭവിച്ചു് അറിയാനും കഴിയുന്നു. പക്ഷെ ഒന്നുമില്ലാത്ത ഇവൾ എന്തുചെയ്യും. ഈശ്വരാ!"

മ-പു:—"ഉള്ളതുപോലെ ചെയ്താൽ പോരും. അതിനുവേണ്ടി മകൾക്കു ബുദ്ധിതോന്നി ശ്രമിക്കുമ്പോൾ വേണ്ടുന്ന സംഭാരങ്ങളെല്ലാം തനിയെ വന്നുചേരും. ഉദാഹരണമായി ഞാൻ തന്നെ ദിവസവും രാവിലെ കുറെ ഭക്ഷണപദാർത്ഥങ്ങളും മററും തരാം. നിനക്കു അതു കൊണ്ടു ചെന്നു് നിരത്തിന്റെ അരികിലെല്ലാം താവളം കൂടുന്ന ദരിദ്രന്മാർക്കും രോഗികൾക്കും മററും കൊടുക്കരുതെ?"

വൈജ:—(സന്തോഷത്തോടെ) "ഓഹോ! എന്നാൽ തരിക. ഞാൻ പാവങ്ങൾക്കു സഹായിക്കാം. അങ്ങിനെ എന്റെ ജന്മം കഴിയട്ടെ."

"മകൾക്കു സദ്ബുദ്ധി തോന്നിയതിനു് ഈശ്വരൻ അനുഗ്രഹിക്കും" എന്നുപറഞ്ഞു് വൃദ്ധൻ ഉള്ളിൽ പോയി കുറെ അടകളും പഴങ്ങളും,കാശും,എല്ലാം എടുത്തു കൊണ്ടുവന്നു വൈജയന്തിയുടെ കയ്യിൽ കൊടുത്തു. കൊടുത്തു

കഴിഞ്ഞു് "മകൾ ഇവിടെത്തന്നെ വരണം" എന്നു പോകുവാൻ ആ വന്ദ്യവയോധികൻ വൈജയന്തിയ്ക്കു് അനുവാദം നല്കി. അവൾ എന്തൊ ഒരു നവചൈതന്യത്തോടെ രാജനിലയത്തിൽ ചെന്നു ചേരുവാനുള്ള വഴിയിൽക്കൂടി തിരിച്ചു.

ഇതുവരെ, രാജധാനിയിലുള്ള ഉദ്യാനങ്ങൾ, മണിമാളികകൾ, പരിമളധോരണിയാന്ന അറകൾ, രത്നക്കമ്പളങ്ങൾ, നീരാളങ്ങൾ, ആഭരണങ്ങൾ, അമൂല്യവസ്ത്രങ്ങൾ, സുന്ദരഗംഭീരരൂപങ്ങൾ എന്നിങ്ങനെയുള്ള ജീവിതത്തിൻെറ കമനീയതയും കാന്തിയും പ്രകാശിപ്പിക്കുന്ന വകകളിൽ പരിചയിച്ചിട്ടുള്ള വായനക്കാരെ ഇറക്കി, ലോകത്തിൻെറ ഇരുണ്ട ഘോരമായ മറുവശം കാണ്മാനായി കൊണ്ടുപോകാതെ തരമില്ല. ലോകസുഖാനുഭവം മാത്രമേ തങ്ങളുടെ ജന്മാവകാശമായുള്ളുന്നും മററുള്ളവരുടെ ദുരിതവീക്ഷണാദിയായ അനാവശ്യക്കായ്യങ്ങളിൽ മനം വയ്ക്കുന്നതു പോലും വേണ്ടാത്തതാണെന്നും കർശനമായിത്തള്ളി തല പിടിക്കുന്ന വായനക്കാരുണ്ടെങ്കിൽ അവർ എനിക്കു മാപ്പു തരണമെന്നപേക്ഷ. ഒരു എഴുത്തുകാരനു എവിടെയും പോയി നോക്കാതെ തരമില്ല. നിഷേധിക്കപ്പെട്ടതുതന്നെ എങ്കിലും ശയ്യാഗൃഹമറയുടെ രന്ധ്രത്തിൽക്കൂടി അറിഞ്ഞോ അറിയാതെയോ ഒന്നെത്തിനോക്കിപ്പോകുന്നതിനും ലേഖകൻെറനേരേ തുറിക്കുന്ന കണ്ണുകൾ ഒന്നിറുക്കി സഹിക്കാതെ തരമില്ല. എൻെറ വായനക്കാർ ഇപ്പോൾ നില്ക്കുന്നതു്, ദരിദ്രന്മാരും രോഗികളും ഞെരങ്ങിനീങ്ങുന്ന രാജധാനിയുടെ ഒരു വശത്താണു്. നേരേനോക്കി സങ്കടകരമായ ഒരു അവസ്ഥ കാണുക.

നീരത്തിൻെറ അരികിൽ ഒരു മൂലയ്ക്കു ഏതോ ചില ജീവികൾ ഇരിക്കയും കിടക്കയും ചെയ്യുന്നു. അംഗങ്ങളിൽ വ്രണങ്ങൾ പൊട്ടി ദുർഗ്ഗന്ധമുള്ള നീരുകൾ ഒഴുകിയും, കീറിപ്പറിഞ്ഞ തുണികൾകൊണ്ടു അവിടവിടം മറച്ചും, ചിലയി

ടം പൊതിഞ്ഞുകെട്ടിയും, കാററും മഴയും വെയിലും ഏററു കരിവാളിച്ച് എല്ലുകൾ തെളിഞ്ഞ ദേഹത്തു ചൊറിഞ്ഞും കടിച്ചും, തല്ലിയും, വേദന സഹിക്കാൻ പാടില്ലാതെ ചിലപ്പോളെല്ലാം ഞരങ്ങിയും, അതിലെ കടന്നുപോകുന്നവരോടു ആത്തിയോടുകൂടി യാചിച്ചും, യമനുംകൂടി ദയവുതോന്നാത്ത ചിലർ പലപ്രായത്തിലും വഗ്ഗത്തിലുമുള്ളവർ ഇരിക്കുന്നു. ഇവരും മനുഷ്യരാകുന്നു. നിരന്തരമായി വേദന അനുഭവിക്കുകയാൽ ഇവരുടെ അധരങ്ങൾക്കു മുറുക്കമില്ലാതെ, വായ്ക്കോണുകൾ വിണ്ടു് രത്തുളമായിത്തന്നെ ഇരിക്കുന്നു. ഇവർ എങ്ങിനെ ഇപ്രകാരമായിത്തിൻ?—വേണ്ട—ഈ ചോദ്യം ഒരു ആഖ്യായികാകത്താവായി ഞാൻ ഉത്തരം പറയുന്നതെന്തിനാണു്? ഇവക്കും സുഖം ഭൂലോകത്തിലുണ്ടോ? ഇവക്കു വീടും കുടിയും ഒന്നുമില്ല. ആഹാരത്തിനുപോലും നിവത്തിയില്ല. 'ദാരിദ്ര്യം ഒരു മഹാപീഡയാണു്'. അതു് "ഗുണരാശിനാശി"തന്നെ; പറയാനില്ല അതോടൊന്നിച്ചു് മഹാരോഗവുംകൂടി വന്നു പിടിപെട്ടാൽ ആമയസാഗരത്തിൻെറ അടിയാണു് അതു്. അതിൽ താഴെയെന്നുള്ളതു പിന്നെ ഇല്ല. ഈ പാവങ്ങൾക്കു ലൌകികപ്രതാപാദികളിലുള്ള ആശയെല്ലാം പോയിക്കഴിഞ്ഞിരിക്കും. ഇവരുടെ ഉള്ളിൽ എല്ലാം വററി ജീവനും ദുഃഖവും മാത്രം വററാതെ നിൽപ്പുണ്ടു്. ഇവക്കു ഉജ്ജ്വലത്തായ പ്രേമത്തിൻെറ മഞ്ജുളപ്രകൃതിയും കാണുകയില്ല. ഇവക്കു ഗംഭീരമായ കായ്യാലോചനകളും ഒന്നും സാധിക്കയില്ല. അതെങ്ങിനെ "അന്നവിചാരം മുന്നവിചാരം പിന്നെവിചാരം കായ്യവിചാരം" എന്നൊരു പരദേശിബ്രാഹ്മണൻെറ മഹാവാക്യമില്ലെ. "തിന്നും പാരം വിശക്കുന്നവനുണ്ടോ, അന്നമെന്നിയേ മററൊന്നിൽകൌതുകം" എന്നു പൂന്താനമാണെന്നു തോന്നുന്നു, പാടിയിട്ടില്ലെ ഇതൊരു വലിയ പരമാത്ഥമാണു്. ഗംഭീരലോകമേ ഒരുപ്രാവശ്യം കാപ്പിയൊ ചായയൊ, ഊണോ തെററിയാൽ നിൻെറ പല വ്യാപാരത്തിലുള്ള ഗാംഭീയ്യമെ

ല്ലാം ഭസ്മധൂളിയായി. നീ തളൎന്നും ഇരന്നും താഴെ വീഴും. ഈ പാവങ്ങളുടെ കാഴ്ച വളരെ ദയനീയമാകുന്നു. ഇത്തരം ഒരുസ്ഥലത്തുവച്ചുതന്നെയായിരുന്നു ഇന്ത്യയിലെ—എന്തിനു ലോകത്തിലെ കരുണാജലധിയായ ബുദ്ധദേവന്റെ മനം തകൎന്നുപോയതു്. ആ ഭയങ്കരക്കാഴ്ച കണ്ടു ആ ശീതളഹൃദയൻ കാട്ടിലേക്കു ഔഷധം തേടി ഓടിപ്പോയി. അതെ—ഈ ദരിദ്രരോഗികളുടെ ദൎശനം മനം കലക്കും. അനുകമ്പാശീലർ ആവതുപോലെ ചെയ്യുന്നു. പാഴായ വേദാന്തമേ! നീ തത്സമയം ഹൃദയത്തിനു കോട്ടകെട്ടുന്നതാണു വേലാവൃത്തി.

വൈജയന്തി അല്പം ഭക്ഷണപദാൎത്ഥവുംകൊണ്ടു അവിടെ വന്നു. അവൾ അതെല്ലാം അവിടെ ചിലവാക്കുവാൻ തുനിയുന്നതു കണ്ടപ്പോൾ, ഞെരങ്ങിയും, മൂളിയും വിളിച്ചും, ചിലർ ഇഴഞ്ഞും മററുചിലർ നിരങ്ങിയും ഒട്ടുപേർ മുടന്തിയും അങ്ങുനിന്നും ഇങ്ങുനിന്നും വൈജയന്തിയുടെ കാൽചുവട്ടിൽ എത്തി. ആ സങ്കടകരമായ ജീവിതാവസ്ഥയുടെ അത്യുഗ്രമായ ആതപം ഏററു് അവളുടെ ഹൃദയം വെണ്ണപോലെ ഉരുകി. താൻ ആ സ്ഥിതിയിൽനിന്നും എത്രയോ ഉയൎന്നിരിക്കുന്നു എന്നും അവൾക്കു തോന്നി. വൈജയന്തി കീഴ്പെട്ടുനോക്കി സമാശ്വസിച്ചു. ആ പുണ്യവതി, ആൎത്തിയോടുനീട്ടുന്ന വിറയ്ക്കുന്ന കൈകളിൽ ഉണ്ടായിരുന്നവയെല്ലാം ഇട്ടുകൊടുത്തു. എന്നിട്ടും ഒന്നും വീഴാത്ത കൈത്തലങ്ങൾ അവളുടെ മുൻപിൽ മലൎന്നുനിന്നു. അവ നിരാശയോടെ പിൻവലിപ്പിക്കുവാൻ വൈജയന്തിക്കു മനസ്സുവന്നില്ല. അവൾ അവളുടെ കണ്ണഭൂഷയും, മാലയും കാപ്പും കാലാഴിയും ഊരി ഒടിച്ചുമറിച്ചു എറിഞ്ഞുകൊടുത്തു. അൿബർ ശ്ലാഘിച്ച വൈജയന്തിയുടെ ത്യാഗബുദ്ധി ശരിയായി നടപടിയിൽ എത്തിയതുകണ്ടു് ആ ദരിദ്രരും ആശ്ചയ്യപ്പെട്ടു സ്തുതിച്ചു. ഉൽകൃഷ്ടഹൃദയമേ! നിനക്കു വിരോധികളും അസൂയാലുക്കളും മററും ഉണ്ടെങ്കിലെന്തു്? അവസരം

വരുമ്പോൾ ആ സകലം നിന്റെ മുൻപിൽ തലകുമ്പിടാതെ വരുന്നതല്ല. നിന്റെ പരിശുദ്ധമായ പരിമളം ഒരിക്കലും, ഒരിക്കലും, പരക്കാതെ ഇരിക്കയില്ല.

ഈ സമയം ദുർഗ്ഗാക്ഷേത്രത്തിൽ പോകുവാൻ തിരിച്ച മിഹിരയും തോഴിയും ആ സ്ഥലത്തെത്തി. മിഹിര വൈജയന്തിയെ ആവിധം അവിടെ കണ്ടു് ആശ്ചര്യപ്പെട്ടു. മിഹിര അവളുടെ അടുത്തുചെന്നു മൂടുപടം മാററിയിട്ടു് പതുക്കെ ചോദിച്ചു.

മിഹി:—"വൈജയന്തി!—അയ്യോ! നിങ്ങൾ എന്തു് ഈ സ്ഥിതിയിൽ ഇവിടെ നില്ക്കുന്നതു്?"

വൈജ:—"ഇപ്പോൾ എന്റെ ജോലി ഇതാണു്. മിഹിരേ! നിങ്ങളുടെ നേരെ ഞാൻ വലിയ ഒരു പാപം ചെയ്തിട്ടുണ്ടെന്നു തോന്നുന്നു. അതു് തീർച്ച എന്നു് എനിക്കു മോചനം തരണം."

മിഹി:—"എന്തുപാപം?'

വൈജ:—"അതൊന്നും ഇനി പറയേണ്ട ആവശ്യമേ ഇല്ല. ഞാൻ അതിനു തക്കവളല്ലെങ്കിലും ഒന്നനുഗ്രഹിക്കുന്നു. മിഹിരയുടെ പ്രേമം സഫലമായിത്തീരട്ടെ—എന്റെ പ്രേമപാത്രത്തിൽ നിന്നും നിങ്ങൾക്കു സുഖമുണ്ടാകട്ടെ!"

മിഹിരി:—"വൈജയന്തി! അതെങ്ങിനെ. ഇതാ എന്റെ വിവാഹം നിശ്ചയിച്ചു. അച്ഛൻ എന്നെ സേനാപതിക്കു ഉഴിഞ്ഞുകെട്ടിക്കഴിഞ്ഞു."

വൈജ:—"സേനാപതിക്കൊ— അതൊരിക്കലും പാടില്ല. യുവരാജാവിനെ മിഹിരയെങ്കിലും സന്തോഷിപ്പിക്കണം."

മിഹിര:—"ഞാൻ എന്താണു വേണ്ടതു്?"

(കുറച്ചുനേരം ആലോചിച്ചിട്ടു്) "ആട്ടെ. വൈജയന്തി എനിക്കു ഒരു സഹായം ചെയ്യുമൊ? ഞാൻമരിക്കുന്നതുവരെ മറക്കയില്ല."

വൈജ:—"എന്തു സഹായം?"
മിഹിര:—"ഞാൻ ഒരു എഴുത്തുതരാം. അതു അദ്ദേഹത്തിന്റെ കൈവശം എത്തിച്ചുകൊടുക്കുമൊ?

വൈജയന്തി മിണ്ടാതെ നിന്നു. അക്‌ബർചക്രവൎത്തിയുടെ മുൻപിൽ നിന്നു വാഗ്ദാനം ചെയ്ത കഥയെല്ലാം അവൾ ഓൎത്തു. അതിനോടു താരതമ്യപ്പെടുത്തി പ്രമദവനത്തിൽ താൻ കണ്ട ഒരു കാമിനീകാമുകസമാഗമവും അവൾ സ്മരിച്ചു. പലതുകൊണ്ടും മിഹിരയുടെ ആഗ്രഹം സാധിച്ചുകൊടുക്കുമെന്നു വൈജയന്തി തീൎച്ചയാക്കി.

വൈജ:—"എത്തിച്ചുകൊടുക്കാം."
മിഹിര:—"അയ്യോ! ഇപ്പോൾ എഴുതുവാനൊന്നുമില്ലല്ലോ!"
വൈജ:—"അതിനു വിഷമിക്കേണ്ട. ഞാൻ കൊണ്ടുതരാം."

വൈജയന്തി അടുത്ത ഒരു കടയിൽ പോയി എഴുത്തുസാമഗ്രികൾ എല്ലാം വാങ്ങികൊണ്ടുവന്നു.

മിഹിര വേഗം ഒരു എഴുത്തെഴുതി വൈജയന്തിയുടെ കയ്യിൽ കൊടുത്തു. വൈജയന്തി അതു വാങ്ങി അവളുടെ മുലത്തടത്തിൽ ഭദ്രമായി സൂക്ഷിച്ചു.

മിഹിര:—"സൂക്ഷിക്കണം. എഴുത്ത് മററാരുടെ കയ്യിലും പോകരുത്. അങ്ങിനെ വന്നാൽ നമുക്കു രണ്ടാൾക്കും തകരാറാണ്."
വൈജ: "അത് ഞാൻ സൂക്ഷിച്ചുകൊള്ളാം."
മിഹിര:—"എന്നാൽ ഞാൻ പോയിവരട്ടെ—പിന്നെക്കാണണം."
വൈജ:—"ഓഹോ"

മിഹിര തിരിഞ്ഞുനടന്നപ്പോൾ അവിടെ ഉണ്ടായിരുന്ന പാവങ്ങൾ വല്ലതും പിച്ച നൽകണമെ എന്ന് അവളോടു പ്രാൎത്ഥിച്ചു. അവൾ അവിടെ തക്കിച്ചു നിന്ന് ആ സാധുക്കളെ നോക്കി സങ്കടപ്പെട്ടു. കൈവശം ഒന്നും ഇല്ലാതെ കുഴങ്ങി അവരോടു ഇങ്ങിനെ പറഞ്ഞു.

മിഹിര:—“എന്റെ കയ്യിൽ ഒന്നുമില്ല. ഞാൻ വല്ലതും നിങ്ങൾക്കു കൊടുത്തയക്കാം.”

വൈജ:—“അങ്ങിനെ കൊടുക്കാമെന്നുണ്ടെങ്കിൽ ഞാൻ വന്നുവാങ്ങി ഇവൾക്കു കൊണ്ടു കൊടുത്തുകൊള്ളാം..”

മിഹിര:—“ശരിയാണു്—നന്നായി!—വൈജയന്തി അങ്ങോട്ടുവരു.”

ദുർഗ്ഗാദേവിയെ തൊഴുവാൻ പോകുന്നതുകൊണ്ടുഫലം കണ്ടു തുടങ്ങിയല്ലൊ എന്നു മിഹിരക്കു ഭക്തിയും ആശ്ചര്യ്യവും ഉണ്ടായി. മഹമ്മദപുരോഹിതൻ പറഞ്ഞവണ്ണം ദീനരക്ഷണത്തിനായി ഇങ്ങോട്ടുതന്നെ സംഭാവനകൾ വന്നുതുടങ്ങിയിരിക്കുന്നുവെന്നു കണ്ടു് വൈജയന്തിയും അത്ഭുതപ്പെട്ടു. എന്നാൽ ഉടൻതന്നെ തിരികെ ദുർഗ്ഗാക്ഷേത്രത്തിൽ ചെല്ലണമെന്നു് വൃദ്ധൻ പറഞ്ഞിരുന്നതു് മനസ്സിന്റെ മറെറാരു ധൃതിയിൽ വൈജയന്തി മറന്നുപോയി. വൈജയന്തി എഴുത്തു എങ്ങിനെയെങ്കിലും കൊടുക്കുവാനായി നേരെ സലിമിന്റെ കൊട്ടാരത്തിലേക്കു തിരിച്ചു. അതു സാധിച്ചാൽ തനിക്കു എന്തോ മനസ്സുഖം ഉണ്ടായേക്കുമെന്നും അവൾക്കു തോന്നി. വൈജയന്തി എന്തും ആയതിനു വേണ്ടി സഹിക്കുവാൻ സന്നദ്ധയായി. അവൾ സഹിക്കയും ചെയ്തു.

---

## അദ്ധ്യായം ൨൦.

---

### ആജ്ഞോല്ലംഘനവും കൊലക്കളവും.

ആമയപരവശനായ യുവരാജാവു് തന്റെ മണിമേടയിൽ എത്തി. അദ്ദേഹത്തിന്റെ കണ്ണുകൾ മൃതമായ മത്സ്യത്തിന്റേതുപോലെ നിഷ്പ്രഭമായിരുന്നു. ദീർഘവും

പീനവും ആയ ബാഹുക്കൾ ശിഥിലമായതുപോലെ തൂങ്ങി ക്കിടന്നു. വളരെ ഭാരം വഹിച്ചുതളൎന്നവണ്ണമായിരുന്നു സ ലിം നടന്നതു്. ആദ്യം യുവരാജാവു ഹംസതൂലികമെത്തമേൽ പോയികിടന്നു. അവിടെ ഒരു സുഖവും കാണാതെ അസ്വ സ്ഥനായി എഴുന്നേററു നടന്നു. കിളിവാതലിനരികെ ചെ ന്നു് കൈ ഊന്നിയും കൊണ്ടു് അദ്ദേഹം മേഘശൂന്യമായ പശ്ചിമചക്രവാളത്തിൽ നോക്കി. അവിടെ പരിധി പ ററിച്ചിതറിക്കിടന്ന കാൎമ്മേഘലേശം കാണവേ യുവരാജാവു് വൈജയന്തിയെ തുടൎന്നു തുടൎന്നു് സ്മരിച്ചു. ആ സ്മരണ വി വിധവികാരസംമിശ്രമായിരുന്നു. അദ്ദേഹം സ്ഥലഭ്രാന്തനേ ത്രനായി തിരികെ വന്നു്, മഞ്ചത്തിൽ ഇരുന്നു, ഉഗ്രമായ വെയിലിൽ നടന്നവനേപ്പോലെ ഒന്നു ദീൎഘമായി നിശ്വ സിച്ചു. മനോവിചാരം പൊട്ടിഒഴുകി.

"വൈജേ!—മൂഢയായ വൈജയന്തീ!—നീ കഠിനഹൃ ദയയാണു്. എങ്ങിനെ നിൻെറ നാവിനു് വേറൊരു ചെ വിയിൽ പ്രേമഗീതി മന്ത്രിക്കുവാൻ കഴിഞ്ഞു—കഷ്ടം! ചെ മ്പകപ്പൂമാലയെന്നുകരുതി ഞാൻ പൊന്നിൻനിറമായ ഒരു പാമ്പിൻകുഞ്ഞിനെ ലാളിച്ചു. സുന്ദരീ! എടീ ദുഷ്ടേ!— ഹോ!! രമണീയത്വത്തിനും ദൌഷ്ട്യത്തിനും തമ്മിൽ സ ഖ്യമോ? ആരും അറിയാത്ത നൈൎമ്മല്യം ലഭിക്കുവാൻ സാധിക്കയില്ലായിരിക്കാം. ശരി. ഫൈസി ഒരിക്കൽ ഒരി ന്ത്യൻകവിയുടെ പദ്യം പരിഭാഷപ്പെടുത്തിപറഞ്ഞതു് എ ൻെറ ചെവിയിൽ ഇപ്പോഴും മുഴങ്ങുന്നു. കാററുപോലും മ ണപ്പിക്കാത്തപൂവു്, നഖംകൊണ്ടു മുറിഞ്ഞുവാടാത്ത തളിരു് പോറൽപെടാത്ത രത്നം, രസം ആസ്വദിക്കാത്ത പുതുമധു, പാപത്തിൻെറ പൊടിപോലും ഇല്ലാത്ത പുണ്യത്തിനുടെ പൂൎണ്ണഫലം, ഇവയെല്ലാംപോലെയുള്ള ആ രൂപം—പോ രാ ആ ശീലവും ഏതൊരു ധന്യനു ഭുജിക്കാൻ കിട്ടും. എ ൻെറ ഉൽസ്ഥിതിയിലാണു് ഈ മഹാശയത്തിൻെറ യാ ഥാൎത്ഥ്യം അനുഭവമാകുന്നതു്. എന്തു്! എൻെറ ചുംബന

ങ്ങൾകൊണ്ടു പൊതിഞ്ഞകവിളുകളും, അവ വച്ചുമടക്കിയ കൈത്തലത്തളിരും വേറൊരുശഠൻ അനുഭവിക്കയെന്നോ? മോശം—മോശം—ഞാൻ അവളെ കൊല്ലാതിരുന്നതുമാത്രം കഠിനമായിപ്പോയി......അല്ലെങ്കിൽ എന്തിന്—അതു ബാഹ്യസൌന്ദൎയ്യത്തിന്റെ ഒരു മാതൃകയായി ഇരുന്നുകൊള്ളട്ടെ. പോരാ. എനിക്കവളെ അവിടെവച്ചു കൊല്ലുവാൻ സാധിച്ചില്ല. ആകട്ടെ; എന്റെ ഹൃദയത്തിൽവച്ച് അവളെ ഞെക്കിക്കൊന്നു മായ്ച്ചുകളയാം. അയ്യോ! സാധിക്കുന്നില്ല. അവൾ ചിരിച്ചുകൊണ്ടു പിന്നെയും എഴുന്നേററു വരുന്നു.”

വൈജയന്തി എഴുത്തുകൊടുക്കുന്ന ആ ഏകകാൎയ്യത്തിൽമാത്രം മനസ്സുറപ്പിച്ച് വേഗംനടന്നു. അവൾ പല ഭാഗങ്ങളുംകടന്ന്, സലീമിന്റെ കൊട്ടാരത്തിനുസമീപിച്ചു. അവിടെ അധികം ആൾസഞ്ചാരമില്ലാത്ത ഒരുവശത്തുള്ള ചെറിയ പ്രവേശദ്വാരത്തിലൂടെ വൈജയന്തി ഉള്ളിൽ കടന്നു. അവിടെനിന്ന സൂക്ഷിപ്പുകാരൻ ഒഴിഞ്ഞുമാറി ഒരു കോണിൽ രാവിലത്തെ ഭക്ഷണം തരമാകാതെ മയങ്ങുകയായിരുന്നു. ആരോ ഉള്ളിൽ കടന്നുപോയ ശബ്ദംകേട്ടപ്പോൾ അവൻ തലപൊക്കിനോക്കി. എന്നുതന്നെയല്ല, പുറകേഓടിച്ചെന്നു. അപ്പോഴേക്കും വൈജയന്തി പുളഞ്ഞുകയറുന്ന കോണിപ്പടിവഴി മുകളിൽഎത്തി. കടന്നുപോയതു ഒരു സ്ത്രീരൂപമായിരുന്നുഎന്നുമാത്രമേ അവനു മനസ്സിലാക്കുവാൻകഴിഞ്ഞുള്ളു. അവൻവൈജയന്തിയുടെകൂടെത്തന്നെ മുകളിലെത്തുവാൻ ശ്രമിച്ചുവെങ്കിലും അവൾ ഒരു എളുപ്പവഴിയിലൂടെ അപ്രത്യക്ഷയായി. രാജഭടൻ ഉടൻതന്നെ എന്താണു വേണ്ടതെന്നാലോചിച്ചു. രാജസന്നിധിയിൽതന്നെ വിവരംഅറിയിക്കാമെന്നു നിശ്ചയിച്ച് അതിവേഗം താഴത്തിറങ്ങിത്തിരിച്ചു. ഒരു സ്ത്രീ യുവരാജാവിന്റെ കൊട്ടാരത്തിൽകടന്നുപോയിഎന്ന വൎത്തമാനം അക്‌ബർ കേട്ടഉടൻതന്നെ അവളെ ക്ഷണം അവിടെ കൊണ്ടുചെല്ലണമെ

ന്നുള്ള സുഗ്രീവാജ്ഞയോടുകൂടി രണ്ടുഭടന്മാരെ രാമബാണം പോലെവിട്ടു. യുവരാജാവിൻെറ സ്ഥിതി ഒാക്കവേ കാൎയ്യം അതുകൊണ്ടും പന്തിയാവില്ലെന്നുറച്ച്, അക്‌ബർചക്രവത്തിതന്നെ എന്തെന്നില്ലാത്തവണ്ണം പിന്നാലെതിരിച്ചു. ആറം ആരായിരിക്കുമെന്നു ഭടൻെറ വിവരണത്തിൽനിന്നു അദ്ദേഹം ഊഹിച്ചുകഴിഞ്ഞു.

"അവറം ചിരിച്ചുകൊണ്ടു പിന്നെയും എഴുന്നേററുവരുന്നു!" എന്നുള്ള യുവരാജാവിൻെറ ആത്മഗതം നിൎത്തിയതും വൈജയന്തി അദ്ദേഹത്തിൻെറ മുൻപിൽ ആവിർഭവിച്ചതും ഒന്നായ്ക്കഴിഞ്ഞു. യുവരാജാവ് അവളെ ഒന്നു നോക്കിയിട്ടു യാതൊന്നും പറവാനോ, ചെയ്‌വാനൊ ശക്തിയില്ലാതെ മുഖം ഒരുവശത്തേക്കു തിരിച്ചു. വൈജയന്തി ഈ ഭാവഭേദംകണ്ടു അല്പം സങ്കടപ്പെട്ടു; എങ്കിലും അവളുടെ അപ്പോഴത്തെ അവസ്ഥയിൽ ഇതൊന്നുകൊണ്ടും അത്രവിഷമിക്കേണ്ടതായില്ലായിരുന്നു.

സലിം:—(തിരിഞ്ഞു "എന്നെ ദുഃഖിപ്പിക്കാൻ നീ എന്തിനു ഇതിൽ കയറിവന്നു."

വൈജ:—(വിറച്ചു ഇടച്ചയോടെ) "അറിവിടുന്നും അതിൽക്ഷമിക്കണം—ദയയുണ്ടായി ഈ കത്തുനോക്കണം. ഇതു അവിടുന്നു അറിയേണ്ടതാണ്."

വൈജയന്തി എഴുത്തെടുത്തു അദ്ദേഹത്തിൻെറ കരതലത്തിൽ സമൎപ്പിച്ചശേഷം യുവരാജാവ് സംശയിച്ചതുപോലെ എന്തോ മാലിന്യം ഉള്ളവണ്ണം അകന്നുനിന്നു. അദ്ദേഹം കത്തുനിവത്തു് ആരുടേതെന്നുനോക്കിഅറിഞ്ഞു ഒരു രൂപവും കിട്ടാതെ അത്ഭുതപ്പെട്ടുവാൻ തുടങ്ങുന്നതിനു മുമ്പായി, രണ്ടു രാജഭടന്മാർ അവിടെപ്രവേശിച്ച് യുവരാജാവിനെ വണങ്ങി.

സലിം:– "കാൎയ്യം എന്തു്?"

ഭട:—"ഈ സ്ത്രീയെ ഉടൻ തിരുമുമ്പിൽ ഹാജരാക്കേണമെന്ന് അടിയന്തിരമായി കല്പിച്ചുവിട്ടു".

സലിം:—(കോപത്തോടെ) "അതു സാധിക്കയില്ലെന്നു ചെന്നു ഉണർത്തിക്കൂ. (ഉറക്കെ) ഇതു് എന്റെ താമസസ്ഥലമാണു്—എന്റെ അധികാരംതന്നെ വേണം ഇവിടെ—ഇവളെ വിടുന്നതിനു് എനിക്കിപ്പോഴം സമ്മതമില്ല—"

ഈ സമയം സിംഹഗർജ്ജനസ്വരത്തിന്റെ മുഴക്കമുള്ള ഒരു ശബ്ദം പിറകിൽ കേട്ടു. വിസ്പഷ്ടവർണ്ണമായിരുന്ന ആ ഘനശബ്ദപ്രവാഹം ഇതായിരുന്നു. "മുഗൾചക്രവർത്തിയായ അക്ബർ മരിച്ചില്ല, ജീവനോടെ ഇരിക്കുന്നുണ്ടെന്നു എന്റെ പുത്രൻ മനസ്സിലാക്കണം" അക്ബർ ചക്രവർത്തി് അവിടെ ഗംഭീരപ്രകൃതിയോടെ പ്രവേശിച്ചു. ആ ചെറിയ "വിശ്വരൂപദർശനം" കാട്ടുന്ന വിഗ്രഹത്തിന്റെ മസ്തകത്തിലുള്ള രണ്ടു് അഗാധഗർത്തങ്ങളിൽനിന്നു കുമിയുന്ന പിംഗളദൃഷ്ടിയുടെ തീക്ഷ്ണരശ്മികൾ മുഖത്തുതട്ടി, കണ്ണുമഞ്ചി സലിം തലതാഴ്ത്തിനിന്നു. അക്ബര വൈജയന്തിയെ നോക്കി. കോപംകൊണ്ടു് അദ്ദേഹത്തിന്റെ മുഖം ചുവന്നു. വൈജയന്തി അല്പം പരുങ്ങി. എങ്കിലും അടിമറിയാതെ ചക്രവർത്തിയെ വണങ്ങിനിന്നു.

അക്ബ:—"നീ— —നീ എല്ലാം ഓർക്കുന്നുണ്ടോ?"

വൈജ:—"അടിയൻ ഓർക്കുന്നുണ്ടു്".

അക്ബ:—"പിന്നെ ഇതിന്റെ അർത്ഥമെന്തു്?—രാജസിംഹാസനം കുട്ടികൾക്കു കളിക്കാനുള്ളതൊ?"

വൈജ:—"അടിയന്റെ വാക്കുകളുടെ രൂപത്തിൽ വ്യത്യാസം വന്നെങ്കിലും അവയുടെ അർത്ഥത്തിലൊ ഉദ്ദേശത്തിലോ മാററം വന്നിട്ടില്ല".

അക്ബ:—"നീ വലിയ പണ്ഡിതയെപ്പോലെ സംസാരിക്കുന്നു. എന്നാൽ രൂപവും അർത്ഥവും ഒന്നായിരിക്കുമെന്നു് അറിഞ്ഞുകൂടെ—(സലിമിനെനോക്കി) "ആ എഴുത്തു് ആരുടേതു്?"

യുവരാജാവു ഒന്നും ഉത്തരം പറഞ്ഞില്ല ചക്രവൎത്തി എഴുത്തുവാങ്ങുവാനായി കൈനീട്ടി. വൈജയന്തി വല്ലാതെ ഒന്നു ഞെട്ടി, വിരൽകടിച്ചു. അവൾ മററൊന്നും ഓൎത്തു നോക്കുവാൻ താമസിച്ചില്ല. പെട്ടെന്നു യുവരാജഹസ്തത്തിൽനിന്നും എഴുത്തു തട്ടിയെടുത്തു തന്റെ വായിൽഇട്ടു ചവച്ചിറക്കി. ഈ സംഭവംകണ്ടു അവിടെനിന്ന ഭടന്മാർ വളരെ നിശ്ശബ്ദരായി അന്യോന്യംനോക്കി അനന്തരസംഭവം എന്തെന്ന വെമ്പിനിന്നു. അക്ബർ ഒരു സ്ത്രീയുടെ ഈ ധിക്കാരംകണ്ടു വല്ലാതെയായി. കോപം മൂൎദ്ധന്യദശയിൽ എത്തി. അദ്ദേഹത്തിന്റെ ശരീരം നഖശിഖാന്തം ഉജ്ജ്വലിച്ചു. വൈജയന്തി അങ്ങോട്ടു നോക്കാനേപോയില്ല. രാജസന്നിധിയെ രാജകിങ്കരന്മാർകാണ്കെ ഇങ്ങിനെ അനാദരിക്കുന്നു എന്നു കണ്ടപ്പോൾ അക്ബർ ആ അധികാരസ്ഥാനത്തുള്ള ശക്തിയുടെ മൂൎച്ച കാണിക്കുവാൻതന്നെ തീൎച്ചയാക്കി. അവിടം എല്ലാം ഭസ്മീകരിക്കുമെന്നമട്ടിൽ വൈജയന്തിയേ അവിടെനിന്നും കൊണ്ടുപോകുവാൻ ഭടന്മാരോടു ആജ്ഞാപിച്ചു. അവർ അതുചെയ്തു. അനന്തരം യുവരാജാവിനോടു പറഞ്ഞു. "എനിക്കു ചിലതെല്ലാം പറയാനുണ്ടു്. ഇപ്പോൾ സമയമില്ലാത്തതിനാൽ പിന്നത്തേക്കു മാററിവച്ചിരിക്കുന്നു" അക്ബർ മഹാരാജാവു് മഞ്ചത്തിൽവീണ പുത്രനേ പിന്നിലാക്കിയിട്ടു്, വേഗം നടന്നു. എഴുത്തിന്റെ കാൎയ്യത്തിൽ സത്യം പറയാത്തപക്ഷം വൈജയന്തിയേ കൊല്ലുന്നതിനു വിധിക്കയും ചെയ്തു.

കോട്ടയ്ക്കകത്തു് ഒരു ഒഴിഞ്ഞ ഭാഗത്തായിരുന്നു കൊലക്കളം. അവിടം നിൎജ്ജനമായിരുന്നു. ഭീമമായ ഒരു നിശ്ശബ്ദത ആ പ്രദേശംമുഴുവൻ വ്യാപിച്ചു. ദേഹത്തേ ദേഹിയുമായി വേർപിരിപ്പിക്കുന്ന ആ ഘോരകൎമ്മം കണ്ടുകണ്ടു അവിടുത്തെ അന്തരീക്ഷംപോലും കല്ലുപോലെ ഉറച്ചിരുന്നു. ആ സ്ഥലത്തുള്ള വൃക്ഷങ്ങളിൽ ക്രമൻ, കാകൻ, പ്രാപ്പിടിയൻ, കിള്ളിയാൻ മുതലായ പക്ഷികളല്ലാതെ ശാന്തപ്രകൃ

തമുള്ള കിളികൾകൂടി, വന്ന് ഇരിക്കാറില്ല. കൊലക്കളത്തിൻെറ നടുവിലായി തമ്മിൽ വളരെ അടുത്തുതന്നെ കറുത്ത രണ്ടു മരത്തുണ്ടുകൾ കുഴിച്ചിട്ടിട്ടുണ്ടായിരുന്നു. ചുവട്ടിൽ ആ സ്തംഭയുഗ്മം ബന്ധിപ്പിച്ച് ഇട്ടിരിക്കുന്ന പടിമേൽ നിണം പററി പററി, അവിടം കറുത്തു കരുവാളിച്ചിരുന്നു. തൂണുകളുടെ അകവശത്തുള്ള പൊഴികളിൽകൂടി, ചരടുവലിച്ചാൽ താഴത്തുപടിമേൽ ഊക്കോടെ വന്നുവിഴുന്ന ഒരു ഉരുക്കുപലക ഉണ്ടായിരുന്നു. ഈ ഉരുക്കുപലകയുടെ മുകൾവശം മരക്കഷണംചേർത്ത് ഉറപ്പിച്ചതും അടിവശം വാളിനെക്കാൾ വളരെ മൂർച്ചയുള്ളതും ആയിരുന്നു. രാജധാനിയിലെ യമകിങ്കരന്മാർ ഇവിടെയത്രെ വൈജയന്തിയേ കൊണ്ടുവന്നതു്.

കൊലചെയ്യുന്നതിന് അനുവാദംകൊടുക്കേണ്ട ഉദ്യോഗസ്ഥൻ വൈജയന്തിയോടു സത്യം പറയുന്നതിനു പലപ്രാവശ്യം നിർബ്ബന്ധിച്ചു. അവൾ അതിനു യാതൊരു മറുപടിയും പറയാതെയും കൂസലില്ലാതെയും അവിടെ നിന്നു. ഭയങ്കരരൂപികളായ നാലഞ്ചുപേർ അന്നത്തെ കൃത്യം നടത്തുന്നതിനായി ഉദ്യോഗസ്ഥൻെറ മുഖവുംനോക്കി നില്പായി. വൈജയന്തിയുടെ ഒരു കുലുക്കവും ഇല്ലാത്ത ഭാവം കണ്ടു്, അതുവരെ അവർ അപ്രകാരം ഒരാളിനെ അവിടെ വധിക്കുവാൻ ആരംഭിച്ചിട്ടില്ലെന്നു തമ്മിൽ പറഞ്ഞു. രാജപുരുഷൻ വീണ്ടും വൈജയന്തിയോടു നിർബന്ധിച്ചു.

രാ: പു:—"ഹേ സ്ത്രീ! നിങ്ങൾ സത്യംപറയുന്നപക്ഷം കൊലചെയ്യാതെ വിടുന്നതിനായി തമ്പുരാൻ കല്പിച്ചിട്ടുണ്ടു്. അതിനാൽ ജീവനെ രക്ഷിക്കുവാനുള്ള വഴി നോക്കുക. പറയൂ എഴുത്ത് ആരുടെ എന്നു്?"

വൈജ:—"സത്യംപറവാൻ ഞാൻ കളവ് ഒന്നും ചെയ്തിട്ടില്ല. എഴുത്തിൻെറകാര്യം എന്നോടു ചോദിക്കേണ്ട."

രാ: പു:—"നേരമാകുന്നു. പത്തുനാഴിക പുലന്നാൽ പിന്നെ ഒരു വിനാഴിക താമസിക്കയില്ലെന്നു് ഓർമ്മവേണം. പറയാമെന്നുണ്ടെങ്കിൽ പറഞ്ഞു ജീവനുംകൊണ്ടു് പൊയ്ക്കോ".

വൈജ:—"നേരം അങ്ങിനെ പോകും. അതിനു് എനിക്കെന്തു്" (എന്നു് ഒന്നുവല്ലാതെ ചിരിച്ചു.)

രാ: പു:—"അപ്പോൾനിങ്ങൾക്കു ജീവിക്കാൻ ആശയില്ലേ!"

വൈജ:—"ഇല്ല."

രാ: പു:—"ഓൎത്തുപറയൂ—ഇനി പതിനൊന്നുനിമിഷം തികച്ചില്ല—"

വൈജയന്തി ഒന്നും മിണ്ടിയില്ല.

രാ: പു.—(ആരാച്ചാരന്മാരോടു്)"നിങ്ങൾ ആ കൊലക്കത്തി വന്നുവീഴുന്ന സമ്പ്രദായം ഒന്നു കാണിക്കിൻ"

അതിൽ ഒരു കിങ്കരൻ ചരടുവലിച്ചു. അപ്പോൾ കത്തി മുകളിൽ ചെന്നുനിന്നു.

രാ: പു:—(ചൂണ്ടികാട്ടിയുംകൊണ്ടു്) "അതാ ആ പടിയിൽ കൊണ്ടുചെന്നു കഴുത്തുവയ്ക്കും. (കത്തി താഴെ വീണു) കണ്ടില്ലേ—കഥയുംതീൎന്നു—കണ്ടോ?"

വൈജയന്തി ഒന്നു ചിരിക്കമാത്രംചെയ്തു. രാജപുരുഷൻ തന്റെ ശ്രമം വിഫലമെന്നുകരുതി കിങ്കരന്മാരോടു തയ്യാറായിക്കൊള്ളുവാൻ ആജ്ഞാപിച്ചു. ഒരുവൻ കയറുവലിച്ചു് കത്തി വീണ്ടും മുകളിലാക്കി. കോട്ടവാതുക്കലുള്ള വലിയ ചേങ്ങലയിൽ സമയമറിയിപ്പുകാരൻ നേരം പത്തുനാഴിക പുലൎന്ന വിവരം അറിയിക്കുന്നതിനായി ഒന്നാമത്തെ അടി അടിച്ചു. ആ മണിനാദം അന്തരീക്ഷത്തിൽ ചുററുപാടും കല്ലോലമാലകളുണ്ടാക്കി അകന്നു മരിച്ചപ്പോൾ രണ്ടാമത്തും ഒന്നു ആഞ്ഞു പ്രഹരിച്ചു. അപ്പോഴേക്കും ഭടന്മാരിൽ ഒരുവൻ വൈജയന്തിയെ കൊണ്ടുചെന്നു്, കൊലപ്പടിയുടെ അടുത്തു് കഴുത്തു് അതിന്മേലാക്കി കിടത്തി. ശംഖപോലെ മിനുസവും ഏഴക്കം ഉള്ള ആ തരുണിയുടെ മ

നോഹരഗളം ലാക്കാക്കി കത്തി മുകളിൽ വർത്തിച്ചു. ചേങ്ങല ഏഴുപ്രാവശ്യം അടിച്ചതു മുഴങ്ങി. ആ ക്രിയയ്ക്കു അനുവാദംകൊടുക്കുവാൻ ഉദ്യോഗസ്ഥൻ കൈ മേൽപ്പോട്ടുയർത്തി. ചരട്ടുകാരൻ ജാഗരൂകനായിനിന്നു. മററുപേർ ആ സ്ത്രീയേ പിടിച്ചുകൊണ്ടു സ്തംഭങ്ങൾക്ക അടുത്തുറച്ചു. വൈജയന്തി "ഈശ്വരാ!" എന്നു പതുക്കെ പ്രശാന്തമായി മന്ത്രിച്ചു.

---

## അദ്ധ്യായം ൨൨.

---

### കള്ളം വെളിക്കായി.

ആക്കെങ്കിലും നല്ല കാലംവന്നു എന്നു കണ്ടാൽ, പതുക്കെ പതുക്കെ ഓരോരുത്തരായി ദേഹസുഖാദികൾ അന്വേഷിക്കുവാൻ വീട്ടു സന്ദർശിക്കയും, പിറകിലും ഒററക്കും നടന്നു ഒപ്പംമൂളുകയും, കുശലംചോദിക്കയും, സഖ്യംനടിക്കയും, ഗുണഗണങ്ങൾ വർണ്ണിക്കയും എല്ലാം ചെയ്യുന്നതു് ലോകസ്വഭാവമാണല്ലോ. ഇക്കണക്കിനു്, മിക്കവാറും നാം മറന്നുതന്നെ പോയിരിക്കുന്ന ഉമ്മറിൻെറ ഭവനത്തിൽ, ഭാഗ്യോദയം ഉണ്ടായ ഇക്കാലത്തു ഒന്നു പോകാതെ ഇരിക്കുന്നതു് ലോകതന്ത്രത്തിനു പററിയതല്ല. ലോഹ്യത്തിൻെറ കഥ എങ്ങിനെയും ഇരിക്കട്ടെ. ഉമ്മർ ധനവാനായിത്തന്നെ ഭടന്മാരാൽ സുരക്ഷിതനായി കൊട്ടാരത്തിൽനിന്നു മടങ്ങി. പോരുംവഴി അയാൾ ഒരു കടയിൽകയറി തനിക്കു ഒരു നല്ല കുപ്പായവും വലിയ പട്ടുറുമാലും ഭാൎയ്യക്കു വിലയുള്ള വിശേഷതരത്തിൽ ഒരു ചേലയും വാങ്ങിക്കൊണ്ടു പോന്നു. ചേല ഉമ്മർ കട്ടിലിൽ കിടക്കയുടെ അടിയിൽ ഒളിച്ചുവച്ചു. അനന്തരം ഈശ്വരനാമവും ഉച്ചരിച്ചുകൊണ്ടു് ഉമ്മർ സോഫിയേയുംകാത്തു അക്ഷമനായിരുന്നു. തൻെറ ഭാൎയ്യയുടെ ശീല

ദോഷംപറഞ്ഞു് ഉമ്മർ ദൈവത്തെ പ്രാൎത്ഥിച്ചു. അൎദ്ധരാത്രി ആകുന്നതുവരെയും ആ ഭക്തൻ സോഫിയയെക്കണ്ടില്ല. ഒടുവിൽ വിളക്കണെച്ച്് ഉമ്മർ നീണ്ടുനിവൎന്നു ഉറക്കംതുടങ്ങി

രാവിലെ ഉമ്മർ ഉണൎന്നു ദിനകൃത്യങ്ങൾ ഒന്നൊന്നായി ഒതുക്കി, ഈശ്വരപ്രാൎത്ഥനയുംകഴിഞ്ഞു പുതിയവേഷത്തിൽ കട്ടിലിൽ ഇരിപ്പായി. തന്റെ ഭാൎയ്യയെ ശരിയാക്കണമെന്നും അയാൾ നിശ്ചയിച്ചു. ഈ സമയം കാലടികൾ ഗംഭീരമായി മുഴക്കിക്കൊണ്ടു് ഉല്ലാസഗതിയോടെ, ഒരു നല്ല പച്ചപ്പുഞ്ചിരിയുംതൂകി സോഫിയ മുറിയിൽ കടന്നു. പട്ടുകുപ്പായം ഇട്ടും പട്ടുറുമാൽ തലയിൽ കെട്ടിയും ഉമ്മർസാഹേബ് സമാധിയിൽ ഇരിക്കുന്നതുകണ്ടു് സോഫിയ ആഹ്ലാദത്തോടെ ഓടി അടുത്തു. അവൾ അടുത്തെത്താറായപ്പോൾ ഉമ്മർ ഗൌരവമായി തിരിഞ്ഞു് "ഛേ! മാറിനില്ക്കൂ—എന്റെ അടുത്തു വരേണ്ട" എന്നു അശേഷം ഗണ്യമില്ലാതെ പറഞ്ഞു. സോഫിയ ഇതു പുതിയരീതിയിലുള്ള പ്രണയകലഹമാണെന്നു സങ്കല്പിച്ചു് "ഓഹോ ഇത്ര പെട്ടെന്ന് ഇതെല്ലാം പഠിച്ചോ;! എന്നു ജല്പിച്ചു് കൊഞ്ചിക്കുഴഞ്ഞു്, അടുക്കവേ ഉമ്മർ വീണ്ടും ശാസിച്ചു.

ഉമ്മർ:—"കളിയല്ല—കാൎയ്യമാണു്—നീ മാറിനില്ക്കൂ—ആ പാപംകൊണ്ടുവന്നു് എന്റെ ദേഹത്തു പുരട്ടരുതു്."

സോഫി.—(ഭാവംമാറി അവിടെനിന്നുകൊണ്ടു്) "പാപമൊ!"

ഉമ്മർ.—"അതെ—പാപംതന്നെ—നീ നന്നായി ആലോചിച്ചുനോക്കു"

സോഫിയയുടെ വിചാരം അങ്ങും ഇങ്ങും എല്ലാം ഓടിനടന്നു.

ഉമ്മർ:—"ഇന്നലെ നി ചെയ്ത കൃത്യം എന്തെല്ലാമാണു്?"

സോഫി:—"ഞാൻ ഒരു കൃത്യവും ചെയ്തില്ല."

ഉമ്മർ:—(ദ്വേഷ്യത്തോടെ) "ചെയ്തില്ലെ! ഈശ്വരൻ പൊറുക്കാത്തവയെല്ലാം നീ ചെയ്തു (സോഫിയയുടെ മനം തകൎന്നു) എടീ മൂഢെ! നീ ഒരു സാധുസ്ത്രീയെ അധിക്ഷേപിച്ചതു പോകട്ടെ, നിന്റെ ഭൎത്താവിനെ—നിന്റെയും നിനക്കുണ്ടാകുന്ന കുഞ്ഞുങ്ങളുടെയും സുഖത്തിനുവേണ്ടി എല്ലാത്തരത്തിലും പ്രയത്നിക്കുന്ന ഇവനെ, അപകടത്തിൽപെടുത്തി—അമ്പോ! മഹാപാതകീ!"

സോഫിയ അങ്ങോട്ടുമിങ്ങോട്ടും കാററത്താടുന്ന കവുങ്ങുപോലെ ചാഞ്ചാടി.

ഉമ്മർ:—"സോഫിയ! നീ എന്തെല്ലാം ഇന്നലെ കൊച്ചുതമ്പുരാന്റെ അടുക്കൽ ഉണൎത്തിച്ചു—പറയൂ! മടിച്ചിട്ടാവശ്യമില്ല. എല്ലാം ഞാൻ അറിഞ്ഞുകഴിഞ്ഞു. കഷ്ടം കുളത്തിൽചാടി മരിക്കാൻപോയ അവളെപിടിച്ചുവെച്ചു സമാധാനിപ്പിച്ചതുകണ്ടു" സോഫിയ ഉമ്മറിന്റെ കാൽക്കൽപോയി വീണു. അയാൾ അവളെ എഴുന്നേല്പിച്ചുനിൎത്തി. അവൾ കുഴങ്ങി-

സോഫി:—"എനിക്കറിവില്ലാതെ പറഞ്ഞുപോയതാണ്. എല്ലാത്തിനും മാപ്പുതരണം"

ഉമ്മർ:—"മാപ്പ് അത്രയ്ക്കു നിസ്സാരമല്ല—അതു വെറുതെ കിട്ടുകയുമില്ല. നീ പറഞ്ഞതെന്തെന്നു കേൾക്കട്ടെ."

സോഫി:—(ഗദ്ഗദമായി) "ഞാൻ വൈജയന്തിയേയും നിങ്ങളേയും ചേൎത്തു ദൂഷ്യമായി ചിലതെല്ലാം പറഞ്ഞു."

ഉമ്മർ:—"എന്റെ ഭക്തവത്സല! (സ്വരം താഴ്ത്തി ദീനമായി) നീ എങ്ങിനെ ഇതു പറവാൻ ധൈൎയ്യപ്പെട്ടു. ആട്ടെ എന്തിനുവേണ്ടിയാണ് നീ ഇതു കെട്ടിയുണ്ടാക്കിയതു്?"

സോഫി:—"അയ്യോ! എനിക്കൊന്നും അറിഞ്ഞുകൂടാ."

ഉമ്മർ:—"എന്നാൽ നീ പോയി വൈജയന്തിയുടെ മേൽ

വച്ചുകെട്ടിയ കളങ്കം മാററിയിട്ടു വരണം. അല്ലാതെ എൻെറ പടിക്കകത്തു കയററുകയില്ല."

സോഫി:—"എങ്ങിനെ?".

ഉമ്മർ:—"നീ പോയി ചെയ്ത തെററുകളെല്ലാം കൊച്ചുതിരുമേനിയെ അറിയക്കണം."

സോഫി:—"അയ്യോ! എനിക്കതുവയ്യ."

ഉമ്മർ:—"വയ്യേ! വയ്യെങ്കിൽ നീ എൻെറ ഭാൎയ്യയല്ല. എന്നു മാത്രമല്ല, ഞാൻതന്നെ തിരുമേനിയോട്ട് ഈ സംഗതി ഉണൎത്തിക്കും. നിനക്കു് എങ്ങുമില്ലാതെവരും."

സോഫിയയുടെ കണ്ണിൽക്കൂടി കണ്ണുനീർവന്നു. അവൾ ആൎത്തസ്വരത്തിൽ ഉമ്മറിൻെറ കാലുകൾ കെട്ടിപ്പിടിച്ചു കൊണ്ടു തുടൻ.

സോഫി: - "ദൈവത്തെ ഓൎത്തു് എന്നെ ഉപേക്ഷിക്കൊല്ലെ—എന്നെ കഷ്ടപ്പെടുത്തൊല്ലെ! ഞാൻ എന്തോ ണമെങ്കിലും ചെയ്യാം."

ഉമ്മർ:—"എന്നാൽ ആകട്ടെ. ഇപ്പോൾതന്നെ കൊട്ടാരത്തിൽ ചെന്നു വൈജയന്തി നിൎദ്ദോഷയെന്നു് അറിയിച്ചിട്ടു വരു. എന്നാൽ സഹായിയായി ഞാനുണ്ടു്. (സോഫിയ മടിച്ചുനിന്നു) ഉം--പോക്കു! ഞാൻ തീൎത്തു പറയുന്നതാണു്. നല്ല ഒരു മാൎഗ്ഗം പറഞ്ഞുതരാം. അമ്മകുമാരിയുടെ അടുക്കൽ ചെല്ലൂ. വന്നിട്ടും ചില തെല്ലാം പറവാനുണ്ടു്."

പ്രാൎത്ഥനയ്ക്കു സമയമായി എന്നു പറഞ്ഞപ്പോൾ തല ചാടിപ്പറിക്കുവാനെന്നപോലെ എഴുന്നേററു് ആകാശം കുഴച്ചുമറിച്ച സോഫിയ നിവൃത്തിയില്ലാതെ കൈ രണ്ടും തലയിൽവച്ചു് ഭഗവാനെത്തന്നെ ശരണമായി വിളിച്ചു കരഞ്ഞുകൊണ്ടു കൊട്ടാരത്തിലേക്കു തിരിച്ചു. അവളുടെ അകം വല്ലാതെ ഭീഷണമായി. വായനക്കാരെ! നിങ്ങൾ വൈജയന്തിക്കുണ്ടായ ദുഃഖവും സോഫിയയുടെ ദുഃഖവും സമാനമായിക്കരുതരുതു്. വൈജയന്തിയുടെ വ്യസനം അവളുടെ ആ

ത്മാവിനു ശക്തിയും ഉൽക്കർഷവും കൊടുക്കത്തക്കവണ്ണമുള്ള തായിരുന്നു. എന്നാൽ സോഫിയയുടെ ആമയം അപ്പോഴും നരകത്തിലേക്കു നയിക്കുവാനുള്ള മട്ടോടുകൂടിയിരുന്നു.

വൈജയന്തിയേ സംബന്ധിച്ച മരണശിക്ഷാവാർത്ത അന്തഃപുരത്തിലെന്നു മാത്രമല്ല, അടുത്ത ഇടങ്ങളിൽ എല്ലാം ഉടൻതന്നെ പരന്നു. മനോധർമ്മത്തിന്റെയും കല്പനാവൈഭവത്തിന്റെയും ചപലമായ ഉല്പാദകശക്തി ധാരാളമുള്ള പൊതുജനജിഹ്വ തോന്നിയതെല്ലാം പറഞ്ഞു. പരമാർത്ഥങ്ങൾ ഒക്കെ സ്ഥൂലമല്ലാതെ ഇരിക്കുകയാൽ എല്ലാവരും ഉള്ളതുപോലെ ധരിക്കാതിരുന്നതും അവരുടെ കുററമല്ല. വൈജയന്തിയേ കൊല്ലുവാനായി ചക്രവർത്തി കല്പിച്ചു എന്നു കേട്ടപ്പോൾ അംബകുമാരിയും വ്യസനിച്ചു. കാര്യം എന്താണെന്നു അതുവരെയും അവൾക്കും മനസ്സിലായില്ല. ആ ചെറിയ പ്രായത്തിൽ അത്തരം ഒരു തരുണി അപമൃത്യുവിനോടു ചേരുന്നതു കുറേ കഠോരമാണെന്നു അംബകുമാരി ഈശ്വരനെ വിളിച്ചു. ഒരുപക്ഷേ അവൾ യുവരാജചിത്തത്തെ വേദനപ്പെടുത്തിയതിന്റെ ഫലമായിരിക്കും അതെന്നു അംബകുമാരി സമാധാനം നേടാൻ നോക്കി. സ്ത്രീകൾക്കു സ്ത്രീകളോടാണു അധികം അനുകമ്പ തോന്നുക എന്നൊരു മതം ഉള്ളതനുസരിച്ചായിരിക്കാം വല്ല വിധവും വൈജയന്തിയേ രക്ഷിച്ചുവിട്ടാൽ കൊള്ളാമെന്നു വളരെ ഉള്ളുരുകിപ്പോയഅംബകുമാരിവിചാരിച്ചതു്. എന്നാൽ സ്വഭർത്താവ് കഠിനമായി ക്രോധിച്ചിരിക്കെ, ഈ വിവരം പറയുന്നതിനുകൂടി അംബകുമാരി ആഗ്രഹിച്ചില്ല. ഇപ്രകാരമുള്ള ഒരു മനോവ്യാകുലതയോടുകൂടി ആ സ്ത്രീ തന്റെ സൌധത്തിൽ ഏകാകിനി ആയിരുന്നു. തത്സമയം ശോകരസം ഒരു ശരീരം എടുത്തമാതിരി സോഫിയ കുമാരിയുടെ മുൻപിൽവന്നു. "നീ കരയുന്നതെന്തിനു്?" എന്നു അംബകുമാരി ചോദിച്ചതിനു സോഫിയ ഒന്നും ഉത്തരം പറയാ

തെ നീരൊഴുകുന്ന കണ്ണുരണ്ടും തിരുമ്മുകയും അധരോഷ്ഠങ്ങൾ വിടൎത്തിമാററി, വായുക്ഷോഭം ഉണ്ടായതുപോലെ തേങ്ങുകയും, ഇടക്കിടെ മൂഷികസ്മരത്താൽ കേൾക്കാവുന്നതുപോലെ ചില നേൎത്ത കിസ്വരങ്ങൾ പുറപ്പെടുവിക്കയും മൂക്കുപിഴികയും മററും ചെയ്തുകൊണ്ടു് നിന്നുപുളഞ്ഞു.

അംബ:—"സോഫിയ! നീ കരയുന്നതിൻെറ കാരണം പറയൂ."

സോഫിയ ഒന്നും മിണ്ടിയില്ല

"—ശ്ശേ! ഇതെന്തൊരനൎത്ഥമാണു്. നോക്കുന്നയിടത്തെല്ലാം വ്യസനം—ശല്യം—എന്തെടീ! ഉമ്മറിനു വല്ല സുഖക്കേടും ആണോ?"

സോഫി.—"ഹ്—ഹ് ഹല്ല"

അം—കു:—"പിന്നെ നീ വൈജയന്തിയുടെ കഥകേട്ടു വ്യസനിക്കുകയാണൊ—ഹേതു ഒന്നും ഞാനും അറിഞ്ഞില്ല—എന്തുചെയ്യും"

സോഫിയ ഈ അവസരത്തിൽ ഓടിച്ചെന്നു അംബകുമാരിയുടെ പാദങ്ങൾ പിടിച്ചുകൊണ്ടു തുടങ്ങി. അവളുടെ മനശ്ശല്യങ്ങൾ അപ്പോൾ നരകത്തിലെ മുള്ളുകൾക്കു പററിയതായിരുന്നു.

സോഫി:—"ഹ—ഹ—ടിയനു ബുദ്ധിമോശം പററി."

അം—കു:—"ബുദ്ധിമോശമൊ—എന്തു് അതിനു സമാധാനമുള്ള കാൎയ്യമാണല്ലൊ."

സോഫി:—"ഹയ്യൊ! അടിയനു പറവാൻ മേലാ"

അം—കു.—"എന്തെങ്കിലും ആകട്ടെ പറയൂ"

സോഫി:—"അടിയനെ രക്ഷിക്കാമെന്നു ഏല്ക്കണം"

അം: കു:—"ആഹ! അത്രക്കു വലിയ കാൎയ്യമാണൊ—"

സോഫി:—"കൊച്ചുതമ്പുരാൻ അടിയനെ കൊല്ലും—അടിയൻ വൈജയന്തിയെപ്പററിപ്പറഞ്ഞതെല്ലാം കള്ളമായിരുന്നു."

അം: കു:—(എഴുന്നേററു മാറിനിന്നു്)"ഹയ് ഓ! എടീ മഹാപാപീ! ഇപ്പോളെങ്കിലും നിനക്കിതു തോന്നിയല്ലൊ പറവാൻ–"

സോഫി:—"പൊന്നിൻകുടത്തു തമ്പുരാട്ടി അടിയനേ രക്ഷിക്കണേ!"

അംബകുമാരി യാതൊന്നും ശ്രദ്ധിക്കാതെ ഉടൻതന്നെ യുവരാജാവു് പെട്ടെന്നു് അത്രയിടംവരെ ചെല്ലുവാൻ അപേക്ഷിക്കുന്നതായി ഒരാളിനെ അങ്ങോട്ടയച്ചു. അനന്തരം സോഫിയയെനോക്കി ചോദിച്ചു. "നീ ആ പാവപ്പെട്ട സ്ത്രീയെ അപമാനിക്കാൻ ഇതു ചെയ്തതു എന്തുദ്ദേശത്താലായിരുന്നു––എട––."

സോഫി:—"അടിയന്നു ഉദ്ദേശമൊന്നുമില്ലായിരുന്നു."

അം: കു:—"ഉദ്ദേശമൊന്നുമില്ലായിരുന്നോ! നീ മറഞ്ഞുകിടക്കുന്ന പൊട്ടക്കിണററാണു്. നിൻെറവഞ്ചനയും ദുഷ്ടും കുറയ്ക്കുന്ന കാലത്തെ നിനക്കു ഗുണം പിടിക്കുകയുള്ളു. അതു ഞാൻതന്നെ പറയുന്നു––അസത്തു്!"

സോഫിയ ഭയന്നു് പ്രാണനുവേണ്ടി യാചിച്ചുതുടങ്ങി. അവളെ ആ പ്രാവശ്യത്തേക്കു രക്ഷിക്കാൻ നോക്കാമെന്നു കുമാരി വാക്കുകൊടുത്തു. തൻെറ ഉല്ലാസക്കുറവു പരിഹരിക്കുന്നതിനായി പുറത്തിറങ്ങുവാൻ തയ്യാറായി നിന്നപ്പോളായിരുന്നു യുവരാജാവു് അംബകുമാരിയുടെ അപേക്ഷ സ്വീകരിച്ചതു്. അടിയന്തരകാര്യമേതോ ഉണ്ടെന്നുകരുതി അദ്ദേഹം ദ്ധടിതിയിൽ അവിടെ എത്തി. അറയിൽ പ്രവേശിച്ചു ഉടൻതന്നെ കുമാരി അദ്ദേഹത്തോടു പറഞ്ഞു.

അം: കു:—"വൈജയന്തിയെപ്പററി ഇവൾ പറഞ്ഞതവയെല്ലാം നുണ ആയിരുന്നു എന്നു ഇതാ ഈ അവസരം സഹിക്കവയ്യാതെ ആയിരിക്കാം––ഇവൾ പറയുന്നു––"

സലിം:—"നണയൊ! എടി! നീ പറഞ്ഞതു സത്യമല്ലെ!"

സോഫി:—(ഒരുവിധത്തിൽ) "അ......ല്ല "

സലിം:—"അല്ലെ!–എന്റെ കണ്ണുകളും ആ കാഴ്ചകണ്ടെല്ലൊ—അതെങ്ങിനെ. പറയൂ വേഗം കാര്യം--(സോഫിയ അല്പം മടിച്ചു) ശവം! പറകയില്ലെ."

സോഫി:—"അയ്യോ—അതു അവർ കുളത്തിൽ ചാടിച്ചാകുവാൻ പോയപ്പോൾ ഉമ്മർ പിടിച്ചുകൊണ്ടു വന്നതായിരുന്നു—"

സലിം:—"ഈ ഘാതകൻ വേണ്ടതെല്ലാം ചെയ്തു (കോപത്തോടെ പല്ലു കടിച്ചുകൊണ്ടു) "കൊടുംപാപി! നിന്നെ ഞാൻ വച്ചേക്കുകയില്ല—" യുവരാജാവ് വാളൂരി കണ്ണുരുട്ടിയുംകൊണ്ടു് സോഫിയയുടെ നേക്കാഞ്ഞു. അവൾ വിറച്ചു് നിലം പതിച്ചു. അംബകുമാരി ഭർത്താവിനെ ആശ്ലേഷംചെയ്തു ആ ക്രിയയേ നിരോധിച്ചു.

സലിം:—(പല്ലുകടിച്ചുകൊണ്ടു്) "ഇപ്പോൾ സത്യം എന്തെല്ലാമൊ എന്റെ ഉള്ളിൽ ഉദിക്കുന്നു. പാതകി!!–മോക്ഷമായി നരകംപോലും നിനക്കുകിട്ടുകയില്ല. നിന്റെ ശരീരംകൂടി നിമിഷത്തിൽ മായ്ച്ചുകളവാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ—"

അം–കു:—"അവിടുന്നു് ക്ഷമിക്കണം—ഞാൻ അവൾക്കു പ്രാണൻ നല്കാമെന്നു് ആദ്യംതന്നെ ഏറ്റുപോയി. എന്നെ ഓൎത്തു സമാധാനിക്കണം"

സലിം:—(ഉഗ്രസ്വരത്തിൽ) "എഴുനേല്ക്കു! ഇറങ്ങുപുറത്തു്-ഇക്ഷണം—ഇനി ഈ കൊട്ടാരത്തിൽ നിന്നെ കണ്ടുകൂടാ. കണ്ടാൽ ഇപ്പോഴത്തെ അപ്പോൾ—എന്റെ കാലംവരെ ഈ അരമനയിൽ നീ കേറിക്കൂടാ."

സലിം:—"ഓടിക്കൊ—തിരിഞ്ഞുകൂടി നോക്കരുതു്."

സോഫിയ ഉത്ഥാനംചെയ്തു്, മണ്ടിത്തിരിച്ചു. അവളുടെ ഏഴുനിലമാളികയും രാജശ്രീരുവുള്ളവും എല്ലാം തകൎന്നു

വീണ് എവിടെയോ അപ്രത്യക്ഷമായി. ഉമ്മറല്ലാതെ ഈ ലോകത്തിൽ വേറെ ആരും ശരണമില്ലെന്നു് ഒരു നായേപ്പോലെ മോങ്ങിയുംകൊണ്ടു സോഫിയ വീട്ടിലെത്തി. ദൈവശിക്ഷ അവളിൽ നിന്നുതന്നെ സോഫിയയ്ക്കു പററി. കള്ളത്തിലും വഞ്ചനയിലും നിന്നു ആരംഭമിട്ടാൽ ഫലം കള്ളത്തിലും വഞ്ചനയിലുമല്ലാതെ സത്യത്തിൽ ഒരു കാലത്തും പരിണമിക്കയില്ലല്ലൊ. അങ്ങിനെ സോഫിയ സ്വയംവഞ്ചിതയായി ഉമ്മറിൻെറ വരുതിയിൽ ഗുണപാഠങ്ങൾ ഉരുക്കഴിച്ചു് ഒരുവിധം സ്വഭാവസംസ്കരണം ചെയ്തു. ഈ രണ്ടുകഥാപാത്രങ്ങളും ഇനിയും രംഗത്തു വരികയില്ല.

സലിം:—(ഗ്ലാനിയോടെ) "കുമാരി! ഞാൻ നിർദ്ദയനാണ്. മൂഢനാണ്—ഹൃദയം ആനന്ദിച്ചു—ക്രോധിച്ചു—പശ്ചാത്തപിക്കുന്നു. ശൂന്യതയിൽ ബ്രഹ്മാണ്ഡം സൃഷ്ടിക്കുന്ന മനസ്സേ! നിൻെറ ഇളക്കം നിന്നെങ്കിൽ—നീ കല്ലുപോലെ ഉറച്ചെങ്കിൽ........ഇതു എല്ലാം എങ്ങിനെ സംഭവിച്ചു!—അച്ഛൻ മറവിൽ നിന്നുകൊണ്ടു ചരടു വലിക്കുന്നുണ്ടു്. കുമാരി! ഞാൻ വലിയ കഷ്ടംചെയ്തു. ഞാൻ വൈജയന്തിയെ വെറുത്തു—പാതിവ്രത്യത്തെ സംശയിച്ചു—എനിയ്ക്കു എന്നെങ്കിലും മാപ്പുകിട്ടുമോ!-"

യുവരാജാവു് മഞ്ചത്തിൽചെന്നു വീണു. അംബകുമാരി ബദ്ധപ്പാടോടെ അടുത്തുചെന്നു നിന്നു

അം—കു:—"ഇപ്പോൾ ഇങ്ങിനെ മന്ദിച്ചു കിടക്കേണ്ട സമയമല്ല. വൈജയന്തിയേ എങ്ങിനെ എങ്കിലും രക്ഷിക്കണം."

സലിം.—"ഹാ—വൈജ ഇപ്പോൾ എവിടെ?"

അം—കു:—"അതറിഞ്ഞില്ലേ? വൈജയന്തിയെ കൊലയ്ക്കു വിധിച്ചു."

സലിം:—(ഞെട്ടിഎഴുന്നേററു) "അതും നടത്തിക്കഴിഞ്ഞോ എവിടെ—ആർ?"

അം—കു:—"എന്താണിങ്ങനെ ഭ്രമിക്കുന്നതു് (ചെവിഓർത്തു) അതാ പത്തുനാഴിക പുലൎന്ന മണി അടിക്കുന്നു. അയ്യോ സമയമായി."

സലിം:—"കുമാരി! എനിക്കൊന്നും അറിഞ്ഞുകൂടാ—വല്ല വഴിയും പറഞ്ഞു തരിക"

അം—കു:—(ധൃതിയിൽ) "ഇനി ഒട്ടും താമസിച്ചു കൂടാ—ഇതാ ഈ മൂടുപടംകൊണ്ടു വേഷം മാററി പോകണം—അവരും ഇപ്പോൾ കൊലക്കളത്തിലാണു്—ചേങ്ങല അഞ്ചൊ ആറൊ അടിച്ചു—പൊട്ടെന്നു്."

യുവരാജാവു് ഝടിതിയിൽ വേഷച്ഛന്നനായി തിരിഞ്ഞു. പോയപോക്കിൽ "എന്റെ കുതിരയെ പടിഞ്ഞാറെകോട്ടവാതുക്കൽ—ആളയയ്ക്കു കുതിരക്കാരനു്" എന്നു പറഞ്ഞു യുവരാജാവു് ഓടി എന്നു പറയുന്നതു വ്യാജമായിരിക്കും; അദ്ദേഹം പക്ഷിവേഗത്തിൽ ആകാശത്തിൽ കൂടി പറന്നു. ചേങ്ങലനാദം ഒൻപതാംപ്രാവശ്യം മുഴങ്ങിയപ്പോൾ യുവരാജാവു് കൊലക്കളം കണ്ടു. കാൎയ്യം ആസാദ്ധ്യമൊ എന്നു സലിം ആധിപിടിച്ചു. വൈജയന്തി കഴുത്തു ചായ്ച്ചു കിടക്കുന്നു. കണ്ടംലാക്കാക്കി കത്തിതാഴുവാൻ ആയുന്നു ചേങ്ങലയിൽ പത്താമത്തെ അടിയും ചേൎന്നു. കൊലക്കത്തി താഴ്പോട്ടു വീണു യുവരാജാവു് അമ്പുപോലെ ആകാശത്തിൽ കൂടി ഒന്നുചീറി. ഭടന്മാർ കൊലപ്പുള്ളിയെക്കാണാതെ പരിഭ്രമിച്ചു. കത്തി താഴത്തെത്തിയതും യുവരാജാവു് തന്റെ പ്രേമഭാജനത്തേ റാ

ഞ്ചിഎടുത്തു പിന്നാഞ്ഞുനിന്നതും ഒന്നായിക്കഴിഞ്ഞു. ഈ സംഭവം കണ്ടു് വിസ്മയാവിഷ്ടരും ഭയചകിതരും ആയി രാജഭടന്മാർ പ്രച്ഛന്നചാരിയുടെ നേൎക്കു വാളും ഊരി അടുത്തു. കുറേനേരം വാളുകളുടെ സംഘട്ടന ധ്വനിയും ചുവടുവയ്ക്കുന്നതിന്റെ മുഴക്കവും അവിടെ കേട്ടു പൊടി എഴുന്നു് പുകപോലെ പടൎന്നതിനാൽ ഒരുനിമിഷംകൊണ്ടു് എന്തെല്ലാം നടന്നു എന്നുള്ളതു നിശ്ചയമില്ല. ഒന്നുരണ്ടു ഭടന്മാർ വെട്ടേററു നിണം ഒലിപ്പിച്ചു കൊണ്ടോടി. ശേഷം പേർ അവിടെ കിടന്നു ഞരങ്ങി.

അടുത്ത നിമിഷത്തിൽ പടിഞ്ഞാറെകോട്ടയ്ക്കു സമീപം രണ്ടുപേർ ശീഘ്രഗതിയിൽ എത്തി. അവിടെ പള്ളയിൽ ലക്ഷണമൊത്ത രോമച്ചുഴിയും, നല്ല ഉടലായവും ഉള്ള തവിട്ടുനിറംകലൎന്ന ഒരു ഉയൎന്ന അറബിക്കുതിര നില്ക്കുന്നുണ്ടായിരുന്നു. അതിനെ പിടിച്ചുകൊണ്ടു നിന്നവനോടു് ആരുംകാണാതെ ഓടിപ്പൊയ്ക്കൊള്ളുന്നതിനും ശബ്ദം മിണ്ടിപ്പോകരുതെന്നും യുവരാജാവു് ആജ്ഞാപിച്ചു. സലിം അഭ്യാസപാടവത്തോടെ അശ്വത്തിന്റെ മുകളിൽ പററി. അദ്ദേഹത്തിന്റെ വൈജയെ ഒരുവശം താഴ്ന്നു പൊക്കിയെടുത്തു പിറകിൽ ഇരുത്തി. യുവരാജാവു് കടിഞ്ഞാൺ ഒന്നു വെട്ടി, "മകനേ! പ്രാണൻകളഞ്ഞോടിക്കോ" എന്നു കുതിരയോടു വാത്സല്യപൂൎവ്വം പറഞ്ഞു. കൊത്തുവാൻ ഉയരുന്ന കുക്കുടത്തിന്റെ ഗളംപോലെ കുതിരയുടെ കഴുത്തു ചെറുത്തു വളഞ്ഞു; ചെവികൾ കൂൎത്തു. നാസികവഴിയായി "ഹ്രേ" എന്നു് ഒന്നുചീററി; പുറംകാലിന്മേൽ പൊങ്ങി, "ചട–ചട" എന്നു് ഒന്നുരണ്ടു ചവുട്ടി, അനന്തരം ഒന്നു കുതിച്ചു. അവിടെ കുറേ ധൂളീപടലം അല്ലാതെ മറെറാന്നും കണ്ടില്ല.

## അദ്ധ്യായം ൨൨.

---

### പലായനം.

ചോരയും ഒലിപ്പിച്ചു കൊട്ടാരവാതുക്കൽനിന്ന രാജകിങ്കരന്മാരെ വേഗം തിരുമുൻപിൽ പ്രവേശിപ്പിക്കുന്നതിന് അക്ബർചക്രവൎത്തി അനുവാദം കൊടുത്തു. അവർ, രണ്ടുപേർ അദ്ദേഹത്തെക്കണ്ടു നിലംപററി വന്ദിച്ചു. രക്തമണിഞ്ഞുവന്ന തൻെറ പാരിഷദന്മാരിൽ രണ്ടുപേരെ ദർശിച്ചു് അതാകടമെന്തോ ഉണ്ടായി എന്നു തീൎച്ചയാക്കിയുംകൊണ്ടു് അക്ബറെന്ന സംഹാരമൂൎത്തി ഇങ്ങിനെ ചോദിച്ചു.

അക്ബർ:—"എന്തിതിൻെറ കാരണം?"

ഭടന്മാർ:—"പൊന്നുതിരുമേനി! രക്ഷിക്കണേ! അടിയങ്ങളുടെ കുററമല്ല. കൊലക്കളത്തിൽനിന്നു് ആ സ്ത്രീയെ ആരോ ആക്രമം ചെയ്തു് ഒരാൾ പിടിച്ചുകൊണ്ടോടി. അടിയങ്ങൾ കൂടെ ഓടി വെട്ടി. പക്ഷെ ഒന്നും ഏററില്ല. സെയ്യുദ്ദും മററും അവിടെത്തന്നെ വീണു. ആളിനെ കണ്ടില്ല".

"നമ്മുടെ സിംഹാസനത്തിനരികിൽ വച്ചുതന്നൊ മുഗൾസാമ്രാജ്യാധിപതിയായ നമ്മുടെ ആജ്ഞകൾ ലംഘിക്കയെന്നോ!—നാം അത്ര സാധാരണക്കാരൻ ആയൊ—ആ ധീരനാരു്?" എന്നു കോപത്തോടെ പറഞ്ഞുകൊണ്ടു് അക്ബർ എഴുന്നേററുനിന്നു. ക്രോധത്താൽ അദ്ദേഹത്തിൻെറ നേത്രങ്ങൾ രണ്ടു ശുക്രനക്ഷത്രങ്ങൾ എന്നപോലെ ജ്വലിച്ചു. വൎണ്ണം ധൂമളമായി. അധരം കടിച്ചുകൊണ്ടു അദ്ദേഹം അങ്ങോട്ടും ഇങ്ങോട്ടും ഒന്നുനടന്നു് എന്തോ ആജ്ഞാപിക്കുന്നതിനായി തല പൊന്തിച്ചപ്പോൾ, വേറെ ഒരു ഭടൻ

അവിടെ പ്രവേശിച്ചു. അക്ബർ 'എന്തു' എന്നു ചോദിച്ചതിന് ആഗതൻ ശീഘ്രഗമനത്താൽ ഉണ്ടായ ശ്വാസത്തടങ്ങലോടെ ഇപ്രകാരം ഉണർത്തിച്ചു.

ഭടൻ:—"രണ്ടുപേർ—ഒരു സ്ത്രീയും ഒരു പുരുഷനും ആണെന്നു തോന്നുന്നു-കുതിരപ്പുറത്തുകയറി പടിഞ്ഞാറേക്കോട്ടവാതൽ കടന്നു പോയി.

അക്ബർ:—"കടന്നുപോയി!—പറന്നുപോയി!! ചുണകെട്ടവർ—ആളറിവാനെങ്കിലും സാധിച്ചില്ലല്ലൊ".

അക്ബർ, അവരെ പിൻതുടരുന്നതിനും എവിടെവെച്ചെങ്കിലും എങ്ങിനെയെങ്കിലും കൊലപ്പുള്ളിയേയും രക്ഷകനേയും പിടികൂടി രാജസന്നിധിയിൽ ഹാജരാക്കുന്നതിനും ഗൌരവമായി കല്പനകൊടുത്തു കുറേനേരം കഴിഞ്ഞപ്പോഴേക്കു മുപ്പതു ദൃഢഗാത്രങ്ങളായ അശ്വങ്ങൾ അവയുടെ പുറത്തു് ഉലയുന്ന യോദ്ധാക്കന്മാരാൽ ചാടിക്കപ്പെട്ടു്, കോട്ടയിൽനിന്നും പുറപ്പെട്ടുപോയി.

യുവരാജാവു് ഘനമുള്ള ഊരുക്കൾകൊണ്ടു് അശ്വത്തിന്റെ പാർശ്വങ്ങൾ ഒന്നമർത്തി. പാദംകൊണ്ടു പള്ളയിൽ കുത്തവേ, അതു വേഗത്തെയും ജയിക്കുവാനെന്നപോലെ കുതംകൊണ്ടു ചാടിപ്പാഞ്ഞു കുതിരയുടെ ഖുരരടിതം ദിഗന്തരങ്ങളിൽ മാറെറാലിക്കൊണ്ടു. വൈജയന്തി, അവളുടെ പുഷ്ടവും മനോഹരവുമായ മാറു് യുവരാജാവിന്റെ പുറത്ത് അമുഴ്ത്തിചേർത്തു. കുസുമദാമംപോലെയുള്ള പാണികൾകൊണ്ടു് അദ്ദേഹത്തിന്റെ നെഞ്ഞത്തു കെട്ടിപ്പിടിച്ചിരുന്നു. പത്മഗന്ധിയായ നേരിയ നിശ്വാസങ്ങൾ ഇടവേ വൈജയന്തിയുടെ തിങ്ങിയുയൎന്ന മാർവിടം ചലിച്ചതു യുവരാജാവിന്റെ പുറവടിവു സ്പർശസുഖത്തോടെ അറിഞ്ഞു. മററു അംഗങ്ങൾ ഗതിവേഗത്തിൽ ഇളകിക്കൊണ്ടിരുന്നെങ്കിലും പ്രണയാർദ്രമായ പുറകു് അദ്ദേഹം നിശ്ചലമാക്കിത്തന്നെ വ

ച്ചു. മനോരാജ്യത്തിൽ സങ്കല്പവിധിമൂലം ആനന്ദിക്കുന്ന നവഹൃദയങ്ങൾ യുവരാജാവിന്റെ അശ്വയാനത്തിനു് ഒന്നു് നമസ്കരിച്ചുകൊള്ളട്ടെ. വൈജയന്തി ലീലാഗൃഹത്തിൽനിന്നും പിരിഞ്ഞതിനുശേഷം ഉണ്ടായ ചില സംഭവങ്ങൾ സൂചിപ്പിച്ചു് സലിമിന്റെ കണ്ഠത്തിലും കഴുത്തിലും കപോലപരിധിയിലും ചുംബിച്ചു. യുവരാജാവു്, അശ്വപ്രവൎത്തനത്തിൽ ബദ്ധശ്രദ്ധനെങ്കിലും തന്റെ പ്രണയിനിക്കു വേണ്ടപോലെ കടംവീട്ടി. പ്രേമത്തിനു് ഏതവസ്ഥയിലും സാധിക്കാതെ ഒന്നുമില്ലല്ലോ. വൈജയന്തി, അവളുടെ പ്രേമംനിറഞ്ഞുവെന്നും ജീവിതം സഫലമായെന്നും ആഹ്ലാദകൂജനംചെയ്തു തൃപ്തിയടഞ്ഞു. യുവരാജാവിന്റെ അശ്വം കഴുത്തുനീട്ടി ശരീരം നിലംപററിച്ചു്, കൈകാലുകൾ മടക്കിച്ചുരുട്ടി പ്രാണൻകളഞ്ഞു പാഞ്ഞു. ആയതു് ആ കുതിരയുടെ ശീഘ്രഗതിയല്ലായിരുന്നു. എന്നാൽ പ്രേമത്തിന്റെ വായുവേഗം തന്നെയെന്നു പറയാം.

ആദിത്യൻ ആകാശമദ്ധ്യവൎത്തിയായി. നിൎജ്ജനസ്ഥലികളും ഗ്രാമങ്ങളും ഒട്ടുകടന്നു. യുവരാജാവിന്റെ അശ്വം മേഘം ജലകണങ്ങളെയെന്നപോലെ വിയൎപ്പു് ഒഴുക്കിത്തുടങ്ങി. രണ്ടുപേരുടെ ഭാരംവഹിച്ചു് അതിവേഗം ഓട്ടുകയാൽ ആ ഉൽകൃഷ്ടജന്തു അല്പം തളൎന്നുപോയി. ആളുകളുടെ ഗന്ധംപോലുമില്ലാത്ത ഒരു ചെറിയ വനത്തിന്റെ സീമയിൽ അവർ വന്നുചേൎന്നു. യുവരാജാവു് കുതിരയേനിൎത്തി ചാടിയിറങ്ങി, വൈജയന്തിയേയും ഇറക്കി. അഞ്ചാറുമിനിട്ടുനേരത്തേക്കു ഞാൻ ഒന്നും മിണ്ടുന്നില്ല. വിനോദകാമ്യവും പ്രണയാൎദ്രവും ആയ ആ കാനനസീമയിലുള്ള വധൂകാന്തമനഃസുഖത്തെ വാക്കുകൾകൊണ്ടു ഞാൻ ഉപദ്രവിക്കുന്നില്ല. പടൎന്നുകിളൎന്ന ഒരു വടവൃക്ഷത്തിന്റെ പ്രച്ഛായശീതളമായതലവും, അങ്ങുമിങ്ങും തഴച്ചുനിന്ന ഗുല്മങ്ങളേ ആവരണംചെയ്ത നേരിയ ഇരുൾകാന്തിയും, വെള്ളമണൽകൊണ്ടു പുഞ്ചിരിതൂകുംപോലെയിരുന്ന ഭൂമിയും കണ്ടു്, വൈ

ജയന്തിയും യുവരാജാവും യാത്രാഖേദം അപനയിക്കുന്നതിനായി അല്പം വിശ്രമിച്ച് പിന്നെ യാത്രതുടരാൻ ഉറച്ചു. അവർ കുതിരയെ അവിടെ നിർത്തിയിട്ട് ഒരു വള്ളിക്കുടിലിന്റെ മറവിനു് നിലത്തുതന്നെ, കൈത്തലങ്ങളിൽ ശിരസ്സും പൊന്തിച്ച് പാർശ്വം തിരിഞ്ഞു് അന്യോന്യം അഭിമുഖമായിക്കിടന്നു. വൈജയന്തിയുടെയും യുവരാജാവിന്റെയും ഇടത്തും വലത്തും കൈയിന്റെ അംഗുലികൾ തമ്മിൽ ഗാഢാലിംഗനംചെയ്തു.

വൈജ:—(വിടർന്ന നയനങ്ങളോടെ) "എനിക്കു ആനന്ദം സഹിക്കവയ്യ! എന്റെ ഹൃദയം സന്തോഷംകൊണ്ടു വിത്തുപൊട്ടുമെന്നു തോന്നുന്നു—ഇത്രമാത്രമേ എനിക്കു ആഗ്രഹമുണ്ടായിരുന്നുള്ളു. ഇവിടുത്തെ അന്തരിക്ഷത്തിലുള്ള ഓരോ വൃക്ഷലതാദികളുടെ ഓരോ ഇലയും എന്റെ ആനന്ദത്തിനു സാക്ഷിയായി തീരട്ടെ—പ്രിയതമ! അങ്ങയുടെ പ്രേമം മുഴുവൻ എനിക്കു പാനംചെയ്യുവാൻ കിട്ടി—ഞാൻ അതിൽ സുഖിക്കയാണ്—ആരും എന്നെ ഉപദ്രവിക്കാനില്ല—"

സലിം:—(സഗദ്ഗദം) "ഇന്നു് എന്റെ ജീവിതത്തിന്റെ സുദിനമാണു്. വിളങ്ങുന്ന ജീവിതഭാഗമാകുന്നു."

വൈ:—"ഞാൻ ഇനി മരിച്ചാലും വേണ്ടില്ല. എന്റെ ആനന്ദം അത്രക്കു കൂടിയിരിക്കയാൽ ഞാൻ ഭാവിയിൽ അതിനു വിഘാതം ശങ്കിക്കുന്നു. ആകയാൽ പ്രിയഭത്താവേ! നമുക്കു ഇപ്പോൾ മരിച്ചു നമ്മുടെ അത്യാനന്ദം അനന്തമാക്കിക്കളയാം—"

സലിം:—"എന്റെ ആനന്ദമയമായ വൈജേ!"

വൈജ:—"ഇപ്പോൾ എന്നോടു പറയൂ—പറയാതെ ഞാൻ വിടില്ല ഞാൻ സുന്ദരിയല്ലേ!"

സലിം:—"എന്റെ വൈജേ! നി സദാപി മധുരമധുരരൂപിണിയാകയാൽ എന്റെ അന്തഃകരണപ്രവാഹത്തിനു അറിവാനല്ലാതെ അതു പറവാൻ കഴിയില്ല.

എപ്പോഴും, എവിടെവച്ചും എങ്ങിനെയും നീ അതി
സുന്ദരിയാണ്. ഇതാണു നിൻെറ മഹിമ—"

വൈജയന്തി ഉല്ലാസത്തോടെ ചാടി എഴുന്നേററു യുവരാജാവിൻെറ നെഞ്ചിനുസമീപം ചെന്നിരുന്നു മുഖംനോക്കി പുഞ്ചിരിതൂകി.

വൈജ:—"അറിട്ടത്തേ സാമ്രാജ്യമൊ പദവിയൊ ഒന്നും
എനിക്കു വേണ്ട—ആക്കറിയാം അതിൻെറ അവസാ
നം എങ്ങിനെ എന്ന്—അതു ആക്കെങ്കിലും കൊടു
ത്തുകൊള്ളൂ—എന്നാൽ അവിടുത്തേ പ്രേമത്തിൻെറ
ഭാണ്ഡം മുഴുവൻ എനിക്കുവേണം—അതുമാത്രം മതി."

സലിം:—"നീ വൈജയല്ല, നീ ഒരു വനദേവതയാണ്.
നീ എൻെറ സർവ്വസ്വമാണ്."

വൈജയന്തി അംഗുലികൾകൊണ്ടു സലിമിൻെറ വിശാലമായ നെററിയുടെ അരികിൽ തലോടിക്കൊണ്ടിരുന്നു അവൾ അതു നിർത്തി കരപല്ലവങ്ങളാൽ കപോലങ്ങൾ അമർത്തി. വീണ്ടും ഞാൻ അല്പനേരത്തേക്കു എൻെറ വർണ്ണന തൊടുത്തു വിടുന്നില്ല. ആ യുവതിയുവാക്കന്മാരുടെ മാനസം കലർന്നു ഏകമായി. ആ മഞ്ജുളവേളയിൽ അരണ്യപ്രദേശം അവരുടെ സന്തോഷത്തിൽ പങ്കുകൊണ്ടതു തിങ്ങിപ്പുറവാൻ വല്ല കാളിദാസനും വരട്ടെ. ഇലകൾ മിണ്ടരുതു് മിണ്ടരുതു് എന്നു മന്ത്രിച്ചു. കാററു ശബ്ദയുണ്ടാക്കാതെ പതുങ്ങി പതുങ്ങി പോയി. വണ്ടുകൾ മൂളിയില്ല. കിളികൾ ശബ്ദിച്ചുമില്ല. ദേശകാലസ്ഥലങ്ങളും ഏകാഗ്രമായി.

സ്ത്രീപുരുഷന്മാരുടെ സംസർഗ്ഗവും സമ്പക്കവും ജീവിതത്തിൻെറ പരമോദ്ദേശത്തിനു പ്രതിബന്ധമാണെന്നു മഹാത്മാക്കളിൽ ചിലരും പറഞ്ഞിട്ടുണ്ടായിരിക്കാം. എന്നാൽ സ്ത്രീകൾ മനുഷ്യൻെറ ഉത്കഷത്തിനു തടസ്സമെന്നു ചിലയിടങ്ങളിൽ പൊങ്ങുന്ന വാദം ബാലിശമായ താക്കികബുദ്ധിയുടെ അഹംഭാവം മാത്രമാണ്. അപകപചിന്തയുടെ ഏക

ദേശവിക്ഷണംതന്നെ. മനുഷ്യൻെറ മേൽഗതി, ഒരു ഷണ്ഡൻെറ അനവരതമായ ദേഹപ്രയത്നമല്ല—ഹാ! അതു് എത്രയും ഗംഭീരവും ശ്രേഷ്ഠവും ദിവ്യവും ആകുന്നു. ലൌകികസുഖം, ബഹുവിധ ദുഃഖദുർഘടങ്ങളുടെ മദ്ധ്യേ, അധഃപതനത്തിനു എളുപ്പമായവിധത്തിൽ മലൎന്നുകിടക്കുന്ന മനുഷ്യൻെറ രസനയിൽ. വല്ലപ്പോഴും വന്നുവിഴുന്ന തേൻതുള്ളിയാണെന്നു പറയുന്നതു് ഒരുവിധത്തിൽ ശരിയായേക്കാം. എന്നാൽ 'പ്രമദാഃ സമദാ മദപ്രദാഃ പ്രമദാ വീതമദാഭയപ്രദാ' എന്നും,

'മലപങ്കധരാ ദിഗംബരാ
പ്രകൃതിസ്ഥൈന്നഖദന്തരോമഭിഃ
യദി സാ തവസുന്ദരീഭവേത്
നിയതം ത്വേദ്ര്യനസുന്ദരീഭവേത്"

എന്നും മററുമുള്ള സ്ത്രീവിഘാതസർഗ്ഗത്തിൻെറ അതിശയോക്തികൾ പക്ഷപാതമുള്ളവയൊ എന്നു സംശയിച്ചുപോകുന്നു. പ്രകൃതിയുടെ സ്ത്രൈണാംശമില്ലെങ്കിൽ മോക്ഷമാർഗ്ഗചിന്തയെവിടെ—ഈ വിമൎശനംതന്നെ എവിടെ. സ്ത്രൈണഭാഗം പ്രകൃതിയോടു പറിച്ചു കൂട്ടതൽ ചേൎത്തതല്ല. അതു പ്രകൃതിയുടെ സചേതനമായ അംഗംതന്നെയാണു്. അതില്ലെങ്കിൽ അപൂൎണ്ണതയാണു്—സ്ത്രീകൾ മനുഷ്യസമുദായത്തിൻെറ കമനീയമായ സുഗന്ധപുഷ്പങ്ങളാണു്. അവരെ പിൻതള്ളാതെ ചേൎത്തു വേണ്ടപോലെ നയിച്ചാൽ അവർ നമ്മേയും നയിക്കാം—സാഹായ്യമാവാം. ആഹ്ളാദമാവാം. സ്വാതന്ത്ര്യ നിശ്ശേഷം വെടിഞ്ഞു മദമാത്സര്യാദികളെ നശിപ്പിച്ചു് സ്ത്രീപുരുഷന്മാർ അന്യോന്യം സ്നേഹിക്കുമ്പോൾ ഇഹലോകസൌഖ്യത്തിൻെറ സിദ്ധി അവിടെ ലഭിക്കുന്നു. ആ നിഷ്കളങ്കപ്രേമം നിസ്സാരമല്ല. അതു് ഈശ്വരപ്രേമം അഭ്യസിക്കുന്നതിനുള്ള പ്രഥമപരിചയമായിത്തന്നെ കരുതാം. ഈശ്വരനിൽ എത്തിച്ചേരുന്നതിനു

മുൻപായി കടന്നുപോകേണ്ട ഒരു ഘട്ടംതന്നെയാണ് അതു്. വൈജയന്തിയുടെയും യുവരാജാവിൻെറയും പ്രേമം ഇതുതന്നെ ആയിരുന്നു. അവർ ആ വന്യഭൂമിയിൽ ആനന്ദഭരിതരായി ഒരുനാഴികയോളം മറന്നു. അനന്തരം സലിം വൈജയന്തിയേ അടുത്തിരുത്തി തുടൎന്നു—

സലിം:—"വൈജേ! ഞാൻ ധന്യരിൽ ധന്യനായി!"

വൈ:—(തലകുലുക്കി പുഞ്ചിരിതൂവിക്കൊണ്ടു്) "ആഹാ! —" (എന്നു മാറത്തുവീണു)

സലിം:—"കഷ്ടം! ലീലാഗേഹത്തിൽനിന്നു പോയതിൽപിന്നെയുള്ള സംഭവം എൻെറ സ്മരണയിലെങ്കിലും എത്തി എന്നെ പീഡിപ്പിക്കുന്നു—നീ ഉൽകൃഷ്ടചിത്തയാണു്—വൈജ എറിക്കു—"

വൈ:—"അതെല്ലാം തീൎന്നല്ലോ—ഇനിയും ഒന്നും പറയേണ്ട—നമുക്കു വല്ലയിടത്തുംപോയി വേലചെയ്തു കഴിക്കാം—"

സലിം:—"നീ ഒരു കുട്ടിയേപ്പോലെ പറയരുതു്—ഞാൻ നിന്നെ ഇപ്പോൾ ദൂരെഒരിടത്തു താമസിപ്പിച്ചിട്ടു പിരിയേണ്ടിവരും—നീ എൻെറ രാജ്ഞി ആയിരിക്കണം"

വൈ:—"എന്നാൽ ഞാൻ ജീവിച്ചിരിക്കയില്ല—"

സലിം:—(ധൃതിയിൽ) "അതാ കുതിരകളുടെ കുളമ്പടിക്കുന്ന ശബ്ദമല്ലേ ദൂരെക്കേൾക്കുന്നതു്—അയ്യോ! നാം അധികം താമസിച്ചുപോയി. പിരുതുടരുന്നുണ്ടു്. എഴുന്നേല്ക്കു"

വേഗം യുവരാജാവും വൈജയന്തിയും കുതിരപ്പുറത്തുകയറി ചാടിച്ചുപോയി.

അക്‌ബറുടെ ആജ്ഞയോടെ പുറപ്പെട്ട അശ്വാരൂഢന്മാർ ഊൎജ്ജിതത്തോടെ പിൻതുടൎന്നുചെന്നു. യുവരാജാവിനെയും പ്രേമഭാജനത്തേയും, സുദൂരം നയിക്കുവാൻ അദ്ദേ

ഹത്തിന്റെ കുതിരയിൽ ഗുണമുണ്ടായിരുന്നു എങ്കിലും അതിൽതന്നെ ദോഷമായി ഖുരചിഹ്നം പിന്തുടരുന്നവൎക്കു മാർഗ്ഗലക്ഷ്യമായിതീൎന്നു. നാം മുൻപു കണ്ട വനത്തിന്റെ അതിൎത്തിക്കെത്തിയപ്പോൾ അവർ യുവരാജാവിനെ ദൂരെ കണ്ടു. യോദ്ധാക്കന്മാർ അശ്വത്തിന്റെ വേഗംകൂട്ടി. സലിമിന്റെ ഹയം ഒട്ടു ക്ഷീണിച്ചിരുന്നതിനാൽ അനുയായികൾ കുറേശ്ശ അടുത്തുതുടങ്ങി. വൈയന്തി തിരിഞ്ഞുനോക്കി, കുറേപേർ അതിവേഗത്തിൽ അടുക്കുന്നുണ്ടെന്നു പരിഭ്രമിച്ചുപറഞ്ഞു, യുവരാജാവും പിന്നിൽ നോക്കി ഗതിക്കു വേഗംകൂട്ടാൻനോക്കി. എന്നാൽ അദ്ദേഹത്തിന്റെ വാഹനവും തളരുന്ന മാംസപിണ്ഡമായിരുന്നു. ഏതായാലും രക്ഷപെടാനുള്ള ശ്രമവും പിടികൂടുവാനുള്ള യത്നവുംകൂടി അല്പനേരം കലശലായി ഇളകി സമരം ചെയ്തു. യുവരാജാവു നോക്കിയതിൽ തന്നെ, തുടൎന്നവർ ഓരോനിമിഷം കഴിയുംതോറും കുറേക്കൂടി സമീപിച്ചതല്ലാതെ അകന്നില്ലെന്നുകണ്ടു് ശ്രമിച്ചുനോക്കിയാൽ ഫലമില്ലെന്നും തീർച്ചയാക്കി. അദ്ദേഹം അപ്പോഴേക്കും ഇടിഞ്ഞുപൊളിഞ്ഞുകിടന്ന ഒരു പഴയകൊട്ടയുടെ മറവിലെത്തി. കുതിരയെചാടിച്ചു യുവരാജാവു് ആ പഴയകൊട്ടയ്ക്കുള്ളിൽകടന്നു. വേഗം കുതിരപ്പുറത്തുനിന്നും ഇറങ്ങി അതിനെ അവിടെത്തന്നെവിട്ടു. അനന്തരം "വൈജേ! വരു. നമുക്കു എവിടെയെങ്കിലും ഒളിച്ചിരിക്കയെ ഇപ്പോൾ നിവൃത്തിയുള്ളൂ" എന്നു പറഞ്ഞുകൊണ്ടു് സഹവൎത്തിനിയെയും പിടിച്ചു ഓടി. അത്രയുംനേരംകൊണ്ടു രാജപുരുഷന്മാർ ആ സ്ഥലത്തെത്തി. സലിമിനെക്കാണുകയാൽ അവർ അശ്വങ്ങളെ പെട്ടെന്നു നിൎത്തി, പലവഴിയായി കോട്ടയ്ക്കുള്ളിൽആൎത്തുകയറി. തേടിയതു കണ്ടുകിട്ടിയതിനാൽ പോരാളികൾ അട്ടഹസിച്ചു. അവർ യുവരാജാവിനോടു അടുത്തു. അദ്ദേഹം ഒരു കോണിപ്പടികയറുവാൻ ചുവട്ടിൽ എത്തിയപ്പോഴേക്കും ശത്രുക്കളുടെ വാളിന്റെ ചീററൽകേട്ടു് ഖഡ്ഗപാണിയായിത്തിരി

ഞ്ഞു വൈജയേ പിറകിലാക്കി, നേക്കുവാൻതന്നെനിന്നു. അവിടെ ഭയങ്കരമായ ഒരു യുദ്ധംനടന്നു. രണവല്ലഭനായ യുവരാജാവിന്റെ ചുററിനും നെടിയവാളുകൾ പലവിധത്തിൽ ചരിച്ചുതുടങ്ങി. ആ വീരൻ പുറകുവശം സുരക്ഷിതമാക്കുവാൻ ഭിത്തിയോടു ഒട്ടുചേൎന്നു. ഒരേസമത്തു പലരോടും എതിക്കേണ്ടതായിവന്നപ്പോൾ സലിം തന്റെ സവ്വശക്തിയും പ്രദർശിപ്പിക്കാതെ തരമില്ലെന്നായി, യുവരാജാവിന്റെ മുഷ്ടി വാൾപിടിയിൽഉറച്ചു. ഒരു അഭിമന്യുപ്രഭാവം അവിടെ ഇളകി. അദ്ദേഹത്തിന്റെ ഖഡ്ഗം എല്ലാവെട്ടുകളെയും തട്ടുത്തു. വാളുകളുടെ സംഘട്ടനരടിതവും, പാദങ്ങൾ ഭൂമിയിൽ ചവുട്ടിഅമത്തുന്ന മുഴക്കവും, ശൂരന്മാരുടെ അമർച്ചയും ആകാശത്തിൽ ധൂളിപടലത്തോടൊത്തുയൎന്നു. ഓതിരം കടകം, പുല്ലരിഞ്ഞകടകം, കണ്ണിനുചൂണ്ടിക്കാലുവെട്ടു്, കുത്തു്, തിക്ക എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ആരംഭിച്ചു. യുവരാജാവിന്റെ വാളിന്റെ നാനാരൂപമായ ഗതിഭേദം കാണാൻപാടില്ലാതെആയി. അദ്ദേഹത്തിന്റെ മുൻപിൽ ചുററും വാളിന്റെ ഒരു ഇരപ്പുമാത്രം കേൾക്കാമായിരുന്നു ശത്രുക്കളിൽ പലരെയും യുവരാജാവു് വെട്ടേല്പിച്ചു അവർ പായൽനീങ്ങുംപോലെ അകന്നുമാറി. വീണ്ടും പൂവ്വാധികം ഉഗ്രതയോടെ അടുത്തു് തീക്ഷ്ണമായി പോർതുടങ്ങി. ധാരാളംപേരോടു ഒരേകാലത്തുതന്നെ യുദ്ധംചെയ്യാൻ നിവൃത്തിയില്ലാതെ യുവരാജപാദങ്ങൾ ഇടറിത്തുടങ്ങി. ശരീരം കുഴഞ്ഞു. വൈജയന്തി ഭയന്നും നിലവിളിച്ചും മുഖംപൊത്തി; ഇടയിൽ അദ്ദേഹം അവളോടു സമാധാനംപറഞ്ഞു. ആധിസഹിക്കവയ്യാതെ ഈശ്വരനെ അവൾവിളിച്ചു. യുവരാജാവിന്റെ വാൾമുറിഞ്ഞു. അദ്ദേഹം ഒരുവന്റെനേക്കു ചാടിയതും തലയിൽ ഒരു വെട്ടേററു നിലംപതിച്ചതും ഒന്നായിക്കഴിഞ്ഞു. വൈജയന്തി അങ്ങോട്ടുനോക്കി. പ്രാണപ്രിയനെ നിണത്തിൽകുഴഞ്ഞു് നിശ്ചലനായി മുൻപിൽകണ്ടു പിറകോട്ടുമലച്ചു.

നിലംപതിച്ച എതിരാളിയുടെ ചുററിനും എല്ലാവരും വട്ടമിട്ടു. തലയിൽനിന്നും കെട്ടമാററി മുഖത്തു സൂക്ഷിച്ചു നോക്കി വളരെ പരിഭ്രമിച്ചിട്ടെന്നപോലെ പുറകോട്ടു നീങ്ങി.

എല്ലാവരും:—"അയ്യോ! ചതിച്ചു. കൊച്ചുതമ്പുരാനാണ്."

ആരും കുറേനേരത്തേക്കു യാതൊന്നും പറഞ്ഞില്ല.

നായകൻ:—"ഇനിയും നിവൃത്തിയൊന്നുമില്ല. കല്പനകേട്ടു. ഇനിയും കഴിയുംവേഗം രാജധാനിയിൽ എത്തണം."

പ്രജ്ഞാരഹിതനായിത്തിന്ന യുവരാജാവിനെയും ബോധം വീണും വീണ്ടുംനശിച്ചും തീരുന്ന വൈജയന്തിയേയും വഹിച്ചുകൊണ്ടു രാജപുരുഷന്മാർ വേഗം തിരിയെ യാത്രയുടങ്ങി.

---

## അദ്ധ്യായം ൨൪.

---

### അവസാനം.

മുഗൾരാജധാനിയിൽ കൊലക്കുററത്തിനു വിധിച്ച സ്ത്രീയെ കൊലക്കളത്തിൽനിന്നും രക്ഷിച്ചുകൊണ്ടുപോയി എന്ന സംഗതി എല്ലായിടത്തുംപരന്നു. ഇക്കഥ അറിഞ്ഞവരെല്ലാം ഓരോതരത്തിൽ സംസാരിച്ചു. ഇക്കഥ പറയുവാനായി എവിടെയെല്ലാം നാവനങ്ങിയൊ അവിടെ എല്ലാം ആശ്ചര്യവും ഉണ്ടായിരുന്നു. അന്തഃപുരത്തിലും ഈ വാർത്ത വെണ്ണയുരുകി എത്തുന്നതുപോലെ ചെന്നെത്തി. അംബികുമാരിയുടെ ഹൃദയം നില്ക്കാതെ പിടഞ്ഞുകൊണ്ടിരുന്നു. അക്ബർ ആ സംഭവത്താൽ ഉണ്ടായിക്കൂടിയ ആക്ഷേപവും പുച്ഛവും, ലാഘവവുംഎല്ലാംഓർത്ത് ദേഷ്യംസഹിക്കവയ്യാതെ

വത്തിച്ചു. അദ്ദേഹം പലതും ഊഹിക്കയും സംശയിക്കയും ചെയ്തു. ഉച്ചതിരിഞ്ഞതിനുശേഷം യുവരാജാവു് കൊട്ടാരത്തിലില്ലെന്നറികയാൽ അക്ബറുടെ അകം വല്ലാതെ ഒന്നു പതറി. വൈകുംകാലത്തോടെ ചക്രവത്തിയുടെ ആജ്ഞാവാഹകന്മാർ ഉത്സാഹശൂന്യരായി മടങ്ങിയെത്തി. ആ സംഘത്തിന്റെ നായകൻ ഉൽകണ്ഠയറിയ ചക്രവത്തിയുടെ അനുവാദാനന്തരം തിരുമുൻപിൽ പ്രവേശിച്ചു്, പരുങ്ങലോടും ഭയത്തോടും നിന്നു.

അക്ബ:—"എന്താ കിട്ടിയൊ?"

നായകൻ:—"അടിയൻ—കിട്ടി."

അക്ബർ:—"മങ്ങലു കാണുന്നു! വിഷമമുള്ള കഥയാണു്, അല്ലേ?"

നായകൻ:—"തിരുവുള്ളക്കേടുണ്ടാകരുതു്. മനസ്സറിയാതെ സംഭവിച്ചുപോയി. വേഷം മാററിയിരുന്നു. കൊച്ചു തിരുമേനിയെ കൊണ്ടുവരുന്നു."

അക്ബർ:—(വരുത്തിയ ചിരിയോടെ) "ജീവൻ ഉണ്ടോ, അതോ തീന്നോ?"

നായകൻ:—"അത്രയൊന്നും ഉണ്ടായിട്ടില്ല. അല്പം പരുക്കു പററിപ്പോയിട്ടുണ്ടു്."

യുവരാജാവിനെയും അദ്ദേഹത്തെപ്പോലെതന്നെ പ്രജ്ഞാശൂന്യയായ വൈജയന്തിയേയും രാജസമക്ഷം കൊണ്ടുചെന്നു. സലിമിനെ ഒരുമഞ്ചത്തിൽ കിടത്താൻ അക്ബർ ആജ്ഞാപിച്ചു. വൈജയന്തിയെ നിലത്തുതന്നെ ശയിപ്പിച്ചു. മഹാരാജാവ് വസ്ത്രംമാററി ആത്മജന്റെ മുഖത്തുനോക്കവേ നിണം ഒലിച്ചുണങ്ങി, വീത്തുവരണ്ടു്, നിശ്ചലവുംനിഷ്പ്രഭവുമായിരുന്ന ആ അംഗം കണ്ടു് അയ്യോ എന്നു ഉള്ളിൽപറഞ്ഞുപോയി. അപ്പോൾതന്നെ വൈദ്യന്മാരേയും മററും വരുത്താൻ ആളുകളെ പായിച്ചു. യുവരാജാവിനെ കിടത്തേണ്ടതിനു് അംബികുമാരിയുടെ സൗധത്തിൽ വേണ്ട സൗകര്യം ഉണ്ടാക്കാൻ കല്പിച്ചു. അരമനയിൽ ചിലയിടത്തു് വ

ലിയ പരിഭ്രമമായി. അക്ബർ അനന്തരം തിരിഞ്ഞു. വൈജയന്തി ബോധംവീണ് നോക്കവേ, താൻ വീണ്ടും അക്ബർ ചക്രവത്തിയുടെ മുന്നിലാണെന്ന് മനസ്സിലായി. അവരം അതെല്ലാം പെട്ടെന്ന വിസ്മരിച്ച് അപായതരളമായിരുന്ന ഹൃദയത്താൽ യുവരാജാവിനെ സ്മരിച്ച്, പരിഭ്രമത്തോടും, അത്യാത്തിയോടും കൂടി ചുററിനും നോക്കി. തത്സമയം വൈജയന്തി "അയ്യോ! ഇപ്പോഴും ഈ സ്ഥിതിയിലൊ!" എന്ന് ഇടറി പ്രാണേശ്വരൻെറ അരികിൽ ചെല്ലാൻ പിടഞ്ഞെഴുന്നേററു അക്ഷണം "കിടക്കവിടെ" എന്ന്, താഴ്ന്ന ചില ജന്തുക്കളോട്ട മാത്രം പുറപ്പെടുവിക്കാറുള്ള ഒരു അത്യുച്ചസ്വരം അക്ബറിൽ നിന്ന് പൊട്ടിയതു കേട്ട് വൈജയന്തി രണ്ടു് നിമിഷത്തേക്ക് കണ്ണുകഠം പൂട്ടി വിറച്ചുകിടന്നു. അനന്തരം അവഠം എഴുന്നേററുനിന്ന കരഞ്ഞു പറഞ്ഞുതുടങ്ങി.

വൈജ:—"എൻെറ ജീവനാഥനു വളരെ പരുക്കുകളും പററി. മഹാപ്രഭോ! അദ്ദേഹത്തെ ശുശ്രൂഷിപ്പാൻ അനുവദിക്കണം. അ◌ായൻ തലോടിയാൽ പ്രിയതമന് സുഖമുണ്ടാകും. അരികിൽ പോകാൻ കരുണയുണ്ടായി അനുവദിക്കണം."

അക്ബർ:—(കോപിച്ചു കലങ്ങി) "മൂഢേ! കഠിനേ! നീ മാനഹാനിയുണ്ടാക്കി. അനത്ഥം വേണ്ടതെല്ലാം സൃഷ്ടിച്ചു. ആജ്ഞ ലംഘിച്ചു. എൻെറ മകൻെറ ജീവനാശത്തിനും കാരണമാകാൻ തുടങ്ങി. ഇനി വൃഥാ വായിക്കൂടാ. നിയമശക്തി നിൻെറ ശിക്ഷയിൽ രൂപീകരിച്ച് ആജ്ഞാലംഘകരെ പഠിപ്പിക്കും."

വൈജ:—(കരഞ്ഞു്) "തിരുമേനി എന്തു ചെയ്താലും വേണ്ടില്ല. കരുണയുണ്ടായി അടിയൻെറ ഭർത്താവിനെ ശുശ്രൂഷിപ്പാൻ ഒന്നു അനുവദിക്കണം"

അക്ബർ:—(പല്ലു കടിച്ചുകൊണ്ടു്) "അടിയൻെറ ഭർത്താവൊ? (തിരിഞ്ഞു്) ഇവളെപ്പിടിച്ചു തടവിൽഇടിൻ"

വൈജ:—"അയ്യോ! ഈശ്വരനെ വിചാരിച്ച് ഈ സ്ഥിതിയിൽ വേർപെടുത്താൻ തുടങ്ങരുതല്ലെ...."

രണ്ടു കൈകളും എടുത്തു തൊഴുത് പലവിധത്തിൽ അപേക്ഷിക്കയും ദാരുണമായവിധം കരകയും ചെയ്തുതുടങ്ങിയ വൈജയന്തിയേ വലിച്ചിഴച്ചുംകൊണ്ടു രാജകിങ്കരന്മാർ അപ്രത്യക്ഷരായി. അന്നൊരുനാഴിക ഇരുട്ടുമ്പോൾ എഴുത്താരുടെ എന്നു സത്യംപറയാത്തപക്ഷം വൈജയന്തിയേ പടിഞ്ഞാറേ കോട്ടയുടെ ഭിത്തിയിൽ നിൎത്തി കല്ലുകെട്ടിക്കളയട്ടെ എന്നു അക്ബർ വിധിച്ചു. എല്ലാം നിസ്സാരമെന്നുകരുതി മായ്ചുകളവാൻ അദ്ദേഹം നിശ്ചയിച്ചില്ല. അനന്തരം അക്ബർ പുത്രനെ അംബികകുമാരിയുടെ ഹൎമ്മ്യത്തിലേക്കമാററി. അംബികകുമാരി സ്വഭർത്തൃശരീരം ഒന്നുകൂടനോക്കി. വൈജയന്തിയുടെ വിധി ആ സ്ത്രീ കേട്ടിരുന്നു. "ഹാ! ഞെക്കിയമൎത്തുന്ന ദുർദ്ദിനമേ!" എന്നു് ആ സ്ത്രീ വിലപിച്ച് ക്ഷണനേരം നിമീലിതാക്ഷിയുഗളയായി.

അനേകമനേകം യോജന ദൂരമുള്ള പശ്ചിമചക്രവാളാന്തരാളത്തിൽ രക്ഷനേടാൻ ഒളിച്ച പകലിനെ ഹിംസിക്കാൻ അന്ധകാരം ഇരമ്പിഅടുത്തു. അവിടെ നിണം നിറഞ്ഞതുപോലെ ഒരു ധൂമളകാന്തി പരന്നുകണ്ടു. ക്ഷണനേരംകഴിഞ്ഞു അതും മറഞ്ഞു. വൃക്ഷാദികൾ അന്ധകാരമാകുന്ന ഇരുണ്ട വസ്ത്രങ്ങൾ മൂടിമറഞ്ഞു. മുകളിൽ താരങ്ങളിൽ അധികംപേരും വരാൻ അന്നുമടിച്ചു. അസ്വസ്ഥനായ ഒരു പടിഞ്ഞാറൻകാററ് ദ്വാരം കണ്ട ദിക്കുകളിലൂടെ ചീററിക്കൊണ്ട് പാഞ്ഞുപോയി. ഇരുളിൻെറ ക്രൂരദൃഷ്ടിപോലെ അഗ്നിബിന്ദുക്കൾ പട്ടണത്തിൽ ജ്വലിച്ചു. അക്ബർ അംബികകുമാരിയുടെ സൌധത്തിൽ എഴുന്നള്ളിയിരുന്നു. ആ സ്ത്രീയെ വിളിച്ച് പടിഞ്ഞാറുനോക്കുവാൻ അക്ബർ കല്പിച്ചപ്പോൾ തനിക്കു് അതിനു ശക്തിയില്ലെന്ന് ആ അബല തിരിഞ്ഞു. പട്ടമഹിഷിആവാൻ കൊതിച്ച അവളെ താൻ ശിക്ഷിച്ചു എന്നു് പറയവേ തനിക്കു് ഒന്നി

ലും സുഖമില്ലെന്നു അറിയിച്ച് അംബികുമാരി മഞ്ചത്തിൽ ചെന്നുവീണു. അക്ബർ എഴുന്നേററുപോയി കൊട്ടാരത്തിന്റെ ഗോപുരത്തിൽ എഴുന്നള്ളിയിരുന്നു. മഹാരാജാവിന്റെ താല്പൎയ്യപ്രകാരം പടിഞ്ഞാറുനിന്നും വാൎത്തയുംകൊണ്ടു വീണ്ടും ഒരാൾ അവിടെവന്ന് "ശിരസ്സുമാത്രം അടഞ്ഞില്ല" എന്ന് ഉണൎത്തിച്ചു. "ചോദിക്കൂ പറഞ്ഞില്ലെങ്കിൽ തിരട്ടെ" എന്ന് നിശ്ചലനായി അക്ബർ അയാളെ അയച്ചു.

* * * * *

വൈജയന്തിയെ സൂക്ഷിച്ചിരുന്നയിടത്തുനിന്നും രാജകിങ്കരന്മാർ അവളെ പിടിച്ചുകൊണ്ടുപോയി. അവൾ അവരോടു ചോദിച്ചു.

വൈജ:—"എന്തിനാണ് നിങ്ങൾ എന്നെ പിടിച്ചുകൊണ്ടുപോകുന്നതു്?"

ഭട:—"എഴുത്തിന്റെ കാൎയ്യം സത്യം പറയാത്തപക്ഷം, കൊല്ലാൻതന്നെ."

വൈജ:—"എഴുത്തോ, എഴുത്തിന്റെ കാൎയ്യം ആൎക്കറിയാം—ഈശ്വരനറിയാം—നാം അറിയുന്ന എഴുത്തൊന്നും അതല്ല".

ഭട:—"കാൎയ്യം പറയുന്നോ? ഇത്തവണ രക്ഷകിട്ടുമെന്നു വിചാരിക്കേണ്ടാ"

വൈജ:—"രക്ഷ! ഇതാണല്ലൊ രക്ഷ! ശിക്ഷ തമ്പുരാന്റെ മുൻപിൽ വച്ചു കഴിഞ്ഞുപോയി. അവിടെവച്ച് എന്നെക്കൊന്നു. എന്റെ പ്രിയനുമൊത്തു് ഇരിക്കാൻ പററില്ലെങ്കിൽ ഈ ശിക്ഷതന്നെ രക്ഷ".

ഭട:—"ഭ്രാന്തു പറയാതെ പരമാൎത്ഥമെല്ലാം പറയുന്നോ; ഇല്ലയൊ?"

വൈജ:—"നിങ്ങൾ കൊല്ലാൻതന്നെ നിശ്ചയിച്ചു അല്ലേ?"

ഭട:—"അങ്ങിനെയാണ് തോന്നുന്നതു്".

വൈജ:—"ഞാൻ ആൎക്കും അപരാധമൊന്നും ചെയ്തിട്ടില്ല ല്ലൊ. പൂൎണ്ണമായി സ്നേഹിച്ചു എന്നൊരു കുററംമാത്രം—അതിന് എത്രയോപേർ എന്റെനേരേ ചീറുന്നു. ഹോ! പൂൎണ്ണമായ പ്രേമത്തിന്ന ഇവിടെ ഒരുത്തിയും ഒരുത്തനുമേ ആകാവൂ."

അപ്പൊഴേക്കും വൈജയന്തിയേയുംകൊണ്ടു് രാജകിങ്കരന്മാർ ഉത്തിഷ്ഠസ്ഥലത്തെത്തി. അവിടെ ഭിത്തി വെട്ടിഉള്ളക്കി അതിൽ ഒരാൾക്കു നിൽക്കത്തക്ക ഗുഹ ഉണ്ടാക്കിയിരുന്നു. വൈജയന്തിയേ അതിൽകയററിനിൎത്തി. ആ കാഴ്ചകൊണ്ടുണ്ടാകാവുന്ന ഭയങ്കരവിനോദരസം ആസ്വാദിക്കാനും ആളുകൾ എത്തിയിരുന്നു. കല്ലുകൾ വച്ചുകെട്ടി വൈജയന്തിയുടെ മനോഹരമായ മദ്ധ്യംവരെ മറച്ചു. സങ്കടം ഉണ്ടായുണ്ടായി കാണികൾ ഓരോരോ ആളായി തിരിഞ്ഞുപോയി. രാജശാസനവുംകൊണ്ടു് ഒരുവനെത്തി വൈജയന്തിയോടു് ലേഖനത്തിന്റെ വാസ്തവം പറഞ്ഞാൽ മരണശിക്ഷ മാററിനൽകുമെന്നു പറഞ്ഞു് ഉത്തരത്തിനാവശ്യപ്പെട്ടു. "എനിക്കൊന്നും അറിവാൻ സാധിക്കുന്നില്ല. ചക്രവൎത്തിക്കു ഒന്നും അറിവാൻ ഒക്കുകയില്ല. ദൈവം എല്ലാം അറിയുന്നു"എന്നു് വൈജയന്തി ഉത്തരം കൊടുത്തു. രാജപുരുഷൻ പോയി. വൈജയന്തിയുടെ ശിരസ്സോളം കല്ലുകെട്ടിക്കഴിഞ്ഞു. ആളുകൾ ആരും അവിടെ ഇല്ലാതായി. പോയ ആൾ തിരികെവന്നു് ചക്രവൎത്തി അവൾക്കു വീണ്ടും അവധാനത്തെ അവസരം കൊടുക്കുന്നതായി അറിയിച്ചു. ഉടൻതന്നെ വൈജയന്തി ഇങ്ങനെ പറഞ്ഞു.

വൈജ—"ചക്രവൎത്തിയോടു പറയണം. ഈ ശക്തിയെല്ലാമുണ്ടെങ്കിലും ഒരു ജീവൻ കൊടുക്കാനൊക്കില്ല. മഹാരാജാവിന്നു് ഗംഭീരമായ പ്രവൎത്തനാശക്തിയുണ്ടു്. അതു പാവപ്പെട്ട എന്നെ അകററി. പക്ഷെ എന്റെ പ്രിയതമൻ ഇതാ എന്നിലുണ്ടു്. ഞാൻ സദാ അദ്ദേഹത്തിന്റെകൂടെ ഇരിക്കും. (അവൾപതുക്കെ മുരണ്ടു)

മിഹിരേ! നീയെങ്കിലും എൻെറ പ്രിയതമനേ സന്തോഷിപ്പിക്കണേ!"

വൈജയന്തി ദൃഷ്ടികാം മേല്പോട്ടാക്കി: അവളുടെ മുഖം നിശ്ചലവും നിർവ്വികാരവുമായി. അവസാനത്തെകല്ലും അതിൻെറ വിടവിൽ ചേൎന്നു. ആ കരിങ്കൽകോട്ടയുടെ ഭാഗം പഴയതിൽ ഒന്നുകൂടെ നന്നായതേ ഉള്ളു. വൈജയന്തി ലോകദൃഷ്ടിയിൽ നിന്നും എന്നെന്നേക്കും മറഞ്ഞു. ആ കൎമ്മം നിറവേററിയവരും അതു തീൎന്നതിൽ പിന്നെ ഒന്നും ശബ്ദിക്കാതെ തിരിഞ്ഞുപോയി. ആ സമയം അംബകുമാരിയുടെ മണിമാളികയിൽ ശയ്യയിൽ ബോധമില്ലാതെ കിടന്ന യുവരാജാവു് തലതിരിച്ചു് "വൈജേ...എൻെറവൈജേ..." എന്നു് പ്രണയാർദ്രമായും അസ്പഷ്ടമായും ശക്തിഹീനതയോടെ പതുക്കെ വിളിച്ചിട്ടു് വീണ്ടും തളൎന്നു് വെളിവില്ലാതായി.

* * * * * *

ഇവിടം വായിക്കുന്ന മൃദുമാനസകളായ അബലാമണികളും അതുപോലെതന്നെ കോമളചിത്തന്മാരായ പുരുഷപുംഗവന്മാരും ഈ കഥ ശോകപൎയ്യവസായിയായി തീരുന്നതിനാൽ മുഷിഞ്ഞു പുറപ്പെടാം. എന്നാൽ അവസാനം ശോകമല്ലാത്ത കഥ എത്രയുണ്ടെന്നു വിരൽ എണ്ണിക്കളയാം. ഒന്നുമില്ല. സുഖപൎയ്യവസായി കണ്ടു സുഖിക്കുന്നതിലും ആവശ്യം ലോകപൎയ്യവസായികണ്ടു സമാധാനിക്കുന്നതാകുന്നു.

മഹാനായ അക്ബർചക്രവൎത്തിയും മരിച്ചുപോയി. സലിം ജിഹാംഗറെന്നപേരിൽ രാജ്യഭരണംതുടങ്ങി. അംബകുമാരി പട്ടമഹിഷി ആയില്ല. മിഹിരയെ അക്ബറിൻെറ അഭീഷ്ടാനുസരണംതന്നെ വിവാഹംചെയ്തിരുന്നു എങ്കിലും ആ സ്ത്രീ സലിമിൻെറ പ്രിയപത്നിയായിത്തീൎന്നു. ഒരുദിവസം ജിഹാംഗറും മിഹിരയുംകൂടി വൈജയന്തിയെ നിൎത്തികെട്ടിയ കോട്ടയുടെ ആ ഭാഗത്തിനഭിമുഖമായി ചെന്നിരുന്നു. പ്രകാശമുള്ള ദിനമായിരുന്നു. കാററടിക്കുന്നുണ്ടായിരുന്നു. ജിഹാംഗർ അങ്ങോട്ടു ഖേദവിവശനായി നോക്കി. കറുത്ത

തലമുടിയും തിളങ്ങുന്ന നീലമിഴിയും, ചെമന്ന അധരവും, വെളുത്ത പുഞ്ചിരിയും, ചേൻ്, അഴകുവൎദ്ധിച്ച വൈജയന്തിയുടെ വേണ്ടവണ്ണം പുഷ്ടമായ മോഹനശരീരം മുൻപിൽ വന്നു നില്ക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. കാലം അദ്ദേഹത്തെ വളരെ അലങ്കോലപ്പെടുത്തിയിട്ടുണ്ടായിരുന്നെങ്കിലും ആ നവതാരുണ്യത്തിൻെറ സ്മൃതിയിലെ സമ്പക്കത്തിൽ ജിഹാംഗർ യുവരാജാവായ സലിമായിത്തീൎന്നു. അദ്ദേഹത്തിൻെറ നയനങ്ങളിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ "ആമലകീഫലംപോലെ അടൎന്നുവീണു". മഹാരാജാവ് മിഹരയേ നോക്കി.

ജിഹാ:—"മിഹിരേ! ഞാൻ കരയുന്നതിനു തക്ക കാരണമുണ്ടു്. നീ എന്തിനാണു് കരയുന്നതു്".

മിഹിര:—"വൈജയന്തി സ്വാത്മംവെടിഞ്ഞ സ്നേഹിത ആയിരുന്നു.... പ്രേമം എന്തെന്നു് ആ ശ്രേഷ്ഠ നമ്മേ പഠിപ്പിച്ചു."

ജിഹാ:—"ഹോ! അവളുടെ ഹൃദയത്തിൽ കുസുമങ്ങൾ നിറഞ്ഞിരുന്നു. അതു് പ്രേമമയവും ആനന്ദമയവുമായിരുന്നു. പുറംപോലെ അകവും കമനീയമായിരുന്നു—വൈജ—വൈജ—ആ പേരുതന്നെ പീയൂഷംപോലെ ഇരിക്കുന്നു—പൊയ്പോയി—" (മഹാരാജാവു് പട്ടുറുമാൽകൊണ്ടു് കണ്ണൊപ്പി.)

മിഹിര:—"വൈജയന്തിയുടെ ഓൎമ്മക്കു് നാം എന്താണു ചെയ്യു."

ജിഹാം:—"വൈജയുടെ ഓൎമ്മക്കായി ലാഹൂറിൽ ഒരു സ്മാരകസൌധം നിൎമ്മിപ്പിക്കും"

വാൎദ്ധക്യം സ്പൎശിക്കാഞ്ഞ വൈജയന്തിയുടെ സ്മരണക്കായി അവിടെ വിശേഷത ... ം ജിഹാംഗിർ പണികഴിപ്പിച്ചു.

ശു ...

MUL
094237

# കഥാവല്ലരി.

By കെ. ഗോപാലപിള്ള ബി. എ.

അഭിനവസാഹിത്യലോകത്തിനു രുചിപ്രദമായ ഭാഷയിൽ തയാറാക്കിയിരിക്കുന്ന ഈ ചെറുപുസ്തകം വായനക്കാൎക്കു പുതിയ ഒരു ഉണൎവിനെ പ്രദാനം ചെയ്യുമെന്നുള്ളതിൽ പക്ഷാന്തരമില്ലതന്നെ. വായിച്ചുതുടങ്ങിയാൽ സമാപ്തിഘട്ടത്തിലെത്തുന്നതുവരെ ഇതിനെ താഴത്തുവയ്ക്കാൻ മനസ്സുവരികയില്ലെന്നുള്ള ഒരു പരമാൎത്ഥമാണു് ഈ പുസ്തകത്തിനുള്ള വൈശിഷ്ട്യം.

വില 4 ണ മാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ശ്രീരാമവിലാസം ബുക്കഡിപ്പോ,

കൊല്ലം.

032:3M 966 ;1
93
Indic Digital Archive Foundation
gpura.org